# ബൈബിൾഭാഷ്യം


ചരിത്രപുരുഷനായ യേശുവും
വിശ്വാസവിഷയമായ ക്രിസ്തുവും
റുഡോൾഫ് ഷ്ണാക്കെൻബുർഗ്

മർക്കോസിന്റെ സുവിശേഷത്തിലെ
ക്രിസ്തുപ്രഘോഷണം
ജോർജ്ജ് മങ്ങാട്ട്

മത്തായിയുടെ
സുവിശേഷത്തിലെ യേശു
ജോർജ്ജ് സ്വാരസ്പ്രഭു

യേശു യോഹന്നാന്റെ
സുവിശേഷത്തിൽ
മാത്യു വെള്ളാനിക്കൽ

ബൈബിൾവാർത്തകൾ
ലൂസിയൻ ലെഗ്രാംങ്

പുസ്തകനിരൂപണം
സിറിയക്ക് കണിച്ചായ്





1975
മാർച്ച്


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# പത്രാധിപസമിതി

ചീഫ് എഡിററർ

ജോർജ്ജ് പുന്നക്കോട്ടിൽ

അസോ. എഡിറേറഴ്സ്

ജോൺ ബർക്കുമാൻസ്, പൂനാ. സി. എം. ചെറിയാൻ, ഡൽഹി. തോമസ് കയ്യാലപ്പറമ്പിൽ, കോട്ടയം. ജോർജ്ജ് കുന്താനം, ആലുവാ. ജോസഫ് കോട്ടയ്ക്കൽ, കോട്ടയം. ലൂസിയൻ ലെഗ്രാംഡ്, ബാംഗ്ലൂർ. കെ. ലൂക്ക്, തൃശ്ശൂർ. ജോസഫ് പാത്രപാങ്കൽ, ബാംഗ്ലൂർ. ജോർജ്ജ് മങ്ങാട്ട്, കോട്ടയം. ആർ. ജെ. രാജാ, തിരുച്ചിറപ്പള്ളി. ജോർജ്ജ് സോാരസ്പ്രഭു, പൂനാ. മാത്യു വെള്ളാനിക്കൽ, കോട്ടയം. ജെ. എൻ. എം. വൈൻഗാർഡ്സ്, ഹൈദ്രാബാദ്.

എഡിറേറാറിയൽ അഡ്വൈസേഴ്സ്

റുഡോൾഫ് പെഷ്, ഫ്രാങ്ക്ഫർട്ട്.

ഇഗ്നാസ് ദ് ലാ പോത്തെരി, റോമാ.

റുഡോൾഫ് ഷ്നാക്കൻബർഗ്, വ്യൂർസ്ബർഗ്.

ബ്രൂസ് വോട്ടെർ, ഷിക്കാഗോ.

മാനേജർ

ജോസഫ് പാമ്പാറ എം. എ.

പബ്ലിഷർ

റവ. മോൺ. സക്കറിയാസ് വാഴപ്പിള്ളി.

www.malankaralibrary.com

ബൈബിൾ വിജ്ഞാനീയത്തിന്
ഒരു ത്രൈമാസികം

# ബൈബിൾഭാഷ്യം

ഉള്ളടക്കം

| | പേജ് |
|---|---|
| അവതരണക്കുറിപ്പ് | |
| ചരിത്രപുരുഷനായ യേശുവും വിശ്വാസ വിഷയമായ ക്രിസ്തുവും<br>റുഡോൾഫ് ഷ്ണാക്കൻബുർഗ് | 5 |
| മർക്കോസിന്റെ സുവിശേഷത്തിലെ ക്രിസ്തുപ്രഘോഷണം<br>ജോർജ്ജ് മങ്ങാട്ട് | 20 |
| മത്തായിയുടെ സുവിശേഷത്തിലെ യേശു<br>ജോർജ്ജ് സ്രാരസ്പ്രിങ്ങ് | 44 |
| യേശു യോഹന്നാന്റെ സുവിശേഷത്തിൽ<br>മാത്യു വെള്ളാനിക്കൽ | 72 |
| ബൈബിൾദ്ധാത്മകം<br>ലൂസിയൻ ലെഗ്രാംഞ്ച് | 100 |
| പുസ്തകനിരൂപണം<br>സിറിയക്ക് കണിച്ചായ് | 105 |

വാല്യം IV, ലക്കം 1

മാർച്ച് 1975

സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി,
വടവാതൂർ, കോട്ടയം 686010.

www.malankaralibrary.com

## വരിക്കാരുടെ ശ്രദ്ധയ്ക്കു്

1. ബൈബിറംഭാഷ്യം മാർച്ചു്, ജൂൺ, സെപ്തംബർ, ഡിസംബർ മാസങ്ങളിലാണു പ്രസിദ്ധീകരിക്കുക.

2. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങരം പത്രാധിപസമിതി അംഗീകരിക്കുന്നതാകണമെന്നില്ല.

3. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങരം, പകരം അയയ്ക്കുന്ന പ്രസിദ്ധീകരണങ്ങരം, നിരൂപണത്തിനുള്ള ഗ്രന്ഥങ്ങരം, അന്വേഷണങ്ങരം, അഭിപ്രായങ്ങരം എന്നിവ ചീഫ്എഡിററർ, ബൈബിറംഭാഷ്യം, പി. ബി. 1. കോട്ടയം–10 എന്ന വിലാസത്തിൽ അയയ്ക്കുക.

4. വരിസംഖ്യ മുൻകൂർ, മണിയോർഡറായി അയയ്ക്കുക. ചെക്കുകരം സ്വീകരിക്കുന്നതല്ല.

5. കത്തിടപാടുകളിൽ രജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കണം.

മേൽവിലാസം:

മാനേജർ<br>
ബൈബിറംഭാഷ്യം<br>
പി. ബി. 1.<br>
കോട്ടയം–10

**വാർഷിക വരിസംഖ്യ**

| | |
|---|---|
| മലയാളം | 7 ക. |
| ഒററപ്രതി | 1.75 ക. |
| ഇംഗ്ലീഷ് | 10 ക. |
| ഒററപ്രതി | 2.50 ക. |

www.malankaralibrary.com

# അവതരണക്കുറിപ്പ്

ബൈബിൾവിജ്ഞാനീയത്തിൽ അനുവാചകരെ പ്രബുദ്ധരാക്കുക എന്ന ലക്ഷ്യത്തോടുകൂടെ ഇക്കഴിഞ്ഞ മൂന്നു വർഷങ്ങളായി പ്രവർത്തിക്കുന്ന ബൈബിൾഭാഷ്യത്തിനു പ്രോത്സാഹജനകമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതു്. ബൈബിൾഭാഷ്യത്തിന്റെ അനുവാചകമണ്ഡലം കൂടുതൽ വ്യാപകമാക്കുവാൻവേണ്ടി, മുൻലക്കത്തിൽ അറിയിച്ചിരുന്നതുപോലെ, ഭാഷ്യത്തിന്റെ ഇംഗ്ളീഷ്പതിപ്പ് പ്രസിദ്ധീകൃതമായിരിക്കുന്നു എന്നറിയിക്കാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്. മലയാളം പതിപ്പിന്റെയും ഇംഗ്ളീഷ്പതിപ്പിന്റെയും ഉള്ളടക്കം ഒന്നുതന്നെയാണ്. ഭാരതീയരും വിദേശികളുമായ പ്രശസ്തരായ ബൈബിൾപണ്ഡിതന്മാരെക്കൂടെ ഉൾപ്പെടുത്തി പത്രാധിപസമിതി വിപുലീകരിച്ചിട്ടുണ്ടു്. ഇംഗ്ളീഷ്ഭാഷ്യത്തിനു് പ്രചുരപ്രചാരം ലഭിക്കുമെന്നുള്ള സൂചനകൾ സ്പഷ്ടമായിരിക്കുന്നു.

ബൈബിൾഭാഷ്യത്തിന്റെ ഈ ലക്കത്തിലെ പ്രതിപാദ്യം 'സുവിശേഷങ്ങളിലെ യേശു'വാണ്. ക്രൈസ്തവസമൂഹത്തിന്റെ പ്രാർത്ഥനയുടെയും ദൈവശാസ്ത്രവിചിന്തനത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രബിന്ദുവാണ്യേശു. ഇക്കാരണത്താൽ ''യേശു'' എന്ന നിഗൂഢരഹസ്യത്തിന്റെ ഉള്ളറകളിലേയ്ക്കു ചുഴിഞ്ഞിറങ്ങുവാൻ ക്രൈസ്തവവിശ്വാസികൾ എക്കാലവും പരിശ്രമിച്ചിട്ടുണ്ടു്. ഈ പരിശ്രമങ്ങൾക്ക് ഓരോരോ കാലഘട്ടങ്ങളിലെയും പ്രത്യേക വീക്ഷണങ്ങൾക്കനുസൃതമായി പ്രത്യേക രൂപഭാവങ്ങൾ ലഭിച്ചിട്ടുമുണ്ടു്. സുവിശേഷകന്മാർ അവതരിപ്പിക്കുന്ന യേശുവിന്റെ യഥാർത്ഥചിത്രം അനാഛാദനം ചെയ്യുവാനാണ് ആധുനികപണ്ഡിതന്മാർ യത്നിക്കുന്നതു്. ഈ ചിത്രമാകട്ടെ സുവിശേഷകന്മാർ പ്രതിനിധീകരിക്കുന്ന ആദിമക്രൈസ്തവസമൂഹങ്ങളുടെ വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നതാണ്. വിശ്വാസവിഷയമായ ക്രിസ്തുവിനെയാണ് സുവിശേഷകന്മാർ പ്രധാനമായും ആവിഷ്കരിക്കുന്നതു്.

ഈ പശ്ചാത്തലത്തിൽ 'ചരിത്രപുരുഷനായ യേശു'വും 'വിശ്വാസവിഷയമായ ക്രിസ്തു'വും തമ്മിലുള്ള ബന്ധമെന്തു് എന്ന പ്രശ്നം ഉദിക്കുന്നു. റുഡോൾഫ് ഷ്ണാക്കെൻ ബർഗ് എഴുതിയ ആദ്യലേഖനം ഈ പ്രശ്നത്തെ അതിന്റെ ചരിത്രപശ്ചാത്തലത്തിൽ അപഗ്രഥിക്കുകയും ശരിയായ വിധത്തിൽ പുനരവതരിപ്പിക്കുകയും ചെയ്യുന്നു. ലോകത്തിൽ ജീവിച്ച

www.malankaralibrary.com

യേശുവിനെയും ഉത്ഥാനം ചെയ്ത ക്രിസ്തുവിനെയും ഒന്നായി ക്കണ്ട ആദിമസഭയുടെ വിശ്വാസം സ്വായത്തമാക്കുകയാണ് ഈ സങ്കീർണ്ണപ്രശ്നത്തിന് അദ്ദേഹം നിർദ്ദേശിക്കുന്ന പരി ഹാരമാർഗ്ഗം.

മർക്കോസിന്റെ ക്രിസ്തുപ്രഘോഷണം വിശദമാക്കുക യാണ് രണ്ടാമത്തെ ലേഖനത്തിൽ ജോർജ്ജ് മണ്ടാട്ട്. ഇതി നായി സുവിശേഷത്തിന്റെ ഘടന, ഉദ്ദേശ്യം, യേശുവിന്റെ വിവിധ നാമങ്ങൾ മുതലായവയെല്ലാം ലേഖകൻ വിശക ലനം ചെയ്യുന്നു.

ഫാദർ കുര്യൻ മററം വിവർത്തനം ചെയ്തതാണ് തൃതീയ ലേഖനം. ഇതിൽ മത്തായിസുവിശേഷകൻ അവതരിപ്പി ക്കുന്ന യേശുവിനെപ്പററി ജോജ്ജ് സ്വാരെസ്പ്രഭു ആഴമായ ഒരു പഠനം നടത്തുന്നു. യേശുവിനെപ്പററി പ്രതിപാദിക്കുന്ന സുപ്രധാന സുവിശേഷഭാഗങ്ങളുടെ സമ്യക്കായ അപഗ്രഥന ത്തിലൂടെയാണ് അദ്ദേഹം ഇതു നിർവ്വഹിക്കുന്നതു്.

യേശു, ക്രിസ്തുവും ദൈവപുത്രനും ആണെന്നു പ്രഖ്യാപി ക്കുക എന്ന ലക്ഷ്യത്തോടുകൂടെ വിരചിതമായ യോഹന്നാന്റെ സുവിശേഷത്തെപ്പററിയുള്ള പഠനം ഉൾക്കൊള്ളുന്നതാണ് മാത്യുവെള്ളാനിക്കലിന്റെ ലേഖനം. മാംസമായ വചന ത്തിന്റെ മഹത്വം 'അടയാള'ങ്ങളിലൂടെ വെളിപ്പെടുത്തിയ യേശു നമ്മിൽനിന്നു ക്രിയാത്മകമായ ഒരു പ്രതികരണം ആവശ്യപ്പെടുന്നുവെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

ലൂക്കോസുസുവിശേഷകന്റെ യേശുവിനെപ്പററി മറെറാരു ലക്കത്തിൽ പ്രതിപാദിക്കുന്നതായിരിക്കും. 'സുവിശേഷങ്ങ ളിലെ യേശു'വിനെ തികച്ചും നവീനവും വ്യക്തിപരവുമായ വിധത്തിൽ അടുത്തറിയുവാൻ ഈ ലക്കം വായനക്കാർക്ക് പ്രചോദനം നൽകട്ടെ.

പല കാരണങ്ങളാൽ ഈ ലക്കം സമയത്തുതന്നെ അനുവാ ചകർക്ക് എത്തിച്ചുതരുവാൻ സാധിച്ചില്ല. സദയം ക്ഷമിക്കു മല്ലോ. ഇതുവരെ '74-ലെ വരിസംഖ്യ തരാത്തവരുണ്ട്. വരിസംഖ്യ അയച്ചുതന്ന് സഹകരണം വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

—എഡിററർ.

www.malankaralibrary.com

# ചരിത്രപുരുഷനായ യേശുവും വിശ്വാസവിഷയമായ ക്രിസ്തുവും

ചരിത്രപുരുഷനായ യേശുവും വിശ്വാസവിഷയമായ ക്രിസ്തുവും തമ്മിലുള്ള ബന്ധം എന്ത് എന്നത് അടുത്ത കാലത്തെ ദൈവശാസ്ത്ര വിചിന്തനത്തിലെ ഒരു വലിയ വിവാദവിഷയമാണ്. ആർ. ബുൾട്ടുമാനും അനുയായികളുമാണ് പ്രധാനമായും ഇതിന്റെ വക്താക്കൾ. എങ്കിലും, ജ്ഞാനപ്രകാശനയുഗത്തിലെ (the age of Enlightenment) യുക്ത്യനുസൃത ബൈബിൾനിരൂപണങ്ങളാണ് (rational Bible criticism) ഇതിനു തുടക്കം കുറിച്ചതെന്നു പറയാം. ഇതിനെ സംബന്ധിച്ചിടത്തോളം ഭിന്നധ്രുവങ്ങളിൽ നിൽക്കുന്ന രണ്ടു ചിന്താഗതികളാണ് നിലവിലുള്ളത്. ഇവയിൽ ആദ്യത്തേത്, ചരിത്രപുരുഷനായ യേശുവിനെയും അവിടുത്തെ ഭൗമികദൗത്യത്തെയും അവലംബിച്ചുകൊണ്ടുള്ളതാണെങ്കിൽ, രണ്ടാമത്തേത് ആദിമസഭയുടെ ക്രിസ്ത്വനുഭവത്തെയും സുവിശേഷപ്രഘോഷണത്തെയും ആസ്പദമാക്കിയുള്ളതാണ്. ഈ ലേഖനത്തിന്റെ ആദ്യഭാഗം വിഷയത്തിന്റെ ചരിത്രപഠനത്തിനും, രണ്ടാംഭാഗം പുതിയനിയമവെളിച്ചത്തിൽ അതിനെ ശരിയായ വിധത്തിൽ പുനരവതരിപ്പിക്കുന്നതിനും, അവസാനഭാഗം, കാലഘട്ടത്തിനനുയോജ്യമായ ചില പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുമാണ് വിനിയോഗിച്ചിരിക്കുന്നത്.

## I ചരിത്രപഠനം

പരമ്പരാഗതമായി വിശ്വാസവിഷയമെന്ന നിലയിൽ ക്രൈസ്തവസഭ ഉയർത്തിക്കാട്ടിയ ക്രിസ്തുവിന്റെ ചിത്രം മാററി നിറുത്തി, ബെത്‌ലെഹമിൽ ജനിച്ച്, നസ്രത്തിൽ വളർന്ന്, കാൽവരിയിൽ മരിച്ച ചരിത്രപുരുഷനായ യേശുവിനെ കണ്ടെത്താനുള്ള ശ്രമം ജ്ഞാനപ്രകാശനയുഗത്തിലാണ് ആരംഭിച്ചതെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. ഇതിനു തുടക്കം കുറിച്ചത് H·S·Reimarus എന്ന ദൈവശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഭാവിയെപ്പററി തികഞ്ഞ പ്രതീക്ഷയ്ക്കു വക നൽകുന്ന ഒരു രാഷ്ട്രീയ വിമോചകനായി സ്വയം രംഗപ്രവേശനം ചെയ്ത യേശുവിനെ ശിഷ്യന്മാരും മററുള്ളവരും അതേ അർത്ഥത്തിൽത്തന്നെയാണ് മനസ്സിലാക്കിയത്. പക്ഷേ, അവിടുത്തെ അതിദാരുണമായ കുരിശുമരണം പ്രസ്തുത പ്രതീക്ഷയെ തകർക്കുന്നതായിരുന്നു.

www.malankaralibrary.com

ഉടനെ ശിഷ്യന്മാർ അവരുടെ പ്രതീക്ഷയ്ക്ക ഒരാത്മീയപരി വേഷമണിയിച്ചു. മരിച്ച യേശു ഉത്ഥാനം ചെയ്തെന്നും താമസിയാതെ വീണ്ടും വരുമെന്നും മററുമുള്ള ഐതിഹ്യങ്ങൾ പറഞ്ഞു പരത്തി. Reimarus അവതരിപ്പിച്ച യേശുവിന്റെ ഈ ചിത്രം ജ്ഞാനപ്രകാശനയുഗത്തിന്റെ അഭിരുചിയെ തൃപ്തിപ്പെടുത്തുന്നതായിരുന്നു. ഉന്നതമായ സാന്മാർഗ്ഗികചിന്തകൾകൊണ്ടു നിറഞ്ഞ ഒരു ധാർമ്മികഗുരുവായും തന്റെ ആദർശങ്ങൾക്കവേണ്ടി സ്വജീവൻ പോലും ബലി കഴിച്ച ഒരു ധീരപുരുഷനായുമാണ് അന്നത്തെജനങ്ങൾ യേശുവിനെ കണ്ടതു്. യേശുവിന്റെ ജീവചരിത്രം പുനർനിർമ്മിക്കാനുള്ള Reimarus ന്റെ ഈ ശ്രമം തികഞ്ഞ പരാജയമായിരുന്നു എന്നുവേണം പറയാൻ. കാരണം, വളരെ പ്രാകൃതവും അപൂർണ്ണവുമായിരുന്നു അതു്.

പത്തൊമ്പതാം നൂററാണ്ടിലെ ദൈവശാസ്ത്രജ്ഞന്മാരും യേശുവിന്റെ ജീവചരിത്രത്തിന്റെ പൂർണ്ണമായൊരു പുനർനിർമ്മിതിക്കവേണ്ടി പരിശ്രമിക്കുകയുണ്ടായി. പലരും അവരവരുടെ അഭിരുചിക്കനുസരിച്ചു് യേശുവിന്റെ പല സാങ്കല്പിക ചിത്രങ്ങളും വരച്ചു. D. F. Strauss ന്റെ 'യേശുവിന്റെ ജീവചരിത്രം' എന്ന ഗ്രന്ഥത്തിൽ അവിടുത്തെ ഒരു ഇതിഹാസ പുരുഷനായാണ (mythological) ചിത്രീകരിച്ചിരിക്കുന്നതു്. ഈ ഗ്രന്ഥത്തെപ്പററിയുള്ള വാദപ്രതിവാദങ്ങളാണ് ആധുനിക സുവിശേഷപഠനത്തിനു കളമൊരുക്കിയതു്.

യേശുവിന്റെ ജീവചരിത്ര പുനർനിർമ്മിതിക്കവേണ്ടിയുള്ള ശ്രമമാണ് നാം മുകളിൽ കണ്ടതു്. പക്ഷേ, ഇതു തീർത്തും അപ്രായോഗികമാണ് എന്നത്രേ ഷ്‌വയ്‌ററ്‌സറിന്റെ (A. Schweitzer) അഭിപ്രായം. 'ചരിത്രപുരുഷനായ യേശുവിനു വേണ്ടിയുള്ള അന്വേഷണം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇതു വ്യക്തമാക്കിയിട്ടുണ്ടു്. സുവിശേഷങ്ങളെയും അവയുടെ പ്രത്യേക സ്വഭാവത്തെയുംകുറിച്ചു് ലഭ്യമായ അറിവിനെ അടിസ്ഥാനപ്പെടുത്തി, യേശുവിന്റെ ജീവചരിത്രം പുനർനിർമ്മിക്കുന്നതിനോ അവിടുത്തെ വ്യക്തിത്വത്തെക്കുറിച്ചു് പൂർണ്ണമായൊരു വിവരണം നൽകുന്നതിനോ നമുക്ക സാധ്യമല്ല.

സുവിശേഷങ്ങളെ വെറും ചരിത്രഗ്രന്ഥങ്ങൾ എന്ന രീതിയിൽ വീക്ഷിക്കുന്ന പ്രവണത ഈ നൂററാണ്ടിന്റെ ആരംഭത്തോടെ അപ്രത്യക്ഷമായി. ആദിമസഭയുടെ, ഉത്ഥാനാനന്തര വിശ്വാസത്തിൽനിന്നാണ് അവ രൂപം കൊണ്ടതെന്നും സഭയിൽ നിലവിലിരുന്ന വിവിധ പാരമ്പര്യങ്ങൾ ശേഖരിച്ചു് സുവിശേഷകന്മാർ പ്രസാധനം ചെയ്തവയാണ് അവയെന്നും

www.malankaralibrary.com

വേദപുസ്തകപഠിതാക്കാൾക്ക ബോധ്യമായി. യേശുവിനെപ്പ റ്റി നിലവിലിരുന്ന പാരമ്പര്യങ്ങളുടെ ഉത്ഭവം എവിടെ എന്നായി അടുത്ത അന്വേഷണം. രൂപചരിത്രനിരൂപണം (Form Criticism) എന്ന ബൈബിൾവിജ്ഞാനീയശാഖയ്ക്ക ഇതു വഴി തെളിച്ചു. ഈ പശ്ചാത്തലത്തിൽനിന്നു വീക്ഷിക്കുമ്പോൾ മാത്രമേ ബുൾട്ട്മാന്റെ പുതിയ ചിന്താഗതിയെ നമുക്കു മന സ്സിലാക്കാൻ കഴിയൂ. ആദിമസഭയുടെ സുവിശേഷപ്രഘോഷ ണത്തിൽനിന്നാണ് സമാന്തരസുവിശേഷങ്ങൾ രൂപം കൊണ്ട തെന്നും പെസഹാരഹസ്യത്തിലുള്ള വിശ്വാസത്തിലാണ് അവ അധിഷ്ഠിതമായിരിക്കുന്നതെന്നും ബുൾട്ട്മാനു ബോധ്യ മായി. അതിന്റെ വെളിച്ചത്തിൽ, വിശ്വാസത്തിനു പുതി യൊരു അടിസ്ഥാനം നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടി അദ്ദേ ഹം ഒരു പ്രഘോഷണ–ദൈവവിജ്ഞാനീയം വികസിപ്പി ച്ചെടുത്തു. യേശുവിന്റെ വ്യക്തിത്വമല്ല അദ്ദേഹത്തിന്റെ പഠനവിഷയം; കാരണം, അതേപ്പററി നമുക്കു അധികമൊന്നും അറിയാൻ നിവൃത്തിയില്ല. ക്രൂശിതനായ ക്രിസ്തു ഉയി ർത്തെഴുന്നേററു എന്ന ആദിമസഭയുടെ നിർണ്ണായകപ്രഘോ ഷണത്തെ ആസ്പദമാക്കിയാണ് ബുൾട്ട്മാൻ തന്റെ ചിന്താ ധാര പടുത്തുയർത്തുന്നത്. ജീവിതത്തിനു പുതിയൊരു അർത്ഥ വും മൂല്യവും പ്രദാനം ചെയ്യുവാൻ ശക്തമത്രേ അസന്നിഗ്ദ്ധ മായ ഈ പ്രഘോഷണം. മനുഷ്യന്റെ മുമ്പിൽ മൗലികമാ യൊരു വെല്ലുവിളി ഉയർത്തുന്നുണ്ടിതു്. ആദിമസഭയുടെ പ്രഘോഷണത്തിനെന്നപോലെ യേശുവിന്റെ പ്രബോധന ങ്ങൾക്കും ബുൾട്ട്മാൻ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം കല്പി ക്കുന്നുണ്ട്; അവയും ജീവിതത്തിനു് പുതിയൊരു ഉൾക്കാഴ്ച നൽകാൻ പര്യാപ്തമത്രേ. ചുരുക്കത്തിൽ, സുവിശേഷസന്ദേ ശത്തെ അസ്തിത്വാത്മകമായവിധത്തിലാണ് ബുൾട്ട്മാൻ അവതരിപ്പിക്കുന്നതു്. അതിനു് അദ്ദേഹം സ്വീകരിക്കുന്ന മാർഗം പ്രഘോഷണത്തെ ഐതിഹ്യവിമുക്തമാക്കുകയാണ് (demythologize). വേറെ വാക്കുകളിൽ പറഞ്ഞാൽ, സുവിശേ ഷപ്രഘോഷണത്തെ ആദിമസഭയുടെ പ്രഘോഷണസാഹച ര്യത്തിൽനിന്നു വിമുക്തമാക്കി ആധുനികയുഗത്തിനു അനു യോജ്യമായ വിധത്തിൽ അവതരിപ്പിക്കുകയാണ്.

രണ്ടാംലോകമഹായുദ്ധത്തിന്റെ അവസാനത്തോടെ ബുൾട്ട്മാന്റെ ചിന്താരീതിയ്ക്കെതിരായ മറെറാരു ചിന്താഗതി രൂപം കൊണ്ടു. ഇ. കേസെമാനും (E. Kaesemann) ബുൾട്ട്മാ ന്റെ മററു ചില ശിഷ്യന്മാരുമായിരുന്നു പുതിയ സിദ്ധാന്ത ത്തിന്റെ വക്താക്കൾ. അവരുടെ അഭിപ്രായത്തിൽ, വിശ്വാ

www.malankaralibrary.com

സത്തിന്റെ ഉറവിടം യേശുവിന്റെ ആത്മാവബോധമാണ് (Self-understanding of Jesus). ആത്മാവബോധത്തോടു കൂടിയ യേശുവിനു 'എന്റെ' ജീവിതത്തിൽ എന്തു പ്രസക്തിയുണ്ട്. എന്നതാണ് വിശ്വാസിയെ സംബന്ധിച്ചിടത്തോളം കാതലായ പ്രശ്നം. കേസെമാന്റെയും അനുയായികളുടെയും ഈ പുതിയ ചിന്താധാര ചരിത്രപുരുഷനായ യേശുവിനെപ്പററിയുള്ള പുതിയൊരു കാഴ്ചപ്പാടിലേക്കു നയിച്ചു. ചരിത്രപുരുഷനായ യേശുവിനുവേണ്ടിയുള്ള 'നവീനാന്വേഷണം' എന്ന പേരിൽ ജെ. എം. റോബിൻസന്റെ കൃതിയിലൂടെ അതു പ്രസിദ്ധമാവുകയും ചെയ്തു. പുതിയ സിദ്ധാന്തത്തെ അനുകൂലിക്കുന്നവരിൽ പ്രമുഖരാണ് ഫുക്സ് (E. Fuchs), മാർക്സെൻ (W. Marxsen) തുടങ്ങിയവർ. ഇവരിൽ, മാർക്സെൻ യേശുവിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച തന്റെ പ്രബന്ധത്തിലൂടെ ജർമ്മനിയിൽ വലിയശ്രദ്ധ പിടിച്ചുപററി, പല കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരെയും സ്വാധീനിച്ചു. ലോകത്തിൽ ജീവിച്ചുകൊണ്ടു് പ്രവർത്തിക്കുകയും ഉത്ഥാനാനന്തരം ശിഷ്യന്മാരിലൂടെ തന്റെ പ്രവർത്തനം തുടർന്നുകൊണ്ടുപോകുകയും ചെയ്ത യേശുവാണ് അദ്ദേഹത്തിന്റെ മുഖ്യപഠനവിഷയം. യേശുവിന്റെ ഈ ദൗത്യം തുടർന്നുകൊണ്ടുപോകുന്നതിനുള്ള പ്രേരണ നൽകിയെന്നതിൽക്കവിഞ്ഞ പ്രാധാന്യമൊന്നും ഉയിർപ്പുസംഭവത്തിനോ പ്രത്യക്ഷീകരണത്തിനോ (appearances) ഇല്ലെന്നത്രേ അദ്ദേഹത്തിന്റെ അഭിപ്രായം. അങ്ങനെ ദൈവവിജ്ഞാനീയത്തിന്റെ ശ്രദ്ധ വീണ്ടും യേശുവിന്റെ ഭൗമികദൗത്യത്തിലേയ്ക്കു തിരിയുകയാണ്. പക്ഷേ, യേശുവിന്റെ ജീവചരിത്രം പുനർനിർമ്മിക്കുകയോ, അവിടുത്തെ വ്യക്തിത്വത്തെക്കുറിച്ചു പൂർണ്ണമായൊരു അറിവു സമ്പാദിക്കുകയോ അല്ല അതിന്റെ ലക്ഷ്യം. മറിച്ച്, യേശുവിന്റെ ആത്മാവബോധവുമായി പരിചയപ്പെടുകയും അവിടുത്തെ ആശയാഭിലാഷങ്ങൾ സ്വായത്തമാക്കുകയും അവയനുസരിച്ചു ജീവിതം ക്രമീകരിക്കുകയുമാണ്.

അടുത്ത കാലത്തായി, യുവതലമുറയുടെ ചിന്താഗതിയിൽ വലിയൊരു മാററം വന്നിട്ടുണ്ടു്. വിശ്വാസത്തെ വ്യക്തിപരമായ പ്രശ്നമെന്ന നിലയിൽമാത്രം വീക്ഷിച്ച പഴയ അസ്തിത്വാത്മകചിന്താഗതിയെ അവർ ഉപേക്ഷിച്ചു. വിശ്വാസത്തിനു സാമൂഹ്യമായ ഒരു വശംകൂടിയുണ്ടെന്നു അവർ വാദിച്ചു. അവരുടെ ദൃഷ്ടിയിൽ, ഏററവും വലിയ സാമൂഹപരിഷ്ക്കർത്താവും സ്വാതന്ത്ര്യസമരസേനാനിയുമാണ് യേശു. സമൂഹത്തിൽ നടമാടിയിരുന്ന അനീതിയ്ക്കെതിരായാണ് അവിടുന്ന് ശബ്ദമുയർത്തിയതു്. അവശരുടെയും ദരിദ്രരുടെയും ആലം

www.malankaralibrary.com

ബമാണവിടുന്നു്; മനുഷ്യനെ സർവ്വബന്ധനങ്ങളിൽനിന്നും മോചിക്കാൻ വന്ന വിമോചകനും. ജെ. കാർമിക്കേൽ (J. Carmichael), ജി. ഈ. ബ്രാൻഡൻ (G. E. Brandon) തുടങ്ങിയവർ ഏതാണ്ടു് ഇതേ അഭിപ്രായക്കാരാണു്. അങ്ങനെ ചരിത്രപുരുഷനായ യേശു തൻെറ ദൗത്യവും അതുയർത്തുന്ന വെല്ലുവിളിയുമായി വീണ്ടും നമ്മുടെ ചിന്താമണ്ഡലത്തിലേക്കു കടന്നുവരുന്നു.

മേല്പറഞ്ഞ ചിന്താഗതികളോടു് യോജിക്കാത്തവർപോലും കൽക്കദോനിയസൂനഹദോസ് വരച്ചുകാട്ടിയ ക്രിസ്തുചിത്രത്തോടു് ഇന്നു് അത്ര അനുഭാവമുള്ളവരല്ലെന്നുകാണാം. ദ്വിസ്വഭാവസിദ്ധാന്തത്തിൽ അധിഷ്ഠിതമായ ക്രിസ്തുവിജ്ഞാനീയത്തിനു് ആധുനികയുഗത്തിൽ വലിയ പ്രസക്തിയില്ലെന്നാണു് പല കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം. സമ്പൂർണ്ണമനുഷ്യനായ യേശുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും, അവിടുത്തെ മനുഷ്യസ്വഭാവത്തിലും മാനുഷികപ്രവൃത്തികളിലും, ദൈവത്തിൻെറ ആവിഷ്ക്കരണം ദർശിക്കുന്നതുമായ പുതിയൊരു ക്രിസ്തുവിജ്ഞാനീയം രൂപം കൊള്ളണമെന്നാണു് അവരുടെ അഭിലാഷം. പക്ഷേ യാഥാസ്ഥിതികർ ഇതിനോടു യോജിക്കുന്നില്ല. കാരണം, സാധാരണക്കാരിൽ ഒരുവനായി യേശുവിവിനെ കാണുന്ന പുതിയ പ്രവണത അവിടുത്തെ ദൗത്യത്തിൻെറ രക്ഷാകരമൂല്യം നഷ്ടപ്പെടുത്തുമെന്നും, ജ്ഞാനപ്രകാശന യുഗത്തിലേതുപോലെ മററുള്ളവർക്കു മാതൃകയായ ഒരു സാന്മാർഗ്ഗികഗുരുവായി മാത്രം അവിടുത്തെ തരംതാഴ്ത്തുമെന്നും അവർ ഭയപ്പെടുന്നു. യേശുവിൻെറ അത്ഭുതപ്രവൃത്തികളെ അവഗണിക്കുവാനും ഇതു നമ്മെ പ്രേരിപ്പിക്കും. എങ്കിലും പുതിയ സമീപനത്തിലെ പല നല്ല വശങ്ങളും നാം അംഗീകരിച്ചേ പററൂ. ആത്മദാനം ചെയ്യുന്നുള്ള സന്നദ്ധതയും, മനുഷ്യൻെറ ഭാവിയെപ്പററിയുള്ള ആകാംക്ഷയും പുതിയ സമീപനത്തിൻെറ മുഖമുദ്രകളാണു്. യേശുവിൻെറ പ്രബോധനത്തിൻെറ മുഖ്യവിഷയവും ഇതുതന്നെയായിരുന്നു. എങ്കിലും, ആദിമസഭയുടെ ക്രിസ്തുപ്രഘോഷണത്തെയും വിശ്വാസനിക്ഷേപങ്ങളെയും ഉപേക്ഷിച്ചുകൊണ്ടായിരിക്കരുതു്, പുതിയ ചിന്താഗതിയെ നാം ആശ്ലേഷിക്കുക.

അടുത്ത കാലത്തായി ഈ പ്രവണതയ്ക്കെതിരായും, കുറേപേർ ചിന്തിച്ചുതുടങ്ങിയിട്ടുണ്ടു്. അവരുടെഅഭിപ്രായത്തിൽ, യേശു ഒരു സമൂഹപരിഷ്കർത്താവോ രാഷ്ട്രീയ വിപ്ലവകാരിയോ അല്ല. മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ പ്രതിപുരുഷനാണവിടുന്നു്. ഏകാന്തതയിൽ, സച്ചിദാനന്ദനായ അങ്ങയിൽ വിലയം

www.malankaralibrary.com

പ്രാപിക്കാനാണ് അവരുടെ ശ്രമം. അവരെ സംബന്ധിച്ചിടത്തോളം ചരിത്രപുരുഷനായ യേശുവും വിശ്വാസവിഷയമായ ക്രിസ്തുവും തമ്മിലുള്ള ബന്ധം എന്ത് എന്നതു് ഒരു പ്രശ്നമേ അല്ല. എങ്കിലും, പുതിയ പ്രവണതയും ദോഷരഹിതമല്ല. ചരിത്രപുരുഷനായ യേശു അപ്രത്യക്ഷനാകയും, ചരിത്രബന്ധമൊന്നുമില്ലാത്ത 'യേശുവിഗ്രഹം' തൽസ്ഥാനം പിടിച്ചെടുക്കുകയും ചെയ്യുന്ന കാഴ്ചയാണ് നാം ഇവിടെ കാണുക.

ഈ വിവാദവിഷയത്തിന്റെ ചരിത്രപഠനം ഇത്രയുംകൊണ്ടു് നാം അവസാനിപ്പിക്കുകയാണ്. ഇതേപ്പററി ഇനിയും കൂടുതൽ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കും. അവ വേണ്ടെന്നു വയ്ക്കുവാനോ, അവയിൽനിന്നു ഒഴിഞ്ഞുമാറാനോ നമുക്കു സാധ്യമല്ല. നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനം, എങ്ങനെ ഈ അന്വേഷണം കൂടുതൽ അർത്ഥസമ്പുഷ്ടവും പ്രസക്തവുമാക്കാമെന്ന് ചിന്തിക്കുകയാണ്.

## II വിവാദവിഷയത്തിന്റെ ശരിയായ പുനരവതരണം

ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രാധാന്യമർഹിക്കുന്നതു് അതിനൊരു പരിഹാരം കണ്ടുപിടിക്കുകയല്ല, വിഷയത്തെ തന്നെ ശരിയായ വിധത്തിൽ അവതരിപ്പിക്കുകയാണ്. ഇതിനു് ആദ്യമായി നാം ചെയ്യേണ്ടതു് ആദിമസഭയുടെ സുവിശേഷപ്രഘോഷണ സാഹചര്യത്തിലേക്കു ശ്രദ്ധതിരിക്കുകയാണ്. ചരിത്ര പുരുഷനായ യേശുവെന്നോ വിശ്വാസവിഷയമായ ക്രിസ്തുവെന്നോ ഉള്ള തരംതിരിവു് ആദിമക്രൈസ്തവരുടെ ചിന്താഗതിയിൽ നാം കാണുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ചരിത്ര പുരുഷനായ യേശുവും വിശ്വാസവിഷയമായ ക്രിസ്തുവും ഒരേ വ്യക്തിയായിരുന്നു. ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം ഉറപ്പിക്കാൻ സഹായകമായിടത്തോളം പ്രാധാന്യമേ ചരിത്രപുരുഷനായ യേശുവിന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കും അവർ കൊടുത്തുള്ളു. ചരിത്ര വസ്തുതകളുടെ ആത്യന്തികലക്ഷ്യം ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസത്തെ വർദ്ധമാനമാക്കുകയാണ്. യേശുവിനെക്കുറിച്ചു് നിലവിലിരുന്ന വിവിധ പാരമ്പര്യങ്ങളുടെ തെരെഞ്ഞെടുപ്പിലും, രൂപവൽക്കരണത്തിലും കൈമാററത്തിലും ഈ തത്വം വളരെ സ്വാധീനിച്ചിട്ടുണ്ടു്. അതുകൊണ്ടാണ് യേശുവിനെ സംബന്ധിച്ച ചരിത്രപരമായ പല പ്രശ്നങ്ങൾക്കും ഉത്തരം കാണാൻ ഇന്നു വിഷമിക്കുന്നതു്. വെറും ചരിത്രപുരുഷനെന്ന നിലയിൽ യേശുവിനെ കണ്ടെത്താനുള്ള ശ്രമം പരാജയപ്പെടുന്നതിന്റെ കാരണവും മറെറാന്നല്ല.

www.malankaralibrary.com

നമുക്കു ചെയ്യാവുന്നതു്, ആദിമസഭയുടെ വീക്ഷണവുമായി ത
ദാത്മ്യപ്പെട്ടുകൊണ്ടു്, വിഷയത്തിനു് ശരിയായ രൂപവും
ഭാവവും നൽകി വീണ്ടും അവതരിപ്പിക്കുകയാണു്. അതിനാൽ,
ഭൗമിക യേശുവും (earthly Jesus) ഉത്ഥാനാനന്തര ക്രിസ്തുവും
(Post–Easter Christ) തമ്മിലുള്ള ബന്ധം എന്തെന്നു ചിന്തി
ക്കുകയായിരിക്കും, ചരിത്രപുരുഷനായ യേശുവും (historical
Jesus) വിശ്വാസവിഷയമായ ക്രിസ്തുവും (Christ of faith)
തമ്മിലുള്ള ബന്ധം എന്തെന്നു ചിന്തിക്കുന്നതിനെക്കാൾ കൂടു
തൽ പ്രയോജനകരം. അതിനാൽ, ആദിമസഭയുടെ വീക്ഷണ
ത്തിൽ നിന്നുകൊണ്ടു ഭൗമികയേശുവും ഉത്ഥാനാനന്തരക്രിസ്തു
വും തമ്മിലുള്ള ബന്ധമെന്തെന്നു വിലയിരുത്തുകയാണു് നമ്മു
ടെ പഠനത്തിന്റെ ലക്ഷ്യം. ചരിത്രനിരൂപണമാർഗ്ഗങ്ങളുപയോ
ഗിച്ചു് ചരിത്രപുരുഷനായ യേശുവിനെ കണ്ടെത്താൻ ശ്രമി
ക്കരുതെന്നല്ല ഇതിന്റെ അർത്ഥം. നമ്മുടെ അന്വേഷണം എ
പ്പോഴും ആദിമസഭയുടെ വിശ്വാസ പ്രഘോഷണത്തിൽനിന്നു
വേണം തുടങ്ങാൻ എന്നു മാത്രമേ വിവക്ഷിക്കുന്നുള്ളൂ. ചരിത്ര
പഠിതാവിനു പലപ്പോഴും പക്ഷപാതപരമായ വ്യാഖ്യാനങ്ങൾ
ഉൾക്കൊള്ളുന്ന പല ചരിത്ര വസ്തുതകളും പരിശോധിക്കേണ്ടി
വരും. അത്തരം വ്യാഖ്യാനങ്ങളിൽനിന്നു ചരിത്രവസ്തുതയെ
വേർതിരിച്ചെടുക്കുക വലിയ ബുദ്ധിമുട്ടാണു് അതിനാൽ വി
ശ്വാസവിഷയമായ ക്രിസ്തുവുമായി ഒട്ടുംബന്ധപ്പെടുത്താതെ,
ചരിത്രപുരുഷനെന്നനിലയിൽ മാത്രമുള്ള യേശുവിന്റെ ചരി
ത്രം നിർമ്മിക്കുക തികച്ചും ദുഷ്കരമാണു്. നമുക്കറിയാം, യേ
ശുവിന്റെ സമകാലികർക്കു് ശിഷ്യന്മാർക്കുപോലും അവിടുന്നു
അഗ്രാഹ്യനായിരുന്നു. അവിടുന്നു് പ്രവാചകനോ, ഗുരുവോ,
രാഷ്ട്രീയവിമോചകനോ, മിശിഹായോ ആരായിരുന്നു എന്ന
തു യേശുവിന്റെ ജീവിതകാലത്തുതന്നെ വലിയ തർക്കവിഷ
യമായിരുന്നു. യേശുവിനെ മിശിഹായായി അംഗീകരിച്ച
വർപോലും, മിശിഹായുടെ ദൗത്യത്തെപ്പറ്റി തെറ്റായ ധാര
ണകളാണു് പുലർത്തിയിരുന്നതു്. ദാവീദിന്റെ പുത്രനായി
വരുവാനിരിക്കുന്ന, ലൗകിക പ്രതാപത്തോടുകൂടിയ രാജാധി
രാജനായിരിക്കും മിശിഹാ എന്നാണു യഹൂദർ വിശ്വസിച്ചി
രുന്നതു്. എന്നാൽ യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും
ഈ ധാരണയ്ക്കു കടകവിരുദ്ധമായിരുന്നു. യേശുവിനെ മന
സ്സിലാക്കുന്നതിൽ സമകാലികർപോലും 'പരാജയപ്പെട്ടു എന്നാ
ണു് ഇതെല്ലാം വിളിച്ചറിയിക്കുന്നതു്. വസ്തുത ഇതായിരി
ക്കെ, യേശുവിനെപ്പറ്റി പൂർണ്ണമായൊരു അറിവു പ്രദാനം
ചെയ്യുന്നതിൽ ചരിത്രപഠനം പരാജയപ്പെടുകയേയുള്ളൂ.
ചരിത്രപഠനംകൊണ്ടു് ഒന്നും നേടാൻ സാധ്യമല്ല എന്നല്ല
ഇവിടെ വിവക്ഷിക്കുന്നതു്. ചരിത്രപഠിതാവു് ചരിത്രമൂല

www.malankaralibrary.com

ങ്ങളിൽനിന്നു് ഗ്രഹിക്കാവുന്നിടത്തോളം കാര്യങ്ങൾമാത്രം മനസ്സിലാക്കി തൻെറ മണ്ഡലത്തിൽ ഒതുങ്ങിക്കഴിയുകയാണെങ്കിൽ അദ്ദേഹത്തിനും യേശുവിനെപ്പററിയുള്ള പഠനത്തിനു് സഹായകമായ പല സംഭാവനകളും നൽകാൻ കഴിയും. സുവിശേഷങ്ങളുടെ സ്വഭാവം, സുവിശേഷകരുടെ ലക്ഷ്യം എന്നിവയെ സംബന്ധിച്ച ആധുനിക ബൈബിൾവിജ്ഞാനീയം നൽകുന്ന ഉൾക്കാഴ്ചകൾ ഈ പഠനത്തിനു് അദ്ദേഹത്തെ സഹായിക്കും. അവയുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ, യേശുവിനെ സംബന്ധിച്ച പാരമ്പര്യങ്ങളുടെ തെരഞ്ഞെടുപ്പിലും, യേശുവിൻെറ വ്യക്തിത്വത്തിൻെറ വിവിധവശങ്ങളുടെ അവതരണത്തിലും ആദിമസഭയെ സ്വാധീനിച്ച ചിന്താഗതിയെന്തെന്നു് കൂടുതൽ വ്യക്തമാകും. വിശ്വാസപരമായ താല്പര്യമാണിതെന്നു ഗ്രഹിക്കുമ്പോൾ നിർണ്ണായകമായ ഒരേയൊരു ചോദ്യം മാത്രം ചോദിക്കാൻ ചരിത്രകാരൻ നിർബന്ധിതനാകും. ആ ചോദ്യം ഇതാണു്: പ്രഘോഷകനായ യേശു എങ്ങനെ പ്രഘോഷിത ക്രിസ്തുവായിമാറി? ഇവിടെയാണു് ചരിത്രകാരൻ ആദിമസഭയുടെ വീക്ഷണം കണക്കിലെടുക്കേണ്ടതു്. F. Hahn പറയുന്നതുപോലെ, ''ആദിമസഭയുടെ പ്രഘോഷണവിഷയം ചരിത്രപുരുഷനായ യേശുവായിരുന്നില്ല, ഉത്ഥിതനായ കർത്താവുമായി ഒന്നായിരിക്കുന്ന ഭൗമികയേശു (Earthly Jesus)വായിരുന്നു''. ആദിമസഭയുടെ പ്രഘോഷണമെന്തെന്നു മനസ്സിലാക്കികഴിഞ്ഞാൽ പിന്നെ അടുത്തതായി അറിയേണ്ടതു്, എന്തുകൊണ്ടു് ആദിമസഭ അപ്രകാരമൊരു പ്രഘോഷണവിഷയം സ്വീകരിച്ചുവെന്നും, ഭേദഗതിയൊന്നും വരുത്താതെ പിൻതലമുറകൾക്ക കൈമാറിയെന്നുമാണു്. ഇവിടെയാണു്, യേശുവിനെപററിയുള്ള പാരമ്പര്യങ്ങളും ക്രിസ്തുവിനെ സംബന്ധിച്ച പ്രഘോഷണവും, രൂപവല്ക്കരിക്കുന്നതിലും കൈമാററംചെയ്യുന്നതിലും, ആദിമസഭയെ സ്വാധീനിച്ച പ്രത്യേക സാഹചര്യങ്ങളെന്തെന്നു് മനസ്സിലാക്കിയിരിക്കേണ്ടതു്. ആദിമസഭയുടെ പ്രഘോഷണ സാഹചര്യത്തിലേയ്ക്കു് വെളിച്ചം വീശുന്ന ചില വസ്തുതകളെക്കുറിച്ചാണു് ഇനി നാം വിചിന്തനം ചെയ്യുന്നതു്.

യേശുവിനെപ്പററി എഴുതപ്പെട്ടിട്ടുള്ളവയെല്ലാം ഉത്ഥാനാനന്തരം എഴുതപ്പെട്ടിട്ടുള്ളവയാണു്. ഉയിർപ്പിൻെറ വെളിച്ചത്തിൽ യേശുവിൻെറ ജീവിതം മുഴുവൻ വീക്ഷിച്ച സഭ, സ്വാഭാവികമായും, അവിടുത്തെ പീഡാനുഭവങ്ങളായിരുന്നു ആദ്യം വിലയിരുത്തിയതു്. നാലു സുവിശേഷങ്ങളും പീഡാനുഭവചരിത്രം വിവരിക്കുന്നുണ്ടല്ലോ. ഇവയിൽ ഏററവും പ്രാചീനമായ മർക്കോസിൻെറ വിവരണം പോലും പൂർണ്ണാർത്ഥത്തിൽ ചരിത്രമല്ല. യേശുവിൻെറ പീഡാനുഭവത്തെ പഴയനിയമ

www.malankaralibrary.com

വാക്യങ്ങളുടെ പൂർത്തീകരണമായും, നീതിമാൻെറ പീഡാസ
ഹനമായും വ്യാഖ്യാനിച്ച ഒരു മൂലവിവരണമാണു് (Pre-Mar-
can Report) മർക്കോസ് പീഡാനുഭവചരിത്രരചനയ്ക്കു
അവലംബമാക്കിയിരിക്കുന്നതു്. ഇവിടെ ഒരു കാര്യം വ്യക്തം.
യേശുവിൻെറ വിചാരണയും പീഡാനുഭവവും മററും വെറും
ചരിത്രവസ്തുതകൾ എന്ന നിലയിൽ വിവരിക്കുകയല്ല
സുവിശേഷകൻ. അവയെല്ലാം അദ്ദേഹത്തിന്േറതായ വ്യാ
ഖ്യാനങ്ങളും നൽകുന്നുണ്ടു്. കാലക്രമത്തിൽ വിവിധവ്യാഖ്യാ
നങ്ങൾ നിലവിൽവന്നു. അങ്ങനെ വിവിധവിവരണങ്ങളും
നമുക്കു ലഭിച്ചു. ഇവയിൽനിന്നു് നിയതമായ ചരിത്രവസ്തുത
കൾമാത്രം തെരഞ്ഞെടുക്കുക വളരെ പ്രയാസമാണു്. എങ്കി
ലും യേശുവിൻെറ കുരിശുമരണത്തിൻെറ ചരിത്രപരത അനി
ഷേധ്യമാണു്. കാരണം, വിവരണങ്ങൾ പലതുണ്ടെങ്കിലും അ
വയെല്ലാം ഒരേ ചരിത്രവസ്തുതയെ ആസ്പദമാക്കിയാണു്. ചരി
ത്രവസ്തുതകൾ വിശ്വാസികൾക്കു വ്യാഖ്യാനിച്ചുകൊടുക്കു
ക ആവശ്യമായിരുന്നതിനാൽ വിവിധപാരമ്പര്യങ്ങൾ ഉൾ
ക്കൊള്ളുന്ന വിവിധ വിവരണങ്ങൾ രൂപംകൊണ്ടു എന്നു
മാത്രം.

യേശുവിൻെറ പീഡാനുഭവത്തെ സംബന്ധിച്ചു് ആദിമ
സഭയ്ക്കുണ്ടായിരുന്ന കാഴ്ചപ്പാടാണു് മുകളിൽകണ്ടതു്. യേ
ശുവിൻെറ പ്രവർത്തനങ്ങളെക്കുറിച്ചു് ആദിമസഭയ്ക്കുണ്ടായി
രുന്ന കാഴ്ചപ്പാടും ഏതാണ്ടു് ഇതുതന്നെയാണു്. അതുകൊണ്ടാ
ണു് അവിടുത്തെ പ്രവർത്തനങ്ങൾ സ്ഥലകാലക്രമമനുസരിച്ചു്
സുവിശേഷങ്ങളിൽ വിവരിച്ചു കാണാത്തതു്. യേശുവിൻെറ
പ്രവർത്തനങ്ങൾ അവിടുത്തെ ദൗത്യവുമായി എത്രമാത്രം പൊരു
ത്തപ്പെടുന്നുവെന്നു് വിശ്വാസികൾക്കു വ്യക്തമാക്കികൊടുക്കുക
യായിരുന്നു ആദിമസഭയുടെ ലക്ഷ്യം. അതിനാൽ, അവളെ
സംബന്ധിച്ചിടത്തോളം യേശുവിൻെറ പ്രവർത്തനത്തെക്കാൾ
പ്രാധാനം അവിടുത്തെ പ്രഘോഷണമായിരുന്നു. ആദിമ
സഭയുടെ ജീവസ്രോതസ്സു് യേശുവിൻെറ വചനമായിരുന്നു
എന്നു പറയാം. അതുകൊണ്ടാണു് ആദിമസഭയിൽ യേശു
വിൻെറ പ്രവർത്തനങ്ങളെപ്പററിയുള്ള പാരമ്പര്യത്തെക്കാൾ
പ്രാധാന്യം അവിടുത്തെ വചനങ്ങളെപ്പററിയുള്ള പാരമ്പര്യ
ത്തിനു ലഭിച്ചതു്. യേശുവിൻെറ പ്രബോധനങ്ങളായിരുന്നു അവി
ടുത്തെ പ്രവൃത്തികൾക്കു് അർത്ഥം കൊടുത്തതു്.

യേശുവിൻെറ പ്രവർത്തനങ്ങളിലേക്കു് കണ്ണോടിക്കുമ്പോൾ
ആദ്യമായി നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നതു് അവിടുത്തെ
രോഗശമനവിവരണങ്ങളാണു്. സാധാരണഗതിയിലുള്ള അ
ത്ഭുതകൃത്യങ്ങളായി അവയെ വീക്ഷിക്കുവാൻ നിവൃത്തിയില്ല.

www.malankaralibrary.com

കാരണം, ആദിമസഭയെ സംബന്ധിച്ചിടത്തോളം, രോഗശമനങ്ങൾ അനിതരസാധാരണമായ ചില പ്രവൃത്തികൾ എന്നതിലുപരി യേശുവിന്റെ പ്രഘോഷണത്തെ തന്നിലൂടെ ദൈവരാജ്യം സമാഗതമായി എന്ന യേശുവിന്റെ പ്രഖ്യാപനത്തെ സുവ്യക്തമാക്കുന്ന നിദർശനസംഭവങ്ങളാണ്. ദൈവവിരുദ്ധശക്തികൾക്കെതിരായുള്ള ദൈവത്തിന്റെ വിജയമാണു ഭൂതോച്ചാടനങ്ങളിൽ പ്രതിഫലിക്കുക. ''ഞാൻ ദൈവശക്തികൊണ്ടാണ് പിശാചുക്കളെ പുറത്താക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങൾക്കു സമീപസ്ഥമായിരിക്കുന്നു.'' ലൂക്ക. 11:20; മത്താ. 12:28). യേശു പിശാചുക്കളെ പുറത്താക്കുന്നതു് അത്ഭുതം പ്രവർത്തിക്കാനുള്ള ആഗ്രഹം കൊണ്ടല്ലെന്നും ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നുവെന്ന് കാണികളെ ബോധ്യപ്പെടുത്താനാണെന്നും വളരെ സ്പഷ്ടമാണിവിടെ. അവിശ്വാസികളായ യഹൂദരുടെ ആവശ്യപ്രകാരം അത്ഭുതം പ്രവർത്തിക്കുവാൻ യേശു മടിക്കുന്നതും, അത്ഭുതം അത്ഭുതത്തിനുവേണ്ടിയല്ല എന്ന ചിന്താഗതിയ്ക്കു ശക്തികൂട്ടുകയാണ്. ചുരുക്കത്തിൽ, യേശുവിനെയും ആദിമസഭയെയും സംബന്ധിച്ചിടത്തോളം, ഭൂതോച്ചാടനങ്ങളും രോഗശമനങ്ങളും, ''പ്രവൃത്തികളും അടയാളങ്ങളും വഴിയുള്ള സുവിശേഷപ്രഘോഷണമായിരുന്നു.'' അതിനാൽ, യേശുവിന്റെ പ്രവർത്തനങ്ങളെപ്പററിയുള്ള വിവരണങ്ങളെ ആദിമക്രൈസ്തവഗ്രന്ഥകാരന്മാരുടെ വീക്ഷണങ്ങൾ സ്വാധീനിച്ചിട്ടുണ്ട്.

യേശുവിന്റെ പ്രവർത്തനങ്ങളെക്കാൾ കൂടുതൽ ശ്രദ്ധയർഹിക്കുന്നതു് അവിടുത്തെ പ്രതീകാത്മകമായ പ്രവൃത്തികളാണ്. പഴയനിയമപ്രവാചകന്മാരെപ്പോലെ യേശുവും പ്രതീകാത്മക പ്രവൃത്തികൾ ചെയ്തു. പ്രത്യക്ഷത്തിൽ വിചിത്രമാണ് അവയിൽ പലതും. എങ്കിലും, അവ ചെയ്യുവാൻ അവിടുത്തെ പ്രേരിപ്പിച്ച ചേതോവികാരം പരിഗണിക്കുമ്പോൾ, അവയ്ക്കു വലിയ മൂല്യവും അർത്ഥവുമുണ്ടെന്നു കാണാം. യേശുവിന്റെ ജെറുസലേം പ്രവേശനത്തോടനുബന്ധിച്ച് പരാമർശിക്കപ്പെടുന്ന കഴുതപ്പുറത്തുള്ള ഗമനവും, ദേവാലയശുചീകരണവും മററും പ്രതീകാത്മകമൂല്യങ്ങൾ ഉൾക്കൊള്ളുന്ന സംഭവങ്ങളാണ്. വിജനസ്ഥലത്തുവച്ച് ജനസഞ്ചയത്തെ ഭക്ഷണംകൊടുത്തു തൃപ്തിപ്പെടുത്തുന്നതും, അന്ത്യഅത്താഴവേളയിൽ ദിവ്യകാരുണ്യം സ്ഥാപിക്കുന്നതും പ്രതീകാത്മകോദ്ദേശ്യത്തോടുകൂടിയ പ്രവൃത്തികളാണ്. ഇവയ്ക്കു ക്രിസ്തു ഉദ്ദേശിച്ച അർത്ഥമെന്തെന്ന് കണ്ടുപിടിക്കുക അത്ര എളുപ്പമല്ല. കാരണം ആദിമസഭയുടെ ദൈവശാസ്ത്രവീക്ഷണം പ്രസ്തുത പ്രവൃത്തികളുടെ വിവരണങ്ങളെ സ്വാധീനിച്ചിട്ടുണ്ട്.

www.malankaralibrary.com

മേൽപറഞ്ഞ നിഗമനങ്ങളെല്ലാം ഒരുമിച്ചു കൂട്ടുമ്പോൾ യേശുവെന്ന വ്യക്തിയെപ്പററി വ്യക്തമായൊരു കാഴ്ചപ്പാടു് നമുക്കു് ലഭിക്കും. പൂർണ്ണമായ അർത്ഥത്തിൽ അവിടുന്നു് ഒരു സിദ്ധനോ (Charismatic) പ്രവാചകനോ അല്ലെങ്കിലും, സിദ്ധന്റെയും പ്രവാചകന്റെയും പല ഗുണങ്ങളും അവിടുത്തേയ്ക്കുണ്ടു്. അനിതരസാധാരണമാണു് അവിടുത്തെ വ്യക്തിത്വം. അദ്വൈതവും അതുല്യവുമായ ഈ വ്യക്തിത്വത്തെ വിവിധ സംജ്ഞകളിലൂടെ വിശദീകരിക്കാനുള്ള ആദിമസഭയുടെ ശ്രമമാണു് സുവിശേഷങ്ങളിൽ നാം കാണുന്നതു്. അതിനാൽ യേശുവിനെ അടുത്തറിയാൻ ആഗ്രഹിക്കുന്നവർ, ആത്യന്തികമായി സുവിശേഷങ്ങളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

## III പ്രസക്തമായ ചില പ്രശ്നങ്ങൾ

വിശ്വാസത്തിന്റെ വീക്ഷണത്തിലാണു് ചരിത്രപാരമ്പര്യങ്ങൾ സുവിശേഷങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നതെന്നും, അവ വേർതിരിച്ചെടുക്കുക അത്ര എളുപ്പമല്ലെന്നും മുമ്പു പ്രസ്താവിച്ചുവല്ലോ. ഇവിടെ ഉദിക്കുന്ന പ്രധാന പ്രശ്നമിതാണു്: വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചരിത്രവസ്തുതകൾക്കു പുതിയ വ്യാഖ്യാനം നൽകുകയെന്നതിലുപരി അവയെ സത്യവിരുദ്ധമായ വിധത്തിൽ അവതരിപ്പിച്ചിട്ടുണ്ടോ? ഇതിനു സാധാരണ സ്വീകരിക്കുന്ന മാനദണ്ഡം താഴെ പറയുന്നതാണു്. യേശുവിനെപ്പററിയുള്ള പാരമ്പര്യങ്ങളിൽ, യഹൂദസാഹചര്യങ്ങളോടും ആദിമസഭയുടെ വീക്ഷണത്തോടും യോജിക്കാത്തതായി തോന്നുന്നവയെ മൗലികങ്ങളും ആധികാരികങ്ങളുമായി പരിഗണിക്കുക, മററുള്ളവയെ ത്യജിക്കുക. പക്ഷേ, നിഷേധാത്മകമായ ഈ സമീപനത്തിലൂടെ യേശുവിനെപ്പററിയുള്ള ആധികാരികപാരമ്പര്യങ്ങൾ മുഴുവൻ കണ്ടുപിടിക്കുക സാധ്യമല്ല. യഹൂദാചാരങ്ങളിൽനിന്നു പല നല്ല കാര്യങ്ങളും യേശു സ്വീകരിക്കുകയും ആദിമസഭ അവ നിലനിർത്തുകയും ചെയ്തിട്ടുണ്ടു്. അതിനാൽ, യേശുവിനെ സംബന്ധിച്ച പാരമ്പര്യങ്ങളുടെ ആധികാരികത നിർണ്ണയിക്കാൻ ക്രിയാത്മകമായ ചില മാനദണ്ഡങ്ങൾകൂടി കണക്കിലെടുക്കണം. യേശുവിന്റെ ഭാഷയുടെ പ്രത്യേകത, അവിടുത്തെ പ്രബോധനരീതി, അവിടുന്നു ആവർത്തിച്ചു പറയുന്ന ആശയങ്ങൾ, വിവിധ സാഹചര്യങ്ങളോടും ആളുകളോടുമുള്ള അവിടുത്തെ പെരുമാററരീതി എന്നിവയെപ്പററിയുള്ള പഠനം ഇതിനു സഹായകമായിരിക്കും. വിവേകത്തോടും ശ്രദ്ധയോടുംകൂടി ഈ പഠനം നടത്തിയാൽ യേശുവിനെ സംബന്ധിച്ച ആധികാരികപാരമ്പര്യത്തിന്റെ—അവിടുത്തെ വാക്കുകളുടെയും പ്രവൃത്തികളുടെയും—ഒരു ആകമാനരൂപം നമുക്കു ലഭിക്കും.

www.malankaralibrary.com

അടുത്തതായി ചെയ്യേണ്ടതു് യേശുവിന്റെ ഓരോ വാക്കും പ്രവൃത്തിയും മൗലികവും യാഥാർത്ഥ്യവുമാണോ എന്നു പരിശോധിക്കുകയാണു്. ഭൗമികയേശുവിന്റെ ദൗത്യത്തെപ്പററി ഇത്രയും സൂക്ഷ്മമായ അന്വേഷണത്തിന്റെ ആവശ്യമുണ്ടോ? തീർച്ചയായും! ചരിത്രപുരുഷനായ യേശുവിനെപ്പററിയുള്ള തെററായ വ്യാഖ്യാനങ്ങൾ തുടച്ചുനീക്കാനും, അവിടുത്തെ സന്ദേശം കലർപ്പില്ലാതെ സൂക്ഷിക്കാനും ഇതാവശ്യമാണു്. യേശു, രാഷ്ട്രീയവിമോചകനോ, സാമൂഹ്യപരിഷ്കർത്താവോ, മ്ശിഹായോ ആരായിരുന്നുവെന്ന ചോദ്യത്തിനു് ഉത്തരം നൽകുന്ന വിഷയത്തിൽ, അവിടുത്തെ ആധികാരികമായ ഓരോ വാക്കിനും പ്രവൃത്തിക്കും നിർണ്ണായക സ്ഥാനമാണുള്ളതു്.

യേശുവിന്റെ പ്രബോധനം അതിന്റെ പൂർണ്ണതയിലും സൂക്ഷ്മതയിലും ഗ്രഹിക്കുകയെന്നതു് വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണു്. യേശുവിന്റെ പ്രബോധനങ്ങളെ അവിടുന്നു് ഉദ്ദേശിച്ച അർത്ഥത്തിൽതന്നെയാണോ ആദിമസഭ പ്രഘോഷിച്ചതു്? അതോ, അവളുടെ വീക്ഷണമനുസരിച്ചു് അവയ്ക്കു വ്യതിയാനം വരുത്തിയിട്ടുണ്ടോ? ചിന്തിച്ചു നോക്കേണ്ട പ്രശ്നങ്ങളാണിവ.

ആദിമസഭ സുവിശേഷഘോഷണം നടത്തിയതു് അവളുടെ ജീവിതപരിതോവസ്ഥകളെ കണക്കിലെടുത്തുകൊണ്ടാണു്. കാലഘട്ടത്തിനനുയോജ്യമായവിധത്തിൽ യേശുവിന്റെ വചനത്തെ ഫലദായകമാക്കാൻ സഭ ശ്രമിക്കണം. യേശുവിന്റെ വെല്ലുവിളികളെ അവയുടെ മൗലികാർത്ഥത്തിൽതന്നെ മനസ്സിലാക്കി, നമ്മുടെ ജീവിതത്തിൽ സാക്ഷാത്ക്കരിക്കണം. അനുരഞ്ജനത്തിനും സമാധാനത്തിനും വേണ്ടിയുള്ള യേശുവിന്റെ ആഹ്വാനവും, ധനമോഹത്തിനും, അധികാരമത്സരത്തിനും മനുഷ്യമർദ്ദനത്തിനും എതിരായ അവിടുത്തെ വിമർശനവും ഇന്നും വളരെ പ്രസക്തമാണു്. യേശുവിന്റെ ആഹ്വാനങ്ങൾ അവഗണിക്കുവാനും, അവയെ ദുർവ്യാഖ്യാനം ചെയ്യുവാനും, ക്രിസ്തുവിരുദ്ധശക്തികളുമായി ഒത്തുതീർപ്പുണ്ടാക്കാനും സഭ പലപ്പോഴും തയ്യാറായിട്ടുണ്ടെന്ന ദുഃഖസത്യത്തിനു ചരിത്രംതന്നെ സാക്ഷിയാണു്. യാതൊരു ശക്തിയ്ക്കും അടിയറവു പറയാതെ, യേശുവിന്റെ സുവിശേഷത്തെ കലർപ്പില്ലാതെ അവതരിപ്പിച്ചെങ്കിൽ മാത്രമേ സഭയ്ക്കു് അവളുടെ വിശ്വസനീയത സ്ഥാപിക്കാൻ കഴിയൂ. യേശുവിന്റെ യഥാർത്ഥസന്ദേശമെന്തെന്നു് ബോധ്യമുണ്ടെങ്കിലേ ഇതു സാധ്യമാകൂ. ഇക്കാര്യത്തിൽ വെറും ചരിത്രഗവേഷണത്തിനു്

www.malankaralibrary.com

നമ്മെ അധികം സഹായിക്കാനാവില്ല. എന്നാൽ ദൈവപുത്രനായ യേശുവിലും അവിടുത്തെ ഉത്ഥാനത്തിലുമുള്ള വിശ്വാസത്തെ ആധാരമാക്കി സഭയിൽനിന്നുകൊണ്ടു നടത്തുന്ന ചരിത്രപഠനം വലിയ ഫലങ്ങൾ പുറപ്പെടുവിക്കും.

യേശുവിന്റെ ഉയിർപ്പിന്റെ ചരിത്രപരതയെക്കുറിച്ചാണ് അടുത്തതായി നാം ചിന്തിക്കുന്നത്. കഴിഞ്ഞ ദശകത്തിൽ ഇതേപ്പററി പല വാദപ്രതിവാദങ്ങളും നടന്നു. ''ഒഴിഞ്ഞ കല്ലറയുടെ പ്രസക്തിയെന്ത്?'' എന്നതായിരുന്നു മുഖ്യ വിവാദവിഷയം. ചിലരുടെ ദൃഷ്ടിയിൽ ഉയിർപ്പിന്റെ ചരിത്രപരതയ്ക്ക ഉപോൽബലകമായ ഒരു തെളിവായിരുന്നു ശൂന്യമായ കല്ലറ. പക്ഷേ, ഉയിർപ്പിനെ സംബന്ധിച്ചിടത്തോളം ശൂന്യമായ കല്ലറയ്ക്ക അത്ര വലിയ പ്രാധാന്യമൊന്നുമില്ലെന്നു കാണാം. ''ദൈവം അവനെ ഉയിർപ്പിച്ചു'' എന്ന സന്ദേശം ശിഷ്യന്മാർക്ക ലഭിക്കുന്നത് ശൂന്യമായ കല്ലറയെക്കുറിച്ചുള്ള സ്ത്രീകളുടെ അറിയിപ്പു വഴിയല്ല, ഉത്ഥിതനായ യേശു അവർക്കു നൽകിയ ദർശനങ്ങൾ വഴിയാണ്. ആദിമസഭയുടെ ഏററവും പുരാതനമായ സുവിശേഷപ്രഘോഷണവും (1 കൊറി 15:5) സുവിശേഷഗ്രന്ഥങ്ങളും ഇതു വ്യക്തമാക്കുന്നുണ്ട്. ശിഷ്യന്മാരുടെ ഉത്ഥാനാനന്തരഅനുഭവത്തിന്റെ സ്വഭാവം വ്യക്തമാക്കുവാൻ നമുക്ക സാധ്യമല്ലെങ്കിലും, ഉത്ഥിതനായ ക്രിസ്തുവിനെ ദർശിച്ച എല്ലാവരുടെയും പ്രത്യേകിച്ച് സെൻറ് പോളിന്റെ അനുഭവം വച്ചുനോക്കുമ്പോൾ, ഉത്ഥിതനായ കർത്താവുമായുള്ള അവരുടെ കൂടിക്കാഴ്ച അവരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പര്യാപ്തമായിരുന്നുവെന്ന് നിസ്സംശയം പറയാം.

ഉയിർപ്പ് വെറും ചരിത്രസംഭവമാണോ? ശിഷ്യന്മാരുടെ ജീവിതത്തെയാകമാനം സ്വാധീനിച്ച അനുഭവമെന്ന നിലയിലുള്ള ചരിത്രപരതയേ ഉത്ഥാനത്തിനുള്ളോ? ഇവയ്ക്ക നാം കൊടുക്കുന്ന ഉത്തരം എന്തായിരുന്നാലും, ആത്യന്തികമായി, ചരിത്രഗതിക്കും സ്ഥലകാലയാഥാർത്ഥ്യത്തിനും അതീതമാണ് ക്രൂശിതൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേററു എന്ന സംഭവം.

''ചരിത്രപുരുഷനായ യേശുവും വിശ്വാസവിഷയമായ ക്രിസ്തുവും തമ്മിലുള്ള ബന്ധമെന്ത്?'' എന്ന വിഷയത്തെ സംബന്ധിച്ചിടത്തോളം ഉയിർപ്പുസംഭവത്തിന്റെ പ്രസക്തിയെന്താണ്? പലരും പല അഭിപ്രായമാണ് പ്രകടിപ്പിക്കുന്നത്. ചിലരുടെ വീക്ഷണത്തിൽ, ശിഷ്യന്മാരുടെ വിശ്വാസത്തിന്റെ വ്യാഖ്യാനവും പ്രകാശനവുമാണ് ഉയിർപ്പുസംഭവം.

www.malankaralibrary.com

യേശു, എപ്പോഴും തങ്ങളുടെകൂടെ സന്നിഹിതനാണെന്നും തങ്ങൾവഴിയായി തന്റെ ലക്ഷ്യപ്രാപ്തിക്കായി നിരന്തരം പ്രവർത്തിക്കുന്നുണ്ടെന്നും ഉള്ള ശിഷ്യന്മാരുടെ ബോധ്യമാണു് ഉയിർപ്പു് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയതെന്നത്രേ വേറെ ചിലരുടെ അഭിപ്രായം. തങ്ങളുടെ പ്രതീക്ഷയായ നാഥൻ മരിച്ചപ്പോൾ, അവിടുത്തെ മരണത്തിനു് ആഴമായൊരർത്ഥം കല്പിക്കാൻ ശ്രമിച്ച ശിഷ്യന്മാരുടെ വിശ്വാസമാണു് ഉയിർപ്പുസംഭവത്തിനു നിദാനം എന്നു പറയുന്നവരും ഇല്ലാതില്ല. പക്ഷേ, ഈ വിശദീകരണങ്ങൾ അത്ര തൃപ്തികരമല്ല. ഭൗമികയേശുവുമായുള്ള കൂടിക്കാഴ്ചയിൽനിന്നു് തികച്ചും വ്യത്യസ്തവും നൂതനവുമായൊരു കൂടിക്കാഴ്ചയാണു് ഉത്ഥിതനായ ക്രിസ്തുവുമായി അവർക്കുള്ളതു്. തങ്ങൾക്കു നവജീവൻ പ്രദാനം ചെയ്യാൻ കഴിവുള്ള ജീവസ്രോതസ്സായാണു് ഉത്ഥിതനായ ക്രിസ്തു അവർക്കനുഭവപ്പെട്ടതു്. എങ്കിലും, ഉത്ഥിതനായ ക്രിസ്തു ഭൗമിക യേശുവിൽനിന്നും വ്യത്യസ്തനായിരുന്നില്ല തങ്ങളോടൊത്തു് ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്ത ചരിത്രപുരുഷനായ യേശുവിനെത്തന്നെയാണു് ഉത്ഥിതനായ ക്രിസ്തുവിലും അവർ ദർശിച്ചതു്. എല്ലാ വിവരണങ്ങളും ഈ സത്യം ഊന്നിപ്പറയുന്നുണ്ടു്. ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാരെ തന്റെ മുറിവുകൾ കാണിക്കുന്നതും (യോഹ. 20:20,25; ലൂക്ക 24:39), മഗ്ദലമറിയം യേശുവിനെ സ്വരം കേട്ടു തിരിച്ചറിയുന്നതും (യോഹ 20:16) എമ്മാവുസിലേയ്ക്കുപോയ ശിഷ്യന്മാർ അപ്പം മുറിക്കുന്നവേളയിൽ അവിടുത്തെ മനസ്സിലാക്കുന്നതും, ക്രൂശിതനും ഉത്ഥിതനും ഒരാൾതന്നെ എന്ന വസ്തുതയിലേയ്ക്കു വെളിച്ചം വീശുന്ന സംഭവങ്ങളാണു്. ''ക്രൂശിതനെയാണോ നിങ്ങൾ അന്വേഷിക്കുന്നതു്?'' എന്നു ദൈവദൂതൻ സ്ത്രീകളോടു ചോദിക്കുന്നതും, ''അവൻ ഉയിർത്തെഴുന്നേറ്റു'' എന്നു വീണ്ടും പറയുന്നതും തെളിയിക്കുന്നതു് ഈ വസ്തുത തന്നെയാണു്.

യേശുവിന്റെ ഭൗമികജീവിതത്തിന്റെ അർത്ഥമെന്തെന്നു് വെളിവാകുന്നതു് ഉയിർപ്പിനുശേഷം മാത്രമാണു്. അതിനാൽ, ഉത്ഥാനമാണു് ക്രിസ്തുവിജ്ഞാനീയത്തിന്റെ ആരംഭവും അടിസ്ഥാനവും. ഉത്ഥാനത്തിനുശേഷം മാത്രമാണു്, യേശു എപ്രകാരമുള്ള മിശിഹായാണെന്നു് യഹൂദർക്കു വ്യക്തമാക്കിക്കൊടുക്കാൻ ആദിമ ക്രൈസ്തവർക്കു കഴിഞ്ഞതു്. പന്തക്കുസ്താ ദിവസം പത്രോസ് നടത്തിയ പ്രസംഗത്തിൽ ഈ വസ്തുത വളരെ വ്യക്തമാണു്. ''ആകയാൽ നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും മിശിഹായുമാക്കിയിരിക്കുന്നുവെന്നു് ഇസ്രായേൽഗോത്രം മുഴുവൻ അറിഞ്ഞുകൊള്ളുവിൻ'' (നടപടി 2:36). കുരിശുമരണവും ഉയിർപ്പും വഴിയാണു് യേശു

www.malankaralibrary.com

യഥാർത്ഥത്തിൽ മിശിഹായായി-രാജാവും ഭരണാധിപനുമായി-മാറിയത്. എന്നാൽ, യോഹന്നാന്റെ വീക്ഷണത്തിൽ യേശു, ജീവിച്ചിരിക്കുമ്പോഴുംതന്നെ മിശിഹായാണ്. 'യേശു ദൈവപുത്രനായ മിശിഹായാകുന്നു' എന്ന വാക്യം (യോഹ 20:21) ഭൗമികയേശുവും ഉത്ഥിതനായ ദൈവസുതനും ഒരാളുംതന്നെ എന്നു വെളിപ്പെടുത്തുന്നതാണ്. വിശ്വാസികളും ഈ വസ്തുത ഏററു പറയുന്നുണ്ട് (യോഹ. 1:49; 11:27). യേശുവും തന്റെ ജീവിതകാലത്ത് (ദൈവ)സുതനെന്നാണ് സ്വയം വിശേഷിപ്പിച്ചത്. ചുരുക്കത്തിൽ, വിശ്വാസത്തോടെ വീക്ഷിച്ചാൽ ഭൗമിക യേശുവിന്റെ വാക്കുകളും പ്രവൃത്തികളും മറഞ്ഞിരിക്കുന്ന അവിടുത്തെ മഹത്വം വെളിപ്പെടുത്താൻ പര്യാപ്തമാണെന്നു നമുക്കു ബോധ്യമാകും. 'മിശിഹാരഹസ്യത്തെ'ക്കുറിച്ചുള്ള (Messianic Secret) സിദ്ധാന്തം അവതരിപ്പിച്ചുകൊണ്ടു മർക്കോസ് ഇതു വ്യക്തമാക്കിയിട്ടുണ്ട്.

ഇതിൽ നിന്നെല്ലാം നമുക്കു വ്യക്തമാകുന്നത് ആദിമസഭയുടെ വീക്ഷണത്തിൽ ഭൗമികയേശുവും ഉത്ഥിതനായ ക്രിസ്തുവും അഭേദ്യമായവിധം ബന്ധപ്പെട്ടിരുന്നുവെന്നാണ്. ഭൗമികയേശുവിന്റെ ജീവിതം കാൽവരികൊണ്ടവസാനിച്ചില്ല, ഉയിർപ്പായിരുന്നു അതിന്റെ ലക്ഷ്യം. ആദിമസഭയുടെ ഈ വിശ്വാസ മണ്ഡലത്തിലേയ്ക്കു കടന്നുവരണം, യേശുവിനെപ്പററി പൂർണ്ണവും തൃപ്തികരവുമായ അറിവു ലഭിക്കാൻ. കാരണം, ചരിത്രപുരുഷനായ യേശുവിനെപ്പററി ലഭിക്കാവുന്ന അറിവുകൊണ്ടുമാത്രം നാം തൃപ്തിപ്പെടുകയാണെങ്കിൽ, നമുക്കു കിട്ടുന്ന യേശുവിന്റെ ചിത്രം ഭാഗികമായിരിക്കും. ഭാഗികമായ ഈ ചിത്രം യേശുവിന്റെ വ്യക്തിത്വത്തിന്റെ രഹസ്യാത്മകത വെളിപ്പെടുത്തുകയല്ല, മറയ്ക്കുകയായിരിക്കും ചെയ്യുക. വീണ്ടും, ചരിത്രത്തെ മുഴുവനായി ഉപേക്ഷിച്ച് ആദിമസഭയുടെ പ്രഘോഷണത്തെമാത്രം ആശ്രയിച്ചാലോ? അതും അത്ര നല്ലതല്ല. കാരണം യേശുവിനെപ്പററി ചരിത്രബന്ധമൊന്നുമില്ലാത്ത പല ചിത്രങ്ങൾക്കും നാം രൂപം കൊടുക്കും. അതിനാൽ, യേശുവിന്റെ അനിതരസാധാരണവും അദ്വൈതവുമായ വ്യക്തിത്വത്തിന്റെ ആഴത്തിലേക്കു പ്രവേശിക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവം ഉയിർപ്പിക്കുകയും 'രക്ഷയുടെ നായക'നാക്കുകയും ചെയ്ത ചരിത്രപുരുഷനായ യേശുവിനെ ആദിമസഭയോടൊപ്പം ഏററു പറയുക, എന്ന മാർഗ്ഗമേ നമ്മുടെ മുമ്പിൽ തുറന്നുകിടപ്പുള്ളു. ഇതു സാധിക്കേണ്ടതു വിശ്വാസത്തിലൂടെയാണ്.

—റുഡോൾഫ് ഷ്ണാക്കൻബർഗ്ഗ്
പ. ജർമ്മനി.

(വിവ: T. N. & P. C.

www.malankaralibrary.com

# മർക്കോസിൻെറ സുവിശേഷത്തിലെ ക്രിസ്തുപ്രഘോഷണം

## I മർക്കോസിൻെറ 'സുവിശേഷം'

സുവിശേഷം എഴുതാനുള്ള മർക്കോസിൻെറ തീരുമാനം ആദിമക്രൈസ്തവസാഹിത്യ ചരിത്രത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായൊരു സംഭവമാണ്.[1] കാരണം, മർക്കോസാണ് ഇങ്ങനെയൊരു സംരംഭത്തിന് ആദ്യമായി തുനിഞ്ഞതും പ്രഥമസുവിശേഷം രചിച്ചതും.

യേശുവിൻെറ രക്ഷാകര രഹസ്യം ഗ്രഹിക്കുന്നതിലും പ്രഘോഷിക്കുന്നതിലും ആദിമസഭയിലെ വിവിധ സമൂഹങ്ങൾ വ്യത്യസ്ത സമീപനങ്ങളാണ് സ്വീകരിച്ചിരുന്നത്.[2] യഹൂദക്രൈസ്തവ സമൂഹങ്ങൾ യേശുവിൻെറ പ്രബോധനങ്ങൾക്കു കൂടുതൽ പ്രാധാന്യം കൊടുത്തപ്പോൾ വിജാതീയ ക്രൈസ്തവസമൂഹങ്ങൾ അവിടുത്തെ പ്രവൃത്തികൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകിയത്. ഇക്കാര്യത്തിൽ, പൗലോസ് ശ്ലീഹായുടെയും അദ്ദേഹം സ്ഥാപിച്ച സഭകളുടെയും സമീപനം മൂന്നാമതൊന്നായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനം യേശുവിൻെറ മരണവും ഉത്ഥാനവും അതിൻെറ രക്ഷാകരവും യുഗാന്ത്യോന്മുഖവുമായ മൂല്യവുമായിരുന്നു. അവയുടെ പ്രഘോഷണമായിരുന്നു 'സുവിശേഷം' (cf. 1 കൊറ. 15: 1–11). ഉത്ഥിതനായ ക്രിസ്തുവിനു അതീവ പ്രാധാന്യം നൽകികൊണ്ടുള്ള ഈ സമീപനം ഭൗമിക യേശുവിനെ വിസ്മൃതിയിലാഴ്ത്തി. യേശുവിൻെറ അത്ഭുത പ്രവൃത്തികളിലോ പ്രബോധനങ്ങളിലോ അദ്ദേഹം അത്ര താല്പര്യം പ്രദർശിപ്പിച്ചില്ല. ചുരുക്കത്തിൽ, വിശ്വാസവിഷയമായ ക്രിസ്തുവായിരുന്നു സെൻറ്പോളിൻെറ സുവിശേഷപ്രഘോഷണത്തിൻെറ കേന്ദ്രബിന്ദു.

ആദിമസഭയിൽ നിലവിലിരുന്ന ക്രിസ്തുപ്രഘോഷണപരമായ മൂന്നുവിധ സമീപനങ്ങളെയും സമഞ്ജസമായി സംയോജിപ്പിച്ചുകൊണ്ട് മർക്കോസ് രൂപംകൊടുത്ത നാലാമതൊരു സമീപനമാണ് 'സുവിശേഷം' എന്ന സാഹിത്യരൂപ

1. Cf. S. Schulz. Die Stunde der Botschaft, Furche, Hamburg, 1967. p. 36; E. Trocme, La Formation de l' Evangile selon Marc, Presses Universitaires de France, Paris, 1963, p. 68.
2. Cf. E. Schweizer, Das Evangelium nach Markus, Vandenhoeck and Ruprecht, Gaettingen, 1967, pp. 220–222.

www.malankaralibrary.com

ത്തിലൂടെ പ്രകടമായതു്. സുവിശേഷത്തെക്കുറിച്ചുള്ള പരമ്പരാഗതമായ ആശയം വികസിപ്പിച്ചു് തികച്ചും നൂതനമായൊരർത്ഥം അതിനു പ്രദാനം ചെയ്യുന്നതിനു് പര്യാപ്തമായിരുന്നു ഈ പുതിയ സമീപനം. യേശുവിന്റെ ഭൗമികജീവിതം മുഴുവൻ ആദ്യമായി സുവിശേഷത്തിന്റെ പരിധിയിൽ കൊണ്ടുവരുവാനും അങ്ങനെ സുവിശേഷമണ്ഡലം വികസിപ്പിക്കാനും മക്കോസിനു സാധിച്ചു. തൽഫലമായി, യേശുവിന്റെ മരണവും ഉത്ഥാനവും ഭൗമികജീവിതം മുഴുവനും ഉൾക്കൊള്ളുന്ന ഒരു പ്രഘോഷണചരിത്രം ആദിമ ക്രൈസ്തവസാഹിത്യത്തിൽ ഉദയംകൊണ്ടു. 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം' എന്ന പേരിൽ മക്കോസ് പ്രസാധനംചെയ്ത ഈ ഗ്രന്ഥം ആദിമസഭയിൽ നിലവിലിരുന്ന വിവിധ പാരമ്പര്യങ്ങളുടെ സമാഹാരമാണു്.[3] കാലദേശപരിഗണനകളോടെയാണു് ഇതിലെ വിവരണങ്ങൾ തയ്യാറാക്കിയിരിക്കുന്നതു്. യേശുവിന്റെ ഗലീലിയൻദൗത്യത്തിന്റെ വിവരണത്തോടെ (1: 14–8:26) ആരംഭിക്കുന്ന ഈ സുവിശേഷം, ജെറുസലേമിലേയ്ക്കുള്ള അവിടുത്തെ യാത്രയുടെയും (8:27–10:52) ജെറുസലേം ദൗത്യത്തിന്റെയും (11:1–13:37) വിവരണത്തിലൂടെ പുരോഗമിച്ചു്, പീഡാസഹനത്തിന്റെയും ഉത്ഥാനത്തിന്റെയും വിവരണത്തിൽ (14:1–16:8) പരിസമാപ്തിയിലെത്തുന്നു.

യേശുവിനെപ്പററിയുള്ള ആദിമസഭയുടെ പ്രഘോഷണപാരമ്പര്യങ്ങൾ സമാഹരിച്ചു എഴുതിയതെങ്കിലും, തന്റെ വിവരണം യഥാതഥമായിരിക്കുവാൻ മക്കോസ് അത്യന്തം നിഷ്കർഷിച്ചു. അതിനാൽ അദ്ദേഹത്തിന്റെ സുവിശേഷത്തിനു് ജീവചരിത്രത്തിന്റെ രൂപം സിദ്ധിച്ചിട്ടുണ്ടു്. നസ്രത്തിലെ യേശുവിന്റെ മാനുഷികവശങ്ങൾ അതിവിദഗ്ധമായി ആലേഖനം ചെയ്യുന്നുണ്ടു് അദ്ദേഹം. മനുഷ്യരുടെയിടയിൽ വസിച്ച ഒരു യഥാർത്ഥ മനുഷ്യനായാണു് മക്കോസ് യേശുവിനെ അവതരിപ്പിക്കുന്നതു്.[4] വിശപ്പു് (11:12), ക്ഷീണം (6:31), നിദ്ര (4:38) തുടങ്ങിയ പല മാനുഷികാവശ്യങ്ങൾക്കും

---

3. On Mark's editorial work, see: R. Bultmann, The History of the Synoptic Tradition, Basil Blackwell, Oxford, 1963, pp. 338-350; V. Taylor, The Gospel according to Mark, Macmillan, London, 1966, pp. 78-133; D. E. Nineham, Saint Mark, Penguin books, Harmondsworth, 1963, pp. 17-38. B. Rigaux, The Testmony of St. Mark, Franciscan Herald Chicago, 1966, pp. 33-47.
4. Cf. B. Rigauz, op. cit., pp. 5-9; V. Taylor, op. cit., pp. 135-140.

www.malankaralibrary.com

വശംവദനാണവിടുന്ന്. കാര്യങ്ങളുടെ നിജസ്ഥിതി അറിയാൻ അവിടുന്നു മറ്റുള്ളവരുടെ സഹായം തേടിയിരുന്നു (8:5,27;9:17,33). നമ്മെപ്പോലെ മാനുഷികമായ വിചാരങ്ങളും അനുഭൂതികളും അവിടുത്തേയ്ക്കും ഉണ്ടായിരുന്നു. കുഷ്ഠരോഗികളോട് അവിടുന്നു അനുകമ്പ പ്രദർശിപ്പിക്കുന്നതും (1:4), വിശക്കുന്നവരോട് കരുണ കാണിക്കുന്നതും (6:34;8:2), സ്വകീയരുടെ വിശ്വാസരാഹിത്യത്തിൽ ദുഃഖിക്കുന്നതും (6:6), ഫരിസേയരുടെയും നിയമജ്ഞരുടെയും വിശ്വാസാന്ധതയിൽ രോഷാകുലനാകുന്നതും (3:5), തന്നെ സമീപിക്കുവാൻ ശിശുക്കളെ അനുവദിക്കാതിരുന്ന ശിഷ്യന്മാരുടെ നടപടിയിൽ അതൃപ്തി പ്രകടിപ്പിക്കുന്നതും (10:13), ശിശുക്കളെ വാത്സല്യപൂർവ്വം തലോടുന്നതും (9:36;10:16), ധനികയുവാവിനെ സ്നേഹപൂർവ്വം വീക്ഷിക്കുന്നതും (10:21), ഫലം നൽകാത്ത അത്തിവൃക്ഷത്തെ ശപിക്കുന്നതും (11:13–14:20), എതിരാളികളുടെ പ്രവർത്തനങ്ങളിൽ അസ്വസ്ഥനാകുന്നതും (8:12), മരണത്തിന്റെ മുമ്പിൽ നഷ്ടധൈര്യനാകുന്നതും (14:32–4 ), കുരിശിൽ കിടന്നു വിലപിക്കുന്നതും 15:34,37) മററും യേശുവും നമ്മെപ്പോലെ മാനുഷികമായ വികാരങ്ങൾക്കും അനുഭൂതികൾക്കും വശംവദനായിരുന്നു എന്ന വസ്തുതക്ക് നിദർശനങ്ങളാണ്.

മർക്കോസിന്റെ സുവിശേഷത്തിന്റെ ജീവചരിത്രപരമായ ഈ രൂപവും ഭാവവും, അതുല്യമായ മിഴിവും, അടുത്തകാലംവരെ അദ്ദേഹത്തിന്റെ സുവിശേഷത്തെ യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ചരിത്രാധിഷ്ഠിതമായ ഒരു വിവരണമായി കണക്കാക്കാൻ ദൈവശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചു. എന്നാൽ, നമുക്കറിയാം, ജീവചരിത്ര രചനയായിരുന്നില്ല മർക്കോസിന്റെ ലക്ഷ്യം. ദൈവശാസ്ത്രപരവും പ്രഘോഷണപരവുമായ ഉദ്ദേശ്യത്തെ മുന്നിർത്തിയാണ് അദ്ദേഹം സുവിശേഷരചനയ്ക്കു തുനിഞ്ഞത്.[5] യേശു ഒരു നസ്രായൻ എന്നതിലുപരി, മനുഷ്യപുത്രനായ ക്രിസ്തുവാണെന്ന് ആദിമക്രൈസ്തവരെ ബോധ്യപ്പെടുത്തുകയും, യേശുവിന്റെ വ്യക്തിത്വത്തിന്റെയും ദൗത്യത്തിന്റെയും രഹസ്യാത്മകസ്വഭാവം അവർക്കു വെളിപ്പെടുത്തുകയും ചെയ്യുകയാണ് സുവിശേഷകന്റെ ലക്ഷ്യം. മർക്കോസിന്റെ വീക്ഷണത്തിൽ, യേശുവിന്റെ പ്രവർത്തനങ്ങളും, പീഡാസഹനവും, കുരിശുമരണവുമെല്ലാം മാനവചരിത്രത്തിൽ ദൈവത്തിന്റെ യുഗാന്ത്യോന്മുഖപ്രവർത്തനങ്ങളാണ്. അതി

---

5. Cf. D. E. Ninehan, op. cit., pp. 29-38. N. Perrin, Towards an Interpretation of the Gospel of Mark, in: H. D. Betz (ed.), Christology and a Modern Pilgrimage, pub. by the Society of Biblical Literature, 1971, pp. 51-55.

www.malankaralibrary.com

നാൽ, കുരിശിലെ 'ഭോഷത്വം' തീർത്തും അനിവാര്യമായിരുന്നു. യേശു ദൈവപുത്രനാണെന്നു വെളിപ്പെടുന്നതിനു (15:39), മനുഷ്യപുത്രൻ സഹിക്കുകയും മരിക്കുകയും ചെയ്യേണ്ടിയിരുന്നു (8:31). ഈ സത്യം വ്യക്തമാക്കാനുള്ള ശ്രമമാണു മർക്കോസിന്റെ സുവിശേഷത്തിലുടനീളം നാം കാണുക. അതിനാൽ, ഈ സുവിശേഷം ഒരു ജീവചരിത്രമെന്നതിലുപരി, മർക്കോസിന്റെ പ്രത്യേക ദൈവശാസ്ത്രവീക്ഷണം പ്രതിഫലിക്കുന്ന ഒരു പ്രഘോഷണചരിത്രമാണു്.

## II സുവിശേഷത്തിലെ കേന്ദ്രഖണ്ഡിക (8:27–33)

മർക്കോസിന്റെ സുവിശേഷവീക്ഷണത്തിലും സുവിശേഷഘടനയിലും 8:27 മുതൽ 33 വരെയുള്ള ഭാഗത്തിനു അതിപ്രധാനമായൊരു സ്ഥാനമുണ്ടു്. ഈ ഖണ്ഡികയിൽ, 'യേശു ആരാകുന്നു' എന്ന ചോദ്യം രണ്ടുതവണ പ്രത്യക്ഷപ്പെടുന്നുണ്ടു്. യേശു തന്നെയാണു് ഈ ചോദ്യം അവതരിപ്പിക്കുന്നതു്. നിർണ്ണായകമായ ഈ ചോദ്യത്തിനു ഉത്തരം കണ്ടുപിടിക്കാനുള്ള ശ്രമമാണു് സുവിശേഷത്തിന്റെ ആദ്യഭാഗത്തു (1:1–8:30) കാണുക. യേശുവിന്റെ പ്രബോധനങ്ങളും പ്രവർത്തനങ്ങളുമാണു്, യേശു ആരെന്നു വെളിപ്പെടുത്തുന്നതിനു ഇവിടെ മുഖ്യ അവലംബം. യേശുവിന്റെ അത്ഭുതപ്രവൃത്തികളും, ആധികാരിക പ്രബോധനങ്ങളും, ദൈവികാവിഷ്കാരവുമെല്ലാം, തന്റെ അതുല്യ വ്യക്തിത്വത്തെയും അതിമാനുഷിക അധികാരത്തെയും അനന്തശക്തിയെയും പ്രസ്പഷ്ടമാക്കുന്നവയാണു്, താൻ ആരാകുന്നുവെന്നു് വെളിപ്പെടുത്തുന്നവയാണു്.

'യേശു ആരാകുന്നു?' എന്ന ചോദ്യത്തിനു സുവിശേഷകൻ വലിയ പ്രാധാന്യം നൽകിയിരുന്നു. സുവിശേഷത്തിൽ പലസ്ഥലത്തും പല രൂപത്തിലും ഭാവത്തിലും ഈ ചോദ്യം ഉന്നയിക്കപ്പെടുന്നുണ്ടു്. യേശുവിന്റെ ആദ്യത്തെ അത്ഭുതമായ കഫർന്നാമിലെ ഭൂതോച്ചാടനവും, അതിനു മുമ്പു് അവിടുന്നു സിനഗോഗിൽ ചെയ്ത പ്രഭാഷണവും കാണികളിലുണർത്തിയ പ്രതികരണംതന്നെ. ''ഇതെന്തു്? എന്തധികാരം കൊണ്ടാണു ഇവൻ ഇങ്ങനെ ചെയ്യുന്നതു്? അശുദ്ധാത്മാക്കൾപോലും ഇവനെ അനുസരിക്കുന്നല്ലോ'' (മർക്കോ 1:27) എന്നാണു്. അശുദ്ധാത്മാവു് യേശുവിനെക്കുറിച്ചു് സാക്ഷ്യപ്പെടുത്തുന്നതിങ്ങനെയാണു്:– ''നീ ആരാകുന്നുവെന്നു എനിക്കറിയാം, നീ ദൈവത്തിന്റെ പരിശുദ്ധനാകുന്നു'' (1:24). പാപമോചനം നൽകിയ യേശുവിന്റെ പ്രവൃത്തിയിൽ കുപിതരായ യഹൂദർ ആക്രോശിക്കുന്നതു്. ''ഇതു ദൈവദോഷമാണു്, ദൈവത്തിനല്ലാതെ ആർക്കും പാപംമോചിക്കാൻ അധികാരമില്ല'' (2:7)

www.malankaralibrary.com

എന്നാണ്. നസ്രസിലെ സിനഗോഗിൽ വച്ച് ജനങ്ങൾ യേശുവിന്റെ പ്രവൃത്തിയിൽ അത്ഭുതവും അതൃപ്തിയും പ്രകടിപ്പിക്കുന്നതിങ്ങനെയാണ്:– ''എവിടെ നിന്നാണ് ഈ മനുഷ്യന് ഇതെല്ലാം ലഭിച്ചത്? ഇവന് ലഭിച്ചിരിക്കുന്ന വിജ്ഞാനം എവിടെനിന്ന്? എത്രമാത്രം അത്ഭുതപ്രവൃത്തികളാണ് ഇവൻ ചെയ്യുന്നത്? ഇവൻ മേരിയുടെ പുത്രനായ തച്ചനല്ലയോ?'' (6:2 f). കടൽ ശാന്തമാക്കിയ യേശുവിന്റെ പ്രവൃത്തിയിൽ ശിഷ്യന്മാർ ഭയവും അത്ഭുതവും പ്രകടിപ്പിക്കുന്നതിങ്ങനെയാണ്– ''ഇവൻ ആരാകുന്നു? കാററുപോലും ഇവനെ അനുസരിക്കുന്നല്ലോ.'' (4:41). യേശുവിനെയും അവിടത്തെ അത്ഭുതപ്രവൃത്തികളെയും ശരിയായ വിധത്തിൽ ഗ്രഹിക്കുന്നതിൽ പരാജയപ്പെട്ട ശിഷ്യന്മാരെ അവിടുന്നു ശാസിക്കുന്നുണ്ട് (8:14–21; 6:51 f). 'യേശു ആരാകുന്നു' എന്ന ചോദ്യം ജനങ്ങൾ ആവർത്തിച്ചാവർത്തിച്ചു ചോദിച്ചിരുന്നുവെന്ന് കാണാം. പക്ഷേ, അവർ അതിനു കൊടുത്ത ഉത്തരം ഒട്ടും തൃപ്തികരമായിരുന്നില്ല. (cf. 6:14–16; 8:28).

യേശു ആരാകുന്നു എന്ന ചോദ്യത്തിനുള്ള തൃപ്തികരവും നിർണ്ണായകവുമായ മറുപടിയാണ് ''നീ ക്രിസ്തുവാകുന്നു'' 8:29) എന്ന പത്രോസിന്റെ മെസയാനിക പ്രഖ്യാപനം messianic confession). സുവിശേഷത്തിന്റെ കേന്ദ്രഖണ്ഡികയിൽ (8:27–33)വരുന്ന ഈ പ്രഖ്യാപനം ആദ്യത്തെ എട്ടദ്ധ്യായങ്ങളുടെയും പരിസമാപ്തിയും സാരസംഗ്രഹവുമാണെന്നു പറയാം. യേശു ആരെന്ന പ്രശ്നത്തെ സംബന്ധിച്ച് പ്രസ്തുത അദ്ധ്യായങ്ങൾ ഓരോന്നിലും പരോക്ഷമായിരിക്കുന്ന മറുപടി ആദ്യമായി പ്രത്യക്ഷമാക്കുന്നതാണ് ഈ പ്രഖ്യാപനം.

പത്രോസിന്റെ ഈ മെസയാനിക പ്രഖ്യാപനത്തോടെ സുവിശേഷത്തിന്റെ ഗതിതന്നെ മാറുന്നു. അതുവരെയും യേശു ആരെന്ന പ്രശ്നം സവിസ്തരം പ്രതിപാദിച്ചുകൊണ്ടിരുന്ന സുവിശേഷകൻ, മനുഷ്യപുത്രന്റെ സഹനത്തിന്റെയും മരണത്തിന്റെയും അർത്ഥമെന്ത് എന്ന പുതിയ പ്രശ്നത്തിലേയ്ക്കു ശ്രദ്ധ തിരിക്കുന്നു. പത്രോസിന്റെ മെസയാനിക പ്രഖ്യാപനത്തിനുള്ള മറുപടിയെന്ന വിധത്തിൽ 8:31–ൽ ആണ് സുവിശേഷകൻ ആദ്യമായി ഈ പ്രശ്നം അവതരിപ്പിക്കുന്നത്. സുവിശേഷത്തിന്റെ രണ്ടാംഭാഗം (8:31–16:8) ഇതിന് ഉത്തരം കാണാനുള്ള ശ്രമമാണ്. ആദ്യഭാഗത്തിൽ നിന്നു വ്യത്യസ്തമായി രണ്ടാംഭാഗത്ത് പ്രതീകാത്മകമൂല്യമുൾക്കൊള്ളുന്ന ഒന്നോ രണ്ടോ അത്ഭുതങ്ങളൊഴികെ മററു മെസയാനികാത്ഭുതങ്ങളൊന്നും വിവരിക്കുന്നില്ല. രണ്ടാംഭാഗത്തു ശിഷ്യന്മാർക്കനുഭവപ്പെടുന്ന ദുർഗ്രാഹ്യത (incomprehension) യേശു

www.malankaralibrary.com

ആരെന്ന കാര്യത്തിലല്ല, മനുഷ്യപുത്രന്റെ അന്ത്യം എന്തെന്ന വിഷയത്തിലാണ് പീഡാസഹനപ്രവചനത്തിൽ പത്രോസ് പ്രകടിപ്പിക്കുന്ന പ്രതിഷേധത്തിന്റെ (8.32) വെളിച്ചത്തിൽ ചിന്തിക്കുമ്പോഴാണ് പീഡാസഹനവിവരണത്തിന്റെ പ്രാധാന്യം കൂടുതൽ സ്പഷ്ടമാകുന്നു.

മർക്കോസിന്റെ സുവിശേഷത്തിന്റെ രണ്ടാംഭാഗം (8:31–16:8) തുടങ്ങുന്നത്, 'മനുഷ്യപുത്രൻ വളരെ സഹിക്കുകയും.....മരിക്കുകയും, മൂന്നാംദിവസം ഉയിർക്കുകയും ചെയ്യണം' (8:31) എന്ന പ്രവചനത്തോടെയാണ്. യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷ്യം വഹിച്ച ജറുസലേമിലേയ്ക്കുള്ള യാത്രാവിവരണമാണ് 8:27–10:52 വരെയുള്ള ഭാഗം. 11 മുതൽ 13 വരെ അദ്ധ്യായങ്ങൾ പീഡാസഹനത്തിനൊരുക്കമായ ജറുസലേം ദൗത്യത്തെക്കുറിച്ചുള്ള വിവരണമാണ്. 8:31–ലെ പ്രവചനത്തിന്റെ പൂർത്തീകരണമായ പീഡാസഹന വിവരണമാണ് ശേഷിക്കുന്ന അദ്ധ്യായങ്ങൾ (14—16).

മർക്കോസിന്റെ സുവിശേഷത്തിൽ കേന്ദ്രഖണ്ഡികയുടെ (8:27–33) പ്രത്യേക പ്രാധാന്യമെന്തെന്നു വിചിന്തനം ചെയ്യുകയായിരുന്നു നാം. മർക്കോസിന്റെ സുവിശേഷത്തിനു രണ്ടു ഭാഗമുണ്ടെന്നും, അവയിൽ ഒന്നാംഭാഗം (1:1–8:30) യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചും രണ്ടാംഭാഗം (8:31—16:8) മനുഷ്യപുത്രന്റെ അന്ത്യത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നതെന്നും നാം കണ്ടു. ഈ രണ്ടുഭാഗങ്ങളുടെയും അവയിൽ കാണുന്ന ചിന്താധാരകളുടെയും സംഗമസ്ഥാനമാണ് 'സുവിശേഷത്തിലെ കേന്ദ്രഖണ്ഡിക. അതിനാൽ, സുവിശേഷഘടനയിലും സുവിശേഷവീക്ഷണത്തിലും പ്രസ്തുതഖണ്ഡികയ്ക്കുള്ള സ്ഥാനം അതുല്യവും അദ്വിതീയവുമത്രേ[6].

## III സുവിശേഷത്തിലെ ഒന്നാംഭാഗത്തെ ക്രിസ്ത്വാവിഷ്ക്കരണം

### 1. സുവിശേഷത്തിന്റെ ആമുഖം (1:1:–15)

സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ സുവിശേഷകൻ യേശു ആരെന്ന സത്യം വെളിപ്പെടുത്തുന്നുണ്ട്. യേശു ദൈ

---

6· Cf· X. Leon-Dufour in: A Robert- A· Feuillet, Introduction to the New Testament. New York, p· 203 f·; I de la Potterie, De compositione evangelii Marci, in: Verbum Domini 44 (1966) 135-141; La confessione messianica di Pietro in Marco 8:27–33, in: San Pietro, Brescia, 1967, 59-77; Q Quesnell, The Mind of Mark, P· B· I·, Rome, 1969, pp. 127 ff·; D· E· Nineham, op· cit·, p· 37 f·, G· Minette de Tillesse, La Secret Messianique dans l'Evangile de Marc, Cerf, Paris, 1968, pp· 293 ff.

www.malankaralibrary.com

വപുത്രനാണ്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷ 11(1:1)മാണല്ലോ സുവിശേഷകൻ പ്രഘോഷിക്കുന്നതു്.

പ്രവചനങ്ങൾ (1:2—3) ഉദ്ധരിച്ചുകൊണ്ടാണ് സുവിശേഷകൻ ആമുഖം തുടങ്ങുക. മർക്കോസിന്റെ വീക്ഷണത്തിൽ, സ്നാപകയോഹന്നാന്റെ വരവും, അദ്ദേഹത്തിന്റെ ദൗത്യനിർവഹണവും പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു. എങ്കിലും,യോഹന്നാൻ കർത്താവായിരുന്നില്ല, അവിടുത്തെ മുൻഗാമി മാത്രമായിരുന്നു (1:3). അനുതാപത്തിന്റെ സ്നാനം നൽകിക്കൊണ്ടും, തന്നെക്കാൾ ശക്തനായവന്റെ വരവിനെക്കുറിച്ച് മുന്നറിയിപ്പു നൽകിക്കൊണ്ടും, മിശിഹായുടെവരവിനായി ജനങ്ങളെ ഒരുക്കുകയായിരുന്നു യോഹന്നാന്റെ ദൗത്യം.

സുവിശേഷകൻ സ്നാപകയോഹന്നാനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് മുഖ്യമായും ക്രിസ്തുാവിഷ്കരണോദ്ദേശ്യത്തോടുകൂടിയാണ് 7. യോഹന്നാന്റെ പ്രഖ്യാപനങ്ങളും പ്രവൃത്തികളും വരാനിരിക്കുന്ന യേശു ആരെന്ന സത്യം വെളിപ്പെടുത്തുന്നവയാണ്.

ജ്ഞാനസ്നാനത്തോടനുബന്ധിച്ചു വരുന്ന പ്രലോഭനവിവരണവും (1:12—13) യേശുവിന്റെ വ്യക്തിത്വത്തിലേയ്ക്കു വെളിച്ചം വീശുന്നതാണ്. 'ശക്തനും' ദൈവപുത്രനുമായ യേശു ദൈവാത്മാവിനാൽ നിറഞ്ഞു്, സാത്താനുമായി യുഗാന്ത്യോന്മുഖമായ മല്പിടുത്തത്തിൽ ഏർപ്പെട്ടിരിക്കുന്നതും ആ മത്സരത്തിൽ ആന്തരികവിജയംവരിക്കുന്നതുമായ കാഴ്ചയാണ് പ്രലോഭനവിവരണത്തിൽ നാം കാണുക. സാത്താന്റെ ശക്തിയുടെ മേൽ യേശു നേടിയ നിർണ്ണായകവിജയത്തെ നിദർശനമാക്കുന്ന സംഭവങ്ങളാണ് ഭൂതോച്ചാടനങ്ങൾ.

മർക്കോ.1:14—15 യേശുവിന്റെ ദൗത്യത്തിന്റെ ഔപചാരികമായ ഉദ്ഘാടനമാണ്. 15—ാംവാക്യം യേശുവിന്റെ പ്രഘോഷണത്തിന്റെ രത്നച്ചുരുക്കമാണ്. ദൈവത്തിന്റെ ആധിപത്യം ഭൂമിയിൽ സമാഗതമായി എന്ന ദൈവത്തിന്റെ സദ്വാർത്ത ജനങ്ങളെ അറിയിച്ചുകൊണ്ടു് യേശു അവരിൽനിന്നു് അനുതാപത്തിന്റെയും വിശ്വാസത്തിന്റെയും പ്രത്യുത്തരം ആവശ്യപ്പെടുകയാണ്.

മർക്കോസിന്റെ സുവിശേഷത്തിലെ ആമുഖത്തെക്കുറിച്ചാണ് നാം ഇത്രയും നേരം ചിന്തിച്ചതു്. തുടർന്നുവരുന്ന വിവരണങ്ങളുടെ യുഗാന്ത്യോന്മുഖവും പ്രഘോഷണപരവുമായ

7. Cf. W. Marxsen, Der Evangelist Markus, Vandenhoeck & Ruprecht, Goettingen. 1959, pp. 17-26

www.malankaralibrary.com

മൂല്യമെന്തെന്ന് ഗ്രഹിക്കാൻ വായനക്കാരെ ഒരുക്കുകയാണ് ഈ പ്രാരംഭവിവരണത്തിന്റെ ഉദ്ദേശ്യം 8.

2. ശിഷ്യന്മാരുടെ വിളി (1:16–20)

യേശുവിന്റെ പരസ്യജീവിതത്തിലെ പ്രഥമപ്രവൃത്തിയായി സുവിശേഷകൻ വിവരിക്കുന്നതു ശിഷ്യന്മാരുടെ വിളിയാണ്. ദൈവരാജ്യം സമാഗതമാകുന്നതിന്റെ പ്രഥമഫലവും പ്രഥമസൂചനയുമാണത്. ശിഷ്യന്മാരുടെ വിളിയോടെ ദൈവരാജ്യത്തിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മനുഷ്യർ യേശുവിനെ പിന്തുടരുകയും അവിടുത്തെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ ആധിപത്യം അവർ അംഗീകരിക്കുകയാണ്, ദൈവരാജ്യം മനുഷ്യരുടെ ഇടയിൽ സമാഗതമാകുകയാണ്. ദൈവത്തിന്റെ ആധിപത്യം മനുഷ്യരിൽ നിന്നാവശ്യപ്പെടുന്ന അനുതാപത്തിന്റെയും വിശ്വാസത്തിന്റെയും സമൂർത്തമായ ആവിഷ്കരണമാണ് ശിഷ്യത്വസ്വീകരണം.9.

ശിഷ്യന്മാരുടെ വിളി യേശുവിന്റെ യുഗാന്ത്യോന്മുഖദൗത്യത്തെയും മെസായാനികാധികാരത്തെയും വെളിപ്പെടുത്തുന്നതാണ്. ജീവിതത്തിന്റെ സാധാരണ പ്രശ്നങ്ങളുമായികഴിഞ്ഞുകൂടുന്ന മനുഷ്യരെ അവരുടെ ജീവിതസാഹചര്യത്തിൽ നിന്നു വേർപെടുത്തി, ദൈവരാജ്യസേവനത്തിനായി നിയോഗിക്കാനുള്ള അധികാരം അവിടുത്തേയ്ക്കുണ്ട്. ഈ അധികാരമുപയോഗിച്ചുകൊണ്ടാണ്, പിന്നീട് യേശു പന്ത്രണ്ടുശിഷ്യന്മാരുടെ ഒരു സംഘം രൂപീകരിച്ചതും (3:13–19) ദൗത്യനിർവഹണത്തിനായി അവരെ പറഞ്ഞയച്ചതും (6:7–13).

3. സാത്താന്റെ മേലുള്ള വിജയം

സാത്താന്റെ മേലുള്ള യേശുവിന്റെ വിജയം സുവിശേഷത്തിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങളിലൊന്നാണ്. സാത്താന്റെയും അവന്റെ രാജ്യത്തിന്റെയും മേലുള്ള യേശു

---

8· Cf· R· H· Lightfoot, The Gospel Message of St· Mark, Oxford University press. 1962, pp· 15 ff·, J· M· Robinson, The problem of History in Mark, SCM, London, 1968, pp· 21-32; L· E· Keck, The Introduction to Mark's Gospel, in: New Testament Studies 12 (1966) 352-370

9· Cf· P· Merendins, Der Unverfuegbare Gott, Patmos, Duesseldorf, 1969, p· 66; K-G· Reploh, Markus-Lehrer der Gemeinde. Stuttgart, 1969·

www.malankaralibrary.com

വിന്റെ ആത്യന്തികവും നിർണ്ണായകവുമായ വിജയം[10] പ്രസ്പഷ്ടമാക്കുന്നവയാണ് ഭൂതോച്ചാടന വിവരണങ്ങൾ[11]. ദൈവരാജ്യം ഭൂമിയിൽ സമാഗതമായി എന്നതിന്റെനാന്ദിയാണ് ദൈവവിരുദ്ധശക്തികളുടെമേലുള്ള യേശുവിന്റെ ഈ വിജയം[12]. യേശുവിന്റെ വ്യക്തിത്വത്തിലേയ്ക്കു വെളിച്ചം വീശുന്നവയാണ് അവിടുത്തെ ഭൂതോച്ചാടന പ്രവൃത്തികൾ. അവിടുത്തെ പരമാധികാരവും പരമാധിപത്യവും വെളിപ്പെടുത്തുന്നവയാണവ. അവിടുന്നു അശുദ്ധാരൂപികളെ ശാസിക്കുന്നതും, അവരോടു പുറത്തുപോകാൻ കല്പിക്കുന്നതും, യാതൊരു എതിർപ്പും കൂടാതെ അവർ പുറത്തുകടക്കുന്നതും ഇതിനു ദൃഷ്ടാന്തമാണ്. യേശുവിനെ കാണുമ്പോൾ അശുദ്ധാരൂപികൾ അസ്വസ്ഥരാകുന്നതും, അട്ടഹസിക്കുന്നതും അലറുന്നതും 'ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്' (1:24;5:7) എന്നു നിലവിളിക്കുന്നതും യേശുവിന്റെ സാന്നിദ്ധ്യം പോലും അശുദ്ധാരൂപികൾക്കു നാശഹേതുവാണ് എന്ന പരമാർത്ഥം ഉറക്കെ പ്രഖ്യാപിക്കുന്നവയാണ്. യേശുവിന്റെ അധികാരത്തിനുമുമ്പിൽ അശുദ്ധാരൂപികളുടെ സമൂഹംപോലും തീരെ അശക്തമാണ് (5:9). യേശുവിന്റെ ഈ പരമാധികാരമാണ് 1:27-ൽ ജനങ്ങളുടെ പ്രസംശയ്ക്കു വിഷയീഭവിക്കുന്നത്. യേശുവിന്റെ ദൈവപുത്ര സ്ഥാനത്തിലും, ദൈവാത്മാവിന്റെ സാന്നിധ്യത്തിലും അധിഷ്ഠിതമാണ് ഈ അധികാരം.

യേശുവിന്റെ ദൈവപുത്രസ്ഥാനത്തെപ്പറ്റിയുള്ള അശുദ്ധാത്മാക്കളുടെ പ്രഖ്യാപനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്[13]. യേശുവിന്റെ വ്യക്തിത്വത്തെപ്പറ്റി അവയ്ക്കു നല്ല ബോധ്യമുണ്ടായിരുന്നു. കഫർനാമിലെ അശുദ്ധാത്മാവ് യേശുവിനെക്കുറിച്ചുള്ള തന്റെ അറിവിനെപ്പറ്റി വമ്പുപറയുന്നതിങ്ങനെയാണ്: 'നീ ആരാകുന്നു എന്ന് എനിക്കറിയാം ദൈവത്തിന്റെ പരിശുദ്ധൻ'(1:24) ഈ പ്രഖ്യാപനം, മനുഷ്യർക്കു നിഗൂഢമായിരിക്കുന്ന യേശുവിന്റെ വ്യക്തിത്വത്തിന്റെ

---

10. J. M. Robinson, op. cit., p. 26 ff., E. Best, The Temptation and the Passion, Cambridge University Press, 1965, pp. 121 ff., G. Minette de Tillesse, op. cit. pp. 104–110.

11. MK 1:21–28; 5:1–24;7:25–30; 9:14–29; cf. also the summary statements: 1:32-34·39; 3:12:12.

12. Cf., J. M. Robinson, op-cit., pp. 33-42; E. Best, op.cit, pp. 33–36; G. Minette de Tillesse, op.cit., pp. 75–79.

13. G. Minette de Tillesse, op., eit. p.357

www.malankaralibrary.com

യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്നതാണ്. വായനക്കാരന് യേശു ആരെന്ന് വെളിപ്പെടുത്തുന്ന അവ്യക്തമായ ആവിഷ്കരണങ്ങളാണ് ഇത്തരം പ്രഖ്യാപനങ്ങൾ. 'നീ ദൈവപുത്രനാകുന്നു' (3:11;5:7) എന്നു പറയുന്നതോടെയാണ് ഈ ആവിഷ്ക്കാരം അതിൻെറ പൂർണ്ണതയിലെത്തുന്നത്. അവിഷ്കാരത്തോടനുബന്ധിച്ചുള്ള, അശുദ്ധാത്മാക്കളുടെ ഭീതിയും സാഷ്ടാംഗപ്രണാമവും,അട്ടഹാസവും അലർച്ചയും മററും ആവിഷ്കാരത്തിൻെറ മിഴിവും ഓജസ്സും വർദ്ധിപ്പിക്കുന്നു. അതു് അശുദ്ധാത്മാക്കൾക്കേൽപിക്കുന്ന ക്ഷതം ഊന്നിക്കാണിക്കുന്നു.

ഭൂതോച്ചാടനകഥകളുടെ ദൈവശാസ്ത്രപരമായ ഉദ്ദേശ്യം സുവിശേഷകൻ വ്യക്തമാക്കുന്നത് യേശുവും യഹൂദനേതാക്കളും തമ്മിലുള്ള വിവാദത്തിലൂടെയാണ് (3:12–30). യേശുവിൻെറ പ്രവർത്തനം യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിൻെറ തന്നെ പ്രവർത്തനമാണ് അതിനാൽ യേശുവിൻെറ ഭൂതോച്ചാടനത്തെ അശുദ്ധാത്രൂപിയുടെ പ്രവർത്തനമായി ചിത്രീകരിക്കുന്നതു് (3:12–30) പരിശുദ്ധാത്മാവിനെതിരായ പാപമാണ്. (3:28). സാത്താൻെറയും അവൻെറ രാജ്യത്തിൻെറയും നാശമാണ് യഥാത്ഥത്തിൽ ഭൂതോച്ചാടനം. എന്നാൽഈ അർത്ഥത്തിലല്ല നിയമജ്ഞർ യേശുവിൻെറ പ്രവൃത്തിയെ വ്യാഖ്യാനിച്ചതു്. എങ്കിലും ,അവരുടെ യുക്തിഹീനമായ വ്യാഖ്യാനം പോലും,വിഭജിക്കപ്പെട്ടിരുന്ന രാജ്യം പോലെയും (വാ.24),വിഘടിച്ചുനിൽക്കുന്ന കുടുംബംപോലെയും (വാ.25) സാത്താൻെറ രാജ്യവും ഭീകരമായ നാശത്തെ അഭിമുഖികരിക്കുകയാണ് എന്ന വസ്തുത പരോക്ഷമായി അംഗീകരിക്കുന്നതത്രെ. യഥാർത്ഥത്തിൽ യേശുവിൻെറ പ്രവൃത്തി സാത്താനെ പരാജയപ്പെടുത്തുന്നതും അവൻെറ ആധിപത്യം തകർക്കുന്നതുമായിരുന്നു (വാ.27). സാത്താൻെറ അടിമത്തത്തിൽ നിന്നു് മനുഷ്യരെ മോചിപ്പിച്ചു് അവരെ ദൈവത്തിൻെറ ആധിപത്യത്തിൽ കൊണ്ടുവരികയാണ് യേശുവിൻെറ ഭൂതോച്ചാടന പ്രവൃത്തികളുടെ യുഗാന്ത്യോന്മുഖമായ ലക്ഷ്യം.. ഈ വസ്തുതയെ ആലങ്കാരികമായി അവതരിപ്പിക്കുകയാണ് യേശുവും നിയമജ്ഞരും തമ്മിലുള്ള വിവാദം (3:12–30).

ഭൂതോച്ചാടന വിവരണങ്ങൾ യേശുവിൻെറ വ്യക്തിത്വത്തിലേക്കും ദൗത്യത്തിലേക്കും വെളിച്ചം വീശുന്നുണ്ടു്. സാത്താനെ പരാജയപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ ഭൂമിയിൽ അവതരിച്ചവനാണവിടുന്നു്.

## 4. അത്ഭുതവിവരണങ്ങൾ

സുവിശേഷത്തിൻെറ ഏതാണ്ടു് മൂന്നിലൊരുഭാഗം അത്ഭുതവിവരണങ്ങളാണ്.ആദിമസഭയുടെ പാരമ്പര്യങ്ങളിൽനിന്നു

www.malankaralibrary.com

മർക്കോസ് ശേഖരിച്ചവയാണവ. സെൻറ്പോളോ 'Q' പാരമ്പര്യമോ അത്ഭുതങ്ങളെപ്പററി പരാമർശിക്കുന്നില്ല. എന്നാൽ, ക്രിസ്തുവിലുള്ള ആദിമസഭയുടെ വിശ്വാസം പ്രകടമാക്കുന്ന വിവരണങ്ങളെന്നനിലയിൽ മർക്കോസ് അവയുടെ ക്രിസ്തുപ്രഘോഷണപരമായ പ്രാധാന്യം മനസ്സിലാക്കി അവയ്ക്കു തൻെറ സുവിശേഷത്തിൽ സ്ഥാനം നൽകി.

യേശുവിനെ വലിയൊരു അത്ഭുതപ്രവർത്തകനായി ചിത്രീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയല്ല, മർക്കോസിൻെറ അത്ഭുതവിവരണങ്ങൾ. യുഗാന്ത്യോന്മുഖമായ ദൈവരാജ്യത്തിൻെറ പ്രേഷിതനാണ് യേശുവെന്നും,[14] ദൈവരാജ്യം യേശുവിൽ സന്നിഹിതമാണെന്നുമുള്ള സത്യം വെളിപ്പെടുത്തുകയാണ് അവയുടെ ലക്ഷ്യം. അതിനാൽ, യേശുവിൻെറ അത്ഭുതകരമായ രോഗശമനങ്ങളെ വെറും ശാരീരികാരോഗ്യം പ്രദാനം ചെയ്യുന്ന പ്രവൃത്തികളായി കണക്കാക്കരുത്. യുഗാന്ത്യോന്മുഖമൂല്യമുൾക്കൊള്ളുന്ന പ്രവൃത്തികളാണവ. യേശുവിൽ സന്നിഹിതവും പ്രവർത്തനനിരതവുമായ രക്ഷയുടെ അടയാളങ്ങളും അവിടുന്നുദ്ഘോഷിച്ച ദൈവരാജ്യത്തിൻെറ അപൂർണ്ണപ്രകാശനങ്ങളുമാണവ. ''ദൈവത്തിൻെറ ശക്തികൊണ്ടാണ് ഞാൻ പിശാചുക്കളെ പുറത്താക്കുന്നതെങ്കിൽ, ദൈവരാജ്യം സമാഗതമായി എന്ന് അറിഞ്ഞുകൊള്ളുവിൻ'' (ലൂക്ക 11:20; മത്താ 12:28).

യുഗാന്ത്യോന്മുഖമായ മൂല്യത്തിനു പുറമെ, പ്രഘോഷണപരമായൊരു മൂല്യവുംകൂടിയുണ്ട്, യേശുവിൻെറ അത്ഭുതപ്രവൃത്തികൾക്ക്. യേശു ആരെന്ന് വെളിപ്പെടുത്തുവാൻ ഒരു പരിധിവരെ അവയ്ക്കു കഴിയും. യേശുവാണോ വരാനിരിക്കുന്ന മിശിഹായെന്ന് അന്വേഷിച്ച സ്നാപകയോഹന്നാനോട്, അവിടുന്നാവശ്യപ്പെട്ടതു്, തൻെറ അത്ഭുതപ്രവൃത്തികൾ നിരീക്ഷിക്കാനാണ് (ലൂക്ക 17:18–23; മത്താ, 11:2–6). യേശുവിൻെറ വ്യക്തിത്വത്തെയും ദൗത്യത്തെയും കുറിച്ച് ധാരണനൽകുന്നതത്രെ അവിടുത്തെ അത്ഭുതപ്രവൃത്തികൾ. അതിനാൽ, മർക്കോസിൻെറ സുവിശേഷത്തിൽ, അത്ഭുതവിവരണങ്ങൾക്ക്

---

14. Cf. F. Mussner, The Miracles of Jesus, Ecclesia Press, Shannon, 1970, pp. 41 ff.; R. H. Fuller, Interpreting the Miracles, SCM, London, 1966. pp. 39-42; A de Groot, The Bible on Miracles, St. Norbert Abbey Press, De Pere, 1966, pp. 38-53.

www.malankaralibrary.com

ഒരു ആവിഷ്ക്കാര സ്വഭാവമുണ്ട്.[15] അവയിൽ പ്രകാശിതമാകുന്ന യേശുവിന്റെ ദൈവികാധികാരവും, രക്ഷാകരശക്തിയും അവിടുത്തെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നവയാണ്. എന്നാൽ, അത്ഭുതവിവരണങ്ങൾക്ക് അവയിൽത്തന്നെ ഒരു മൂല്യവുമില്ല. യേശു, ക്രിസ്തുവാണെന്ന സുവിശേഷപ്രഘോഷണത്തിന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോഴേ അവയ്ക്കെന്തെങ്കിലും പ്രസക്തിയുള്ളൂ. യേശു പരിശുദ്ധാത്മാവിനാൽ പൂരിതനായ ദൈവപുത്രനാണെന്ന (1:9–11) വസ്തുതയാണ് അവിടുത്തെ അത്ഭുതശക്തിയുടെയും അധികാരത്തിന്റെയും അടിസ്ഥാനം.

മർക്കോസ് തന്റെ സുവിശേഷത്തിന്റെ ഒന്നാംഭാഗത്തിലാണ് അത്ഭുതവിവരണങ്ങൾ എല്ലാംതന്നെ നൽകുന്നത്. കാരണം, യേശു ആരെന്ന നിർണ്ണായകപ്രശ്നവുമായി ബന്ധപ്പെടുത്തിയാണ് അദ്ദേഹം അവ അവതരിപ്പിക്കുക. നിർണ്ണായകമായ ഈ ചോദ്യത്തിനു പൂർണ്ണമായൊരു മറുപടി നൽകാൻ കഴിഞ്ഞില്ലെങ്കിലും, അതിനുള്ള ചില സൂചനകളെങ്കിലും കൊടുക്കാൻ യേശുവിന്റെ അത്ഭുതപ്രവൃത്തികൾക്ക് കഴിയുമെന്നാണ് സുവിശേഷകന്റെ പ്രതീക്ഷ.

അടുത്തതായി, യേശുവിന്റെ അത്ഭുതപ്രവൃത്തികളുടെ യുഗാന്ത്യോന്മുഖവും പ്രഘോഷണപരവുമായ മൂല്യത്തെക്കുറിച്ച് നമുക്ക് അല്പമൊന്നു ചിന്തിക്കാം. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന വിവരണം (1:40–45), ശുദ്ധീകരിക്കാനും രോഗശാന്തി നൽകാനുമുള്ള യേശുവിന്റെ കഴിവു വ്യക്തമാക്കുന്നു. വാസ്തവത്തിൽ, യേശുവിൽ സന്നിഹിതമായിരിക്കുന്ന രക്ഷാകരശക്തിയുടെ പ്രകാശനമാണത്. യേശു നൽകുന്ന പാപമോചനത്തിന്റെ അടയാളവും (cf. 2:1–12).

കടൽ ശാന്തമാക്കുന്ന രണ്ടു വിവരണങ്ങളും (4:35–41; 6:45–52) ആവിഷ്ക്കാരമൂല്യമുൾക്കൊള്ളുന്നവയാണ്. കാറ്റിനെയും കടലിനെയും ശാസിക്കാൻ കഴിവുള്ള (9:31) പ്രകൃതിയുടെ അധിനാഥനായാണ് യേശു ഈ അത്ഭുതങ്ങളിൽ സ്വയം വെളിപ്പെടുത്തുന്നത്. ആവിഷ്ക്കാരവേളയിൽ ശിഷ്യന്മാർക്കനുഭവപ്പെടുന്ന ഭയം അതിന്റെ മാഹാത്മ്യം വർദ്ധിപ്പിക്കുന്നു.

---

15. R. Bultman, op. cit (cf. n. 3), p. 346; V. Taylor, op. cit (cf. n. 3), p. 140-145; G. Minette de Tillesse, op. cit. pp. 39 ff., M. E. Glasswell, The use of Miracles in the Markan Gospel, in: C. F. D. Moule (ed.), Miracles, A. R. Mowbray & Co., London, 1966, p. 151 ff.

www.malankaralibrary.com

രക്തസ്രാവക്കാരിയുടെ രോഗശാന്തിയും, ജെയിരസിൻെറ പുത്രിയുടെ പുനരുജ്ജീവനവും (5:21–43), ദൈവപുത്രൻെറ ജീവദായകമായ ശക്തി വെളിപ്പെടുത്തുന്ന സംഭവങ്ങളാണ്. യേശുവുമായുള്ള സമ്പക്കം ആരോഗ്യദായകവും (5:27 f), അവിടുത്തെ സ്പർശനം ജീവദായകവുമത്രേ (5:41).

അപ്പം വർദ്ധന (6:30–44; 8:1–10) യുഗാന്ത്യവിരുന്നിൻെറ മുന്നനുഭവവും പഴയനിയമത്തിലെ മന്നാസംഭവത്തിൻെറ ആവർത്തനവുമാണ്. വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ച് ജനങ്ങൾക്കുണ്ടായിരുന്ന പ്രതീക്ഷ നിറവേററുന്ന സംഭവമാണിതു്. മൂകനും ചെകിടനുമായവൻെറ രോഗശാന്തി (7:37–39) ഏശയ്യായുടെ പ്രവചനത്തിൻെറ (ഇസ. 35:5–6) പൂർത്തീകരണമാണ്. ബെത്സൈദായിലെ കുരുടനു് പടിപടിയായി നൽകുന്ന കാഴ്ച (8,23–25), മെസയാനികപ്രഖ്യാപനത്തിൽ സമ്പൂർണ്ണമാകുന്ന (8:29) ശിഷ്യന്മാരുടെ അനുക്രമമായ ആത്മീയപ്രകാശനപ്രക്രിയയുടെ പ്രതീകാത്മകമായ സൂചനയാണ്.

മക്കോസിനെ സംബന്ധിച്ചിടത്തോളം പ്രധാനം അത്ഭുതങ്ങളായിരുന്നില്ല, അവയിലടങ്ങിയ മെസയാനിക പ്രഘോഷണമായിരുന്നു; എങ്കിലും അത്ഭുതപ്രവൃത്തികളുടെ ദുരൂഹതയെക്കുറിച്ചും, അവയ്ക്കു് യേശുവിൻെറ അന്തഃസത്ത വെളിപ്പെടുത്തുവാനുള്ള അപ്രാപ്തിയെക്കുറിച്ചും അദ്ദേഹം തികച്ചും ബോധവാനായിരുന്നു. അത്ഭുതവിവരണത്തിനുശേഷം, ജനങ്ങളുടെയും (6:14-16; 8:28), ശിഷ്യന്മാരുടെയും(6:51f; 8:14–21) ദുർഗ്രാഹ്യതയെക്കുറിച്ച് അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു നടത്തുന്ന പരാമർശനങ്ങൾതന്നെ ഇതിനു തെളിവാണ്. അത്ഭുതപ്രവൃത്തികളോടനുബന്ധിച്ചുകാണുന്ന നിഗൂഢത (cf. 1:44, 5:43; 7:36; 8:26) അവയുൾക്കൊള്ളുന്ന ആവിഷ്ക്കരണത്തിൻെറ പരിമിതവും പ്രാഥമികവുമായ സ്വഭാവം വെളിപ്പെടുത്തുന്നതാണ്. യേശുരഹസ്യം പൂർണ്ണമായി വെളിപ്പെടുത്തുവാൻ അത്ഭുതവിവരണങ്ങൾ അപര്യാപ്തമാണെന്നും മനുഷ്യപുത്രൻെറ പീഡാസഹനവും കുരിശുമരണവും ഉയിർപ്പും മാത്രമേ അവിടത്തെക്കുറിച്ചു പൂർണ്ണമായൊരു അറിവു നമുക്കു പ്രദാനം ചെയ്യൂ എന്നും വായനക്കാരെ ബോദ്ധ്യപ്പെടുത്തുകയാണു സുവിശേഷകൻ.

5. സംവാദ വിവരണങ്ങൾ

മക്കോസിൻെറ വീക്ഷണത്തിൽ, യേശുവും യഹൂദരും തമ്മിലുള്ള സംവാദങ്ങൾ (2:1–3:6) പാണ്ഡിത്യം തുളുമ്പുന്ന വാദപ്രതിവാദങ്ങൾ മാത്രമല്ല. പ്രഘോഷണപരവും ആവിഷ്ക്കാരപരവുമായ മൂല്യം അവയ്ക്കുണ്ടു്. യേശുവിൻെറ വ്യക്തി

www.malankaralibrary.com

ത്വത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും അഗാധമായ ഉൾക്കാഴ്ച നൽകാൻ പര്യാപ്തമാണവ.

സംവാദത്തിന് കാരണം കൊടുക്കുന്നതു് യേശുവിൻെറ വിപ്ലവാത്മകമായ പെരുമാററരീതിയാണ്. പഴയ ക്രമത്തിൽ നിന്നു അണുവിട വ്യതിചലിക്കാൻ കൂട്ടാക്കാതിരുന്ന യഹൂദർ പുതിയ ക്രമവുമായി മാനവചരിത്രത്തിലേയ്ക്കു ആഗതനായ യേശുവുമായി സംഘർഷത്തിലേർപ്പെട്ടു. ഇത്തരം സംഘർഷാവസരങ്ങളെക്കുറിച്ച് സുവിശേഷകൻ നൽകുന്ന വിവരണങ്ങളിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടതു് സംഘർഷപ്രശ്നത്തിനു യേശുകൊടുക്കുന്ന മറുപടിയിലാണ്. യേശുവിൻെറ ആഗമനം പഴയ ക്രമത്തിൻെറ അവസാനവും പുതിയ ക്രമത്തിൻെറ ആരംഭവുമാണെന്നും, യേശുവിൽ സംസ്ഥാപിതമായ ഈ പുതിയ ക്രമം മാനുഷികപരിതോവസ്ഥകളെ മുഴുവൻ രൂപാന്തരപ്പെടുത്തുന്നതിനു ശക്തമാണെന്നും വ്യക്തമാക്കുന്നവയാണ് അവിടുത്തെ മറുപടികൾ.

അത്ഭുതവിവരണങ്ങളും ഭൂതോച്ചാടനവിവരണങ്ങളുമെന്നപോലെ സംഘർഷവിവരണങ്ങളും, മനുഷ്യചരിത്രത്തിൽ യേശുവിൻെറ സാന്നിദ്ധ്യംവഴി ഉദ്ഘാടനം ചെയ്യപ്പെട്ട പുതിയ സംവിധാനത്തിൻെറ വിവിധ വശങ്ങളെ വെളിപ്പെടുത്തുന്നവയാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള ആവിഷ്ക്കാരം ഉൾക്കൊള്ളുന്നവയുമാണ്.[16] രോഗശമനവിവരണരൂപത്തിലുള്ള ആദ്യത്തെ സംഘർഷവിവരണം (2:3–12), മനുഷ്യപുത്രനു പാപമോചനം നൽകാനുള്ള അധികാരമുണ്ടെന്നു വെളിപ്പെടുത്തുന്നതാണ്. യേശുവിൽ മെസയാനികയുഗം തുടങ്ങിയെന്നും, പാപമോചനമാകുന്ന മെസയാനികദാനം എല്ലാവരും സ്വീകരിച്ചുതുടങ്ങിയെന്നും പ്രസ്പഷ്ടമാക്കുന്നതാണ് ഈ സംഭവം.[17] ചുങ്കക്കാരനെ തൻെറ ശിഷ്യഗണത്തിലേയ്ക്കു വിളിക്കുന്ന സംഭവവും (2:13–14), പാപമോചനം പ്രദാനം ചെയ്യാൻ കഴിവുള്ള മെസയാനികയുഗത്തിൻെറ നവീനത വെളിപ്പെടുത്തുന്നതാണ്. പാപികളെ വിളിക്കുകയെന്ന യേശുവിൻെറ ഈ മെസയാനികദൗത്യത്തിലാണ് (വാ. 17) യഹൂദർ അമർഷം കൊള്ളുന്നതു്. യേശുവിൻെറ ആഗമനവും അവിടുത്തെ സുവിശേഷപ്രഘോഷണവും ആനന്ദത്തിൻേറതായ ഒരു നവീനയുഗത്തിനു ഉദയം നൽകിയെന്ന സത്യം വിളം

---

16. G. Minette de Tillesse, op. cit, p. 113ff.

17. Forgiveness of sins formed an important aspect of the messianic expectation: cf. Jer 3I:3-34; Ez 36:25-29; cf. also: Mt. 1:21; Lk 1:77; Act 2:38; Eph 1.7; cf. G. Minette de Tillesse, op. cit, p. 1I9

www.malankaralibrary.com

ബരം ചെയ്യുന്നതാണ്. യഹൂദരുടെ ഉപവാസത്തോട് ശിഷ്യന്മാർ കാണിക്കുന്ന നിസ്സംഗമനോഭാവം (2:18–22). പഴയ യുഗത്തിന്റെ മനോഭാവമൊന്നും യേശുവിൽ സംജാതമായ പുതിയ യുഗത്തിനു യോജിച്ചതല്ല. ഈ പരമാർത്ഥം ആലങ്കാരികമായ ഭാഷയിൽ വെളിപ്പെടുത്തുന്നവയാണ് വിവാഹാഘോഷത്തെയും (2.19), പഴയ വസ്ത്രത്തിന്മേലുള്ള പുതിയ ഏച്ചുവയ്പിനെയും (2:21), പഴയ തോൽക്കുടത്തിലുള്ള പുതിയ വീഞ്ഞിനെയും (2:22) പററിയുള്ള പരാമർശനങ്ങൾ. യേശുവിൽ സംജാതമായ നവീനയുഗത്തിൽ, സാബത്തുപോലും മനുഷ്യപുത്രന്റെ അധികാരത്തിനും അന്ത്യോന്മുഖദൗത്യത്തിനും അധീനമാണ് (2:23–28, 3:1–6).[18]

ചുരുക്കത്തിൽ, സംവാദവിവരണങ്ങൾ യേശുവിനെക്കുറിച്ച് കൂടുതൽ അറിവു പകരുന്നവയാണ്. വിപ്ലവാത്മകമായ അവിടുത്തെ പെരുമാററരീതി, ദൈവരാജ്യം മനുഷ്യരുടെ മധ്യേ സന്നിഹിതമാണെന്ന വസ്തുത വ്യക്തമാക്കുന്നതോടൊപ്പം പരോക്ഷമായി അവിടുത്തെ മെസയാനികവ്യക്തിത്വത്തിന്റെയും അന്ത്യോന്മുഖദൗത്യത്തിന്റെയും ആന്തരികമേഖലകളിലേയ്ക്കും വെളിച്ചം വീശുന്നുണ്ട്.

## 6 ഉപമകൾ

നാലാം അദ്ധ്യായത്തിലെ അന്യാപദേശവിവരണങ്ങൾക്ക പ്രഘോഷണപരമായ വലിയ മൂല്യമുണ്ട്. ശിഷ്യന്മാർക്കു മാത്രം വെളിപ്പെടുത്തപ്പെടുന്ന, ദൈവരാജ്യത്തിന്റെ രഹസ്യാത്മകസ്വഭാവമാണ് അവയുടെ പ്രതിപാദ്യവിഷയം. യേശുവിൽ സന്നിഹിതവും പ്രവർത്തനനിരതവുമായ ഒരു യഥാർത്ഥ്യമായാണ് ഉപമകൾ ദൈവരാജ്യത്തെ അവതരിപ്പിക്കുന്നത്. യേശുവിന്റെ പ്രവർത്തനം ഫലമണിയുമെന്നും ദൈവരാജ്യം ഭൂമിയിൽ സമാഗതമാകുമെന്നും ഉറപ്പുനൽകുന്നവയാണ് അവയിൽ പലതും. വലിയ കൃഷിനാശമുണ്ടായിട്ടും ധാരാളം വിളവു നൽകിയ വയലിനെപ്പററിയുള്ള പ്രസ്താവന, (വിതക്കാരന്റെ ഉപമയിൽ 4:1–10) എതിർപ്പുകളെ അതിജീവിച്ചുകൊണ്ട് യേശുവിന്റെ പ്രവർത്തനം അന്തിമമായ വിജയം കൈവരിക്കുമെന്ന സത്യത്തിലേയ്ക്ക വിരൽ ചൂണ്ടുന്നതാണ്. നിഗൂഢമായി വളരുന്ന വിത്തിന്റെയും (4;26–29), കടുകുമണിയുടെയും

---

18. It may be theologically significant that the manifestation of the Kingdom of God should take place on the day consecrated to God. Cf. G. Minette de Tillesse, op. cit., pp. 122ff.

www.malankaralibrary.com

ഉപമകളും ദൈവരാജ്യസ്ഥാപനത്തിനുള്ള ശുഭപ്രതീക്ഷയെയാണ് വെളിപ്പെടുത്തുക.[19]

## 7 മെസയാനിക പ്രഖ്യാപനം (Messianic Confession)

സുവിശേഷത്തിൻെറ ഒന്നാംഭാഗത്തെ മെസയാനികാവിഷ്കാരത്തിൻെറ പരിസമാപ്തിയാണ് പത്രോസിൻെറ മെസയാനിക പ്രഖ്യാപനം (8:29). മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നതുപോലെ (മത്താ 16:17) പത്രോസിനു ലഭിച്ച അതിസ്വാഭാവികമായ ഏതെങ്കിലും ആത്മീയപ്രകാശനമല്ല ഈ പ്രഖ്യാപനത്തിനു നിദാനം. മർക്കോസിൻെറ വീക്ഷണത്തിൽ, ആദ്യത്തെ എട്ടദ്ധ്യായങ്ങളിൽ അനുക്രമമായി വിവരിക്കുന്ന മെസയാനികാവിഷ്കാരങ്ങളുടെ സ്വാഭാവികമായ പരിസമാപ്തി മാത്രമാണിത്.

## IV മനുഷ്യപുത്രൻെറ പീഡാസഹനം 8:31—16:8

മനുഷ്യപുത്രൻെറ പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമാകുന്ന മെസയാനികരഹസ്യമാണ് സുവിശേഷത്തിലെ രണ്ടാംഭാഗത്തെ പ്രതിപാദ്യവിഷയം. ആദ്യഭാഗത്തെ മെസയാനികാവിഷ്കാരം ഇതിൻെറ നാന്ദിയും പശ്ചാത്തലവുമായിരുന്നു. ആദ്യഭാഗത്തും യേശുവിൻെറ അന്ത്യത്തെക്കുറിച്ച് ചിലസൂചനകൾ ഇല്ലാതില്ല. ഹേറോദോസിൻെറ അനുഭാവികളും ഫരിസേയരും യേശുവിനെ വധിക്കുവാൻ ഗൂഢാലോചന നടത്തുന്നുണ്ടെന്ന വാർത്തയും (3:6), വരൻ വിവാഹാതിഥികളുടെമദ്ധ്യേനിന്ന് എടുക്കപ്പെടുമെന്ന പ്രവചനവും (2:20), യേശുവിൻെറ മുൻഗാമിയ്ക്കു വന്നുഭവിക്കുന്ന ദുരന്തവും (6:17–29) അവിടുത്തെ അന്ത്യത്തിലേയ്ക്കു വെളിച്ചം വീശുന്ന വസ്തുകളാണ്. എന്നാൽ യേശുവിൻെറ അന്ത്യത്തെക്കുറിച്ചുള്ള വ്യക്തമായ പ്രബോധനം രണ്ടാംഭാഗത്തിൽ മാത്രമേ കാണുന്നുള്ളു.

### 1 ക്രിസ്തുവോ മനുഷ്യപുത്രനോ?

ദൈവശാസ്ത്രപരമായി വളരെ അർത്ഥസമ്പുഷ്ടമായ ഖണ്ഡികയാണ് 8:27–33. യേശു, ക്രിസ്തുവാണെന്ന് പത്രോസ് ഏററു പറയുന്നതും, യേശു പത്രോസിനെ ശാസിക്കുന്നതും, മനുഷ്യപുത്രൻെറ സഹനത്തെക്കുറിച്ചുള്ള രഹസ്യം വെളിപ്പെടുത്തുന്നതും ഈ ഖണ്ഡികയിലാണ്. താൻ ക്രിസ്തുവാണെന്ന്

---

19. We cannot here enter into the complex question of Mark's understanding of the parabolic teaching. The literature on the subject is enormous. Cf. the long bibliographical note in Q. Quesnell, op. cit., 72–73.

www.malankaralibrary.com

പരസ്യപ്പെടുത്തരുതെന്നു് യേശു പത്രോസിനോടു കല്പിക്കുന്നതിൽനിന്നും, യേശുവിനെ സംബന്ധിച്ചു് 'ക്രിസ്തു' എന്ന നാമം നിയന്ത്രിതമായ അർത്ഥത്തിൽവേണം വിനിയോഗിക്കാൻ എന്നു സ്പഷ്ടം. കാരണം, യഹൂദർ പ്രതീക്ഷിച്ചവിധത്തിലുള്ള ക്രിസ്തുവായിരുന്നില്ല യേശു. ദാവീദിന്റെ ഗോത്രത്തിൽ പിറക്കുന്ന രാജകീയ മിശിഹായെയാണു് യഹൂദർ പ്രതീക്ഷിച്ചിരുന്നതു്. പത്രോസും തന്റെ മെസയാനിക പ്രഖ്യാപനത്തിൽ ഇത്രയേ ഉദ്ദേശിച്ചിരിക്കയുള്ളൂ. അതുകൊണ്ടാണു് യേശു പീഡ സഹിക്കേണ്ടിവരുമെന്നു പറഞ്ഞപ്പോൾ പത്രോസ് പ്രതിഷേധിച്ചതു്. വാസ്തവത്തിൽ, യേശു സഹിക്കുന്ന മിശിഹാണു്.[20] അവിടുന്നു സഹിക്കുകയും മരിക്കുകയും ഉയിർക്കുകയും ചെയ്യണമെന്നതായിരുന്നു ദൈവഹിതം. ഈ സത്യം വെളിപ്പെടുത്തുന്നതിനു 'ക്രിസ്തു' എന്ന അഭിധാനത്തെക്കാൾ കൂടുതൽ അഭികാമ്യം 'മനുഷ്യപുത്രൻ' എന്ന സംജ്ഞയാണു്. മനുഷ്യപുത്രനായ ക്രിസ്തുവാണു് യേശു.

യേശുവിന്റെ മെസയാനികത, അവിടുത്തെ പീഡാസഹനത്തിൽനിന്നു് വേറിട്ടു കാണുക സാദ്ധ്യമല്ല. അവിടുത്തെ മരണത്തെയും ഉത്ഥാനത്തെയും പരാമർശിക്കാതെ അതു പ്രഘോഷിക്കാനും വയ്യ. കാരണം, യേശു സഹിക്കുകയും മരിക്കുകയും ചെയ്യുന്ന മിശിഹായാണു്. അതുകൊണ്ടാണു് മെസയാനിക പ്രഖ്യാപനത്തോടൊപ്പം (8:29) സഹിക്കുന്ന മനുഷ്യപുത്രനെക്കുറിച്ചുള്ള പ്രബോധനവും (8:31) നൽകിയിരിക്കുന്നതു്. മിശിഹാ സഹിക്കുന്ന മനുഷ്യപുത്രനാണു്. സഹിക്കുന്നവനല്ലാതെ ഒരു മിശിഹായില്ല. ക്രിസ്തു സഹിക്കുന്നവനായി സ്വയം പ്രത്യക്ഷപ്പെടുന്ന പീഡാസഹനവിവരണം വരെ (14:61f), യേശുവിനെപ്പറ്റി 'ക്രിസ്തു' എന്ന നാമം ഉപയോഗിച്ചു കാണുന്നില്ല. എങ്കിലും, പീഡാസഹനവിവരണത്തിനു മുമ്പു്, മനുഷ്യപുത്രന്റെ സഹനത്തെക്കുറിച്ചു് ഒമ്പതുസ്ഥലത്തു് പരാമർശിക്കുന്നുണ്ടു് (8:31, 9:9. 12. 31;10:33–34.45; 14:21. 22.41).

## 2 മനുഷ്യപുത്രന്റെ ദിവ്യരഹസ്യം

യേശുവിന്റെ ഒരു പ്രബോധനമെന്നനിലയിലാണു് മർക്കോസ് മനുഷ്യപുത്രന്റെ സഹനത്തെക്കുറിച്ചുള്ള പ്രവചനം അവതരിപ്പിക്കുന്നതു് (8:31;9:31). പ്രവചനത്തെ തുടർന്നുവരുന്ന ''അവൻ തുറന്നു പറഞ്ഞു'' (8:32) എന്ന പദപ്രയോഗം പ്രത്യേകം ശ്രദ്ധേയമാണു്. സാധാരണയായി, അമൂല്യവും ഉദാ

20. Cf. I. de la Potterie, La confessione (cf. n. 6), p. 69.

www.malankaralibrary.com

ത്തവുമായ ഏതെങ്കിലും കാര്യത്തിൻെറ ആവിഷ്ക്കാരത്തെ സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിക്കുക. വാസ്തവത്തിൽ, മനുഷ്യപുത്രൻെറ സഹനത്തെക്കുറിച്ചുള്ള പ്രവചനം അമൂല്യമായൊരു പ്രബോധനവും ഉദാത്തമായൊരു ആവിഷ്ക്കാരവുമാണ്. മനുഷ്യപുത്രൻെറ സഹനത്തെയും, മരണത്തെയും ഉയിർപ്പിനെയുംപററി വളരെ തുറന്നുതന്നെയാണ് (8:31) യേശു സംസാരിക്കുന്നത്. താൻ മിശിഹായാണെന്ന് വെളിപ്പെടുത്തുന്നതിൽ പ്രദർശിപ്പിച്ച അവധാനതയും ആത്മനിയന്ത്രണവുമൊന്നും (8:30) താൻ മനുഷ്യപുത്രനാണെന്ന് വെളിപ്പെടുത്തുന്നതിൽ കാണിക്കുന്നില്ല.

മക്കോ 8:31 (27)—10:52 വരെയുള്ള ഭാഗം, യേശുവിൻെറ മരണത്തിനും ഉത്ഥാനത്തിനും സാക്ഷ്യം വഹിച്ച ജെറുസലേമിലേയ്ക്കുള്ള ''മനുഷ്യപുത്രൻെറ മാർഗ്ഗത്തെ''ക്കുറിച്ചാണ്.[21] ദൈവശാസ്ത്രപരമായി വളരെ അർത്ഥസമ്പുഷ്ടമായ ''മാർഗ്ഗമദ്ധ്യേ'' എന്നപദം ഈ അദ്ധ്യായങ്ങളിൽക്കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്നുണ്ട് (8:27; 9:33,34; 10:17,32,52). 'മാർഗ്ഗം' എങ്ങോട്ടാണ് നയിക്കുന്നതെന്ന് വ്യക്തമാക്കുന്നവയാണ് സഹനത്തെക്കുറിച്ചുള്ള മൂന്നു പ്രവചനങ്ങളും (8:31;9:31; 10:33–34).[22] ജെറുസലേമാണ് യാത്രയുടെ ലക്ഷ്യം. പീഡാസഹനത്തെ അനുസ്മരിപ്പിക്കുന്നതും വിപുലവുമായ മൂന്നാമത്തെ പ്രവചനം (10:32–34) യാത്രയുടെ അന്ത്യമെന്തെന്ന് മുൻകൂട്ടി പറയുന്നു. ''മനുഷ്യപുത്രൻെറ മാർഗ്ഗത്തെ''പ്പററിയുള്ള വിവരണം അതിൻെറ പരിസമാപ്തിയിലെത്തുന്നത് ഒരു വലിയ പ്രബോധനത്തോടെയാണ്: ''മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേകരുടെ മോചനത്തിനായി സ്വയം ബലികഴിക്കാനുമത്രെ വന്നിരിക്കുന്നത്'' (10:45).

---

21. Cf. K. Weiss, Ekklesiologie, Tradition und Geschichte in der Juengerunterweisung Mark 8:27-10-52, in: Der historichte Jesus und der kerygmatische Christus, Berlin, 1961,pp.414-438; J. Delorme, Aspects Doctrinaux du Second Evangile, in: De Jesus aux Evangiles, Gembloux, 1967,upp. 91-97; N. Perrin, op. cit. (cf. . 5., pp. 7-13; J. Schreiber, Theologie des Vertrauens, Furche; Hamburg, 1967, pp. 190-202; A. E. J. Rawlinson, The Gospel according to St. Mark, London, 1960, pp. 108-111.

22. Cf. G. Strecker, The Passion and Resurrection Predictions in Mark's Gospel, in Interpretation 22 (1968) pp. 421-442; N. Perrin, op. cit., pp. 14-30; J. Jeremias, New Testament Theology, New York, 1971, pp. 227-285

www.malankaralibrary.com

11 മുതൽ 13 വരെ അദ്ധ്യായങ്ങൾ യേശുവും യഹൂദനേതാക്കളും തമ്മിലുള്ള നിർണ്ണായകമായ സംഘർഷങ്ങളുടെ വിവരണമാണ് (യേശുവിനെ കൊല്ലാനുള്ള അവരുടെ ഗൂഢാലോചന –11:18; 12:12; 14:1–2). പീഡാസഹനവിവരണത്തിനു വായനക്കാരെ ഒരുക്കുകയാണ് ഇതിന്റെ ലക്ഷ്യം.

വളരെ വിപുലമായൊരു പീഡാസഹനവിവരണമാണ് മർക്കോസ് അവതരിപ്പിക്കുന്നത്. പീഡാസഹനത്തെ അതിന്റെ ചരിത്രപരവും മാനുഷികവുമായ എല്ലാ തലങ്ങളിലും ചിത്രീകരിക്കുന്നുണ്ട് അദ്ദേഹം. ദൈവത്തിന്റെ രക്ഷാകരപദ്ധതിയനുസരിച്ചാണ് യേശു സഹിക്കുന്നതെന്നും, ദൈവത്തിന്റെ യുഗാന്ത്യോന്മുഖലക്ഷ്യമാണ് അവിടുത്തെ സഹനത്തിലൂടെ പൂർത്തീകരിക്കപ്പെടുന്നതെന്നും ആദിമക്രൈസ്തവരെ ബോധ്യപ്പെടുത്തുകയാണ് സുവിശേഷകന്റെ ലക്ഷ്യം.

3. ദുർഗ്രാഹ്യമായ പ്രബോധനം

മനുഷ്യപുത്രന്റെ അന്ത്യത്തെക്കുറിച്ചുള്ള പ്രബോധനം ശിഷ്യന്മാർക്കു തീർത്തും ദുർഗ്രാഹ്യമായിരുന്നു.[23] മനുഷ്യപുത്രൻ പീഡസഹിക്കേണ്ടിവരുമെന്ന പ്രവചനത്തെ അവർ തടസ്സപ്പെടുത്തിയതുകൊണ്ടാണ് (8:32 f). സഹനത്തെക്കുറിച്ചുള്ള മററു പ്രവചനങ്ങളും ശിഷ്യന്മാരിലുളവാക്കിയ പ്രതികരണമിതായിരുന്നു (9 32,34;). അതിനാൽ, ഓരോ പ്രവചനത്തിനുശേഷവും, പീഡാസഹനത്തിന്റെ പ്രസക്തിയെത്തന്നെ വ്യക്തമാക്കുന്ന ഓരോ ഖണ്ഡിക (8:34ff;9:35ff: 10:38ff.) എഴുതിച്ചേർക്കേണ്ടിവന്നു. ശിഷ്യന്മാരുടെ ഈ ദുർഗ്രാഹ്യത അതിന്റെ പരമകാഷ്ഠയിലെത്തുന്നത് പീഡാസഹനവിവരണത്തിലാണ്. യൂദാസിന്റെ വഞ്ചനയും (14:43f), പത്രോസിന്റെ നിഷേധവും (14:66ff) ശിഷ്യന്മാരുടെ പലായനവും (14:50) പീഡാസഹനവിവരണത്തിലാണല്ലോ പ്രത്യക്ഷപ്പെടുന്നത്.

ക്രിസ്തീയസമൂഹം, സഹിക്കുന്ന മിശിഹായെ ഗ്രഹിക്കുകയും അംഗീകരിക്കുകയും ചെയ്യണമെന്നും അവരുടെ ജീവിതത്തിൽ അവിടുന്നാവശ്യപ്പെടുന്നതെന്തും നിറവേററാൻ സന്നദ്ധരായിരിക്കണമെന്നുമുള്ള സന്ദേശമാണ് ശിഷ്യന്മാരുടെ ദുർഗ്രാഹ്യതയെക്കുറിച്ചുള്ള വിവരണത്തിലൂടെ സുവിശേഷകൻ നൽകുന്നത്.

## V. ദൈവപുത്രൻ

മർക്കോസിന്റെ സുവിശേഷത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ് യേശു ദൈവപുത്രനാണ് എന്ന പ്രഘോ

---

23. G. Minette de Tillesse, op. cit, pp. 266-278.

www.malankaralibrary.com

ഷണം. സുവിശേഷത്തിൻെറ ശീർഷകം തന്നെ 'ദൈവപുത്രനായ യേശുക്രിസ്തുവിൻെറ സദ്‌വാർത്ത' എന്നാണ്. സുവിശേഷത്തിൻെറ ഒന്നാംഭാഗത്തിൻെറ അന്തഃസത്തയായ മെസയാനിക പ്രഖ്യാപനവും (8:29), രണ്ടാംഭാഗത്തിൻെറ ഉച്ചകോടിയായ ദൈവപുത്ര പ്രഘോഷണവും (14:61f;15:39) സംയോജിപ്പിച്ചുകൊണ്ട് രൂപംകൊടുത്തിട്ടുള്ള ഈ ശീർഷകം സുവിശേഷത്തിൻെറ സാരസംഗ്രഹമാണ്.

യേശുവിൻെറ ദൈവപുത്രസ്ഥാനപ്രഖ്യാപനത്തിൽ കലാശിക്കുന്ന രണ്ടു വിവരണങ്ങളാണ് ജ്ഞാനസ്നാനാവിഷ്ക്കാരവും (1:9–11), രൂപാന്തരീകരണവും (9:2–10). 'സ്വർഗ്ഗം തുറക്കപ്പെടുകയും, പരിശുദ്ധാത്മാവ് ഇറങ്ങിവരുകയും, സ്വർഗ്ഗത്തിൽ നിന്നൊരു സ്വരം കേൾക്കുകയും ചെയ്തു' എന്നിങ്ങനെ വെളിപാടുശൈലിയിലാണ് സുവിശേഷകൻ ജ്ഞാനസ്നാനാവിഷ്കാരം വിവരിക്കുന്നത്. രൂപാന്തരീകരണത്തെക്കുറിച്ചുള്ള വിവരണത്തിലും (9:2–10) മേഘത്തിൽനിന്നു് കേൾക്കപ്പെടുന്ന സ്വരത്തെക്കുറിച്ച് പരാമർശനമുണ്ട്. രണ്ടു വിവരണങ്ങളിലും, മുകളിൽ നിന്നുള്ള സ്വരമാണ് യേശുവിൻെറ ദൈവപുത്രസ്ഥാനം വെളിപ്പെടുത്തുന്നത്. യേശു ദൈവപുത്രനാണെന്നു മനസ്സിലാക്കുന്നതിനു് മനുഷ്യൻ സ്വയം അശക്തനാണെന്നും, ദൈവികമായ ഒരാവിഷ്കാരത്തിനു മാത്രമേ യേശുവിൻെറ ദൈവപുത്രസ്ഥാനം അവനെ ബോധ്യപ്പെടുത്താൻ കഴിയൂ എന്നും വ്യക്തമാക്കുന്നവയാണ് രണ്ടു വിവരണങ്ങളും.

യേശു തൻെറ ദൈവപുത്രസ്ഥാനം വളരെ ആഘോഷപൂർവ്വം ഏററുപറയുന്ന ഒരു സന്ദർഭമാണ് യഹൂദവിചാരണയുടെ അന്ത്യഘട്ടം (14:61f). മഹാപുരോഹിതൻെറ ചോദ്യത്തിനു മറുപടിയായി യേശു നടത്തുന്ന പ്രസ്തുത പ്രഖ്യാപനം, യഹൂദനേതാക്കളുടെ മുമ്പിൽ യേശു തൻെറ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന ഒരേയൊരു സന്ദർഭമാണ്. പക്ഷേ ആവിഷ്ക്കാരത്തിൻെറ ഈ ഉദാത്തവും ഉത്തുംഗവുമായ സന്ദർഭം, മനുഷ്യപുത്രൻെറ സഹനവും നിന്ദനവുമായി ഏകീഭവിച്ചതു് വലിയ വിരോധാഭാസമായി തോന്നുന്നു. ഈ വിരോധാഭാസം കൂടുതൽ സ്പഷ്ടമാകുന്നതു്, യേശുവിൻെറ മരണസമയത്തു് ശതാധിപൻ നടത്തുന്ന ദൈവപുത്രപ്രഖ്യാപനത്തിലാണ്. ക്രൂശിതനായ മനുഷ്യപുത്രനെ വീക്ഷിച്ചുകൊണ്ടാണല്ലോ, ''സത്യമായും ഇവൻ ദൈവപുത്രനാകുന്നു'' (15:39) എന്നു് ശതാധിപൻ ഉദ്ഘോഷിച്ചതു്.

യേശുവിൻെറ ദൈവപുത്രസ്ഥാനത്തെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ സുവിശേഷത്തിൻെറ ആരംഭത്തിലും (1:11), മധ്യ

www.malankaralibrary.com

ത്തിലും (9:7) അന്ത്യത്തിലും (14:61f.; 15:39) കാണാം. സുവിശേഷത്തിൽ ഘടനാപരമായൊരു ധർമ്മമുണ്ട് പ്രസ്തുത പ്രഖ്യാപനങ്ങൾക്ക്. നിർണ്ണായകമായ സന്ദർഭങ്ങളിൽ, അതിഗഹനമായ യേശുരഹസ്യത്തെപ്പററി ചില സൂചനകൾ നൽകുകയാണ് അവയുടെ ലക്ഷ്യം. ഈ പ്രഖ്യാപനങ്ങളുടെ ആവിഷ്ക്കാരസ്വഭാവത്തിൽ അനുക്രമമായ ഒരു പുരോഗതി ദർശിക്കാം. ആദ്യത്തെ പ്രഖ്യാപനം (1:11) യേശുവിനെമാത്രം ഉദ്ദേശിച്ചുള്ളതും തികച്ചും നിഗൂഢവുമായിരുന്നെങ്കിൽ, രണ്ടാമത്തേതു് (9:7) തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരെ ഉദ്ദേശിച്ചുകൊണ്ടുള്ളതും ഭാഗികമായി മാത്രം നിഗൂഢവുമാണ്. മൂന്നാമത്തേതാകട്ടെ (14:61f.; 15:39) സർവ്വരേയും സംബോധന ചെയ്തുകൊണ്ടുള്ളതും പരസ്യവും എന്നാൽ വിരോധാഭാസജനകവുമാണ്.

'ദൈവപുത്രൻ' എന്ന അഭിധാനത്തിന് മർക്കോസിൻെറ സുവിശേഷത്തിൽ അദ്വിതീയമായ ഒരു സ്ഥാനമാണുള്ളതു്. യേശുവിൻെറ ഈ ദൈവപുത്രസ്ഥാനം, അവിടുത്തെ അതീത വ്യക്തിത്വത്തെയും ദൈവവുമായുള്ള അതുല്യവും അവഗാഢവുമായ ബന്ധത്തെയും സൂചിപ്പിക്കുന്നതാണ്.

## VI മനുഷ്യപുത്രൻെറ ദ്വിതീയാഗമനം

മനുഷ്യപുത്രൻെറ പീഡാസഹനം വളരെ ശക്തിയും ഓജസ്സുമുള്ള ഭാഷയിൽ പ്രതിപാദിക്കുന്ന സുവിശേഷകൻ, മനുഷ്യപുത്രൻെറ ദ്വിതീയാഗമനത്തെക്കുറിച്ചുള്ള പ്രവചനവും തൻെറ സുവിശേഷത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രവചനത്തിനു മോടിപിടിപ്പിക്കാനായി യുഗാന്ത്യത്തിൻെറ സൂചനകൾ മുൻകൂട്ടി നൽകുന്ന വെളിപാടുവിവരണങ്ങളും എഴുതിച്ചേർത്തിട്ടുണ്ട്.[24] നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനം മനുഷ്യപുത്രൻെറ ദ്വിതീയാഗമനത്തെക്കുറിച്ചുള്ള പ്രവചനമാണ് (13:26f); അതോടനുബന്ധിച്ചുവരുന്ന വിവരണങ്ങളല്ല. ദാനിയേൽ 7:13–14 ആണ് പ്രവചനത്തിന് ആധാരം. മനുഷ്യപുത്രനു സദൃശ്യനായ ഒരാൾ വാനമേഘങ്ങളിൽ എഴുന്നെള്ളിവരുന്നതും ദൈവസിംഹാസനത്തിൽനിന്ന് ശക്തിയും പ്രതാപവും കൈക്കൊള്ളുന്നതുമായ ഒരു ദർശനമാണ്, ദാനി. 7:13–14. എന്നാൽ, ദാനിയേലിൻെറ വിവരണവും മർക്കോസിൻെറ വിവരണവും തമ്മിൽ വ്യത്യാസമുണ്ട്. ദാനിയേൽ വിവരിക്കുന്ന അജ്ഞാതവ്യക്തി മഹത്വംവരിക്കുവാൻ ദൈവ

---

24. Among the many recent studies on Mark 13, R. Pesch, Naherwartungen, Patmos, Duesseldorf, is brilliant.

www.malankaralibrary.com

ത്തിൻെറ സിംഹാസനത്തിലേക്കു ആരോഹണം ചെയ്യുമ്പോഠം (ദാനി. 7:13), മനുഷ്യപുത്രൻ വാനിൽനിന്നു ഭൂമിയിലേക്കു അവരോഹണം (മർക്കോ. 3:26f) ചെയ്യുകയാണു് (13:27). അവരോഹണം ചെയ്യുന്ന മനുഷ്യപുത്രൻ, ദൈവദൂതന്മാരെ പറഞ്ഞയച്ചു് തൻെറ തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടുംഎന്ന പ്രവചനത്തിൻെറ തുടർച്ചയാണു് രക്ഷയുടെ ദിനവും പ്രതീക്ഷിച്ചു് ജാഗ്രതയോടെ വർത്തിക്കുവാനുള്ള ആഹ്വാനം (13;33. 34. 35. 37).

13:26f ലെ പ്രവചനത്തിനു സമാനമായൊരു പ്രവചനമാണു് 8:38. യേശു ശിഷ്യന്മാർക്കു താക്കീതു നൽകുന്ന പശ്ചാത്തലത്തിലാണു് ഈ പ്രവചനം അവതരിപ്പിച്ചിരിക്കുന്നതു്. യേശുവിനോടും അവിടത്തെ പ്രബോധനങ്ങളോടും കൂറു പുലർത്തുന്നവർക്കു അവിടുത്തെ ദ്വിതീയാഗമനം രക്ഷാകരവും അല്ലാത്തവർക്കു വിനാശകരവും ആയിരിക്കും. മനുഷ്യപുത്രനെയും അവിടുത്തെ വചനങ്ങളെയും കുറിച്ചു ലജ്ജ തോന്നുന്നവനെ മനുഷ്യപുത്രൻ നിരസിച്ചു പറയും (8:38). ''മനുഷ്യപുത്രൻ അവൻെറ പിതാവിൻെറ മഹത്വത്തിൽ....'' (8;38) എന്ന വാക്യം മനുഷ്യപുത്രനു് ദൈവപുത്രനുമായി അഭേദം കല്പിക്കുകയാണു്. മനുഷ്യപുത്രനും ദൈവപുത്രനും ഒരാഠംതന്നെ[25].

''മനുഷ്യപുത്രൻ സർവ്വശക്തൻെറ വലതുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ എഴുന്നെള്ളി വരുന്നതും നിങ്ങഠം കാണും'' (14:62) എന്ന വാക്യം, 13:26–ൽ യേശു ശിഷ്യന്മാരോടു പറയുന്ന പ്രവചനത്തിൻെറ പരസ്യമായ പ്രഘോഷണമാണു്. സങ്കീർത്തനം 110:1–ഉം ദാനിയേൽ 7:13–ം സംയോജിപ്പിച്ചുണ്ടാക്കിയ ഈ വാക്യം, അതു പറയുന്ന സാഹചര്യം പരിഗണിക്കുമ്പോഠം യേശുവിൻെറ വിധിയാളന്മാർക്കുള്ള ഒരു താക്കീതാണെന്നു തോന്നാമെങ്കിലും ആത്യന്തികമായി മനുഷ്യപുത്രൻെറ അധികാരത്തെയും ശക്തിയെയും മഹത്വത്തെയും വെളിപ്പെടുത്തുന്നതും, താൻ ക്രിസ്തുവാണെന്ന യേശുവിൻെറ പ്രഖ്യാപനത്തെ (14:62a) വിശദീകരിക്കുകയും സുദൃഢമാക്കുകയും ചെയ്യുന്നതുമാണു്.

മനുഷ്യപുത്രൻെറ മഹത്വം പൂർണ്ണമായും വെളിപ്പെടുത്താൻ പ്രാപ്തമാണു് ഈ പ്രവചനങ്ങഠം (8:38; 13:26; 14:62). അവ നമ്മെ സംബന്ധിച്ചിടത്തോളം ശിക്ഷയെക്കുറിച്ചുള്ള താക്കീതും രക്ഷയുടെ വാഗ്ദാനവും സുകൃതജീവിതം നയിക്കാനുള്ള പ്രേരണയുമാണു്. മനുഷ്യപുത്രൻ രക്ഷിക്കാനായി ഭൂമിയിലേ

25. Cf. M. Horstmann, Studien zur Markinisehen Christologie, Aschendorff, 1969, p 34ff.

www.malankaralibrary.com

യ്ക്ക വരുമെന്ന പ്രതീക്ഷ ക്രിസ്തീയ പ്രത്യാശയുടെ അടിത്തറയാണ്.

## VII മെസയാനിക നിഗ്രഹനം (messianic secret)

മർക്കോസിൻെറ സുവിശേഷത്തിൽ, യേശുവിൻെറ മെസയാനികാവിഷ്കാരത്തോടനുബന്ധിച്ച് പോകുന്ന ഒരു വിഷയമാണ് അവിടുത്തെ മെസയാനികനിഗ്രഹനം.[26] താൻ ക്രിസ്തുവാണെന്ന പരമാർത്ഥം പരസ്യമായി പ്രഖ്യാപിക്കുന്നതു തടഞ്ഞുകൊണ്ട് മെസയാനികത ഒളിച്ചുവയ്ക്കാൻ യേശു നടത്തുന്ന ശ്രമം വളരെ അനുക്രമമായി വിവരിക്കുന്നുണ്ട് സുവിശേഷകൻ.

ഈ വിഷയം സുവിശേഷത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് 1:25–ൽ ആണ്. ''നീ ആരാകുന്നുവെന്ന് എനിക്കറിയാം'' എന്നുദ്ഘോഷിച്ച അശുദ്ധാത്മാവിയെ യേശു നിശ്ശബ്ദനാക്കുന്നു. ഗോപനം ചെയ്യാനുള്ള ഈ വ്യഗ്രത കൂടുതൽ സ്പഷ്ടമാകുന്നതു് 1:34 ൽ ആണ്. അശുദ്ധാത്മാവികൾ യേശുവിനെ അറിഞ്ഞതുകൊണ്ട് അവൻ അവരെ സംസാരിക്കാൻ പോലും അനുവദിച്ചില്ല. നിഗ്രഹനം ചെയ്യാനുള്ള വ്യഗ്രത അതിൻെറ പരമകാഷ്ഠയിലെത്തുന്നതു്, അവിടത്തെ സാഷ്ടാംഗപ്രണാമം ചെയ്തശേഷം, ദൈവപുത്രനാണെന്ന ഏററുപറഞ്ഞ അശുദ്ധാത്മാവികളോട് തന്നെ വെളിപ്പെടുത്തരുതെന്ന് അവിടുന്ന കർശനമായി ആജ്ഞാപിക്കുമ്പോഴാണ് (3:11–12).

യേശു മിശിഹായാണെന്ന വസ്തുത സാവകാശം മാത്രം മനസ്സിലാക്കിയ ശിഷ്യന്മാർക്കുപോലും തങ്ങൾ ഗ്രഹിച്ച സത്യം വെളിപ്പെടുത്താൻ അനുവാദമില്ലായിരുന്നു (3:30). മനുഷ്യപുത്രൻെറ സഹനത്തിൻെറ ആവശ്യകത വ്യക്തമാക്കുകയായിരുന്നു മെസയാനികനിഗ്രഹനത്തിൻെറ പിന്നിലുള്ള ലക്ഷ്യം.[27] 'മനുഷ്യപുത്രൻെറ ഉത്ഥാനംവരെ' (9:9) അവിടുന്ന മിശിഹായാണെന്ന വസ്തുത വെളിപ്പെടുത്തരുതെന്നാണ് രൂപാന്തരീകരണത്തിനുശേഷം യേശു ശിഷ്യന്മാർക്കുകൊടുക്കുന്ന ഉപദേശം. സഹിക്കുന്നവനും ഉയിർക്കുന്നവനുമായ മനുഷ്യപുത്രനായി ക്രിസ്തു സ്വയം വെളിപ്പെടുത്തിക്കഴിയുമ്പോൾ, പിന്നെ നിഗ്രഹനത്തിൻെറ ആവശ്യമേ ഇല്ലല്ലോ. പീഡാസഹനവിവരണത്തിൽ, യഥാർത്ഥത്തിൽ ഇതാണ് സംഭവിക്കുന്നതു്. ദൈ

---

26. The literature on this subject is vast; G. Minette de Tillesse, op. cit., gives a review of the discussion.
27. Cf. H. D. Knigge, The meaning of Mark, in: Interpretation 22 (1968) pp. 53-70.

www.malankaralibrary.com

വപുത്രനായ ക്രിസ്തുവും, (മഹത്വപൂർണ്ണനായ) മനുഷ്യപുത്രനുമായി യേശു സ്വയം വെളിപ്പെടുത്തുന്നു (14:61 f). അതോടെ നിഗൂഹനത്തിന്റെ തിരശ്ശീല എന്നന്നേയ്ക്കുമായി നീങ്ങുന്നു. 'സത്യമായും ഇവൻ ദൈവപുത്രനാകുന്നു' (15:39) എന്നു് യേശുവിന്റെ മരണസമയത്തു് ശതാധിപൻ നടത്തുന്ന പരസ്യപ്രഖ്യാപനം മർക്കോസിന്റെ സുവിശേഷത്തിലെ ക്രിസ്തുപ്രഘോഷണത്തിന്റെ പരിസമാപ്തിയും സാരസംഗ്രഹവുമാണു്. മനുഷ്യപുത്രന്റെ ഉത്ഥാനാനന്തരം 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ' സുവിശേഷപ്രഘോഷണമാണു് സഭയിൽ അനുസ്യൂതം നടക്കുന്നതു്.

മെസയാനിക നിഗൂഹനം കുരിശിലെ ഭോഷത്വത്തിനുള്ള നീതീകരണമാണു്[28]. ക്രിസ്തു പീഡ സഹിക്കുകയും മരണം വരിക്കുകയും ചെയ്യുക ആവശ്യമായിരുന്നു (8:31). മരണത്തിനും ഉത്ഥാനത്തിനും മാത്രമേ ക്രിസ്തുരഹസ്യത്തെ പൂർണ്ണമായി വെളിപ്പെടുത്താൻ കഴിയൂ. മററു ആവിഷ്ക്കരണങ്ങളെല്ലാം (അത്ഭുതങ്ങളും പോലും) ഭാഗികവും തീരെ അപൂർണ്ണവുമാണു്. അതിനാൽ അവയുടെ വെളിച്ചത്തിലല്ല യേശുവിനെ വിലയിരുത്തേണ്ടതു്. സഹിക്കുന്ന മനുഷ്യപുത്രനായി വേണം ക്രിസ്തുവിനെ മനസ്സിലാക്കാൻ, അവിടുത്തെ പ്രഘോഷിക്കാൻ. പക്ഷേ ഇതു് ഉത്ഥാനത്തിനുശേഷമേ സാദ്ധ്യമാവൂ. അതിനാൽ, ഈ പരമാർത്ഥം വെളിപ്പെടുത്താൻ മർക്കോസ് സ്വീകരിക്കുന്ന ഉപാധിയാണു് മെസയാനികനിഗൂഹനം. ദൈവേഷ്ടത്തിനു വഴങ്ങി, പീഡ സഹിക്കാനുള്ള യേശുവിന്റെ തീരുമാനമാണു് അതിനു പശ്ചാത്തലമൊരുക്കുന്നതു്. പീഡാസഹനത്തിൽ അധിഷ്ഠിതമായ ഒരു ക്രിസ്തുപ്രഘോഷണം കെട്ടിപ്പടുക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി മെസയാനികനിഗൂഹനത്തെ സംബന്ധിച്ച ഈ വിഷയം മർക്കോസ് വളരെ ശ്രദ്ധാപൂർവ്വം അവതരിപ്പിച്ചിരിക്കുന്നു.

ജോർജ്ജ് മങ്ങാട്ടു്,
കോട്ടയം_10.

വിവ. തോമസ് നരികുളം.

www.malankaralibrary.com

# മത്തായിയുടെ സുവിശേഷത്തിലെ യേശു

വി. മർക്കോസിന്റെ സുവിശേഷത്തിൽനിന്നു് പെട്ടെന്നു് മത്തായിയുടെ സുവിശേഷത്തിലേക്കു കടക്കുന്ന വായനക്കാരനു് അവിടെ ദൃശ്യമാവുന്ന യേശുവിന്റെ ചിത്രീകരണം അല്പം നിരാശ ഉളവാക്കിയേക്കാം. ക്രിസ്തുവിന്റെ മനുഷ്യസ്വഭാവവും ദൈവികമഹിമയും ഊർജ്ജസ്വലമായി അവതരിപ്പിക്കുന്ന മർക്കോസിന്റെ ശക്തിപ്രകടനം നാം അവിടെ കാണുന്നില്ല. മർക്കോസിന്റെ ചിത്രീകരണത്തിൽ യേശു ശക്തിമാനാണു്, അവിടത്തെ വ്യക്തിത്വം ദുർഗ്രഹവും വിരോധാഭാസം തോന്നിക്കുന്നതുമാണു്. ഭീതിയും അത്ഭുതവും ജനിപ്പിക്കുന്ന ദൈവികശക്തിയും മഹത്വവും കണ്ടു് ജനക്കൂട്ടം വെളിപ്പെടാനിരുന്ന ദൈവപുത്രനെ ആവേശപൂർവ്വം ഏററു പറയുന്നതു നമുക്കവിടെ കാണാനാവും (1:29). സ്വന്തജനങ്ങൾ മാത്രമേ അവിടത്തെ ഒരു ഭ്രാന്തനെപ്പോലെ തിരസ്ക്കരിച്ചുള്ളൂ (3:21). യേശുവിനു് താൻ കൈവരിക്കാനിരിക്കുന്ന അന്തിമവിജയത്തെക്കുറിച്ചു് തികഞ്ഞ അവബോധമുണ്ടായിരുന്നു (14:62). എങ്കിലും സമീപസ്ഥമായിരുന്ന പീഡാസഹനത്തിന്റെയും മരണത്തിന്റെയും ചിന്ത അവിടത്തെ ആകെ തളർത്തിക്കളഞ്ഞ നിമിഷങ്ങളുമുണ്ടായിട്ടുണ്ടു് (14:35). യഥാർത്ഥ ദൈവപുത്രനായി ലോകത്തിനു വെളിപ്പെടുത്തുന്ന അതേ നിമിഷംതന്നെ അവിടുന്നു കടുത്ത ഒററപ്പെടുത്തലിന്റെയും കുരിശിലെ അവഗണനയുടേയും അഗാധതലങ്ങൾ വരെ എത്തി (15:39).

ഇത്തരം നാടകീയ സംഘർഷങ്ങൾ മത്തായിയുടെ സുവിശേഷത്തിൽ കാണാനാവില്ല. അദ്ദേഹം യേശുവിനെ അവതരിപ്പിക്കുന്നതു് കുറെക്കൂടി സമന്വയരീതിയിലും സമാനരൂപത്തിലുമാണു്. അദ്ദേഹം വിഭാവനചെയ്യുന്ന യേശു കുലീനത്വത്തിന്റേയും ഔന്നത്യത്തിന്റേയും ഉടമയാണു്; കൂടുതൽ സവിശേഷതകളുള്ള വ്യക്തിയാണു്. മനുഷ്യരിൽ നിന്നു് ഏറെ വ്യത്യസ്തനുമാണു്[1]. മർക്കോസിന്റെ അവതരണ

---

1. Cf. the perceptive if provocatively formulated comment of George Bernard Shaw in his preface to ANDROCLES AND THE LION, reprinted in THE COMPLETE PREFACES OF BERNARD SHAW (London; Paul Hamlyn 1965) 563: "But Jesus's manner throughout is that of an aristocrat... John the Baptist may be a Keir Hardie; but the Jesus of Matthew is of the Ruskin Morrls class."

www.malankaralibrary.com

ത്തിൽനിന്ന് തികച്ചും വ്യതിരിക്തനാണ് മത്തായിയുടെ സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്ന യേശു. മത്തായി ചൂണ്ടി ക്കാണിക്കുന്ന യേശുവിന് മാനുഷികസ്വഭാവങ്ങളും പരിമി തികളും വളരെ കുറവാണ്.[2] നിലവിലിരിക്കുന്ന വ്യവസ്ഥി തികളോടു വിധേയത്വം പുലർത്തി എങ്ങനെയും അവ നിലനി റുത്തുവാൻ തത്രപ്പെടുന്നവരോട് അവിടുന്ന് കോപിക്കുകയോ അവരുടെ പേരിൽ ദുഃഖിക്കുകയോ ചെയ്യുന്നില്ല (മർക്കോ 3;5/ മത്താ 12:12f); സ്വന്തസ്ഥലമായ നസ്രസ്സിലെ ജനങ്ങളുടെ വിശ്വാസരാഹിത്യത്തിൽ വിസ്മയം പ്രകടിപ്പിക്കുന്നില്ല (മർക്കോ 6:5 f: ''ഒരത്ഭുതംപോലും അവിടെ പ്രവർത്തിക്കു വാൻ അവനു കഴിഞ്ഞില്ല....അവരുടെ വിശ്വാസക്കുറവിൽ അവിടുന്നു വിസ്മയിച്ചു''/മത്താ 13:58: ''അവരുടെ അവി ശ്വാസം നിമിത്തം അവിടുന്ന് അവിടെ അധികം അത്ഭുത ങ്ങൾ പ്രവർത്തിച്ചില്ല''). നിത്യജീവൻതേടി യേശുവിന്റെ അടുക്കലേക്കു വന്ന ധനികയുവാവിനോട് അവിടുന്ന് സ്നേഹം പ്രകടിപ്പിക്കുന്നതായി മത്തായിയുടെ സുവിശേഷം പറ യുന്നില്ല(മർക്കോ 19:21/മത്താ 19:21). അനുഗ്രഹിക്കുവാനാ യി തന്റെ അടുക്കലേക്കു കൊണ്ടുവന്ന ശിശുക്കളെ ശിഷ്യന്മാർ തടഞ്ഞപ്പോഴും യേശു യാതൊരുവിധ അമർഷവും പ്രകടിപ്പി ക്കുന്നില്ല (മർക്കോ 10:14/മത്താ 19:14). മത്തായിയുടെ സുവി ശേഷത്തിൽ യേശു വളരെ കുറച്ചേ ചോദ്യങ്ങൾ ചോദിക്കുന്നു ള്ളൂ, കാരണം അറിയേണ്ടകാര്യങ്ങളെല്ലാം അവിടുത്തേയ്ക്കറി യാം (മർക്കോ 5:9; 6:38; 9:21; 9:33; 14:14-ലെ ചോദ്യ ങ്ങൾ മത്തായി ഉപേക്ഷിച്ചിരിക്കയാണ്). ദൈവത്തിന്റെ മാത്രം ലക്ഷണമാണ് നന്മയെങ്കിലും 'നല്ലവൻ' എന്നു വിളി ക്കപ്പെടുന്നതിൽ അവിടുത്തേക്കു പ്രതിഷേധമില്ല (മർക്കോ 10: 18-''നിങ്ങൾ എന്തുകൊണ്ടാണ് എന്നെ നല്ലവനെന്നു വിളി ക്കുന്നത്? ദൈവമല്ലാതെ മററാരും നല്ലവരല്ല/മത്താ 19:17: ''നന്മയേ? അതിനെപ്പററി നീ എന്തിന് എന്നോടു ചോദി ക്കുന്നു? നല്ലവനായി ഒരാളേഉള്ളൂ -ദൈവം'') അപ്പസ്തോലന്മാർ യേശുവിനെ 'നാഥാ' എന്ന സമുന്നത നാമത്താൽ അഭിസം ബോധന ചെയ്യുന്നതു നമുക്കു കാണാൻ കഴിയും (8:21;8:25; 16:22;17:4;18:21;26:22). അവിടുത്തെ അനുയായികളും(2:11; 14:3;320:20;28:17) തന്നിൽനിന്നു സൗഖ്യം പ്രാപിക്കാൻ വന്നവരും (8:2;9:18; 15:25) ക്രമാനുഗതമായി യേശുവിനെ ആരാധിക്കുന്നതു നമുക്കുകാണാം. മുൻകൂട്ടി മനസ്സിലാക്കി പൂർണ്ണ സ്വാതന്ത്ര്യത്തോടെയാണ് യേശു പീഡാസഹനത്തിലേക്കും

2. Cf. B. Rigaux, THE TESTIMONY OF MATTHEW (Chicago: Franciscan Herald Press 1968) 181-85.

www.malankaralibrary.com

മരണത്തിലേക്കും കടക്കുന്നതു (26:3) കാണുക. ക്രിസ്തുവിൻെറ പ്രവചനത്തോടുകൂടി അവിടുത്തെ പീഡാസഹനരംഗം തുടങ്ങുന്ന ചിത്രമാണ് നാമവിടെകാണുന്നതു് (''അന്നുതന്നെ പ്രധാനാചാര്യന്മാരും ജനപ്രമാണികളും....''), ഇവിടെ തികഞ്ഞ ശാന്തതയോടും സമചിത്തതയോടും കൂടിയാണ് യേശു പീഡാസഹനങ്ങളെ അഭിമുഖീകരിക്കുന്നതു്(മർക്കോസും മത്തായിയും ഗദ്സമൻതോട്ടത്തിൽ ഹൃദയവ്യഥയോടെ പ്രാർത്ഥിക്കുന്ന യേശുവിനെ അവതരിപ്പിക്കുന്നതു് വ്യത്യസ്തരീതികളിലാണ്. മർക്കോ 14:35—''അവൻ നിലത്തുവീണു്....''അതായതു് മാനസികത്തകർച്ചയുടെനിലയിൽ.മത്താ 26:39—''അവിടന്നു്സാഷ്ടാംഗം വീണു്....'' അതായതു്, തീക്ഷ്ണമായ പ്രാർത്ഥനാവസരങ്ങളിൽ സാധാരണ യഹൂദന്മാർ പ്രാർത്ഥിക്കുന്ന മനോഭാവത്തോടെ) .വേണ്ടിവന്നാൽ ദൈവദൂതന്മാരുടെ പന്ത്രണ്ടു വ്യൂഹങ്ങളെത്തന്നെ സഹായത്തിനു വിളിക്കാൻ സാധിക്കുമെന്നുള്ള ബോധ്യം അവിടുത്തേക്കുണ്ടായിരുന്നു (26:53). ഒരു അവതാരമെന്നോണം യേശു, സംഭവങ്ങളുടെ സമ്മർദ്ദത്തിനു് അതീതനായി നിലകൊള്ളുന്നു. ചരിത്രത്തിൻെറ പ്രവാഹത്തിൽ മുഴുകുന്നുണ്ടെങ്കിലും പ്രത്യക്ഷത്തിൽ അതിനുപരിയായിട്ടാണ് അവിടുന്നു നിലകൊള്ളുന്നതു്.

ക്രമാനുഗതമായ ഇത്തരം ഔന്നത്യപ്രകടനങ്ങളാം മത്തായിയുടെ സുവിശേഷത്തിൻെറ പ്രത്യേകതയാണ്.[3] കാരണം, യേശുവിനെ മന:ശാസ്ത്രപരമായി ചിത്രീകരിക്കുക എന്നതിനെക്കാളും ദൈവശാസ്ത്രപരമായി അവതരിപ്പിക്കാനാണ് (മററു സുവിശേഷകരെക്കുറിച്ചും ഇതനർത്ഥമാണ്) മത്തായി ശ്രദ്ധിച്ചിരിക്കുന്നതു്. യേശുവിൻെറ സമകാലീനരോ ഉത്ഥാനം ചെയ്ത നാഥനായി അവിടുത്തെ പ്രഘോഷിക്കയും ആരാധിക്കയും ചെയ്ത ആദിമസഭയോ കണ്ടപോലെയുള്ള യേശുവല്ല മത്തായിയുടെ സുവിശേഷത്തിൽ നാം കാണുന്നതു്. യോഹന്നാൻ ഒഴികെയുള്ള മററു സുവിശേഷകരെക്കാളും യേശുവിനെ

---

3. Although PROSKYNEIN (= to 'prostrate oneself before', 'do obeisance to') can in Hellensitic Greek describe a purely social gesture of reverence, it has always a religious connotation in the New Testament, even when, as in Acts 10,25 (which describes the PROSKYNESIS of Peter by Cornelius) it is used of the hommage paid to a man. In Matthew the word is particularly frequent (13 occurrences as aganist 2 each in Mark and Luke), always has Jesus as its object, and is used regularly in the strong sense of ,worship'–Cf. C. Maurer, art. "PROSKYNEO" in TDNT VI (1968) 78–65.

www.malankaralibrary.com

പുനരുത്ഥാനത്തിൻെറ വെളിച്ചത്തിൽ അവതരിപ്പിക്കുന്നതു് മത്തായിയാണു്. യേശുവിൻെറ വ്യക്തിത്വത്തിൻെറ മനഃശാസ്ത്രപരമായ തലങ്ങളല്ല, അവിടത്തെ വ്യക്തിത്വത്തിൻെറയും ദൗത്യത്തിൻെറയും ദൈവശാസ്ത്രപരമായ പ്രാധാന്യമാണു് അദ്ദേഹം അപഗ്രഥനവിഷയമാക്കുന്നതു്. ഏതുതരത്തിലുള്ള ആളായിരുന്നു യേശു എന്നതല്ല അദ്ദേഹത്തിൻെറ മുഖ്യപ്രശ്നം. അന്തിമവിശകലനത്തിൽ യേശു ആരാണു് എന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രധാന ചിന്താവിഷയം.

യേശുവിൻെറ ദൈവശാസ്ത്രപരമായ ഈ ചിത്രീകരണം സാധിക്കുന്നതിനു് മത്തായി സാഹിത്യപരവും ദൈവശാസ്ത്രപരവുമായ ഒട്ടേറെ ഉപാധികളെ അവലംബിക്കുന്നുണ്ടു്. യേശുവിൻെറ ജീവിതത്തിലെ സംഭവങ്ങൾ പഴയനിയമത്തിൻെറ പൂർത്തീകരണമാണെന്നു വ്യക്തമാക്കാൻ അദ്ദേഹം പഴയനിയമത്തിലെ ഉദ്ധരണികൾ സുലഭമായി ഉപയോഗിക്കുന്നു. പഴയനിയമചരിത്രത്തിലെ മോശ, ഇസ്രായേൽ തുടങ്ങിയ വ്യക്തികളെ യേശുവിൻെറ സജീവപ്രതീകങ്ങളായി ചിത്രീകരിച്ചുകൊണ്ടു് പുതിയ ദൈവജനവും യേശുവുമായുള്ള ബന്ധം അദ്ദേഹം വിശകലനം ചെയ്യുന്നു. മനുഷ്യപുത്രൻ, ദാവീദിൻെറ പുത്രൻ, ദൈവപുത്രൻ എന്നിങ്ങനെയുള്ള അഭിധാനങ്ങൾ ഉയിർത്തെണീററ നാഥനോടുള്ള ആദിമസഭയുടെ ദൈവശാസ്ത്രപരമായ ആഭിമുഖ്യം പ്രകടിപ്പിക്കാൻ പോരുന്നവയാണു്. ലോകരക്ഷകനായ മിശിഹായെ കേന്ദ്രീകരിച്ചുകൊണ്ടു് അത്ഭുതങ്ങളുടെ വിവരണങ്ങൾ മത്തായി പുനരാവിഷ്ക്കരിച്ചു അതേ രീതിയിൽത്തന്നെ യേശുവിൻെറ വാക്കുകളും വിശദീകരണങ്ങളും അദ്ദേഹം സംവിധാനം ചെയ്തു.

ഇവയെല്ലാം യേശുവിൻെറ വൈവിദ്ധ്യമാർന്ന ചിത്രമാണു് നമ്മുടെമുമ്പിൽ അവതരിപ്പിക്കുന്നതു്. അതുകൊണ്ടു് സുപ്രധാന ഘടകങ്ങൾ മററുള്ളവയിൽനിന്നു വേർതിരിക്കാൻ അത്ര എളുപ്പമല്ല. മത്തായിയുടെ സുവിശേഷത്തിൻെറ സ്വഭാവവിശേഷങ്ങൾ പലതും വിപുലവും സങ്കീർണ്ണവുമായ വിശദീകരണങ്ങളിൽ നഷ്ടപ്പെടാനും സാദ്ധ്യതയുണ്ടു്. സർവ്വസ്പർശിയായ ഈ ചിത്രീകരണത്തിൽ യേശുവിൻെറ രൂപരേഖ തെളിഞ്ഞുകാണണമെങ്കിൽ നമുക്കു് ഒരു പ്രത്യേകകാഴ്ചപ്പാടും ക്രാന്തദർശിത്വവും ആവശ്യമാണു്. അതോടൊപ്പം നമ്മുടെ ശ്രദ്ധ അർഹിക്കേണ്ട സുപ്രധാന ആശയങ്ങളെക്കുറിച്ചും നാം ബോധവാന്മാരായിരിക്കണം. മത്തായിയുടെ സുവിശേഷത്തിലെ യേശുദർശനം ഉൾക്കൊള്ളുന്ന പ്രസക്തഭാഗങ്ങളിൽ ഈ സുപ്രധാന ആശയങ്ങൾ കാണാം. ഈ സുവിശേഷഭാഗങ്ങളിൽ ഓരോന്നും മത്തായി വരച്ചുകാട്ടുന്ന യേശുവിൻെറ ചിത്രീ

www.malankaralibrary.com

കരണത്തിലെ ഓരോ ഘടകത്തെ പ്രകാശിപ്പിക്കുന്നു. ഇത്തരം സുവിശേഷഭാഗങ്ങളിൽ ഏററം പ്രധാനപ്പെട്ടതു് ഒരുപക്ഷേ അവസാനത്തെ നാടകീയമായ ഉപസംഹാരമായിരിക്കാം (28:16–20). സുവിശേഷത്തിലെ പ്രധാന പ്രതിപാദ്യങ്ങളുടെയെല്ലാം ദൈവശാസ്ത്രപരവും സമഗ്രവുമായ ഒരുദ്ഗ്രഥനമാണു് ഈ ഭാഗം. ഈ സുവിശേഷഭാഗംകൊണ്ടു് നമുക്കു് വിശകലനം ആരംഭിക്കാം.

## I. എല്ലാ ജനപദങ്ങളേയും ശിഷ്യപ്പെടുത്തുന്ന കർത്താവു് (മത്താ. 28:16–20)

വാക്യം 16–അപ്പോൾ പതിനൊന്നു ശിഷ്യന്മാരും യേശുവിൻെറ നിർദ്ദേശാനുസരണം ഗലീലിയിലുള്ള മലയിലെത്തി. 17–ചിലർ സംശയാലുക്കളായിരുന്നെങ്കിലും, ശിഷ്യന്മാർ അവിടത്തെ കണ്ടയുടനെ അവിടത്തെ ആരാധിച്ചു. 18-യേശു അവരെ സമീപിച്ചു് അരുൾചെയ്തു: ''സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. 19–ആകയാൽ നിങ്ങൾ പോയി സകല ജനതകളേയും പഠിപ്പിക്കയും പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ. 20–ഞാൻ ആജ്ഞാപിച്ചിട്ടുള്ളവയെല്ലാം അനുഷ്ഠിക്കാൻ അവരെ അഭ്യസിപ്പിക്കുവിൻ. ഇതാ, ലോകാവസാനം വരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും.''

മത്തായിയുടെ സുവിശേഷത്തിൻെറ അന്ത:സത്ത മുഴുവൻ 28–ാം അദ്ധ്യായം 16–20 വാക്യങ്ങളിലുണ്ടെന്നാണു് വ്യാഖ്യാതാക്കളുടെ അഭിപ്രായം. ഈ വാക്യങ്ങളിലൂടെ യേശുവിൻെറ വ്യക്തിത്വവും ദൗത്യവും സമഗ്രമായി ആവിഷ്ക്കരിച്ചിട്ടുണ്ടു്. ഈ വാക്യങ്ങളുടെ വെളിച്ചത്തിൽവേണം സുവിശേഷം മുഴുവൻ വായിക്കാൻ[4]. പുനരുത്ഥാനം ചെയ്ത ക്രിസ്തു ഗലീലിയിലുള്ള ഒരു മലയിൽവച്ചു് പതിനൊന്നു ശിഷ്യന്മാൎക്കു പ്രത്യക്ഷപ്പെടുന്നതായി വിവരിക്കുന്നുണ്ടു് (28:16). പുനരുത്ഥാനശേഷ

---

4. On Mt 28,16–20 cf. B. J. Malina, "The Literary Structure and Form of Matt. xxviii. 16–20", NEW TESTAMENT STUDIES 17 (1970/71) 87–103; W. Trilling, DAS WAHRE ISRAEL (Munich: Koesel Verlag [3]1964) 21–51; A. Voegtle, "Das christologische und ekklesiologische Anliegen von Mt 28,18–20", STUDIA EVANGELICA II (Berlin 1964) 266–94.

www.malankaralibrary.com

മുള്ള പ്രസ്തുത പ്രത്യക്ഷപ്പെടലിന്റെ വിവരണം എന്ന രീതിയിലാണ് യേശുവിന്റെ ആവിഷ്ക്കരണം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാധാരണഗതിയിലുള്ള ഒരു പ്രത്യക്ഷപ്പെടലല്ല ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ലൂക്കായും യോഹന്നാനും (ലൂക്കാ. 24:1_49; യോഹ. 20:1_21, 25) നൽകുന്ന വിവരണരീതികളിൽനിന്ന് ഇത് വ്യത്യസ്തമാണ്. ക്രിസ്തുവിന്റെ ശാരീരികമായ ഉത്ഥാനത്തിന് മത്തായി അമിതപ്രാധാന്യം കല്പിക്കുന്നില്ല. അതിവർണ്ണനയോ അതിശയോക്തിയോ കൂടാതെ വസ്തുത മാത്രമേ മത്തായി നൽകുന്നുള്ളു. അസാധാരണമായ യാതൊരു പശ്ചാത്തലചിത്രീകരണവും കൂടാതെ ഒരു കൊച്ചുവാചകത്തിൽ ഒരു സാധാരണസംഭവമെന്ന നിലയിലാണ് പുനരുത്ഥാനം ചെയ്ത ക്രിസ്തുവുമായുള്ള കൂടിക്കാഴ്ച മത്തായി വിവരിക്കുന്നത്. ആകസ്മികമായ പ്രത്യക്ഷങ്ങളോ അപ്രത്യക്ഷങ്ങളോ മത്തായിയുടെ സുവിശേഷത്തിലില്ല. അടച്ചിട്ടിരിക്കുന്ന വാതിലുകളിലൂടെയുള്ള പ്രവേശനവും അവിടില്ല. ശാരീരികമായ പുനരുത്ഥാനത്തിന്റെ വസ്തുനിഷ്ഠത തെളിയിക്കാൻ അവിടത്തെ കൈകാലുകളിൽ സ്പർശിക്കുന്നതും നമുക്കവിടെ കാണാനാവില്ല. പരസ്യജീവിതകാലത്തു വന്നിരുന്നതുപോലെതന്നെ ശിഷ്യന്മാരുടെ അടുക്കലേക്കു ക്രിസ്തു വരുന്നു. അക്കാലത്ത് അനുഭവപ്പെട്ട ഭക്തിയുടേയും വിഭക്തിയുടേയും ആദരവിന്റേയും അനാദരവിന്റേയും അതേ അനുഭവങ്ങൾതന്നെ പുനരുത്ഥാനശേഷവും അനുഭവപ്പെടുന്നു (14:22_33).

ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രത്യക്ഷപ്പെടലിനേക്കാൾ (28:16f) അവിടുന്നു നൽകുന്ന സന്ദേശത്തിന് (28:18_20) മത്തായി പ്രാധാന്യം നൽകുന്നു. ദാനി. 7:14_ൽ കാണുന്ന മനുഷ്യപുത്രന്റെ ശക്തിയിലും മഹത്വത്തിലുമുള്ള സ്ഥാനാരോഹണത്തിലേയ്ക്കു ഈ സന്ദേശം വിരൽ ചൂണ്ടുന്നു. ക്രിസ്തുവിന്റെ ഈ സന്ദേശം ഒരു വെളിപാടും (വാക്യം 18) ഒരു കല്പനയും (വാ. 19) ഒരു വാഗ്ദാനവും (വാ. 20b) ഉൾക്കൊള്ളുന്നു. സാർവ്വത്രികതയെ സൂചിപ്പിക്കുന്ന ''എല്ലാ''യെന്നുള്ള പ്രയോഗത്താൽ ഓരോന്നും ഊന്നിപ്പറഞ്ഞിട്ട് ക്രിസ്തു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വഅധികാരവും, അവകാശപ്പെടുകയും സർവ്വജനപദങ്ങളേയും ശിഷ്യപ്പെടുത്തുവാൻ താൻെറ നിരന്തരസാന്നിദ്ധ്യം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. അങ്ങനെ ശിഷ്യന്മാരെ ധൈര്യപ്പെടുത്തി ലോകത്തിലേയ്ക്കു അയയ്ക്കുന്ന ഉത്ഥിതനായകർത്താവിന്റെ ശക്തമായ ഒരു പ്രകടനപത്രികയാണ് ഈ സുവിശേഷഭാഗം

യേശുവിനെ ഔന്നത്യത്തിൽ അവരോധിക്കുന്നഒരു ചിത്രീകരണമാണ് ഇവിടെ നാം കാണുന്നത്. സമാനരീതി

www.malankaralibrary.com

യിലുള്ള പ്രസ്താവനകളും—നാലു പ്രാവശ്യം ആവർത്തിക്കുന്ന ''എല്ലാ''യെന്നുള്ള പ്രയോഗം ശ്രദ്ധിക്കുക—അനന്തതയിലേക്കുള്ള അവയുടെ ആഭിമുഖ്യങ്ങളും എടുത്തുപറയത്തക്കതാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരവുംകൊണ്ട് അലംകൃതനായ യേശു ദാനിയേലിന്റെ മനുഷ്യപുത്രനെ അതിശയിക്കുന്നു. ദാനിയേൽ അവതരിപ്പിക്കുന്ന മനുഷ്യപുത്രന്റെ അധികാരസീമ ഭൂമിയിലെ സർവ്വ രാജ്യങ്ങൾകൊണ്ടവസാനിക്കുന്നു (ദാനി. 7:14). ക്രിസ്തുവിന്റെ അധികാരം ഭൂമിയിലുള്ള സാമ്രാജ്യങ്ങളുടെമേൽ ആധിപത്യം പുലർത്തുന്നതിലും മഹിമപ്രതാപങ്ങളോടെ വിരാജിക്കുന്നതിലുമല്ല അടങ്ങിയിരിക്കുന്നത് (4:8). ''ശിഷ്യപ്പെടുത്തുന്ന''തിലാണ് ഈ അധികാരവിനിയോഗം നടക്കുന്നത്. നടപടിപ്പുസ്തകത്തിൽ ഒരു പ്രാവശ്യം കാണുന്നതൊഴിച്ചാൽ (നട. 14:21) മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ ശിഷ്യപ്പെടുത്തുക എന്ന പ്രയോഗം വരുന്നുള്ളു (13:52; 27:53; 28;19) അപ്പോൾ തന്നോടു അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്ന ശിഷ്യന്മാരുടെ കർത്താവാണ് യേശു അതുകൊണ്ട് പിശാചുക്കളുടേയും രോഗങ്ങളുടേയും (10:1=9:35) മേൽ അധികാരം ലഭിച്ച ശിഷ്യന്മാർ അവിടുത്തെ പീഡാസഹനത്തിലും (10:25) മഹത്വത്തിലും 19:28) പങ്കുകാരാവും.

മത്തായിയുടെ വീക്ഷണത്തിൽ ക്രിസ്തീയ അസ്തിത്വം എന്നു പറഞ്ഞാൽ ഉത്ഥിതനായ ക്രിസ്തുവിന്റെ ശിഷ്യരാകുക എന്നതാണ്. ഈ ശിഷ്യത്വം യഹൂദപാരമ്പര്യമനുസരിച്ചോ ഹൈന്ദവരീതിയനുസരിച്ചോ ഉള്ള ശിഷ്യത്വമല്ല. അവിടെയൊക്കെ ഓരോരുത്തരും അംഗീകരിക്കപ്പെട്ട ഒരു റബ്ബിയിൽനിന്നോ ഗുരുവിൽനിന്നോ വിദ്യ അഭ്യസിക്കയും കാലക്രമത്തിൽ ഒരു റബ്ബിയോ ഗുരുവോ ആയിത്തീരുകയും ചെയ്യുന്നു. ക്രിസ്തീയവീക്ഷണത്തിൽ ശിഷ്യനെന്നു പറഞ്ഞാൽ യേശുവിന്റെ വ്യക്തിത്വത്തോട് ഗാഢവും സുസ്ഥിരവുമായി ബന്ധിക്കപ്പെട്ടവൻ എന്നാണർത്ഥം. യേശുവിന്റെ വിളിക്കു നൽകുന്ന നിരുപാധികവും സത്വരവുമായ മറുപടിയാണ് ഈ ശിഷ്യത്വത്തിന്റെ അടിസ്ഥാനം (4:18–20). മത്താ. 28:18–20 വാക്യങ്ങൾ ക്രിസ്തീയ ശിഷ്യത്വത്തിന്റെ സ്വഭാവം വ്യക്തമായി വിവരിക്കുന്നു. ഉത്ഥിതനായ ക്രിസ്തുവിനോടു വിശ്വാസം മൂലമുള്ള അഭേദ്യമായ ബന്ധമാണ് ഇവിടെ നാം കാണുക. ക്രൈസ്തവസമർപ്പണത്തിന്റെ ക്കൂദാശയായ മാമോദീസായിൽ ഇതു പ്രകടമാണ്. (പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമോദീസാ നൽകുക'' എന്ന ക്രിസ്തുവിന്റെ നിർദ്ദേശം സ്മരിക്കുക). വീണ്ടും, ജീവി

www.malankaralibrary.com

തകാലം മുഴുവനും ക്രിസ്തുവിന്റെ പ്രബോധനങ്ങൾ അനുസരിക്കുക എന്നതും (''ഞാൻ കല്പിച്ചതൊക്കെ അനുസരിക്കുവാൻ അവരെ പഠിപ്പിച്ചുകൊണ്ടു'') ഈ ശിഷ്യത്വത്തിന്റെ ആവശ്യഘടകമാണ്. കാരണം, യേശുവിന്റെ പ്രബോധനങ്ങൾ ദൈവഹിതം ആധികാരികമായി വ്യക്തമാക്കുന്നവയാണ്. യേശുവിന്റെ ശിഷ്യൻ, അവിടുന്നു കല്പിച്ചതൊക്കെ അനുസരിക്കുന്നവനാണ് (28:20) എന്നു മത്തായി പറയുമ്പോൾ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനാണ് അവൻ (12;46) എന്നുതന്നെയാണ് മത്തായിയുടെ വിവക്ഷ[5].

നീതിയുടെ പ്രബോധകൻ

പിശാചുക്കളെ ബഹിഷ്കരിക്കുന്നതിനും രോഗികളെ സുഖപ്പെടുത്തുന്നതിനും (10:1) പാപങ്ങൾ മോചിക്കുന്നതിനും (7:29) യേശുവിനു അധികാരമുണ്ടെങ്കിലും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള അധികാരം ഏററം വ്യക്തമായി കാണുന്നതു് അവിടുത്തെ ആധികാരികമായ അദ്ധ്യാപനത്തിലാണ് (7:29). ഈ അധികാരമുപയോഗിച്ച് നിയമത്തേയും പ്രവാചകന്മാരേയും അവിടുന്ന് വ്യാഖ്യാനിക്കുകയും അവയുൾക്കൊള്ളുന്ന മൗലിക ദൈവഹിതം വ്യക്തമാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് മത്തായി സുവിശേഷകൻ അഞ്ചുപ്രത്യേക പ്രതിപാദനങ്ങളിലായി (മത്താ. 5–7; 10; 13; 16; 24–25) യേശുവിന്റെ പഠനങ്ങൾ മുഴുവൻ വിശദമായി അവതരിപ്പിക്കുന്നതു്. ഓരോ പ്രതിപാദനത്തിനുശേഷവും വരുന്ന സമാനരൂപത്തിലുള്ള ഉപസംഹാരം (യേശു ഇവയെല്ലാം പഠിപ്പിച്ചു കഴിഞ്ഞപ്പോൾ....7, 28;11:1;13:53;19:1;26:1) ഇതിന്റെ പ്രാമാണികത എടുത്തു കാണിക്കുന്നു. അങ്ങനെ മത്തായിയുടെ സുവിശേഷത്തിൽ ക്രിസ്തു പ്രഥമവും പ്രധാനവുമായി ഒരദ്ധ്യാപകനായി (മർക്കോ

---

5. Note how carefully Matthew has edited the Pronouncement Story about the true relatives of Jesus (Mt 12: 46–50 = MK 3·31–35) to make it a lesson on discipleship Mark's "those who sat about him" becomes explicitly "his disciples" in Matthew. And the saying about doing God's will is not, as in Mark (3,35), a loosely appended afterthought, but is causally connected to what precedes: "FOR whoever does the will of my FATHER in heaven is my brother, and sister, and mother." It is the disciples of Jesus, then, who are his true relatives, and they are so because they do the will of God, his Father.

www.malankaralibrary.com

സിന്റെ സുവിശേഷത്തിലേതുപോലെ സന്ദേശവാഹകനല്ല)[6] പ്രത്യക്ഷപ്പെടുന്നു. ഈ ദൈവികാദ്ധ്യാപകൻ രക്ഷിക്കപ്പെട്ട ജനതയായ നാം സഞ്ചരിക്കേണ്ട മാർഗ്ഗം കാണിച്ചു തരികയും തന്റെ മാതൃകവഴി നമ്മെ അതിലൂടെ നയിക്കുകയും ചെയ്യുന്നു[7].

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ അത്ഭുതങ്ങൾപോലും പഠനോപാധികളാണ്, പ്രായോഗിക പാഠങ്ങളാണ്. മർക്കോസിന്റെ പ്രതിപാദനങ്ങളിൽ ദൈവപുത്രന്റെ അധികാരത്തിന്റെയോ മഹത്വത്തിന്റെയോ ശക്തമായ പ്രകടനമാണ് അത്ഭുതങ്ങൾ. എന്നാൽ മത്തായി അവയെ യേശുവിനെയും സഭയെയും സംബന്ധിക്കുന്ന പഠനങ്ങളുടെ ചാലുകളാക്കി മാററി[8]. അങ്ങനെ, കൊടുങ്കാററു ശാന്തമായ അത്ഭുതം (18:18–27) ക്രിസ്ത്വാ'നുകരണം' സംബന്ധിക്കുന്ന (8:19–22) രണ്ടു വാക്യങ്ങൾകൂടി ചേർത്ത് ആകെപ്പാടെ ഒന്നു പുന:സംവിധാനം ചെയ്തപ്പോൾ ശിഷ്യത്വം സംബന്ധിച്ച ഒരു പാഠമായി മാറി. ആഞ്ഞടിക്കുന്ന കൊടുങ്കാററും അലറുന്ന അലമാലകളും കണ്ടു് ഭയാകുലമായ ശിഷ്യസമൂഹം (മർദ്ദിതസഭ) അവരുടെ നിതാന്ത സഹചാരിയായ നാഥനിൽ പൂർണ്ണമായി പ്രത്യാശ അർപ്പിക്കുന്നു. കാരണം, കടലിന്റെമേലും മേധാവിത്വം പുലർത്തുന്ന ക്രിസ്തുവിനെ ഈ പ്രക്ഷുബ്ധാന്തരീക്ഷത്തിൽ അവർ മനസ്സിലാക്കി. മനുഷ്യജീവനെ അപായപ്പെടുത്തുന്ന തിന്മയുടേയും നാശത്തിന്റേയും പൈശാചികശക്തികൾ അധിവസിക്കുന്ന സ്ഥലമാണ് കടൽ എന്നായിരുന്നു യഹൂദന്മാരുടെ പാരമ്പര്യവിശ്വാസം (ഏശ 51:96; സങ്കീർത്തനം 74;13 6;

6. So the Jesus of Paolo Pasoline's film, "The Gospel of Saint Matthew", who hurries up and down Galilee proclaiming with importunate urgency the imminence of the Kingdom, is really the Jesus of Mark. Cf. L. Legrand GOOD NEWS AND WITNESS (Bangalore: TPI 1973) 3.

7. Cf. G. Strecker, Der Weg der Gerechigkeit (Goettingn: Vandenhoeck und Ruprecht 1966) 186. This, in fact, is the basic Chiristological thesis of this standard work on Matthew's thelogy, significantly entitled "The Way of Righteousness."

8. Cf. H. J. Held, "Matthew as Interpreter of the Miracle Stories", in G. Bornkamm, G. Barth and H. J. Held, Tradition and Interpretation in Matthew (London. SCM Press 1963) 165-300.

www.malankaralibrary.com

വെളി 21:1)[9]. ശതാധിപന്റെ കുട്ടിയെ സൗഖ്യമാക്കിയ സംഭവം (8:5-13) യേശുവിന്റെ സ്വന്തവും സ്വതന്ത്രവുമായ ഒരു വാക്യം ചേർത്തു കഴിയുമ്പോൾ (മത്താ 8:11 f = ലൂക്കാ 13:28f) രക്ഷാകരചരിത്രത്തിലെ ഒരു സുപ്രധാന ഘടകമായി മാറുന്നു. ഇസ്രായേൽ നിരസിച്ചുകളഞ്ഞ സ്വർഗ്ഗരാജ്യം സ്വായത്തമാക്കാൻ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വരുന്ന എല്ലാവർക്കും ശതാധിപന്റെ വിശ്വാസം ഒരു മാതൃകയാണ്. അഞ്ചപ്പം കൊണ്ട് അയ്യായിരംപേരെ സംതൃപ്തരാക്കുന്ന സംഭവം (14:13-21) കുർബ്ബാനയുടെ ഒരു മുന്നനുഭവവും പ്രതീകവുമായിട്ടാണ് (14:19 = 26:26 തമ്മിൽ താരതമ്യപ്പെടുത്തുക) മത്തായി അവതരിപ്പിക്കുന്നത്. ഈ സംഭവത്തിലൂടെ ബലിയർപ്പണത്തിൽ കാർമ്മികനുള്ള സ്ഥാനം (യേശു അപ്പക്കഷണങ്ങൾ ശിഷ്യന്മാർക്ക് നൽകുന്നു; ശിഷ്യന്മാർ ജനങ്ങൾക്കുനൽകുകയുംചെയ്യുന്നു—14:20) അദ്ദേഹം പ്രത്യേക വിധത്തിൽ എടുത്തു കാണിക്കുന്നു[10]. എല്ലായിടത്തും യേശു, വാക്കുകളിലൂടെ എന്നപോലെ തന്നെ പ്രവൃത്തികളിലൂടെയും പഠിപ്പിക്കുന്നു.

മത്തായിയെ സംബന്ധിച്ചിടത്തോളം അവതരിച്ച വചനമായ യേശുവിന്റെ വാക്കുകൾ യഥാർത്ഥത്തിൽ പ്രവൃത്തികൾ തന്നെയാണ്. അതുപോലെ അവിടുത്തെ പ്രവൃത്തികൾ വാക്കുകളുമാണ് എന്നു പറയാനാവും. ക്രിസ്തുവിന്റെ വാക്കുകൾ പൊള്ളയായ വാക്കുകളല്ല. അവിടുത്തെ വാക്കുകൾ (നാം കാണാൻ പോകുന്നതുപോലെ) മനുഷ്യരക്ഷ സാധിക്കുവാൻ പോരുന്നതാണ്. അതുകൊണ്ടാണ് മർക്കോസിന്റെ സുവിശേഷത്തിൽ അങ്ങുമിങ്ങും ചിതറിക്കിടക്കുന്ന അത്ഭുതസംഭവങ്ങളെല്ലാം മത്തായി സമാഹരിച്ച് പത്ത് അത്ഭുതങ്ങളുടെ ഒരു പരമ്പര (മത്താ. 8-9) രൂപീകരിക്കുന്നത്. ഈ ഭാഗം മലയി

---

9. Cf. G. Bornkamm, "The Stilling of the Storm in Matthew" Bornkamm, Barth and Held, op. cit. (see n. 8) 52-57.

10. On the significance of this piece of Matthean editing and on, the structure of the Miracle Cylele of Mt 8-9 a masterpiece of theologically significant composition —cf. W. G. Thompson, "Refiections on Composition of Mt 8,1-9,34." Catholic Biblical Quarterly 33 (1971) 365-88; and Held, op. cit. (see n. 8) 264-53. A different view of Matthew's intent in joining the Miracle Cycle to the Sermon on the Mount-the unit is not meant to be an exposition of the words (5-7) and works (8-9) of the Messiah, but an illustration of the Teaching (5-7) and Proclamation (8-9) of Jesus is defended in C. Burger, "Jesu Taten nach Matthaeus 8 und 9" zietschrift fuer Theologie und Kirche 70 (1973) 272-87.

www.malankaralibrary.com

ലെ പ്രസംഗത്തിനു (മത്താ 5–7) ശേഷം അദ്ദേഹം അവതരിപ്പിക്കുന്നു. രണ്ടു വിഭാഗങ്ങൾക്കും സമാനരീതിയിലുള്ള അവയുടെ സംഗ്രഹങ്ങൾകൊണ്ടു് (മത്താ 4:23=9:35) ഒരു ഐക്യരൂപം വരുത്തിയിട്ടുണ്ടു്[11]. അങ്ങനെ യേശുവിന്റെ വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള അഭേദ്യമായ ബന്ധം മത്തായി ഊന്നിപ്പറയുന്നുണ്ടു്. ദൈവം മനുഷ്യനു നിർണ്ണായകമായി ദാനംചെയ്യുന്ന രക്ഷ ലോകത്തിനു അഭിഗമ്യമാക്കിത്തീർക്കുന്നതു യേശുവാണു് എന്നു് അവിടുത്തെ വാക്കുകളും പ്രവൃത്തികളും വ്യക്തമാക്കുന്നു.

പാപവിമോചകൻ

യേശു ദൈവരാജ്യത്തിലേക്കുള്ള വഴികാട്ടിയാണു്. ദൈവരാജ്യത്തിന്റെ ആഗമനം (ദൈവത്തിന്റെ അനിഷേധ്യമായ രക്ഷാകരപ്രവർത്തനം) അവിടുന്നു വിളിച്ചറിയിക്കുന്നു. ദൈവരാജ്യത്തിന്റെ ആഗമനം അവശ്യപ്പെടുന്ന മാനസാന്തരത്തിലേക്കു് അവിടുന്നു മനുഷ്യരെ വിളിക്കുന്നു. (സമ്പൂർണ്ണമനുഷ്യന്റെ ദൈവത്തിലേക്കുള്ള സമ്പൂർണ്ണമായ പ്രത്യാഗമനം): "നിങ്ങൾ പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവിൻ. എന്തെന്നാൽ സ്വർഗ്ഗരാജ്യം സമാഗതമായിരിക്കുന്നു" (4:17). യേശുവിന്റെ ഓരോ പഠനവും യഥാർത്ഥത്തിൽ ദൈവരാജ്യത്തിന്റെ രഹസ്യം അനാവരണം ചെയ്യുകയാണു് (മത്തായി 13–ലെ ഉപമകളും മത്താ. 24–25–ലെ യുഗ ന്ത്യോന്മുഖതയെ സംബന്ധിക്കുന്ന ഭാഗങ്ങളും ഉദാഹരണത്തിനു്), ദൈവരാജ്യത്തിന്റെ സ്വീകരണം (മാനസാന്തരം) ഉൾക്കൊള്ളുന്ന ജീവിതരീതി നമ്മെ ധരിപ്പിക്കുകയാണു് (ഉദാ. മലയിലെ പ്രസംഗം മത്താ. 5–7, മിഷനറി ദൗത്യം മത്താ. 10, സമൂഹജീവിത വ്യാഖ്യാനം മത്താ. 18). യേശുവിന്റെ അത്ഭുതങ്ങളെല്ലാം ദൈവരാജ്യത്തിന്റെ അടയാളങ്ങളാണു്. കാരണം യേശുതന്നെ തന്റെ രോഗശാന്തിയുടെ അത്ഭുതങ്ങളെ, ഏശ 35:5–6 വാക്യങ്ങൾ സൂചിപ്പിച്ചുകൊണ്ടു് വ്യാഖ്യാനിക്കുന്നു. രക്ഷയുടെ 'അവസാനദിവസങ്ങളുടെ' പ്രവാചകൻ മുൻകൂട്ടി കാണുന്നതാണു് പ്രസ്തുത വചനം. സാത്താന്റെ ആധിപത്യം അവസാനിച്ചു എന്നും ദൈവരാജ്യം സമാഗതമായെന്നുമുള്ളതിന്റെ അനിഷേധ്യമായ അടയാളങ്ങളാണു് യേശുവിന്റെ പിശാചുബഹിഷ്ക്കരണങ്ങളെല്ലാം (12:28f).

ദൈവരാജ്യം സമാഗതമായി എന്നു പറഞ്ഞാൽ പാപവിമോചനം സാദ്ധ്യമായിരിക്കുന്നു എന്നാണു്. മത്തായിയുടെ

11. Cf. R. H. Fuller, interpreting the Miracles (London: SCM Press 1963) 39-42.

www.malankaralibrary.com

സുവിശേഷത്തിന്റെ ഒരു സുപ്രധാന ഘടകം ഇതാണ്. ഭൂമിയിൽ പാപങ്ങൾ മോചിക്കുവാൻ യേശുവിനു് അധികാരമുണ്ടെന്നു് (മർക്കോസിന്റെ സുവിശേഷത്തിലേതുപോലെ) കാണിക്കുക മാത്രമല്ല (മത്താ. 9:6 = മർക്കോ. 2:10) "തന്റെ ജനത്തെ പാപങ്ങളിൽനിന്നു രക്ഷിക്കുവാൻ" (1:21) ജനനം മുതല്ക്കേ താൻ നിയുക്തനാണെന്നു് (മത്തായി മാത്രമേ ഇതെടുത്തു പറയുന്നുള്ളു) വ്യക്തമാക്കുകകൂടി ചെയ്യുന്നുണ്ടു്. കൂടാതെ അന്ത്യ അത്താഴത്തിൽ തന്റെ മരണത്തിന്റെ കൗദാശികമായ മുന്നനുഷ്ഠാനത്തിലൂടെ പ്രതീകാത്മകമായി രക്തം ചിന്തിയതും പാപങ്ങളുടെ പരിഹാരത്തിനു വേണ്ടിയായിരുന്നു (26:28) എന്നു് യേശു വളരെ വ്യക്തമായി സ്ഥാപിച്ചു (ഇതും മത്തായിയുടെ സുവിശേഷത്തിൽ മാത്രം). മത്തായിയുടെ വീക്ഷണത്തിൽ പാപങ്ങളുടെ മോചനം യേശുവിന്റെ മാത്രം അവകാശമായിരുന്നു. മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ സ്നാപകയോഹന്നാൻ "പാപങ്ങളുടെ മോചനത്തിനുള്ള അനുതാപത്തിന്റെ മാമ്മോദീസയും പ്രസംഗിച്ചുകൊണ്ടാണു് കടന്നു വന്നതു്. (മർക്കോ. 1:4 = ലൂക്കാ. 1:3). എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ സ്നാപകയോഹന്നാൻ യേശു ഉപയോഗിക്കാനിരുന്ന വാക്കുകളിൽത്തന്നെ അനുതാപവും സ്വർഗ്ഗരാജ്യത്തിന്റെ ആഗമനവും പ്രഘോഷിക്കുക മാത്രമേ ചെയ്യുന്നുള്ളു (3:2 = 4:17). പാപങ്ങൾ മോചിക്കുവാനുള്ള അധികാരം യേശുവിനു മാത്രമുള്ളതാണു്.

ദൈവം നമ്മോടുകൂടെ

മനുഷ്യരക്ഷയും പാപവിമോചനവും സാധിക്കുന്ന സുവിശേഷപ്രഘോഷണവും ('അവരെജ്ഞാനസ്നാനപ്പെടുത്തുകയും') രക്ഷിക്കപ്പെട്ട ജനം അനുവർത്തിക്കേണ്ട ജീവിതത്തെക്കുറിച്ചുള്ള ഉപദേശങ്ങളും ("പഠിപ്പിക്കുക"യും) സുവിശേഷത്തിലുണ്ടു്. ഈ സുവിശേഷസന്ദേശം ലോകത്തിനു മുഴുവൻ നൽകുക യേശുവിന്റെ അനുയായികളുടെ പ്രഥമകടമയാണു്. നമ്മുടെ കർത്താവു് അബ്രാഹത്തിന്റെ പുത്രനാകുന്നു' (1:1). കാരണം അബ്രാഹത്തിലൂടെയാണു് സമസ്ത ജനപദങ്ങളും ദൈവത്താൽ അനുഗ്രഹിപ്പെട്ടതു് (ഉല്പത്തി 12:3). ക്രിസ്ത്വാനുയായികളുടെ ഈ ദൗത്യനിർവ്വഹണത്തിൽ അവർ അനാഥരല്ല. "ലോകാവസാനം വരെ എല്ലാ ദിവസങ്ങളിലും" (28:20) കർത്താവു് അവരോടുകൂടിയുണ്ടായിരിക്കും, മഹത്വത്തോടുകൂടി കർത്താവു് ലോകത്തെ വിധിക്കാൻ വരുകയും (25:31; 26:64) അങ്ങനെ ചരിത്രത്തെ സമാപ്തിയിലെത്തിക്കുകയും ചെയ്യുന്നതുവരെ അവിടുത്തെ മഹനീയസാന്നിദ്ധ്യം സ്വന്തജനത്തോടുകൂടിയുണ്ടായിരിക്കും. അവിടുത്തെ സാന്നിദ്ധ്യം ആരാധനാനുഷ്ഠാന

www.malankaralibrary.com

ങ്ങളിലോ മത്തായി 18:20-ൽ പറയുന്നതുപോലെ ഒരു നിശ്ചിതസ്ഥലത്തോ ഒതുങ്ങി നിൽക്കുന്നതല്ല. ഒരു പ്രത്യേക സ്ഥലത്തെ കേന്ദ്രീകരിച്ചുള്ള ദൈവസാന്നിദ്ധ്യം പഴയനിയമത്തെ അനുസ്മരിപ്പിക്കുന്നു. പഴയനിയമത്തിൽ ദൈവത്തിന്റെ മഹത്വവും നാമവും ഒരു പ്രത്യേക പരിശുദ്ധസ്ഥലത്ത് അധിവസിച്ചിരുന്നതായി വിശ്വസിച്ചിരുന്നു (ആരാധനാക്രമത്തിൽ സാധാരണ കാണുന്ന പ്രയോഗമിതാണ്, ''നിങ്ങളുടെ ദൈവമായ കർത്താവ് തന്റെനാമം അധിവസിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത സ്ഥലം'' — ആവ 12:11;14:23:16:6,11: 26:2) ദൈവം തന്റെ ജനത്തിനു് വിശിഷ്യ, പ്രത്യേകമായ ദൗത്യനിർവഹണത്തിനു് വിളിക്കപ്പെട്ടവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന സാന്നിദ്ധ്യം സജീവമാണ്; നിരന്തരം അവരെ സംരക്ഷിക്കുന്ന ഒന്നാണ്. (പ്രത്യേക സിദ്ധികളും വരങ്ങളും ലഭിച്ചിരുന്ന ഇസ്രായേലിന്റെ നേതാക്കന്മാരെ വിളിച്ചപ്പോഴും ഈ സാന്നിദ്ധ്യവാഗ്ദാനം നൽകുന്നതായി കാണാം—പുറപ്പാടു് 3:22; ജോഷ്വാ 1:5; ന്യായ 6:16; ജാമിയാ 1:3).[12]

''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വഅധികാരവും യേശുവിനു നൽകപ്പെട്ടിരിക്കുന്ന''തുകൊണ്ടു് അവിടുത്തെ സംരക്ഷണയുടെ ഈ സാന്നിദ്ധ്യം എല്ലായിടത്തും (''എല്ലാ ജനതകളിലും'') എല്ലായ്പ്പോഴും (''എല്ലാ ദിവസവും'') ദൈവത്തിന്റെ സജീവസാന്നിദ്ധ്യംതന്നെയാണ്. ''ഞാൻ നിങ്ങളോടു'' കൂടിയുണ്ടായിരിക്കും'' (മത്താ. 28:20) എന്ന വാഗ്ദാനവും ''ദൈവം നമ്മോടുകൂടെ'' (മത്താ. 1:23) എന്ന വാക്കുകളും പരസ്പരം ബന്ധപ്പെട്ടവയാണ്. ഈ ദൈവസാന്നിദ്ധ്യം മത്തായിയുടെ സുവിശേഷത്തിൽ ആദ്യന്തം പ്രതിഫലിക്കുകയും യേശുവിലൂടെയുള്ള ദൈവസാന്നിദ്ധ്യത്തിന്റെ ഒരു ഗ്രന്ഥമായി സുവിശേഷത്തെ ചിത്രീകരിക്കുകയും ചെയ്യുന്നു. ഈ സാന്നിദ്ധ്യത്തിന്റെ അടിസ്ഥാനകാരണങ്ങൾ യേശുവിന്റെ വ്യക്തിത്വത്തിൽത്തന്നെ കാണാനാവും. ഈശോ എന്നു പറഞ്ഞാൽ ''ദൈവം നമ്മോടുകൂടെ'' എന്നാണു് അർത്ഥമാകുന്നതു്. അവിടുന്നു ദൈവസാന്നിദ്ധ്യം മനുഷ്യരിലേക്കു സംവഹിക്കുന്നു. കാരണം വി. മത്തായി വിവക്ഷിക്കുന്നതുപോലെ അവിടുന്നു ദൈവപുത്രനാണ്.

## II സജീവദൈവത്തിന്റെ പുത്രൻ (മത്താ: 16:16-17)

16-ശെമയോൻ പത്രോസ് മറുപടി പറഞ്ഞു: ''അങ്ങു മിശിഹായാകുന്നു; സജീവദൈവത്തിന്റെ പുത്രനായ മിശി

12. Trilling. op. cit. (see n. 4) 40-43.

www.malankaralibrary.com

ഹാ''. 17—ഈശോ അദ്ദേഹത്തോടരുളിച്ചെയ്തു: ''യോനായുടെ പുത്രനായ ശെമയോനേ, നീ അനുഗ്രഹീതനാകുന്നു. മാംസവും രക്തവുമല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവത്രേ ഇതു നിനക്കു് വെളിപ്പെടുത്തിയതു്''.

യേശുവിനു് ഏററം കൂടുതൽ അഭിധാനങ്ങൾ കാണുന്നതു് മത്തായിയുടെ സുവിശേഷത്തിലാണു്. നസ്രത്തിൽ നിന്നുള്ളവൻ (1:23), കർത്താവു് (8:2; 9:28; 15:25), മിശിഹാ (11:2;16:16), നസ്രത്തിൽനിന്നുള്ള പ്രവാചകൻ (21:11), ദാവീദിന്റെ പുത്രൻ (9:27;15:22;21:9), മനുഷ്യപുത്രൻ (8:20; 9:6; 19:23), ദൈവപുത്രൻ (4:3; 14:33; 16:16), എന്നിങ്ങനെ വളരെയധികം പേരുകളിൽ യേശു അറിയപ്പെടുന്നു. ഇവയിൽ ദാവീദിന്റെ പുത്രൻ, ദൈവപുത്രൻ എന്നീ പേരുകൾ മത്തായിയുടെ സുവിശേഷത്തിൽ സവിശേഷമായി കാണുന്നവയാണു്. മത്തായിയുടെ സുവിശേഷത്തിൽ സുലഭമായി കാണുന്ന ഈ രണ്ടഭിധാനങ്ങളും അദ്ദേഹം വരച്ചുകാട്ടുന്ന യേശുവിന്റെ ചിത്രത്തിലേക്കു വെളിച്ചം വീശുന്നു. ഈ അഭിധാനങ്ങളുടെ അർത്ഥപ്രസരണംതന്നെ കാണാം ദൈവപുത്രൻ എന്ന പദം ആരംഭത്തിൽ മിശിഹാ എന്നർത്ഥം ദ്യോതിപ്പിക്കുവാനാണു് ഉപയോഗിച്ചിരുന്നതു്. ദാവീദിന്റെ പുത്രനായ രാജകീയ മശിഹാ എന്ന അർത്ഥത്തിലാണു് ക്രിസ്തുവിനോടു് ഈ നാമം ബന്ധപ്പെടുത്തിയതു്[13]. പക്ഷേ, താമസിയാതെ ഈ പദത്തിനു കൂടുതൽ സമുന്നതമായ അർത്ഥം കൈവന്നു.

### ദാവീദിന്റെ പുത്രൻ

മിശിഹായുടെ അത്യുദാത്തമായ അഭിധാനമാണു് 'ദാവീദിന്റെ പുത്രൻ'. കാരണം, ദാവീദിന്റെ വംശത്തിലും ഗോത്രത്തിലും നിന്നുമായിരിക്കും മിശിഹാ വരുന്നതെന്നു് II സാമു. 7:12നെ അടിസ്ഥാനമാക്കി യഹൂദജനം ദൃഢമായി വിശ്വസിച്ചിരുന്നു (ഏശ 9:6f; 11:1; മിക്ക. 5:2). മത്തായി യേശുവിന്റെ വംശാവലി നൽകുന്നിടത്തു് ഈ പേരു് ഉപയോഗിക്കുന്നുണ്ടു്. മംഗലവാർത്താ വിവരണത്തിൽ യേശു സ്വാഭാവിക രീതിയിൽ യൗസേപ്പിന്റെ പുത്രനല്ലെന്നു വ്യക്തമാകുമ്പോഴുംതന്നെ അവിടുന്നു ദാവീദിന്റെ പുത്രനാണെന്നു എടുത്തു പറയുന്നുണ്ടു്. കാരണം യൗസേപ്പിലൂടെ അവിടുന്നു ദാവീദിന്റെ വംശത്തിലേയ്ക്കു് ഔദ്യോഗികമായി ദത്തെടുക്കപ്പെട്ടു. യേശുവിനോടു് തങ്ങളെ സുഖപ്പെടുത്തണമെന്നു നിലവിളി

---

13. Cf. F. Hahn, The Titles of Jesus in Christology (London: Lutterworth Press 1969) 279–84r.

www.malankaralibrary.com

ച്ചപേക്ഷിച്ച രോഗികൾ അവിടത്തെ ദാവീദിന്റെ പുത്രനെന്നാണ് അഭിസംബോധന ചെയ്തത് (9:27; 15:22; 20:30f). ഊമനും പിശാചുബാധിതനും ആയ ഒരാളെ യേശു സുഖപ്പെടുത്തിയപ്പോൾ ആവേശഭരിതരായ ജനങ്ങൾ ദാവീദിന്റെ പുത്രനെന്ന് വിളിച്ച് അവിടത്തെ പ്രകീർത്തിച്ചു (12:33). സക്കറിയാസ് പ്രവാചകൻ വിവക്ഷിക്കുന്നതുപോലെ സമാധാനരാജാവായി അവിടുന്ന് ജറുസലം നഗരത്തിലേക്ക് നാടകീയമായും രാജകീയമായും പ്രവേശിച്ചപ്പോഴും 'ദാവീദിന്റെ പുത്രൻ' എന്ന് പറഞ്ഞ് ജനങ്ങൾ ഹർഷാരവങ്ങൾ മുഴക്കി (21:9).

ദാവീദിന്റെ പുത്രനെന്ന നിലയിൽ യേശു മുൻകൂട്ടി നിശ്ചയിക്കപ്പെട്ട സമയത്ത് ജനിക്കുകയും പഴയ നിയമത്തിലൂടെ മുൻകൂട്ടി പ്രവചിക്കുന്ന ഒരു ജീവിതം നയിക്കുകയും ചെയ്തു. പഴയനിയമത്തിലെ പത്ത് ഉദ്ധരണികളിലൂടെ യേശുവിന്റെ ജീവിതത്തിലെ വിവിധ സംഭവങ്ങൾ അവിടത്തെക്കുറിച്ചെഴുതപ്പെട്ട പ്രവചനങ്ങളുടെ പൂർത്തീകരണമായി വി. മത്തായി എടുത്തു കാണിക്കുന്നു. കന്യകയുടെ ഗർഭധാരണം (1;13) ബത്‌ലേഹമിലെ ജനനം (2:5f), ഈജിപ്തിലേക്കുള്ള പലായനം (2:15), നസ്രത്തിലേക്കുള്ള പ്രത്യാഗമനം (2:23), ശിശുവധം (2:18), കഫർണ്ണാഹോമിലുള്ള യേശുവിന്റെ വാസം (4:4-16), ജൂസലം പ്രവേശനം (21: f), യൂദാസിന്റെ മരണം (27:9), പരസ്യ ജീവിതകാലത്തെ യേശുവിന്റെ പ്രവർത്തനങ്ങളും ആഭിമുഖ്യങ്ങളും, യേശുവിന്റെ രോഗശമനങ്ങൾ (8:17), അപ്രതിരോധ്യമായ അവിടത്തെ പ്രവർത്തനങ്ങൾ (12;17-21), ഉപമകളിലൂടെയുള്ള അദ്ധ്യാപനം (13:35) ഇവയ്ക്കാധാരമായിട്ടാണ് മത്തായി പഴയനിയമത്തിലെ ഭാഗങ്ങൾ ഉദ്ധരിക്കുന്നത്[14]. പഴയനിയമത്തിലെ പ്രവചനങ്ങളിലൂടെ മുൻകൂട്ടി

---

14. 'The formula quotations' of Matthew are a group of ten quotations from the Old Testament introduced by a 'fulfillment formula' of the type: 'all this happened in order that what was spoken through the prophet might be fulfilled.' Such quotations are found only in Matthew and, to a lesser extent in John. Matthew's formula quotations are remarkable not only for their unusually complex fulfillment formulae, but also for the peculiar from of the Old Testment text they quote–a free, Christologically loaded translation of the original Hebrew. Both fulfillment formula and text are probably the work of Matthew himself, so that the formula quotations are an important clue to Matthew's theological bias. For a convenient survey of recent work on this highly

www.malankaralibrary.com

നിശ്ചയിക്കപ്പെട്ട യേശുവിന്റെ ജീവിതത്തെ ദൈവ പരിപാലനാവിധേയമായ രക്ഷണീയചരിത്രത്തിന്റെ ഭാഗമായിട്ടാണ് മത്തായി വിവക്ഷിക്കുന്നത്. അങ്ങനെ യേശു മിശിഹാ എന്ന നിലയിൽ വിശുദ്ധലിഖിതങ്ങൾ പൂർത്തീകരിക്കുന്നു. ഈ പൂർത്തികരണമാണ് അവിടുത്തേയ്ക്ക് യഥാർത്ഥത്തിൽ അധികാരികത നൽകുന്നത്.

യഹൂദർക്ക് സർവ്വസാധാരണമായ പ്രതീകവാദ (Typology) ത്തിലൂടെ മത്തായി ഇതേ ആശയം പ്രകടിപ്പിക്കുന്നുണ്ട്. പഴയ നിയമചരിത്രത്തിലെ സുപ്രധാനവ്യക്തികളുടെ ജീവിതാനുഭവങ്ങളുടേയും സംഭവങ്ങളുടേയും ആവർത്തനമായിട്ടാണ് യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങൾ മത്തായി അവതരിപ്പിക്കുന്നത്. ശിശുപ്രായത്തിൽ ദുഷ്ടനായ രാജാവിനാൽ വധിക്കപ്പെടാൻ തുടങ്ങുകയും ദൈവത്തിന്റെ പ്രത്യേക ഇടപെടൽമൂലം രക്ഷിക്കപ്പെടുകയും ചെയ്ത യേശുവിന്റെ ബാല്യകാലം മോശയുടെ ബാല്യകാലത്തെ അനുസ്മരിപ്പിക്കുന്നതാണ്. മോശയുടെ ബാല്യകാലത്തെ ചുററിപ്പററിനിലവിലിരുന്ന പല ഐതിഹ്യങ്ങളും വേദപുസ്തകത്തിലെ മോശയെ സംബന്ധിച്ച വിവരങ്ങൾക്കു പശ്ചാത്തലമൊരുക്കുന്നു (പുറ. 2:1–10)[15] യേശുവിന്റെ പ്രലോഭനങ്ങൾ ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽ വച്ചുണ്ടായ പ്രലോഭനങ്ങളെ പുനരവതരിപ്പിക്കുന്നു (മത്താ 48:16/ആവ. 8:2f)[16]. മലയിലെ പ്രസംഗത്തിന്റെ പശ്ചാത്തലം (5:1f) സീനായ് മലയിൽവച്ച് മോശ പ്രമാണങ്ങൾ നൽകിയതിനെ അനുസ്മരിപ്പിക്കുന്നതാണ് (പുറ. 19). അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരംപേരെ സംതൃപ്തരാക്കിയ സംഭവം (14:13–29) മരുഭൂമിയിൽ

---

significant group of Matthean quotations cf. F. van Segbroeck, "Les citations d'accomplissement dans l ' Evangile selon saing Matthieu d' apres trois ouvrages recents" in M. Didier (ed), L' Evangile selon Matthieu. Redaction et theologie (Gembloux· Duculot 1972) lo)-130.

15. Cf. M. M. Bourke, 'The Literary Genus of Matthew 1-2", Catholic Biblical Quartery 22 (1960) 160-75, W. D. Davies, The Setting of the Sermon on the Mount (Cambridge UniverhtPress 1964) 61-84.

16. Cf. A. B. Taylor, "Decision in the Desert. The Temptation of Jesus in the Light of Deuteronomy", Interpretation 14 (1960) 300-309; J. Dupont, "L'arriere-fond biblique du recit des tentations de Jesus", New Testament studies 3 1956/57) 287-304; H. A. Kelly, "The Devil in the Desert", Catholic Biblical Quarterly 26 (1964) 190-220.

www.malankaralibrary.com

വച്ച് ദൈവം ഇസ്രായേലിനെ ''സ്വർഗ്ഗത്തിൽനിന്നുള്ള അപ്പവും'' (പുറ. 16:4) ''കടൽപ്പക്ഷികളും'' (സംഖ്യ 11:31) നൽകി തൃപ്തിപ്പെടുത്തിയ സംഭവത്തിലേക്ക് വിരൽ ചൂണ്ടുന്നു. യേശുവിന്റെ പീഡാസഹനങ്ങളും സങ്കീർത്തനങ്ങളിലെ നീതിമാന്റെ അകാരണമായ പീഡാസഹനങ്ങളും (സങ്കീ. 22;31; 38; 69) തമ്മിൽ സാധർമ്മ്യമുണ്ട്. ഏശയ്യാപ്രവാചകന്റെ 'സഹിക്കുന്ന ദാസനെ'പ്പോലെ (ഏശ. 52:13—53:12) യേശു മററുള്ളവർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുന്നു. ഇവയെല്ലാം പ്രതീകാത്മകമായി പഴയനിയമത്തിൽ പ്രതിഫലിച്ചിരുന്നു. എന്നാൽ യേശുവിൽ അവയെല്ലാം വ്യക്തവും യാഥാർത്ഥ്യവും സജീവവുമായിത്തീർന്നു. അവിടുന്നാണ് യഥാർത്ഥത്തിൽ 'യാഹ്‌വേയുടെ ദാസൻ', നീതിമാനായിട്ട് പീഡ സഹിക്കുന്നവൻ. അവിടുന്ന് അഭിനവമോശയാണ്, പരിപൂർണ്ണ വിശ്വസ്തനായ ഇസ്രായേലാണ്.

യേശുവിന്റെ രഹസ്യങ്ങൾ മുഴുവൻ പഴയനിയമത്തിലെ പ്രതീകങ്ങളിലൂടെ ആവിഷ്ക്കരിക്കാമെന്നു കരുതുന്നത് ശരിയല്ല. പഴയ നിയമചരിത്രത്തിലെ പ്രമുഖ വ്യക്തികളൊന്നും ക്രിസ്തുവിന്റെ അപരിമേയമായ വ്യക്തിപ്രഭാവത്തിന്റെ അടുത്തെത്തുന്നില്ല. രക്ഷകനെക്കുറിച്ച് യഹൂദവംശം പരമ്പരാഗതമായി വച്ചുപുലർത്തിയിരുന്ന ജനകീയസങ്കല്പങ്ങളും (മരുഭൂമിലെ അത്ഭുതങ്ങൾ മിശിഹാ ആവർത്തിക്കും: മത്താ. 4:4,86) അവിടുത്തെ ദൗത്യം ശരിക്കും ഉൾക്കൊള്ളാൻ പര്യാപ്തമായിരുന്നില്ല. യേശുവിന്റെ രക്ഷണീയദൗത്യം ബാഹ്യമായി വർണ്ണപ്പകിട്ടു കുറഞ്ഞതാണെങ്കിലും അഗാധവും ഗഹനവുമാണ്. ദുർഗ്രഹമായ ഈ ആശയം പ്രതിഫലിപ്പിക്കാൻ ഉചിതമായ ഒരു പ്രയോഗം മത്തായി കണ്ടെത്തി—'ദൈവപുത്രൻ.'

### ദൈവപുത്രൻ

സമാന്തര സുവിശേഷങ്ങളിൽ ഈ പ്രയോഗം യേശുവിന്റെ മാമ്മോദീസാ (മത്താ3:13—17 ഉം സമാനഭാഗങ്ങളും), പ്രലോഭനങ്ങൾ (മത്തായി 4:1—11 ഉം സമാനഭാഗങ്ങളും), രൂപാന്തരീകരണം (മത്താ 17:1—8 ഉം സമാനഭാഗങ്ങളും) എന്നിവയുടെ വിവരണങ്ങളിലും പിശാചുബാധിതന്റെ അഭിസംബോധനയിലും (മത്താ 8;29 ഉം സമാനഭാഗങ്ങളും) യഹൂദനീതിന്യായ പീഠത്തിലെ പ്രധാനപുരോഹിതന്റെ ചോദ്യത്തിലും (മത്താ 26;24 ഉം സമാനഭാഗങ്ങളും) നമുക്കു കാണാം. എന്നാൽ ഇവകൂടാതെ മത്തായി നാലു സുപ്രധാന അവസരങ്ങളിൽ യേശുവിനെക്കുറിച്ചു ദൈവപുത്രൻ എന്നു പറയുന്നു

www.malankaralibrary.com

ണ്ടു്[17]. യേശുവിന്റെ ബാല്യകാലവിവരണത്തിലെ ഒരുദ്ധരണിയിൽ (മത്തായി 2:15=ഹോശ 11:1) ഈജിപ്തിലേക്കു പലായനം ചെയ്യുന്ന ഉണ്ണിമിശിഹായെ ''എന്റെ പുത്രൻ'' എന്നവിശേഷണത്തോടു വളരെവ്യക്തമായി താദാത്മ്യപ്പെടുത്തുന്നുണ്ടു്. ഇവിടെയും, മത്തായി 1:23 ലും ''കർത്താവു്'' (പ്രവാചകൻ മുഖേന കർത്താവിനാൽ അരുളം ചെയ്യപ്പെട്ടതു്) എന്ന പ്രയോഗം പ്രവചനപൂർത്തീകരണം വിശദമാകാത്ത ഭാഗത്തു് ഉൾപ്പെടുത്തിയിരിക്കുന്നതു് ഈ ഏകീഭാവത്തിനു് ഒന്നുകൂടി മുൻതൂക്കം നൽകുന്നു[18]. മത്താ 14:33 ൽ ജലപ്പരപ്പിലൂടെ ശിഷ്യന്മാരുടെ സമീപത്തേക്കു നടന്നുചെന്ന യേശുവിനെ ''യഥാർത്ഥ ദൈവപുത്രൻ'' എന്നു പറഞ്ഞു് അവർ ആരാധിച്ചു. മത്താ 16:16–ൽ പത്രോസ് യേശുവിനെ കേവലം മിശിഹാ ആയിട്ടല്ല (മർക്കോസിൽ കാണുന്നതുപോലെ) ഏറ്റു പറയുന്നതു്. യേശുവിനെ ''സജീവദൈവത്തിന്റെ പുത്രൻ'' എന്നാണു് പത്രോസ് വിശേഷിപ്പിക്കുന്നതു്. മത്തായി 27:69–ൽ യേശു, ദൈവപുത്രൻ എന്ന പേരിലാണു് പരിഹസിക്കപ്പെടുന്നതു്. മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷത്തിൽ കാണാത്ത ഒരു പ്രത്യേകതയാണിതു്.

മത്തായിയുടെ വിവിധ പ്രതിപാദനങ്ങൾ ചില കാര്യങ്ങൾ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ദൈവപുത്രൻ കേവലം പഴയനിയമചരിത്രത്തിൽ കാണുന്ന അഭിഷിക്തനോ രാജാവോ (II സാമു 7:12; സങ്കീ 7:2;89:2–4) അല്ല. ഗ്രീക്കുപാരമ്പര്യത്തിലെ അത്ഭുതപ്രവർത്തകനായ ''ദൈവിക മനുഷ്യനുമല്ല'' അവിടുന്നു്. കുറെക്കൂടി അഗാധവും വ്യക്തിപരവുമാണു് യേശുവിന്റെ ദൈവപുത്രസ്ഥാനം. യേശുവിന്റെ ദൈവപുത്രസ്ഥാനം അവിടുത്തെ ദൗത്യനിർവ്വഹണത്തിനെന്നതിനേക്കാൾ അസ്തിത്വത്തോടു തന്നെയാണു് ബന്ധപ്പെട്ടിരിക്കുന്നതു്[19]. മത്തായി നൽകുന്ന ബാല്യകാലവിവരണത്തിൽ യേശുവിന്റെ ദൈവപുത്രസ്ഥാനത്തെ കന്യകയിൽനിന്നുള്ള അവിടുത്തെ ജനനത്തോടു ബന്ധപ്പെടുത്തി

---

17. On the Son of God in Matthew cf. E. Pinto, "Jesus as the Son of God in the Gospels", Biblical Theology Bulletin 4 (1974) 75-93; E. Loevestam, Son and Saviour (Lund: Gleerup 1961) 88–112; and specially T. De Kruijf, Der Sohn des lebendigen Gottes. Ein Beitrag zur Christologie des Matthaeusevangeliums (Rome: Pontificio Instituto Biblico 1962.
18. Cf. R. Pesch, "Der Gottessohn im Matthaeischen Evangelienprolog (Mt 1–2)", Biblica 48 (1967) 395–420.
19. Hahn, op. cit. (see n. 13) 306 f.

www.malankaralibrary.com

യിട്ടുണ്ട് (1:18–25). യേശുവിന്റെ മാമ്മോദീസായുടെ വിവരണവും (3:13–17) ''ഇവനെന്റെ പ്രിയപുത്രനാകുന്നു'' എന്ന സ്വർഗ്ഗത്തിൽനിന്നുള്ള ആധികാരിക സ്വരവും (മർക്കോസിൽ ''നീ എന്റെ പ്രിയ പുത്രനാകുന്നു'' എന്നാണ് കാണുന്നത്.) ഒരു കാര്യം വളരെ വ്യക്തമാക്കുന്നു. ജ്ഞാനസ്നാനസമയത്ത് യേശുവിനെ ദൈവപുത്രനാക്കുകയല്ല, ദൈവപുത്രനായി പ്രഖ്യാപിക്കുക മാത്രമാണ് ചെയ്യുന്നത് കേവലം ഒരു രാഷ്ട്രീയ വിമോചകന്റെയോ അത്ഭുതപ്രവർത്തകന്റെയോ തലത്തിലേക്കു യേശുവിന്റെ ദൈവപുത്രസ്ഥാനം തരംതാഴ്ത്താനാവില്ലെന്ന് അവിടുത്തെ പ്രലോഭനങ്ങളെക്കുറിച്ചുള്ള പ്രതിപാദനം (4:1–11) വ്യക്തമാക്കുന്നു. പിതാവിനാൽ നൽകപ്പെട്ടിരിക്കുന്ന ദൗത്യം നിർവ്വഹിക്കുവാൻ പരിപൂർണ്ണമായി സ്വയം സമർപ്പിക്കുക–അതിലാണ് യേശുവിന്റെ ദൈവപുത്രത്വം അടങ്ങിയിരിക്കുന്നത്. ഗനേസർ തടാകത്തിലെ ജലപ്പരപ്പിലൂടെ നടന്ന് ശിഷ്യന്മാരുടെ അടുക്കലേക്കു പോയ യേശു (14:22–31) പഴയനിയമത്തിൽ ജലോപരിതലത്തിൽ പ്രത്യക്ഷപ്പെടുന്ന യാഹ്‌വേയുടെ ശക്തി=(സങ്കീ. 77:20; ജോബ് 9:8)യെ അനുസ്മരിപ്പിക്കുന്നു. യേശു ഇവിടെ, ദൈവത്തിന്റെ ആത്മാവിഷ്കരണം സൂചിപ്പിക്കുന്ന സർവ്വസാധാരണമായ പഴയ നിയമശൈലി ഉപയോഗിക്കുന്നു. ''ഞാനാകുന്നു, നിങ്ങൾ ഭയപ്പെടേണ്ട'' (പുറ 3:14; ഉല്പ 46:3). ഈ വെളിപാടിന് സാക്ഷ്യം വഹിച്ച ശിഷ്യസമൂഹം അവിടുത്തെ ദൈവപുത്രനായി അംഗീകരിച്ചു ദൈവത്തിന്റെ ഇടപെടൽ മൂലമുള്ള (എന്റെ പിതാവല്ലാതെ ജഡവും രക്തവുമല്ല ഇതു നിനക്കു വെളിപ്പെടുത്തിയത്.) പത്രോസിന്റെ ഏററു പറച്ചിൽ (16:13–20) യേശു എന്ന വ്യക്തിയെ ഏററം വ്യക്തവും ലളിതവുമായ രീതിയിൽ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. ദൈവപുത്രൻ കേവലം മിശിഹായല്ല, സജീവനായ ദൈവത്തിന്റെ പുത്രനാണ് എന്ന് പത്രോസ് ഏററുപറയുന്നു. മററു വാക്കുകളിൽ പറഞ്ഞാൽ ജീവന്റെ ഉറവിടമായ ദൈവം യേശുവിൽ വസിക്കുന്നു. യഹൂദനീതിന്യായപീഠത്തിന്റെ മുമ്പാകെ യേശു വിസ്തരിക്കപ്പെട്ടപ്പോൾ (26:63f) പ്രധാന പുരോഹിതന്റെ ചോദ്യത്തിന് അവിടുന്നു നൽകിയ മറുപടിയും ഈ വസ്തുത ഔദ്യോഗികമായി സ്ഥിരീകരിക്കുന്നതാണ്. സജീവദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്തുകൊണ്ട് (മത്തായിയുടെ സുവിശേഷത്തിൽ മാത്രം!) അവിടുന്ന് യഥാർത്ഥത്തിൽ ദൈവപുത്രനായ മിശിഹായാണെന്ന് സാക്ഷ്യം നൽകുകയും മനുഷ്യപുത്രനെന്ന നിലയിൽ അവസാനം ലോകത്തെ വിധിക്കാൻ വരുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

www.malankaralibrary.com

അങ്ങനെ അദ്വിതീയവും ദൃഢവും വ്യക്തിപരവുമായ രീതിയിൽ ദൈവത്തോടു ബന്ധപ്പെട്ട വ്യക്തിയെന്ന നിലയിലാണ് യേശുവിന്റെ ദൈവപുത്രസ്ഥാനം മത്തായിയുടെ സുവിശേഷത്തിൽ നാം കാണുന്നതു്. അതുകൊണ്ടു് അവിടുത്തേക്കു് ദൈവത്തെ ''എന്റെ പിതാവേ'' (7:21;11:27:20:23; 26:29,39,53), ''എന്റെ സ്വർഗ്ഗീയ പിതാവേ'' (15:13;18:35) ''സ്വർഗ്ഗത്തിൽ വസിക്കുന്ന എന്റെ പിതാവേ'' (10:32;12:50; 16:17;18:10,19) എന്നൊക്കെ അഭിസംബോധന ചെയ്യാനാവും. ഇതുപോലുള്ളൊരു പിതൃപുത്രബന്ധം പഴയനിയമത്തിലെ ജനനേതാക്കളുടെയിടയിലോ യവനലോകത്തിലെ ദൈവികമനുഷ്യരുടെയിടയിലോ കാണാനാവില്ല. ഇത്തരം പിതൃപുത്രബന്ധത്തിന്റെ പ്രകൃത്യാതീത സ്വഭാവം വിശദമാക്കുന്ന ദൈവവിജ്ഞാനീയം വികസിപ്പിക്കാൻ മത്തായി പണിപ്പെടുന്നില്ലെങ്കിലും (ലോകജീവിതത്തിനുമുമ്പുള്ള യേശുവിന്റെ അസ്തിത്വത്തിലൂടെ മത്തായി ഇതു് എടുത്തു കാണിക്കുന്നുണ്ടു്), ഈ ചിന്താസരണിയുടെ (യോഹന്നാന്റെ സുവിശേഷത്തിലെ വചനത്തിന്റെ ദൈവവിജ്ഞാനീയമായും കൊളോസിയർക്കുള്ള ലേഖനത്തിൽ പ്രാപഞ്ചികക്രിസ്തുദർശനമായും പിന്നീടു് വികസിക്കുന്ന ഈ ചിന്താധാരയുടെ) നാരായവേരുകാം. ഇതിനോടു് ബന്ധപ്പെട്ട മത്തായിയുടെ മറെറാരു പ്രതിപാദ്യത്തിൽ കാണാം. യേശു ദൈവത്തിന്റെ വിജ്ഞാനമാണെന്നു് മത്തായി സമർത്ഥിക്കുന്നു.

## III യേശു വിജ്ഞാനത്തിന്റെ മൂർത്തീഭാവം
(മത്താ.11:2 –30)

28– അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.

29– ഞാൻ ശാന്തശീലനും വിനീതഹൃദയനുമത്രേ. ആകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു് പഠിക്കുകയും ചെയ്യുവിൻ; നിങ്ങൾക്കു് അപ്പോൾ ആശ്വാസം ലഭിക്കും.

30– എന്റെ നുകം മാധുര്യമുള്ളതു, ഭാരം ലഘുവുമാകുന്നു.

മററു സുവിശേഷകരെക്കാൾ അധികമായി മത്തായി പഴയനിയമത്തിലെ വിജ്ഞാനസാഹിത്യശാഖകളിലേക്കു് ദൃഷ്ടിതിരിക്കാറുണ്ടു്. യേശുവിന്റെ വിജ്ഞാനരൂപത്തിലുള്ള വചനങ്ങൾ സുലഭമായി നൽകുക മാത്രമല്ല അദ്ദേഹം ചെയ്യുന്നതു്. അനന്തരകാലത്തു് വളർന്നുവന്ന യഹൂദപാരമ്പര്യത്തിലെ വ്യക്തിവൽകൃതമായ വിജ്ഞാനവുമായി യേശുവിനെ

www.malankaralibrary.com

വളരെ വ്യക്തമായി താദാത്മ്യപ്പെടുത്തുന്നതു് മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണാവുന്ന വസ്തുതയാണു്[20]. പഴയനിയമത്തിലെ വിജ്ഞാനസാഹിത്യത്തിലും പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും ഇടയ്ക്കുള്ള കാലഘട്ടത്തിലും ദൈവവിജ്ഞാനത്തെ വളരെ വ്യക്തമായി സ്ത്രീലിംഗരൂപത്തിൽ വ്യക്തിവൽക്കരിച്ചിട്ടുണ്ടു്. വിജ്ഞാനം യാഹ്വേയുടെ ആദ്യസൃഷ്ടിയാണു്, അവിടുത്തെ നിതാന്തസഹചാരിയാണു്, പരിപൂർണ്ണപ്രതിരൂപമാണു്, അവിടുത്തെ സഹായിയാണു്. പഴയനിയമത്തിൽ വിജ്ഞാനം "നിത്യവെളിച്ചത്തിന്റെ പ്രഭയാണു്, ദൈവശക്തിയുടെ നിർമ്മല ദർപ്പണവും അവിടുത്തെ നന്മയുടെ പ്രതിരൂപമാണു്" (വിജ്ഞാ 7:26).

അവൾ ലോകസൃഷ്ടിക്കുമുമ്പേ ജന്മം കൊള്ളുകയും സൃഷ്ടികർമ്മത്തിൽ പങ്കുവഹിക്കുകയും ചെയ്തു (ഉപ 8:22-31). അവൾ തെരുവീഥികളിൽ ഉച്ചത്തിൽ നിലവിളിക്കുകയും നീതിയെ സ്നേഹിക്കാൻ മനുഷ്യരെ ഉപദേശിക്കുകയും ചെയ്യുന്നു (വിജ്ഞാ;1:1). എല്ലാ തലമുറകളിലും അവൾ തന്റെ ദാസന്മാരെ("ദൈവത്തെ സ്നേഹിക്കുന്നവരും പ്രവാചകന്മാരും") മനുഷ്യരെ പഠിപ്പിക്കുന്നതിനുവേണ്ടി അയയ്ക്കുന്നു. (വിജ്ഞാ 7:27; ഉപ 9:3) അവളെ നിരസിക്കുന്നവരുടെമേൽ നാശത്തിന്റെ അരുളപ്പാടുകൾ വർഷിക്കുന്നു (ഉപ. 1:24-33).

മത്തായിയുടെ ദൃഷ്ടിയിൽ വ്യക്തിവൽകൃതമായ ഈ വിജ്ഞാനവും യേശുവും വ്യതിരിക്തമല്ല, ഒന്നുതന്നെയാണു്. ലൂക്കാ 11:49-ൽ ഇസ്രായേലിന്റെമേൽ നാശത്തിന്റെ വചനങ്ങൾ വർഷിക്കുന്ന ദൈവവിജ്ഞാനം (ദൈവത്തിന്റെ വിജ്ഞാനം ഇങ്ങനെ പറഞ്ഞു, 'ഞാൻ അവരെയെല്ലാം....') മത്തായി

---

20. Cf. M. J. Suggs, Wisdom Christology and Law in Matthew's Gospel (Harvard University Press 1970); A. Feuillet, "Jesus etl a Sagesse divine d'apre's les Evangiles Synoptiques", Revue Biblique 62. (1955) 161-96; E. Schweizer, Das Evangelium nach Matthaeus (Goettingen: Vandenhoeck und Ruprecth 1973) 291f. An extensive critique of Sugg's wisdom Christology (which has been partially antipated in Feuillet's article and is largely followed in Schweizer's commentary) is offerred by M. D. Johnson in his "Reflcctions on a wisdom Approach to Matthew's Christology", Catholic Biblical Quarterly 36 (1974) 44-64. while making some excellent points against some of Suggs more recherch'e argumens, the critique does not, we believe, invalidate his basic thesis.

www.malankaralibrary.com

23:34-ൽ യേശുവായി മാറുന്നു. ('ഞാൻ നിങ്ങളെ അയയ്ക്കുന്നു....') അങ്ങനെ ലൂക്കായുടെ സുവിശേഷത്തിൽ വിജ്ഞാനം നിർവഹിക്കുന്ന ദൗത്യം മത്തായിയുടെ സുവിശേഷത്തിൽ യേശുതന്നെ നിർവഹിക്കുന്നു.

വിജ്ഞാനത്തിന്റെ ദൗത്യം വീണ്ടും ക്രിസ്തുവും സ്നാപകയോഹന്നാനും തമ്മിലുള്ള താരതമ്യപ്പെടുത്തലിൽ (മത്താ 11 2-9; ലൂക്കാ 7:18-35) കാണാനാവും. 'വിജ്ഞാനം അവളുടെ സന്താനങ്ങൾവഴി നീതീകരിക്കപ്പെടുന്നു' (7:35) എന്ന ലൂക്കായുടെ സുവിശേഷത്തിലെ ഉപസംഹാരവാചകം മത്തായിയുടെ സുവിശേഷത്തിൽ വരുമ്പോൾ 'വിജ്ഞാനം അവളുടെ പ്രവൃത്തികളാൽ നീതീകരിക്കപ്പെടുന്നു' (11:19) എന്നാകുന്നു. 7:29-ൽ ലൂക്കാ കൂട്ടിച്ചേർക്കുന്ന വാക്യത്തിന്റെ ('ഇതുകേട്ട് ജനങ്ങളെല്ലാം, ചുങ്കക്കാർപോലും, യോഹന്നാനെ സ്വീകരിച്ച് ദൈവഹിതം നിറവേററി') വെളിച്ചത്തിലേ അദ്ദേഹത്തിന്റെ വിവരണം വ്യാഖ്യാനവിധേയമാക്കാവൂ. ഈ വാക്യത്തിലൂടെ വിജ്ഞാനത്തിന്റെ സന്തതികളേയും 'ജനങ്ങളേയും ചുങ്കക്കാരേയും' ലൂക്കാ ഒന്നായിക്കാണുന്നു. 'നിയമജ്ഞരും ഫരിസേയരും' യേശുവിനെ തിരസ്കരിച്ചപ്പോൾ സ്നാപകയോഹന്നാൻേറയും ക്രിസ്തുവിൻേറയും സന്ദേശങ്ങൾ സ്വീകരിച്ചതു് സാധാരണജനങ്ങളും ചുങ്കക്കാരുമാണ്.

ലൂക്കായുടെ ഉപസംഹാരവാക്യം വ്യക്തമാക്കുന്നതു് ഇതാണ്. ഈ 'തലമുറയിലെ ജനങ്ങൾ' (യഹൂദനേതാക്കന്മാർ) താന്തോന്നികളായ കുട്ടികളെപ്പോലെ യോഹന്നാന്റെ ആദ്ധ്യാത്മികാഹ്വാനത്തേയും യേശുവിന്റെ ക്ഷമാപൂർവ്വമായ അനുഗ്രഹങ്ങളേയും നിരസിച്ചുകളഞ്ഞു (7:31-34). അതേസമയം സാധാരണജനങ്ങളും ചുങ്കക്കാരും' (സമൂഹത്തിൽ ഏററംതാഴെക്കിടയിലുള്ളവർ-അവരാണ് പിന്നീട് യേശുവിന്റെ ശിഷ്യന്മാരാകുന്നതു്) വിജ്ഞാനത്താൽപ്രചോദിതരായി യോഹന്നാനെയും യേശുവിനെയും സ്വാഗതം ചെയ്തു. അങ്ങനെ രക്ഷാകരപദ്ധതിയിലൂടെ വെളിപ്പെടുത്തപ്പെടുകയും യോഹന്നാനിലൂടെയും യേശുവിലൂടെയും പ്രാവർത്തികമാക്കപ്പെടുകയും ചെയ്ത രക്ഷാകരവിജ്ഞാനത്തെ അവർ അംഗീകരിക്കുകയും വിജ്ഞാനത്തിന്റെ ആഹ്വാനം സ്വീകരിക്കുകയും ചെയ്തു.

എന്നാൽ ഈ വാക്യത്തിനു് (11:4) മത്തായി നൽകുന്ന ഭാഷ്യം മറെറാന്നാണ്. യേശുവും യോഹന്നാനും തമ്മിലുള്ള താരതമ്യപ്പെടുത്തൽ ആരംഭിക്കുന്നതു് 'യേശുവിന്റെ പ്രവർത്തനങ്ങൾ' (11:2) എന്നുപറഞ്ഞാണ്. അസാധാരണമായ ഈ പ്രയോഗമാണ് അർത്ഥഭേദത്തിനു് കാരണമായതു്. ആ പ്രയോഗം മൂലം പ്രസ്തുതവിഭാഗം മുഴുവൻ ഒരേ വകുപ്പിൽ ഉൾപ്പെ

www.malankaralibrary.com

ടുത്തുകയും യേശുവിന്റെരക്ഷാകരപ്രവർത്തനങ്ങൾ എന്നപേരു നൽകുകയും ചെയ്തു'. 11:2–ൽ ഇവയെയേശുവിന്റെ പ്രവൃത്തികളുമായി താദാത്മ്യപ്പെടുത്തുന്നു. 11:19–ൽ വിജ്ഞാനത്തിന്റെ പ്രവൃത്തികളുമായും ഇവയെ താദാത്മ്യപ്പെടുത്തുന്നുണ്ട്. 11:19 ൽ കാണുന്ന ഉപസംഹാരവാക്യം ഒരുകാര്യം വ്യക്തമാക്കുന്നു.മർക്കടമുഷ്ടിക്കാരും വിവേകശൂന്യരുമായ യഹൂദർ(ചന്തസ്ഥലത്തെ ബാലകർ) സ്നാപകയോഹന്നാനെയും യേശുവിനെയും തിരസ്കരിച്ചുകളഞ്ഞു (11:16–18). എന്നാൽ യേശു താൻ മിശിഹായാണെന്നു് രക്ഷാകരപ്രവൃത്തികളിലൂടെ വ്യക്തമാക്കിയതനുസരിച്ചു് വിജ്ഞാനം അവളുടെ പ്രവൃത്തികളിലൂടെ നീതീകരിക്കപ്പെട്ടു(11:46).യേശുവിന്റെ ഈ രക്ഷാകരപ്രവർത്തനങ്ങളിൽ 11:4–ലും 8–9വരെയുള്ള അത്ഭുതങ്ങളുടെ പ്രതിപാദനത്തിലും വിവരിക്കുന്ന 'ശക്തമായ പ്രവൃത്തികൾ' മാത്രമല്ല ഉൾപ്പെടുന്നതു്. മലയിലെ പ്രസംഗത്തിൽ (5–7) വളരെ ശക്തവും വ്യക്തവുമായ ഭാഷയിൽ അവതരിപ്പിക്കുന്ന പാവങ്ങളോടുള്ള സുവിശേഷ പ്രഘോഷണവും (11:5) അവിടുത്തെ സമുന്നതപ്രവൃത്തികളിൽപ്പെടുന്നു. യേശുവിനെ നീതീകരിക്കുന്ന ഈ പ്രവൃത്തികൾ വിജ്ഞാനത്തെയും നീതീകരിക്കുന്നു. യേശുവിന്റെ പ്രവൃത്തികളാണു് അവയെങ്കിൽ നിശ്ചയമായും അവ വിജ്ഞാനത്തിന്റെ പ്രവർത്തനങ്ങളും കൂടിയാണു്. കാരണം, യേശു യഥാർത്ഥത്തിൽ വിജ്ഞാനംതന്നെയാണു്.

ഒരിക്കൽകൂടി മത്തായി പരോക്ഷമായിട്ടാണെങ്കിലും യേശുവിനെയും വിജ്ഞാനത്തെയും ഒന്നായി വീക്ഷിക്കുന്നു. അതുകൊണ്ടു് മത്തായിയുടെ സുവിശേഷത്തിൽ വിജ്ഞാനത്തിന്റെ ആഹ്വാനം യേശു സ്വന്തമാക്കുന്നതു നമുക്കു കാണാനാവും (11:28–30)[21]. 'പ്രഭാഷകനി'ൽ കാണുന്നതുപോലെ അശിക്ഷിതരായവരെ വിജ്ഞാനം തന്റെ സവിധത്തിലേക്കു ക്ഷണിക്കുകയും അവരുടെ കഴുത്തു് അവളുടെ നുകത്തിനുകീഴിൽ വയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്ന (51:2–26) തന്നെയുമല്ല, വിജ്ഞാനത്തിന്റെ ചങ്ങലകളിൽ പാദങ്ങളിടുകയും കഴുത്തു് നുകത്തിനു് കീഴ്‌വയ്ക്കുകയും ചെയ്യുന്നതുവരെ അവർ സമാശ്വസിപ്പിക്കും. കാരണം, 'അവളുടെ നുകം സ്വർണ്ണാഭരണവും അവളുടെ ചങ്ങലകൾ നീലവർണ്ണവുമാണു്'' (6:23–31). മത്തായിയുടെ സുവിശേഷത്തിൽ നുകം വഹിക്കുവാനും, തന്നിൽനിന്നു പഠിക്കുവാനും, അങ്ങനെ ആത്മനിവൃത്തി കണ്ടെത്താനും, അദ്ധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും,

---

21. Cf. H. D. Betz, "The Logion of the Easy Yke and of Rest", Journal of Biblical Literature 86 (1967) 10-24; Suggs, op. cit. (see n, 20) 99-115.

www.malankaralibrary.com

(മനുഷ്യനെ അടിച്ചമർത്തുകയും തളർത്തുകയും ചെയ്യുന്ന എഴുതപ്പെട്ട നിയമങ്ങളുടെ ഭാരം വഹിക്കുന്നവരെയും) യേശു തന്റെ സവിധത്തിലേക്ക് ക്ഷണിക്കുന്നു (11:28f);കാരണം അവിടുത്തെ നുകം (നിയമത്തിന്റെ നുകമല്ല, സുവിശേഷത്തിന്റെ നുകമാണ്. അതായത് സഹോദരനോടുള്ള വിശാലമനസ്ഥിതിയുടെയും പരിപൂർണ്ണ ദൈവാശ്രയത്വത്തിന്റേയും നുകം. ഇക്കാര്യത്തിൽ ശാന്തനും വിനീതഹൃദയനുമായ യേശു തന്നെയാണ് നമ്മുടെ സജീവമാതൃക) സ്വീകാര്യവും അതിന്റെ ഭാരം ലഘുവുമാകുന്നു (11:30).

## IV യേശു—പിതാവിനെ വെളിപ്പെടുത്തുന്നപുത്രൻ
(മത്താ. 11:27)

27— സമസ്തവും എന്റെ പിതാവ് എന്നെ ഏല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല.പുത്രനും പുത്രൻ ആർക്കുവെളിപ്പെടുത്താൻ മനസ്സാകുന്നോ അവനുമല്ലാതെ മററാരും പിതാവിനേയും അറിയുന്നില്ല.

വ്യക്തിവൽകൃതമായ വിജ്ഞാനമെന്ന നിലയിൽ(Personified Wisdom) യേശുതികഞ്ഞ ദൈവൈക്യത്തിലാണ്. അങ്ങനെ യേശുവിലൂടെ അന്യാദൃശമായ വിധത്തിൽ ദൈവം സ്വയമാവിഷ്ക്കരിക്കുന്നു.

മത്താ 11:27_ൽ കാണുന്ന യോഹന്നാന്റെ പ്രത്യേക ശൈലിരൂപം (A thunderbolt fallen from the Johannine Sky) [22] പിതാവിനാൽ അറിയുകയും പിതാവിനെ അറിയപ്പെടുകയും ചെയ്യുന്ന യേശുവിനെ ദൈവപുത്രനായി അവതരിപ്പിക്കുന്നു. [23]

ജോവാക്കിം ജറമിയാസിന്റെ അഭിപ്രായത്തിൽ പ്രസ്തുത സുവിശേഷഭാഗത്തിന്റെ മൂലരൂപം അറമായ ഭാഷയിലെ ഒരുപമ ആയിരുന്നിരിക്കണം 'ഒരു പിതാവിനുമാത്രം യഥാർത്ഥത്തിൽ പുത്രൻ ആരാണെന്നു മനസ്സിലാക്കാൻ കഴിയുന്നു

———

22. This much quoted remark of Karl von Hase, professor of Church History at Jena towards the end of the last century, is cited by Joachim Jeremias in his New Testament Theology, vol. I (London: SCM Press 1971) 56.

23. On Mt 11,27 cf. A. M. Hunter, "Crux Criticorum: Matt. xi. 25-30–A Reappraisal", New Testament Studies 8 (1961/62) 241-49; Suggs, op. cit. (see n. 20) 77-97; B. J. M. van Iersel, 'Der Sohn' in den synoptischen Jesusworten (Leiden: Brill 1961) 146-61; and, specially, P. Hoffmann, Studien zur Theologie der Logienquelle (Muenster: Verlag Aschendorff 1972) 118–42.

www.malankaralibrary.com

പോലെ, ഒരു പുത്രനു മാത്രമേ യഥാർത്ഥത്തിൽ പിതാവാരാണെന്നു മനസ്സിലാക്കാൻ കഴിയൂ''. പുത്രനെ ഉപദേശിക്കുന്ന ഒരു പിതാവിന്റെ സർവ്വസാധാരണമായ പ്രതിരൂപമുപയോഗിച്ചുകൊണ്ടു് യേശു തനിക്കുലഭിച്ച ('എല്ലാം എനിക്കു് ഏല്പിക്കപ്പെട്ടിരിക്കുന്നു') ദൈവവെളിപാടു് ജനങ്ങൾക്കു വിശദീകരിച്ചുകൊടുത്തു. യേശുവിന്റെ മനോഗതം ഇതായിരുന്നിരിക്കണം. 'ഒരു പിതാവു പുത്രനോടു സംസാരിക്കുന്നതുപോലെ, നിയമത്തിന്റെ ആദ്യപാഠങ്ങൾ പറഞ്ഞുകൊടുക്കുന്നതുപോലെ, തന്റെ ജോലിയുടെ വിജയരഹസ്യങ്ങൾ പുത്രനു പകർന്നുകൊടുക്കുന്നതുപോലെ, ഒന്നും മറച്ചുവയ്ക്കാതെ ഹൃദയം മുഴുവൻ തുറന്നുകാണിക്കുന്നതുപോലെ ദൈവം തന്റെ എല്ലാ രഹസ്യങ്ങളും എനിക്കു വെളിപ്പെടുത്തിയിരിക്കുന്നു'[24].

യേശുവിന്റെ വാക്കുകളുടെ വിവക്ഷിതാർത്ഥം ഇതായിരുന്നുവെങ്കിലും മത്തായി വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെയാണു് വീക്ഷിക്കുന്നതു്. ഇന്നു മത്തായിയുടെ സുവിശേഷത്തിൽ നാം കാണുന്ന വാക്യം ആരംഭത്തിൽ സ്വതന്ത്രമായി നിന്നിരുന്ന മൂന്നു പ്രസ്താവനകളുടെ (മത്താ 11:25f;11:27;11:28_30) ഭാഗമായിരുന്നു. പ്രഭാഷകന്റെ പുസ്തകം 51_ാം അദ്ധ്യായത്തിന്റെ മാതൃകയിൽ ഈ മൂന്നു പ്രസ്താവനകളേയും ഏകോപിപ്പിച്ചു. ഇങ്ങനെ പുന:സംവിധാനം ചെയ്ത ഭാഗത്തിനു് പരസ്പരം ബന്ധപ്പെട്ട മൂന്നു ഘടകങ്ങളുണ്ടു്: കൃതജ്ഞതയുടെ സ്വരം (മത്താ 11:25f;പ്രഭാ51:1_12)ദൈവികവെളിപാടു് (മത്താ 11:27 പ്രഭാ.61:13_22), ദൈവികാഹ്വാനം (മത്ത 11:28_30 പ്രഭാ 51:23_31)[25]. ഇവയിൽ കേന്ദ്രസ്ഥാനം അർഹിക്കുന്നതു് ദൈവികവെളിപാടുതന്നെയാണു്. കാരണം ക്രിസ്തുവും പിതാവുമായുള്ള അഭേദ്യവും ദൃഢവും അദ്വിതീയവുമായ ബന്ധം ഇവിടെ വ്യക്തമായി ആവിഷ്കരിച്ചിട്ടുണ്ടു്. ഈ സുദൃഢബന്ധമാണു് കൃതജ്ഞതാപ്രകാശനത്തിന്റെയും ദൈവികാഹ്വാനത്തിന്റേയും അടിസ്ഥാനം. പിതാവും പുത്രനുമായുള്ള അന്യോന്യബന്ധം ബൗദ്ധികതലത്തിൽ മാത്രമുള്ളതല്ല;അഗാധവും വ്യക്തിഗതവുമായ സംസർഗ്ഗത്തിന്റെ ബന്ധമാണിതു്. കാരണം പിതാവിനു പുത്രനെക്കുറിച്ചുള്ള അറിവും പുത്രനു പിതാവിനെക്കുറിച്ചുള്ള അറിവും ബൈബിൾ വിവക്ഷിയ്ക്കുന്ന പ്രത്യേകാർത്ഥത്തിലുള്ളതാണു്. ഹൃദയപൂർവ്വമായ സ്വീകരണവും സ്നേഹവുമാണു് ഈ അറിവിന്റെ മുഖമുദ്ര. അതുകൊണ്ടാണു് 'അറിയുക'എന്ന പദം വേദപുസ്തകത്തിൽ, ദൈവജനത്തിന്റെയും(ആമോ 3:1) ജനനേതാക്കളുടേയും (ജറ1:4) തെരഞ്ഞെടുപ്പുവ്യക്തമാക്കാ

24. Jeremias, op. cit. (see n. 22) 56–61.

www.malankaralibrary.com

നും ഭാര്യയും ഭർത്താവുമായുള്ള സഹവാസം സൂചിപ്പിക്കുവാനും (ഉല്പ 4:1) ഉപയോഗിച്ചിരിക്കുന്നതു്. അഗാതവും വ്യക്തിപരവുമായ ഐക്യമാണു് പിതാവും പുത്രനും തമ്മിലുള്ള ബന്ധം. വ്യക്തിഗതമായ ഈ ബന്ധമാണു് പുത്രൻ ആക്കപിതാവിനെ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നവോ അവരിലേക്കു വ്യാപിപ്പിക്കുന്നതു്. കാരണം യേശുവിനു പിതാവിനെക്കുറിച്ചുള്ള അറിവുതന്നെയാണു് അവിടുന്നു് അവരിലേക്കു പകരുന്നതു്.

പിതാവിനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്ന പുത്രനായി യേശുവിനെ അവതരിപ്പിക്കുന്നതിലാണു് മത്തായിയുടെ സുവിശേഷത്തിലെ ക്രിസ്തുചരിത്രത്തിൻെറ വർണ്ണഭംഗിയും മിഴിവും പ്രകടമാകുന്നതു്. യേശു ബോധജ്ഞാനത്തിൻെറ മൂർത്തീമത്ഭാവമാകുന്നതു്, നീതിയുടെ പ്രബോധകനാകുന്നതു്, പാപവിമോചകനാകുന്നതു്, അവിടുന്നു് സജീവദൈവത്തിൻെറ പുത്രനാകുന്നു എന്ന ഒററക്കാരണത്താലാണു്. പുത്രൻ പിതാവിൻെറ നന്മയും ശക്തിയും പ്രകാശവും എന്ന നിലയിൽ വിജ്ഞാനത്തിൻെറ മൂർത്തീഭാവമാകുന്നതു് പിതാവിനെ അറിയുകയും പിതാവിനാൽ അറിയപ്പെടുകയും ചെയ്യുന്നതുകൊണ്ടാണു്. പിതാവു് എല്ലാ മനുഷ്യരുടേയും ഒരു സ്നേഹപിതാവാണെന്നു് വെളിപ്പെടുത്തുകയും പിതാവിൻെറ ഉദാരവും ക്ഷമാപൂർണ്ണവുമായ സ്നേഹം മനുഷ്യർക്കു് അനുഭവവേദ്യമാക്കുകയും ചെയ്യുന്നതിനാലാണു് ക്രിസ്തു യഥാർത്ഥത്തിൽ നമ്മുടെ രക്ഷകനായിത്തീരുന്നതു്. എളിമയിലും ശാന്തതയിലും പുത്രനെന്ന സ്ഥാനത്തിനനുയോജ്യമായി ജീവിക്കുന്നതുവഴി അവിടുന്നു് നീതിയുടെ പ്രബോധകനായിത്തീരുന്നു. അവിടുന്നു നമുക്കു നൽകുന്ന പുത്രസ്ഥാനത്തിൻെറ മാതൃകയും ഇതുതന്നെ.

യേശുവിൻെറ വ്യക്തിത്വത്തിൻേറയും എല്ലാ പ്രവർത്തനങ്ങളുടേയും അടിസ്ഥാനം അവിടുന്നു് ദൈവപുത്രനാകുന്നു എന്നുള്ളതാണു്. അതുകൊണ്ടുതന്നെ യേശുവിൻെറ ഉത്ഥാനം അവിടുന്നു് ദൈവപുത്രനാണു് എന്നസത്യം തുടർച്ചയായി പ്രഖ്യാപനം ചെയ്യുന്നു (11,27). ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരവും ഉത്ഥാനം ചെയ്ത കർത്താവിനു് അവകാശപ്പെടാൻ കഴിയുന്നതു് പുത്രൻ എന്ന നിലയിൽ ''എല്ലാം'' അവിടുന്നു് പിതാവിൽനിന്നു സ്വീകരിച്ചിരിക്കുന്നതുകൊണ്ടാണു് (11,27). താൻ കല്പിച്ചതെല്ലാം അനുഷ്ഠിക്കുവാൻ പഠിപ്പിച്ചുകൊണ്ടു് എല്ലാ ജനതകളിലും നിന്നു് തൻെറ അനുയായികളെ രൂപപ്പെടുത്തുവാൻ ശിഷ്യന്മാരെ അയയ്ക്കുവാൻ യേശുവിനു

25. Schweizer, op. cit. (see n. 20) 174.

www.malankaralibrary.com

കഴിഞ്ഞതു്, പുത്രരെന്ന നിലയിൽ തന്റെ അടുക്കലേയ്ക്കു വരുവാനും തന്നിൽനിന്നു് എളിമയും ഹൃദയശാന്തതയും അഭ്യസിക്കുവാനും അവിടുന്നു് അവരെ ആദ്യമായി ക്ഷണിച്ചതുകൊണ്ടാണു്. അതായതു് പിതാവിന്റെ യഥാർത്ഥപുത്രന്മാരെന്ന നിലയിൽ മനുഷ്യരോടു് ക്ഷമാപൂർണ്ണമായ ഔദാര്യത്തോടുകൂടിയും ദൈവത്തോടു അടിയുറച്ച ശരണത്തോടുകൂടിയും പെരുമാറാൻ അവിടുന്നു് അവരെ അഭ്യസിപ്പിച്ചതുകൊണ്ടാണു് (11, 28-30). ഉത്ഥിതനായ ക്രിസ്തുവിനു് തന്റെ അനുയായികൾക്കു് ലോകാവസാനംവരെ രക്ഷാകരമായ സാന്നിദ്ധ്യം വാഗ്ദാനം ചെയ്യാൻ കഴിയുന്നതു്, തന്നിലേക്കു വരുന്നവർക്കു് പുത്രനെന്ന നിലയിൽ യഥാർത്ഥ ''വിശ്രമം'' (11,29)-പിതാവിനെ ദർശിച്ചിട്ടുള്ളവർക്കും പിതാവിനാൽ പുത്രന്മാരായി സ്വീകരിക്കപ്പെട്ടവർക്കും മാത്രം ലഭിക്കുന്ന ശാശ്വതമായ സമാധാനം-നൽകാൻ അവിടുത്തേയ്ക്കു കഴിയുന്നതുകൊണ്ടത്രെ.

തന്റെ അഭൗമിക സംസർഗ്ഗംവഴി അനുയായികൾക്കു ചൈതന്യം പകരാൻ കഴിവുള്ള അവതാരപുരുഷനായ ജഗത്ഗുരുവിനെപ്പററി ഇന്ത്യയിലെ വിവിധഭക്തിപ്രസ്ഥാനങ്ങൾ പ്രസ്താവിക്കുന്നുണ്ടു്.[26] മത്തായി ചിത്രീകരിക്കുന്ന യേശുവും ഇതേ സ്വഭാവത്തോടുകൂടിയ ജഗത്ഗുരു ആണു്. സാർവ്വത്രികമായി ശിഷ്യഗണങ്ങളുള്ള അധികാര പൂർണ്ണനായ കർത്താവെന്ന നിലയിൽ, നീതിയുടെ പ്രബോധകനെന്ന നിലയിൽ, പാപവിമോചകനെന്ന നിലയിൽ, പിതാവിനെ സമ്പൂർണ്ണമായി വെളിപ്പെടുത്തുന്ന പുത്രനെന്ന നിലയിൽ ക്രിസ്തു യഥാർത്ഥ സത്ഗുരുതന്നെ. അവിടുന്നു് സകലരേയും പ്രകാശിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അവിടുന്നു് എല്ലാവർക്കും അറിവുമാത്രമല്ല രക്ഷയും നൽകുന്നു. അവിടുന്നു് മഹത്വത്തിലും ദൈവപ്രസാദത്തിലും അളവററവനാണു്. ആഭിമുഖ്യങ്ങളിലും വെളിപാടുകളിലും അവിടുന്നു സമ്പൂർണ്ണനാണു്. ഇതേ അർത്ഥത്തിൽതന്നെയാണു് പ്രസിദ്ധ ഹിന്ദി കവിയായ കബീർ ഒരു ഗദ്യശകലത്തിൽ (സദ്ഗുരുവിനെക്കുറിച്ചു് )പ്രതിപാദിക്കുന്നതു്.

> സത്ഗുരുകി മഹിമാ അനന്ത, അനന്തകിയാ ഉപഗാര
> ലോചനഅനന്ത ഉദാഭിയ, അനന്തദിവാവനകര
> ''സത്ഗുരുവിന്റെ മഹത്വം അളവററതാണു്. അവിടു

---

26. Cf. B. walker, Hindu World, vol. I (London: Allen & Unwin 1968) 419f; X. Irudayaraj, "Christ the Guru", Jeevadhara 11/9 (1972) 241-49.

www.malankaralibrary.com

ന്നു് നമ്മോടു കാണിക്കുന്ന ഔദാര്യം അളവററതാണു്. അള വററ ഒരു ആഭിമുഖ്യംതന്നെ അവിടുന്നു സൃഷ്ടിച്ചിരിക്കുന്നു. അനന്തതയെത്തന്നെ അവിടുന്നു് വെളിപ്പെടുത്തിത്തന്നിരി ക്കുന്നു.

ഗ്രന്ഥാവലി, 1,3.

ശരിയായ അർത്ഥത്തിൽ ഈ പദ്യശകലത്തിലെ സത് ഗുരു, മത്തായി അവതരിപ്പിക്കുന്ന ജഗത്ഗുരുവായ യേശു തന്നെ.

ജോർജ്ജു് സ്വാരസു്പ്രഭു എസ്. ജെ.

പൂന

www.malankaralibrary.com

# യേശു യോഹന്നാന്റെ സുവിശേഷത്തിൽ

നാലാമത്തെ സുവിശേഷത്തിന്റെ ലക്ഷ്യമെന്തെന്ന്, സുവിശേഷത്തിന്റെ ഉപസംഹാരഭാഗമായ 20-ാം അദ്ധ്യായം 30, 31 വാക്യങ്ങളിൽ[1] വ്യക്തമാക്കിയിട്ടുണ്ട് 'ഈ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലാത്ത മററു വളരെ അടയാളങ്ങളും ഈശോ തന്റെ ശിഷ്യന്മാരുടെ മുമ്പാകെ കാണിച്ചു. എഴുതപ്പെട്ടിരിക്കുന്ന ഇവ തന്നെയും ഈശോ ദൈവപുത്രനായ മിശിഹാ ആകുന്നുവെന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ച് അവന്റെ നാമത്തിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടാകേണ്ടതിനുമത്രെ''. യേശുവിനെ ക്രിസ്തുവും ദൈവപുത്രനുമായി അവതരിപ്പിക്കുന്ന അടയാളങ്ങളുടെ ശേഖരമാണ് ഈ സുവിശേഷം.

യേശു നാലാം സുവിശേഷത്തിന്റെ കേന്ദ്രബിന്ദു

യോഹന്നാന്റെ ചിന്തയെ ക്രിസ്തുവിന്റെ വ്യക്തിത്വം എപ്രകാരം സ്വാധീനിച്ചിരുന്നുവെന്ന് ഈ സുവിശേഷത്തിലൂടെ പൊതുവായൊന്നുകണ്ണോടിച്ചാൽ പോലും മനസ്സിലാകും. ക്രിസ്തുവാണ് നാലാം സുവിശേഷത്തിന്റെ കേന്ദ്രബിന്ദു എന്ന വസ്തുത, യോഹന്നാന്റെ കൃതികളുടെ ആഴമായ ഒരു പഠനം നമുക്കുകാണിച്ചുതരുന്നു. തന്റെ നാഥനെപ്പററി തെളിവായൊന്നും സംസാരിക്കാത്തപ്പോഴുംപ്പോലുംയോഹന്നാന്റെ ബോധമണ്ഡലത്തിൽ ക്രിസ്തുസന്നിഹിതനാണ്. അദ്ദേഹത്തിന്റെ ഒന്നാം ലേഖനം ഈ സത്യം തെളിവാക്കുന്നു. അവിടെ ക്രിസ്തുവിന്റെ പേര് പറയുന്നില്ലെങ്കിലും ക്രിസ്തുവിനെപ്പററിത്തന്നെയാണ് അദ്ദേഹം സംസാരിക്കുന്നത്. ഈ ലേഖനത്തിൽ ആമുഖമൊന്നും കൂടാതെ 'അവൻ' എന്ന സർവ്വനാമം യേശുവിനെക്കുറിക്കാൻ ഉപയോഗിക്കുന്നത് ഇതിനു തെളിവാണ്. 'അവൻ നമുക്കുവേണ്ടി സ്വന്തപ്രാണനെ തന്നെതിൽ നിന്ന് നമ്മോടുള്ള അവന്റെ സ്നേഹം നാം അറിയുന്നു' (1 യോഹ. 3:16).

യേശു തന്നെയാണ് എല്ലാ സുവിശേഷങ്ങളിലെയും കേന്ദ്രബിന്ദു എന്നതിന് സംശയമില്ല. എങ്കിലും നാലാം

---

1. 20:31 സുവിശേഷത്തിന്റെ ഉപസംഹാരമാണ്. അതിനുശേഷം വരുന്ന 21-ാം അദ്ധ്യായം മൂലസുവിശേഷഭാഗമല്ലെന്നുവേണം വിചാരിക്കാൻ. 21-ാം അദ്ധ്യായത്തെപ്പററി കൂടുതൽ അറിയുവാൻ Cf. R. E. Brown 'The gospel according to John XIII—XXI, (N. Y. 1970, 1077-80).

www.malankaralibrary.com

സുവിശേഷം ഇക്കാര്യത്തിൽ മററെല്ലാ സുവിശേഷങ്ങളേയും അതിശയിക്കുന്നു. യോഹന്നാൻ നൽകുന്ന പ്രഭാഷണങ്ങളുടെ മുഴുവൻ വിഷയവും യേശുവാണ്. ക്രിസ്തുവിൻെറ അത്ഭുത കൃത്യങ്ങൾ അവിടുന്ന് ആരെന്ന് കാണിക്കുന്നു. ആ അത്ഭുത കൃത്യങ്ങളോടു ബന്ധപ്പെട്ട പ്രഭാഷണങ്ങളാകട്ടെ ക്രിസ്തുവിനെ ജീവൻെറ അപ്പമായും(അദ്ധ്യാ: 6:9), ലോകത്തിൻെറ പ്രകാശമായും (അദ്ധ്യാ: 9), ജീവനും ഉയർപ്പുമായും (അദ്ധ്യാ 11) അവതരിപ്പിക്കുന്നു. ജോൺ അദ്ധ്യായം 5:19_47_ലും 8:12_59_ലും കാണുന്ന വലിയ വിവാദാത്മക പ്രഭാഷണങ്ങളുടെയും വിഷയം യേശു തന്നെ. കാരണം, തൻെറ വ്യക്തിത്വം പിതാവുമായുള്ള ബന്ധം, തൻെറ ഉത്ഭവദൗത്യം എന്നിവ വ്യക്തമാക്കുകയാണ് അവയിലൂടെ യേശു ചെയ്യുന്നത്. 7_ാം അദ്ധ്യായത്തിൽ ജീവജലത്തിൻെറ സ്രോതസ്സായും, 10_ാം അദ്ധ്യായത്തിൽ നല്ലയിടയനായും യേശു സ്വയം വെളിപ്പെടുത്തുന്നു. അന്ത്യപ്രഭാഷണത്തിലെ പ്രതിപാദ്യ വിഷയം യേശുവിൻെറ മഹത്വീകരണവും ആ മഹത്വീകരണത്തിന് ശിഷ്യന്മാരുടെ ജീവിതത്തിലുള്ള പ്രധാന്യവുമല്ലാതെ മറൊന്നല്ല. ഇതു് യോഹന്നാൻെറ ലക്ഷ്യത്തോടു പരിപൂർണ്ണമായി യോജിച്ചുപോകുകയും ചെയ്യുന്നു.

യേശു ക്രിസ്തു (മിശിഹാ) വും ദൈവപുത്രനും

വായനക്കാരുടെ മുമ്പിൽ ക്രിസ്തുവിനെ എപ്രകാരമാണ് യോഹന്നാൻ അവതരിപ്പിക്കുന്നതെന്ന് കുറച്ചുകൂടി അടുത്തു പരിശോധിക്കാനാണ് നാം ഇനി ശ്രമിക്കുന്നതു്. യേശുവിനെ അവതരിപ്പിക്കാൻ രണ്ടു അഭിധാനങ്ങളാണ് യോഹന്നാൻ ഉപയോഗിക്കുന്നതു്_'ക്രിസ്തു'വും 'ദൈവപുത്രനും'(20:31). ഈ അഭിധാനങ്ങളുടെ അർത്ഥം മനസ്സിലാക്കണമെങ്കിൽ സെൻ്റ് ജോൺ മനസ്സിൽ കണ്ട വായനക്കാർ ആരാണെന്ന് അറിയേണ്ടതുണ്ടു്. അവർ വിശ്വാസം സ്വീകരിച്ചവരോ അതോ ഇനിയും വിശ്വാസത്തിലേക്ക് എത്തിയിട്ടില്ലാത്തവരോ എന്നതാണ് പ്രശ്നം. ഇതിന് ഉത്തരം കാണുക എളുപ്പമല്ല. കാരണം, രണ്ടർത്ഥത്തിൽ വ്യഖ്യാനിക്കാവുന്ന രണ്ടു വ്യത്യസ്തകാലങ്ങളിലാണ് (tense) യോഹ. 20:31_ലെ 'വിശ്വസിക്കുക' എന്നപദം ഗ്രീക്ക് മൂലങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതു്. ഔറിസ്റ്റ്സബ്ജൻക്റ്റീവ്കാലവും[2] (Aorist SubJ

---

2. ബെസേ (Bezae), അലക്സാണ്ഡ്റിനസ് (Alexandrinus), ബൈസൻ്റയിൻ പാരമ്പര്യം (Byzantine tradit:on) എന്നീ പുരാതന കയ്യെഴുത്തുപ്രതികളിലും ഫൊൻസോഡൻ (Voa soden), ഫോഗൽസ് (Vogels) എന്നീ നിരൂപണാത്മക പതിപ്പുകളിലും കാണുന്നതു് ഔറിസ്റ്റ് സബ്ജങ്ക്ടീവ് എന്ന ക്രിയാകാലമാണ്.

www.malankaralibrary.com

unctive tense), വർത്തമാനകാലവുമാണവ[3]. ഔറിസ്റ്റ് ക്രിയാകാലത്തിൽ ഈ പദം മനസ്സിലാക്കിയാൽ അതിനർഥം 'നിങ്ങൾ വിശ്വാസത്തിലേക്ക് വരേണ്ടതിന് എന്നാകും. അങ്ങനെ മനസ്സിലാക്കിയാൽ ജോൺ മനസ്സിൽ കണ്ട വായനക്കാർ വിശ്വാസം സ്വീകരിച്ചിട്ടില്ലാത്തവരാണ് എന്നു വരും. എന്നാൽ വർത്തമാനകാലക്രിയാരൂപത്തിൽ മനസ്സിലാക്കിയാൽ 'നിങ്ങൾതുടർന്ന് വിശ്വസിക്കേണ്ടതിന്'' എന്നർഥംവരും: അതായത്, ജോണിന്റെ അനുവാചകർ വിശ്വാസം സ്വീകരിച്ചവരാണെന്നു് വരും.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിട്ടില്ലാത്ത യഹൂദന്മാരെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ സുവിശേഷം ജോൺ എഴുതിയതെന്ന് വിചാരിക്കുന്ന പണ്ഡിതന്മാരെ സംബന്ധിച്ചിടത്തോളം, 'ദൈവപുത്രൻ' എന്നതു് 'മിശിഹാ' (ക്രിസ്തു) എന്നതിന്റെ പര്യായം മാത്രമാണ്. അതിനാൽ യോഹന്നാന്റെ ലക്ഷ്യം യേശു പ്രതിശ്രുതമിശിഹായാണെന്നു് യഹൂദർക്ക് കാണിച്ചുകൊടുക്കുക മാത്രമാണ്. എന്നാൽ ഈ സുവിശേഷം പ്രധാനമായും വിശ്വാസികൾക്കുവേണ്ടി എഴുതിയതാണെന്നു് കരുതുന്നവർ 'ദൈവപുത്ര'നെന്ന പ്രയോഗത്തിനു് ആഴമായൊരർത്ഥം കാണാൻ ശ്രമിക്കുന്നു. 'ദൈവപുത്രൻ'എന്നതു് 'മിശിഹാ എന്നതിൽ നിന്നു് വ്യത്യസ്തമായൊരു അഭിധാനമായോ 'മിശിഹാ'യുടെ ഒരു പ്രത്യേക വ്യാഖ്യാനമായോ അവർ കാണുന്നു.

പല ആധികാരിക പതിപ്പുകളും വർത്തമാനക്രിയരൂപമാണു് സ്വീകരിച്ചിരിക്കുന്നതു്. 19:35–ലെ ഒരു സമാന പ്രസ്താവനയിലും വർത്തമാനകാലമാണ് ഏറ്റവും സ്വീകാര്യമായി കാണുന്നതു്[4]. ലക്ഷ്യദ്യോതക പ്രയോഗങ്ങളിൽ സാധാരണയായി വർത്തമാനകാലമാണ് യോഹന്നാൻ ഉപയോഗിക്കുന്നതെന്നാണ് റീസെൻ ഫെൽഡ് എന്ന ഗ്രന്ഥകാരന്റെ അഭിപ്രായം[5]. മാത്രവുമല്ല, ഔറിസ്റ്റ് ക്രിയാരൂപം തന്നെയും 'വിശ്വാസം ദൃഢീകരിക്കുക' എന്ന അർത്ഥത്തിൽ ഉപയോഗിക്കാവുന്നതുമാണ്. ഇതിൽ നിന്നെല്ലാം ഒന്നുവ്യക്തമാണ്. പ്ര

3. വത്തിക്കാൻ കോഡക്സ്, സിനായ്റ്റിക്കുസ് കോഡക്സ്, 66–ാം പപ്പിറസ് മുതലായ കയ്യെഴുത്തുപ്രതികളിലും, വെസ്റ്റ്കോട്ട് (West cott), ബോവർ (Bover) മുതലായ നിരൂപണാത്മകപതിപ്പുകളിലും ഉപയോഗിച്ചിരിക്കുന്നതു് വർത്തമാന ക്രിയാരൂപമാണ്.

4. Cf. R. E. Broun, 'The Gospel according to John XIII–XXI, 1056.

5. Cf. H. Reisenfeld 'Znden johanneischen hina satzen, S T 19 (1965), 213–220.

www.malankaralibrary.com

ഥമവും പ്രധാനവുമായി ക്രൈസ്തവവിശ്വാസികൾക്കുവേണ്ടി യാണ് ഈ പുസ്തകം ജോൺ എഴുതിയതു്. അതിനാൽ, യേശു യഹൂദർ പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള ദാവീദുഗോത്രജ നായ മിശിഹാ (ക്രിസ്തു) മാത്രമല്ല, ദൈവത്തിന്റെ അതുല്യ പുത്രനും അതിനാൽത്തന്നെ ദൈവികമിശിഹായുമാണ്. ഈ സത്യം സ്ഥാപിക്കുകയാണ് യോഹന്നാന്റെ ലക്ഷ്യം.

### യേശു ദൈവിക മിശിഹാ

സെൻറ് ജോണിന്റെ സുവിശേഷം 20-ാം അദ്ധ്യായം 30-ാം വാക്യത്തിനു സമാനമായി വേറൊരു പ്രസ്താവനമാത്രമെ ഈ സുവിശേഷത്തിലുള്ളു. അതു് 11:27 ആണ്. അവിടെ മർത്താ യേശുവിനെ 'ദൈവപുത്രനായ ക്രിസ്തു'വെന്നു് ഏററു പറയുന്നു. മർത്തായെ സംബന്ധിച്ചിടത്തോളം ഈ അഭിസംബോധനയ്ക്കു് യഹൂദവിശ്വാസപ്രകാരമുള്ള മിശിഹായെന്നേ അർത്ഥമുള്ളുവെന്നു് വരാം. എങ്കിലും അതിനുശേഷം വരുന്ന ആ അത്ഭുതകൃത്യം (ലാസറിന്റെ പുനരുജ്ജീവനം) തെളിയിക്കുന്നതു് അത്തരമൊരർത്ഥമല്ല ഇതിനുള്ളതു് എന്നാണ്. ജീവൻ നല്കാൻ യേശുവിനുള്ള ശക്തിയാണ് ഇതു് വിളിച്ചറിയിക്കുന്നതു്. 20:30ലും ഇതുതന്നെയാണ് അർത്ഥം. ''ഈശോ ദൈവപുത്രനായ മിശിഹായാകുന്നുവെന്നു് നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു് അവന്റെ നാമത്തിൽ നിങ്ങൾക്കു് ജീവൻ ഉണ്ടാകേണ്ടതിനും.''

'ക്രിസ്തു' എന്ന അഭിധാനം ആഴമായ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വേറൊരു സന്ദർഭമാണ് യോഹ. 4:25-26. അവിടെ യേശു മിശിഹായായി സ്വയം അവതരിപ്പിക്കുന്നു. എന്നാൽ ആ സമറിയാക്കാരി ഉദ്ദേശിച്ച അർത്ഥത്തിലല്ല, ദൈവനാമം വഹിക്കുന്നവൻ എന്ന നിലയിലാണ് അവിടുന്നു മിശിഹായായിരിക്കുന്നതു്. 'ഞാനാകുന്നു' എന്ന ഈ പ്രയോഗത്തിനു് ആവിഷ്ക്കരണസ്വഭാവമുണ്ടെന്നു യോഹ 18:5 ൽ നിന്നു് മനസ്സിലാക്കാം. പ്രസ്തുതവാക്യം കേട്ടയുടനെ പടയാളികൾ നിലത്തു വീഴുന്ന രംഗം നമ്മുടെ മനസ്സിൽ വരയ്ക്കുന്ന ചിത്രം വളരെ അർത്ഥവത്താണ്. മനുഷ്യൻ ഭയവിഹ്വലനായി തന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാൻ ഇടയാക്കുന്ന ദൈവത്തിന്റെ ശക്തമായ പ്രത്യക്ഷീകരണത്തിന്റെ ചിത്രമാണതു്.[6]

---

6. നാലാം സുവിശേഷത്തിലെ 'ഞാനാകുന്നു' എന്ന പ്രയോഗത്തെപ്പററി കൂടുതൽ അറിയുവാൻ Cf. R. E. Brown, Tha Gospel according to John I–XII N. Y. 1966, 533-538.

www.malankaralibrary.com

20:28-ൽ തോമസ് അപ്പസ്തോലൻ യേശുവിനെ കർത്താവും ദൈവവുമെന്ന് ഏററു പറയുന്നു. പരിശുദ്ധാത്മാവുവഴി സഭയിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതക്രിസ്തുവിന് ക്രിസ്തീയസമൂഹം നൽകുന്ന പ്രത്യുത്തരത്തിന്റെ പ്രതീതിയാണ് തോമസ്സിന്റെ ഈ പ്രഖ്യാപനത്തിനുമുള്ളത്. ഇത്തരമൊരു ഏററുപറച്ചിലിനുശേഷം, ദാവീദിന്റെ പുത്രൻ മാത്രമായ ഒരു മിശിഹായിൽ വിശ്വാസം ജനിപ്പിക്കാനാണ് താൻ സുവിശേഷം എഴുതിയിരിക്കുന്നതെന്ന് 20:31-ൽ യോഹന്നാൻ പ്രസ്താവിക്കാൻസാദ്ധ്യതയില്ല. ഇതിൽനിന്ന് ഒന്നു വ്യക്തമാണ്. ക്രിസ്ത്യാനികളുടെ വിശ്വാസം കൂടുതൽ ആഴമുള്ളതാകുകയും, അങ്ങനെ യേശുവിന് പിതാവിനോടുള്ള അതുല്യബന്ധം അവർ കൂടുതൽ മനസ്സിലാക്കുകയും ചെയ്യണമെന്ന സുവിശേഷകന്റെ ആഗ്രഹമാണ് 20:31-ലെ പ്രസ്താവനയിൽ തെളിഞ്ഞു കാണുന്നത്. തന്റെ ശിഷ്യന്മാരുടെ മുമ്പിൽ യേശു പ്രവർത്തിച്ച 'അടയാളങ്ങ'ളുമായി ബന്ധപ്പെട്ടതാണ് സുവിശേഷത്തിലെ ഇതര ഭാഗങ്ങൾ. ഈ വസ്തുത മനസ്സിൽവച്ചുകൊണ്ടുവേണം യേശുവിന് നൽകിയിരിക്കുന്ന വിവിധസംജ്ഞകളുടെ അർത്ഥം നാം മനസ്സിലാക്കാൻ.[7]

## ദൈവപുത്രനായ ക്രിസ്തു

'ക്രിസ്തു', 'ദൈവപുത്രൻ' എന്നീ നാമങ്ങൾ യോഹന്നാൻ യേശുവിന് മാറിമാറി നൽകുന്നു. 1 യോഹ 5:1 മുതൽ 5 വരെയുള്ള വാക്യങ്ങളുടെ ഘടന പരിശോധിച്ചാൽ ഇതു വ്യക്തമാകും. ക്രിസ്തുവിലുള്ള വിശ്വാസമാണ് മനുഷ്യന്റെ ദൈവപുത്രസ്ഥാനത്തിനുള്ള മാനദണ്ഡമെന്ന് സ്ഥാപിക്കുകയാണ്, യോഹന്നാൻ ചെയ്യുന്നത്. നമുക്ക് ഈവാക്യങ്ങളുടെ ഘടനയൊന്നു പരിശോധിക്കാം.

5\. 1. A യേശു ക്രിസ്തുവാണെന്ന് വിശ്വസിക്കുന്നവൻ
B ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു.
C പിതാവിനെ സ്നേഹിക്കുന്നവൻ
D അവനിൽ (പിതാവിൽ) നിന്ന് ജനിച്ചവനെയും സ്നേഹിക്കുന്നു.
2\. D ഇതിൽനിന്ന് നാം മനസ്സിലാക്കുന്നു.... ദൈവസുതരെ നാം സ്നേഹിക്കുന്നുവെന്ന്
C നാം ദൈവത്തെ സ്നേഹിക്കുകയും അവന്റെ കല്പനകാക്കുകയും ചെയ്യുമ്പോൾ....

---

7\. Cf. W. H. G. Thomas 'The purpose of the Fourth Gospel' BS 125 (1965), 256-257.

www.malankaralibrary.com

3. കാരണം ഇതാണ് ദൈവസ്നേഹം....കല്പനകൾ കാക്കുക.

4. B ദൈവത്തിൽനിന്ന് ജനിച്ചവൻ...ലോകത്തെ ജയിച്ചിരിക്കുന്നു.

5. A ഇതാണ് വിജയം......നമ്മുടെ വിശ്വാസം....വിജയകരം....

യേശു ദൈവപുത്രനെന്ന് വിശ്വസിക്കുന്നവൻ

അടിവരയിട്ടിട്ടുള്ള ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ഒന്നാം വാക്യവും അഞ്ചാം വാക്യവും സമാന്തരമാണ്. ലേഖനത്തിന്റെ പ്രധാനാശയം ഉൾക്കൊള്ളുന്ന പ്രസ്തുത വാക്യങ്ങൾ വിശ്വാസത്തിന്റെ ഉൾപ്പൊരുളിനെപ്പററി ഒരേ രീതിയിൽ സംസാരിക്കുന്നു. എന്നാൽ ഉപയോഗിക്കുന്ന സംജ്ഞകൾ വ്യത്യസ്തമാണുതാനും. ഈ സമാനതയിൽനിന്ന് ഒരു കാര്യം മനസ്സിലാക്കാം. ഈ വാക്യങ്ങളുടെ ഉള്ളടക്കങ്ങളായ 'ക്രിസ്തു', 'ദൈവപുത്രൻ' എന്നീ അഭിധാനങ്ങൾ യോഹന്നാനെ സംബന്ധിച്ചിടത്തോളം, പരസ്പരം മാറിമാറി ഉപയോഗിക്കാവുന്നതാണ്.

ഇങ്ങനെ സംജ്ഞകൾ മാറിമാറി ഉപയോഗിക്കുന്നതുവഴി യേശുവിന്റെ ദൈവപുത്രസ്ഥാനവും മിശിഹാ എന്ന സ്ഥാനവും കൂടുതൽ അർത്ഥസംപുഷ്ടമാകുന്നു. യഹൂദന്മാർ സാധാരണയായി മനസ്സിലാക്കിയ രീതിയിലുള്ള ഒരു മിശിഹായായതുകൊണ്ടല്ല യേശു ദൈവസുതനായിരിക്കുന്നത്. മറിച്ച് ദൈവസുതനായതിനാലാണ് അവിടുന്ന് ക്രിസ്തു (മിശിഹാ)വായിരിക്കുന്നത്.[8] 'ക്രിസ്തു' എന്ന നിലയിലുള്ള അവിടുത്തെ രക്ഷകസ്വഭാവം അതുല്യമാണ്. കാരണം, അത് അവന്റെ സത്തയുടെ തന്നെ നിർവചനമാണ്. യേശുവിന്റെ 'ദൗത്യവും' സത്തയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. സാധാരണ പ്രവാചകന്മാരെപ്പോലെ തന്റെ ദൗത്യത്തിനു വേണ്ടിയല്ല ക്രിസ്തു ജീവിക്കുന്നത്. തന്റെ ദൗത്യത്താൽ (ദൗത്യംമൂലം) ആണ് അവൻ ജീവിക്കുന്നത്.[9] തന്റെ ആഗമനം തന്നെയാണ് യേശുവിന്റെ ദൗത്യം.[10]

---

8. Cf. L. Venard, ''Jean'' DTC VIII, col. 568.
9. Cf. R. Bultmann. The Gospel of John, (trans. by G. R. B. Murray, Oxford, 1971, 153f.)
10. Cf. D. Mollat, La Divinite du Christ d'apres Saint Jean, Lum Vic 9 (1953).

www.malankaralibrary.com

യേശുവിൻെറ മിശിഹാസ്ഥാനം അവിടുത്തെ പുത്രസ്ഥാനത്തിൻെറ പ്രകാശനമാണ്

യേശുവിൻെറ സാക്ഷ്യവാക്യമായി (The formula of self–witness) ജോൺ ദർശിക്കുന്നത് 'ഞാൻ വന്നു' അല്ലെങ്കിൽ 'ഞാൻ വന്നിരിക്കുന്നു' എന്നതാണ്[11]. ഞാൻ വന്നിരിക്കുന്നതു് സ്വയമായല്ല[12] പിതാവായ ദൈവത്തിൽനിന്നാണ്[13] എന്ന സത്യമാണ്, ഞാൻ മിശിഹായാകുന്നു എന്ന യേശുവിൻെറ പ്രഖ്യാപനത്തിൻെറ അടിസ്ഥാനം. സ്നാപകയോഹന്നാൻെറ സാക്ഷ്യപ്രകാരം "മുകളിൽനിന്നു വരുന്നവ"നാണ് മിശിഹാ (3:31). യഹൂദന്മാരെ സംബന്ധിച്ചിടത്തോളം മിശിഹായെ തിരിച്ചറിയേണ്ടതു് അദ്ദേഹത്തിൻെറ ഉത്ഭവത്തിൽനിന്നാണ്. "ഇവൻ എവിടെനിന്നു വരുന്നു എന്നു നമുക്കറിയാം; എന്നാൽ മിശിഹാ ആഗതനാകുമ്പോൾ അദ്ദേഹം എവിടെനിന്നു വരുന്നു എന്ന് ആരും അറിയുകയില്ല" (7:27). അങ്ങനെ ദൈവത്തിൽനിന്നുള്ള ഉത്ഭവമാണ്, ദൈവപുത്രസ്ഥാനമാണ്, മിശിഹാസ്ഥാനത്തിന് അടിസ്ഥാനം; മിശിഹാസ്ഥാനം ദൈവപുത്രസ്ഥാനത്തിൻെറ പ്രകാശനവുമാണ്.

യേശു: സ്വഭാവേനതന്നെ ദൈവസുതൻ

'മിശിഹാ' എന്ന സംജ്ഞയ്ക്കെന്നപോലെതന്നെ 'ദൈവസുത'നെന്ന സംജ്ഞയ്ക്കും യോഹന്നാൻെറ കൃതികളിൽ അർത്ഥവ്യത്യാസം സംഭവിക്കുന്നു. 'ദൈവപുത്രൻ' എന്ന അഭിധാനം യേശു ദൈവത്തിൻെറ പുത്രനാണെന്നു പ്രദ്യോതിപ്പിക്കുന്നു. യേശുവിൻെറ ദൈവപുത്രസ്ഥാനത്തിന് അസാധാരണമായ പ്രാധാന്യമാണ് യോഹന്നാൻെറ കൃതികളിൽ കാണുന്നതു്. ദൈവത്തെ പരാമർശിക്കാൻ 'പിതാവെന്ന' പദം വളരെ കൂടുതലായി ഉപയോഗിച്ചിരിക്കുന്നതിൽനിന്നു്[14] ഇതു് വ്യക്തമാണ്. 'ഞങ്ങളുടെ പിതാവു്' എന്ന പ്രയോഗം ഈ സുവിശേഷത്തിൽ കാണുന്നതേയില്ല. 'നിങ്ങളുടെ പിതാവു്' എന്നതു് ഒരിക്കൽ മാത്രമേ വരുന്നുള്ളു. അതും ഉയിർപ്പിനുശേഷംമാത്രം. പിതാവും പുത്രനും തമ്മിലുള്ള അന

---

11. Cf. 8:42; 16:27, 28; 17:8;18:37.
12. Cf. 7:28; 8:42.
13. Cf. 8:42; 16:27, 28.
14. 'പിതാവു്' എന്ന പദം സുവിശേഷത്തിൽ 115 പ്രാവശ്യവും ലേഖനത്തിൽ 16 തവണയും, വെളിപാടുഗ്രന്ഥത്തിൽ 5 പ്രാവശ്യവും വരുന്നു.

www.malankaralibrary.com

ന്യബന്ധത്തിനു് യോഹന്നാൻ നൽകുന്ന പ്രാധാന്യമാണു് ഇതെല്ലാം വിളിച്ചറിയിക്കുന്നതു്.

യേശുവിനെക്കുറിച്ചുള്ള വിവിധ പ്രസ്താവനകൾ 'ദൈവസുത'നെന്ന പദപ്രയോഗം വ്യക്തമാക്കുന്ന–ദൈവികസ്വഭാവത്തിലേക്കാണു് വിരൽ ചൂണ്ടുന്നതു്. യേശുവിന്റെ പ്രാക്‌സത്ത (Pre-existence: ലോകസൃഷ്ടിക്കു മുമ്പുള്ള യേശുവിന്റെ അസ്തിത്വം) വ്യക്തമാക്കുന്ന ധാരാളം പ്രസ്താവനകളാണുള്ളതു്: അബ്രാഹത്തിനു മുമ്പുതന്നെ അവൻ ഉണ്ടു് (8:58); താൻ നേരത്തെ ആയിരുന്നിടമായ സ്വർഗ്ഗത്തിലേക്കു്–താൻ എവിടെനിന്നു് ഇറങ്ങി വന്നോ അവിടേക്കു് അവൻ തിരികെ പോകുന്നു (6:7, 38, 62); ലോകം ഉണ്ടാകുന്നതിനു മുമ്പുതന്നെ യേശു മഹത്വീകൃതനായിരുന്നു (17:5); ലോകസ്ഥാപനത്തിനു മുമ്പുതന്നെ ദൈവം അവനെ സ്നേഹിച്ചു (17;24); മറ്റെന്തും ഉണ്ടാകുന്നതിനു മുമ്പുതന്നെ അവൻ ദൈവത്തോടുകൂടെ സ്ഥിതി ചെയ്തു (1:1–2); ജ്ഞാനം കൊണ്ടും (cf. 2:24; 5:18, 6:65, 12:33; 16:29) ശക്തികൊണ്ടും (cf. 5:17, 20, 36) അവൻ പിതാവിനു സമനാണു്[15], അവൻ പിതാവുമായി സത്താപരമായ സമ്പർക്കത്തിലാണിരിക്കുന്നതു് (cf. 16:15; 17:10); പിതാവും പുത്രനും ദൈവസ്വഭാവത്തിലും ദൈവികഗുണങ്ങളിലും പരസ്പരം പങ്കു ചേരുന്നു[16]. ഇവയെല്ലാം 'ദൈവസുത'നെന്ന പദപ്രയോഗത്താൽ വെളിപ്പെടുത്തുന്ന യഥാർത്ഥ ദൈവികസ്വഭാവമാണു് സൂചിപ്പിക്കുന്നതു്. മറ്റുള്ളവർക്കു് ഇതു മിശിഹാസ്ഥാനത്തിന്റെ പര്യായം മാത്രമാകാമെങ്കിലും, യേശുവും, സുവിശേഷകർത്താവും സത്താപരമായ ദൈവപുത്രസ്ഥാനമാണു്, 'ദൈവസുത'ശബ്ദംകൊണ്ടു് അർത്ഥമാക്കുന്നതു്.

### യേശുവിന്റെ ദൈവപുത്രസ്ഥാനത്തിന്റെ ആവിഷ്ക്കരണസ്വഭാവം

മനുഷ്യരുടെ ഇടയിലുള്ള യേശുവിന്റെ ദൗത്യത്തെപ്പററി സംസാരിക്കുമ്പോൾ മാത്രമേ 'ദൈവസുത'നെന്ന നാമം യോഹന്നാൻ ഉപയോഗിക്കുന്നുള്ളു. യേശുവും ദൈവവുമായുള്ള ബന്ധത്തെപ്പററി മാത്രം പറയുന്നിടത്തു് പ്രസ്തുത അഭിധാനം ഉപയോഗിക്കുന്നില്ല താനും. ദൈവപുത്രസ്ഥാനത്തിനു് യോഹന്നാന്റെ സുവിശേഷത്തിലുള്ള ആവിഷ്ക്കരണസ്വഭാവമാണു് ഇതു വ്യക്തമാക്കുന്നതു്[17].

---

15. Cf. 2:24; 5:18; 6:65; 12:33; 16:29.
16. Cf. 10:30; 14:10–12; 17:22–23.
17. ദൈവത്തെപ്രതി ഉപയോഗിച്ചിരിക്കുന്ന 'പിതാവു്' എന്ന പദത്തിന്റെ ആവിഷ്ക്കരണസ്വഭാവത്തെപ്പററി പഠിക്കാൻ Cf. G. Schrenk, art, "Pater" TD NT. V, 997–999.

www.malankaralibrary.com

ഇതിനു വ്യക്തമായൊരുദാഹരണമാണ് ജോൺ 10:22–39. അവിടെ അഭിഷിക്തനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ട ദൈവസുതനായി, 'പ്രതിഷ്ഠാത്തിരുനാൾ' സന്ദർഭത്തിൽ യേശു സ്വയം അവതരിപ്പിക്കുന്നു. അവൻ സ്വയം ദൈവപുത്രനാക്കുന്നു എന്ന യഹൂദരുടെ ആരോപണത്തിന്, പഴയനിയമത്തിൽനിന്ന് വാദമുഖങ്ങൾ സ്വീകരിച്ചുകൊണ്ട് ക്രിസ്തു മറുപടി പറയുന്നു. സങ്കീർത്തനത്തിൽനിന്ന് (സങ്കീ. 82:6) ഒരുദ്ധരണി സ്വീകരിക്കുന്നതു നോക്കുക. "നിങ്ങൾ ദൈവങ്ങളാണെന്നു ഞാൻ പറഞ്ഞിരിക്കുന്നു എന്ന് നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടില്ലേ? ഈ സങ്കീർത്തനഭാഗം ന്യായാധിപന്മാരെ ഉദ്ദേശിച്ചുള്ളതാണ്. കാരണം, അവർ ഒരർത്ഥത്തിൽ ദൈവികകൃത്യമാണല്ലോ ചെയ്യുന്നത്[18]. എന്നാൽ യേശുവിന്റെ വാദഗതിപ്രകാരം, ന്യായാധിപന്മാരെ ദൈവങ്ങളെന്നു വിളിക്കാവുന്നത് അവർ ദൈവവചനവാഹകരായതുകൊണ്ടാണ്. (cf. 10:35). അക്കാരണത്താൽ മററാരെയുംകാൾ കൂടുതലായി ദൈവമെന്നു വിളിക്കപ്പെടാൻ യേശുവിന് അർഹതയുണ്ട്. പിതാവ് യേശുവിനെ അഭിഷേകം ചെയ്ത് ലോകത്തിലേക്ക് അയച്ചിരിക്കുന്നതിനാൽ അതുല്യമാംവിധം യേശു ദൈവവചനവാഹകനാണ്. യേശു ദൈവവചനംതന്നെയാണ്. അതിനാൽ യേശു ഇവിടെ ദൈവസുതനായി സ്വയം അവതരിപ്പിക്കുന്നത് താൻ ദൈവവചനമായതുകൊണ്ടാണ് അഥവാ പിതാവിനെ വെളിപ്പെടുത്തുന്നവൻ എന്ന നിലയിലാണ്.

യേശു: ദൈവസുതനും ദൈവവചനവും

യോഹന്നാന്റെ മാത്രമായ ഈ ആശയം അദ്ദേഹത്തിന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ (prologue) പ്രകാശിതമായിട്ടുണ്ട്. അതിൽ ഒന്നും രണ്ടും വാക്യങ്ങളിൽ യേശുവിനെ ദൈവവചനമായി അവതരിപ്പിക്കുമ്പോൾ അതിനു സമാനമായ 18-ാംവാക്യത്തിൽ പിതാവിന്റെ ഏകജാതനായിട്ടാണ് ജോൺ യേശുവിനെ അവതരിപ്പിക്കുന്നത്. യോഹന്നാന്റെ ഈ ഒന്നാം അദ്ധ്യായത്തിന് കേന്ദ്രീകൃതഘടനയുണ്ടെന്ന് പലരും സമ്മതിക്കുന്നു[19]. ഈ ഘടനയിൽ ഒന്നും

---

18. Cf. ആവർത്തനം 1:17 "...........ന്യായവിധി ദൈവത്തിന്റേതാണ്".

19. Cf. M. E, Boismard. Le prologue de Saint Jean, Paris, 1953-107; p. Lamarche, "Le prologue de Jean", RSR 52 (1964)·529—532.

www.malankaralibrary.com

രണ്ടും വാക്യങ്ങളും അവയ്ക്കു സമാനമായ 18-ാം വാക്യവും ഒരു ചട്ടക്കൂടായി വർത്തിക്കുന്നു[20].

18-ാം വാക്യത്തിൽ യേശുവിനു പിതാവിനോടുള്ള ബന്ധമാണു പരാമർശിക്കപ്പെടുന്നതു്. ഈ ബന്ധം ''പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതൻ''[21] എന്ന വാക്കുകളിൽ വ്യക്തമാക്കുകയും ചെയ്യുന്നു. 'ഇൽ' (eis ഗ്രീക്കിൽ) എന്ന പ്രത്യയത്തിനു യോഹന്നാന്റെ പ്രയോഗത്തിൽ ചലനാത്മക സ്വഭാവമുണ്ടു്. ഒരു വസ്തുവിലേയ്ക്കോ, ഒരു വ്യക്തിയിലേയ്ക്കോ ഉള്ള ചലനമാണു് ഇതു് ദ്യോതിപ്പിക്കുന്നതു്[22]. പിതാവും പുത്രനും തമ്മിലുള്ള ചലനാത്മകബന്ധം സൂചിപ്പിക്കുന്ന ദൈവശാസ്ത്രപരമായ അർത്ഥത്തിൽ വേണം ഇതു മനസ്സിലാക്കാൻ. മന:ശാസ്ത്രപരമായ ഒരർത്ഥം ഇതിനു കൊടുക്കുവാൻ പാടില്ല. മടിത്തട്ടു് എന്നതു് ഉല്പാദനത്തിന്റെ പ്രതീകമാണു്. അതു് 'പിതാവു്'' എന്ന പദവുമായി ചേർത്താണു് ജോൺ പ്രയോഗിച്ചിരിക്കുന്നതു്. യേശുവും ദൈവവും തമ്മിൽ ജനനം മൂലമുണ്ടാകുന്ന ഒരു പിതൃപുത്രബന്ധമാണു് ഇതു് അർത്ഥമാക്കുന്നതു്. തന്റെ ജീവസ്രോതസ്സായ പിതാവിനോടു് സ്ഥായിയായി ബന്ധപ്പെട്ടിരിക്കുന്ന പുത്രനായിട്ടാണു് യേശുവിനെ ഇവിടെ ജോൺ അവതരിപ്പിച്ചിരിക്കുന്നതു്[23].

പിതാവുമായുള്ള സ്ഥിരമായ ബന്ധമാണു് പുത്രനെ പിതാവിന്റെ ആവിഷ്കരണമാക്കുന്നതു്. ഒരു മനുഷ്യനും ദൈവത്തെ ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ, അവൻ പിതാവിനെ വെളിപ്പെടുത്തി (1:18). 'വെളിപ്പെടുത്തുക' എന്നതിനു് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം 'എക്സേഗിയോമായ്' (exegeomai) എന്നതാണു്. അതു കേവലാർത്ഥത്തിൽത്തന്നെ പ്രയോഗിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഈ ആവിഷ്ക്കാരത്തിന്റെ വിഷയം മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ തങ്ങളുടെ പര

---

20. ഉപോദ്ഘാതത്തിന്റെ ഘടനാപഗ്രഥനത്തിനും അതിലെ സമാനാശയപഠനത്തിനും Cf. M. Vellanickal, 'Jesus as the Word in the New Testament', Jeevadhara 1 (1971) 154-155.

21. ഈ ഭാഗത്തിന്റെ മൂലരൂപം സംബന്ധിച്ച പ്രശ്നം നല്ലവണ്ണം കൈകാര്യം ചെയ്തിട്ടുണ്ടു്, R. E. Brown ന്റെ 'The Gospel according to John I-XII എന്ന ഗ്രന്ഥം 17-ാം പേജിൽ.

22. Cf. I de la Potterie 'L' emploi dynamique de 'eis' dans S. Jean et Ses incidences theologiques'', Biblica 43 (1963) 366—387.

23. Cf. യോഹ. 5:57 ''ജീവിക്കുന്നവനായ പിതാവു് എന്നെ അയയ്ക്കുകയും ഞാൻ പിതാവു മൂലം ജീവിക്കുകയും ചെയ്യുന്നതുപോലെ....''

www.malankaralibrary.com

സ്പരബന്ധം മൂലം പിതാവും പുത്രനും പങ്കു പററിയിരിക്കുന്ന ജീവൻതന്നെയാണ്.

യേശുവിനെ ദൈവവചനമാക്കുന്നതു് ജീവനിലുള്ള ഈ പങ്കുചേരലാണ്. 'വചനം ദൈവത്തോടു കൂടിയായിരുന്നു' എന്ന വാക്യം യേശുവിനെ പിതാവിൽനിന്നും തികച്ചും വ്യത്യസ്തനായ നിലയിൽ അവതരിപ്പിക്കുന്നു. [24] ഈ വാക്യഭാഗം വേറൊരു സൂചനകൂടി നൽകുന്നുണ്ട്. ദൈവാവിഷ്കരണം എന്ന അതുല്യകൃത്യം നിറവേററാൻ, തന്നെ പ്രാപ്തനാക്കത്തക്കവിധം പുത്രൻ ജീവസ്രോതസ്സായ പിതാവിലേയ്ക്കു് നിരന്തരം ഉന്മുഖനായിരിക്കുന്നു.

ആകയാൽ യേശുവിനെ 'ദൈവവചന'മെന്നു് വിളിക്കുമ്പോഠം ത്രിത്വത്തിലുള്ള അവൻെറ സ്ഥാനമല്ല, അവൻെറ അതുല്യമായ ദൈവാവിഷ്കാര പ്രകൃതിയാണ് യോഹന്നാൻ വ്യക്തമാക്കുന്നതു്. സുവിശേഷം വിവരിക്കുന്നതു മുഴുവൻ 'ആദിയിൽ ദൈവത്തോടുകൂടിയായിരുന്ന' ഈ യേശുവിൻെറ കഥയാണ്. അവിടുത്തെ ശാരീരിക ജീവിതമാണ് ദൈവത്തിൻെറ രക്ഷാകരമായ ആവിഷ്ക്കരണ ചരിത്രത്തിൻെറ മുഴുവൻ കേന്ദ്രബിന്ദു.

ശരീരിയായിത്തീർന്ന വചനം

അങ്ങനെ, നാലാം സുവിശേഷത്തിലെ യേശു രണ്ടുതലങ്ങളിലൂടെ നീങ്ങുന്നു—ദൈവികവും മാനുഷികവുമായ തലങ്ങളിലൂടെ. ഇതുകണ്ടാൽ അവിടുന്നു് രണ്ടുലോകങ്ങളിൽ ജീവിക്കുകയാണോയെന്നു തോന്നും. ഈ ദ്വന്ദ്വസ്വഭാവം സുവിശേഷത്തിൻെറ ഉപോദ്ഘാതത്തിൽ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. 'വചനം മാംസമായി' (1:14). അവിടുന്നു് വചനമാണ്; അപ്രകാരം തന്നെ തുടരുകയും ചെയ്യുന്നു. എന്നാൽ കാലത്തികവിൽ അവിടുന്നു് മാംസം ധരിച്ചു; മാംസവും രക്തവുമുള്ള സത്തയായിത്തീർന്നു.

നാലാം സുവിശേഷത്തിലെ യേശുവിനെ ഒരു മായാരൂപമായി—യഥാർത്ഥ മനുഷ്യനല്ല എന്നവിധത്തിൽ—കാണുന്നവരുണ്ടു്. പക്ഷപാതപരമായി ചില വാക്യങ്ങഠം വ്യാഖ്യാനിച്ചതാണ് ഈ ചിന്താഗതിക്കു കാരണം. എന്നാൽ യോഹന്നാൻ

---

24. Theon (ദൈവം) എന്ന പദത്തിനു മുമ്പുള്ള നിയതാർത്ഥദ്യോതകഭേദകം ശ്രദ്ധിക്കുക. ഈ ഭേദകം ഉപയോഗിച്ചിരിക്കുന്നതിനാൽ ഇവിടെ അർത്ഥം The God-ആ (പ്രത്യേക) ദൈവം എന്നാകും..

www.malankaralibrary.com

വരയ്ക്കുന്ന ക്രിസ്തുവിന്റെ ചരിത്രം സമാനസുവിശേഷങ്ങളിലേതിനേക്കാൾ ഹൃദയസ്പർശിയും മാനുഷികവുമാണ്. 'യാത്രകൊണ്ടുക്ഷീണിച്ചു കിണററിനരികിൽഇരിക്കുന്ന(4:6) യേശു സമറിയക്കാരിയോടു സംസാരിക്കുന്ന രംഗം എത്രയോ സ്വാഭാവികവും മാനുഷികവുമാണ്! ഇതുപോലെയൊന്നാണ് ലാസറിന്റെ പുനരുജ്ജീവനരംഗവും. തന്റെ പ്രിയസുഹൃത്തിന്റെ വേർപാടിൽ യേശു തീവ്രമായി ദുഃഖിക്കുന്നു. മററുള്ളവരുടെ കണ്ണുനീർകണ്ടപ്പോൾ ഈ ഹൃദയതാപം അടക്കാൻ പോലും അവിടുത്തേയ്ക്ക കഴിയുന്നില്ല. 'അവനെ അവൻ എത്രമാത്രം സ്നേഹിച്ചു എന്നു നോക്കു' (11:33). 'ഇതാ മനുഷ്യൻ!' (19:5) എന്ന ഹൃദയഭേദകരംഗം യോഹന്നാൻ മാത്രമെ അവതരിപ്പിക്കുന്നുള്ളു. ജോൺ അവതരിപ്പിക്കുന്ന യേശുമാത്രമെ ക്രൂശിൽകിടന്നുകൊണ്ട് 'എനിക്ക്ദാഹിക്കുന്നു' എന്നുദയനീയമായി കേഴുന്നുള്ളു. 'നീയെന്നെ സ്നേഹിക്കുന്നുവോ'? (21:15), 'മറിയം— ഗുരോ' എന്നീ പ്രയോഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള രംഗങ്ങളും, വളരെ മനോഹരമായി, മാനുഷികമായി ജോൺ വരച്ചു കാണിക്കുന്നു[25].

എങ്കിലും മനുഷ്യനായ യേശു വചനവുമാണ്. അവിടുന്ന് ദൈവസുതനാണ്. അവിടുത്തെ ദൈവപ്രകൃതി, മനുഷ്യപ്രകൃതിമുഴുവനിലും വ്യാപിച്ചിരിക്കുന്നു. ജോൺ ക്രിസ്തുവിനെ ഏക വ്യക്തിയായിട്ടാണ് കാണുന്നത്. യേശുവിന്റെ മാനുഷികതയിൽ മുഴുവൻ വ്യാപിച്ച് അതിനെ രൂപാന്തരപ്പെടുത്തിയതാണ് അവിടുത്തെ ദൈവികത. അങ്ങനെ അവിടുത്തെ മാനുഷികത ദൈവത്തിന്റെ ആവിഷ്ക്കരണമായി തീർന്നിരിക്കുന്നു. ദൈവമഹത്വം അവനിലൂടെ പ്രകാശിക്കുന്നു. 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. നാം അവന്റെ മഹത്വം ദർശിച്ചു— കൃപയും സത്യവും നിറഞ്ഞ, ദൈവത്തിന്റെ ഏകജാതനെന്ന നിലയിലുള്ള മഹത്വം തന്നെ'(1:14).

യേശുവിനെ ദൈവപുത്രനായി അവതരിപ്പിക്കുകയെന്നതാണ് യോഹന്നാന്റെ ലക്ഷ്യം. യേശുവിൽ വചനവും മാംസവും ഒന്നായിത്തീർന്നിരിക്കുന്നു എന്നു സ്ഥാപിച്ചുകൊണ്ട് യോഹന്നാൻ ഇതു സാധിക്കുന്നു. യേശുവിന്റെ മനുഷ്യത്വത്തിന്റെ ഉല്പത്തിയെപ്പററിയോ, വചനവും മനുഷ്യത്വവും തമ്മിലുള്ള ഐക്യത്തിന്റെ സ്വഭാവത്തെപ്പററിയോ യോഹന്നാൻ ഇവിടെ ചിന്തിക്കുന്നില്ല. യേശു പിതാവിൽനിന്നു്

25. Cf. W. Grossouw, Revelation and Redemption; (trans, by M. W· Sehoenberg, London 1965,60–61)·

www.malankaralibrary.com

ജനിച്ച് ഈ ലോകത്തിലേക്ക് ഇറങ്ങിവന്നു എന്ന സത്യമാണ് അവിടുത്തെ ദൈവപുത്രസ്ഥാനത്തിന് ഉപോദ്ബലമായി യോഹന്നാൻ കൊണ്ടുവരുന്ന ന്യായം. ഇതു് അവിടുത്തെ ദൈവപുത്രസ്ഥാനത്തിന്റെ പ്രത്യേകതയെ കൂടുതൽ വ്യക്തമാക്കുന്നു.

### യേശു: ദൈവത്തിന്റെ ഏകജാതൻ

യേശുവിനെപ്പററി ഉപയോഗിക്കുന്ന 'ഏകജാതൻ' (Monogenis) എന്ന പദം, അവിടുത്തെ ദൈവപുത്രസ്ഥാനത്തിന്റെ പ്രത്യേകതയിലേക്ക് വീണ്ടും വിരൽ ചൂണ്ടുന്നു. ഈ പദം, പുത്രനെന്ന പദത്തോടു് നേരിട്ടു ചേർത്തിരിക്കുന്നു. കാരണം, 'പുത്രൻ' (cf. 3: 16–18; 1 യോഹ 4:9), പിതാവു് (cf. 1:14,18) എന്നീ വാക്കുകളോടു് യോജിപ്പിച്ചു മാത്രമെ ഈ പദം ജോൺ ഉപയോഗിക്കുന്നുള്ളു. പിതാവായ ദൈവത്തിൽ നിന്നു് ജനിച്ചതുവഴി അവിടുന്നു് ദൈവപുത്രനായി എന്ന സത്യത്തിന്റെ പ്രാധാന്യവും ഇവിടെ വ്യക്തമാക്കുന്നുണ്ടു്.

### യേശുവിന്റെ കാലാതീതവും കാലബന്ധവുമായ ജനനം

യേശുവിന്റെ ദൈവികോത്പത്തിയെപ്പററിയാണു് യോഹ 1:13–ലും (രക്തത്തിൽനിന്നല്ലാതെ....ദൈവത്തിൽ നിന്നു് ജനിച്ചവൻ[26]), 1 യോഹ. 5:18–ലും (ദൈവത്തിൽ നിന്നു് ജനിച്ച അവിടുന്നു് അവനെ പരിപാലിക്കുന്നു ...) ജോൺ പ്രസ്താവിച്ചിരിക്കുന്നതു്. ഈ രണ്ടു സന്ദർഭങ്ങളിലും ഗ്രീക്കുമൂലങ്ങളിൽ ഔറിസ്റ്റ് എന്ന ക്രിയാകാലമാണുപയോഗിച്ചിരിക്കുന്നതു്. ചരിത്രത്തിൽ നിശ്ചിതസമയത്തു സംഭവിച്ച ഒന്നിനെ സൂചിപ്പിക്കാനാണു് ഔറിസ്റ്റു ക്രിയാകാലം സാധാരണയായി ഉപയോഗിക്കുക. അതിനാൽ, യേശുവിന്റെ ദൈവികോത്പത്തിയെ മനുഷ്യാവതാരവുമായി പ്രത്യേകവിധം ബന്ധപ്പെടുത്തിയാണു യോഹന്നാൻ കാണുന്നതു്. അങ്ങനെ കാലാതീത ജനനത്തെയും കാലബന്ധജനനത്തെയും തമ്മിൽ യോജിപ്പിച്ചിരിക്കുന്നു. 'ഏകജാതൻ' എന്ന പ്രയോഗം കാലബന്ധജനനം മാത്രമല്ല ദ്യോതിപ്പിക്കുന്നതെന്നു തീർച്ച (അതായതു് യേശു ഏകജാതനായതു് മനുഷ്യാവതാരത്തോടുകൂടിയാണെന്നു വരുന്നില്ലെന്നു സാരം). കാരണം, യോഹ. 3:16 ലും

---

26. നാം ഇവിടെ സ്വീകരിച്ചിരിക്കുന്നതു് ഏകവചനരൂപമാണു്. അതിൻപ്രകാരം ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് ക്രിസ്തുവിന്റെ ജനനമാണു്; ക്രിസ്ത്യാനികളുടേതല്ല. Cf. J. Galot Etre de Dieu. Jean, 1, 13, Rome 1969.

www.malankaralibrary.com

1 യോഹ 4:9 ലും നാം കാണുന്നതു് നേരത്തെ തന്നെ ഏകജാതനായിരുന്നവനെ ദൈവം ഭൂമിയിലേക്കു് അയച്ചു എന്നാണു്. അതുപോലെതന്നെ, 'ഏകജാത'നെന്നതു് കാലാതീതജനനം മാത്രമല്ല ദ്യോതിപ്പിക്കുന്നതു് എന്നു് പറയുവാനും കഴിയും. കാരണം മനുഷ്യാവതാരത്തെപ്പററി പറഞ്ഞതിനുശേഷവും അതോടു ബന്ധപ്പെടുത്തിയും മാത്രമാണു് ഏകജാതനെന്ന പദം ഉപയോഗിക്കുന്നതു്. യോഹ. 1:14 അതിനൊരുദാഹരണമാണു്. അവിടെ ഏകജാതനെപ്പററി 'കൃപയും സത്യവും നിറഞ്ഞവൻ' എന്നു പറയുന്നു. മനുഷ്യാവതാരം ചെയ്ത യേശുവിനെപ്പററിയല്ലാതെ അങ്ങനെ പറയുന്നതിൽ അർത്ഥമില്ലല്ലോ[27].

രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ക്രിസ്തീയ ഗ്രന്ഥകാരന്മാർ പല ശൈലികളുമുപയോഗിച്ചു് യേശുവിന്റെ ദ്വിവിധജനനം വ്യക്തമാക്കിയിരുന്നു. 'ശരീരിയും ആത്മീയനും', 'ജാതനും അസൃഷ്ടനും', 'ശരീരം സ്വീകരിച്ച ദൈവം', 'മറിയത്തിൽനിന്നും ദൈവത്തിൽനിന്നും (വന്നവൻ)' മുതലായവയാണു് ആദ്യകാല ഗ്രന്ഥകാരന്മാരുടെ പ്രയോഗങ്ങൾ[28]. യേശുവിന്റെ കാലികവും കാലാതീതവുമായ ഈ ദ്വിവിധജനനം ക്രൈസ്തവരുടെ വിശ്വാസസത്യമാണു്. അതുതന്നെയാണു് അവരുടെ ദൈവപുത്രസ്ഥാനത്തിന്റെ സ്രോതസ്സും പ്രാഗ്രൂപവും. ''അവനെ സ്വീകരിച്ചവർക്കെല്ലാം ദൈവസുതരാകാനുള്ള അധികാരംഅവൻ കൊടുത്തു; മാംസത്തിൽ നിന്നല്ലാതെ.... ദൈവത്തിൽനിന്നു ജനിച്ച അവനിൽ വിശ്വസിക്കുന്നവർക്കു്'' (1.12–13).

## മനുഷ്യാവതാരം: കാലാതീത ജനനത്തിന്റെ അടയാളം

യേശുവിന്റെ മനുഷ്യാവതാരം അവിടുത്തെ കാലാതീത ജനനമാണു്. ജോൺ 1:13–ൽ (ഏകവചനരൂപത്തിൽ ഗ്രഹിച്ചാൽ) യോഹന്നാൻ പറയുന്നതു് യേശുവിന്റെ ദൈവികജനനത്തെപ്പററിയാണു്; ഈ ദൈവികജനനം മനുഷ്യാവതാരത്തിലൂടെ വ്യക്തമാക്കാനും ശ്രമിക്കുന്നു. മനുഷ്യാവതാരത്തിന്റെ അത്ഭുതകരമായ സ്വഭാവത്തിനു് (കന്യകാജനനത്തിനു്) വലിയ പ്രാധാന്യം കൊടുക്കുന്നില്ലെങ്കിലും അതിന്റെ അസാധാരണത്വം യോഹന്നാൻ ഊന്നിപ്പറയുന്നുണ്ടു്. കാരണം ദൈവികജനനത്തിന്റെ അടയാളമെന്ന നിലയിൽ അതിനു് വലിയ പ്രാധാന്യമുണ്ടു്. 1:13–ൽ സാധാരണഗതിയിലുള്ള മാനു

———

27. Cf. Lagrange, Le Quatrieme Evangile, (Paris, 1925, 322)
28. Cf. Ignatius of Antioch Ad Eph 7, 2 in Pg 5, 649.

www.malankaralibrary.com

ഷിക ജനനത്തിന്റെ ഘടകങ്ങൾ നിഷേധിക്കുന്നുണ്ടെങ്കിലും ഈ ജനനത്തിൽ സ്ത്രീക്കുള്ള പങ്ക് നിഷേധിക്കുന്നില്ല എന്ന സത്യം പ്രത്യേകം ശ്രദ്ധാർഹമാണ്[29]. സ്ത്രീയുടെ സമ്മതത്തിന് മനുഷ്യാവതാരത്തിൽ വളരെ പ്രധാനമായ പങ്കാണുള്ളത്.[30] ഇങ്ങനെ മനുഷ്യാവതാരം (കന്യകാജനനം) യേശുവിന്റെദൈവികജനനത്തിന്റെ അടയാളവും പ്രകാശനവുമാണ്.

യേശുവിന്റെ ഭൗമികസേവനം: അവിടുത്തെ ദൈവപുത്രസ്ഥാനത്തിന്റേയും ദൗത്യത്തിന്റേയും അടയാളം

യേശുവിന്റെ കാലികജനനം കാലാതീതജനനത്തിന്റെ അടയാളവും തുടർച്ചയുമായിരിക്കുന്നതുപോലെതന്നെ അവിടുത്തെ വാക്കുകളും പ്രവൃത്തികളും ജീവിതരീതിയും ദൈവപുത്രനെന്ന നിലയിലുള്ള (അതുകൊണ്ടുതന്നെ അതുല്യനായ ദൈവാവിഷ്കാരകൻ എന്ന നിലയിലുള്ള) അവിടുത്തെ സത്തയുടെയും ദൗത്യത്തിന്റെയും അടയാളവും തുടർച്ചയുമാണ്. അതിനാലാണ് യോഹന്നാൻ പറയാൻ കഴിഞ്ഞത്, ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു; നമ്മൾ അവന്റെ മഹത്വം കണ്ടു, കൃപയും സത്യവും നിറഞ്ഞ ദൈവത്തിൽനിന്നു വന്ന ഏകജാതൻ എന്ന നിലയിലുള്ള മഹത്വം'' (1:14).

വചനം എന്നപദം പ്രാരംഭ അദ്ധ്യായത്തിൽ മാത്രമെ ഉപയോഗിക്കുന്നുള്ളവെങ്കിലും മുഴുവൻ സുവിശേഷത്തിന്റെയും പ്രതിപാദ്യവിഷയം വചനമാംസതലങ്ങളിലെ സത്തകൾ തമ്മിലുള്ള പരസ്പരബന്ധമാണ്. ഒരുവശത്ത് വചനം, ആത്മാവ്, ദൈവികമായ സനാതനമഹത്വം; മറുവശത്ത് മാംസം, സ്ഥലകാലനിബന്ധമായ ലോകം. ഇവ രണ്ടും യേശുവിൽ സംയോജിക്കുന്നു. വചനം മാംസമാകുന്നു. അദൃശ്യനായ ദൈവത്തിന്റെ മഹത്വം ദൃശ്യമാകുന്നു. ജനങ്ങൾ ആ വചനം ശ്രവിക്കുന്നു. അവിടുത്തോടുകൂടി ജീവിക്കുന്നു. ആത്മാവും ശരീരവും സുപ്രധാനങ്ങളാണ്. രണ്ടും സൂക്ഷ്മമായി മനസ്സിലാക്കുകയും വേണം. ആത്മാവു കൂടാതെയുള്ള ശരീരം അർത്ഥശൂന്യമാണ് (3:6; 6:63). വെളിപാടിന്റെ ആസ്ഥാനം എന്ന നിലയിൽ ശരീരം അനുപേക്ഷണീയമാണുതാനും. ദൈവസുതനും ക്രിസ്തുവുമായ യേശുവിൽ ഇവ രണ്ടും സഹവർത്തിക്കുന്നു; പര

---

29. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം aner (ആനേർ) എന്നതാണ്, anthropos (ആന്ത്രോപ്പോസ്) അല്ല. അതിനാൽ ഇവിടെ 'പുരുഷ'നെന്നേ അർത്ഥമുള്ളൂ; സ്ത്രീയോ പുരുഷനോ ആകാവുന്ന 'മനുഷ്യ'നെന്നല്ല അർത്ഥം.

30. Cf. J. Galot, op, cit, 118-122.

www.malankaralibrary.com

സ്പരം അധിവിസിക്കുന്നു എന്നു കാണിക്കുകയാണ് സുവിശേഷത്തിന്റെ ലക്ഷ്യം (20:31)[31].

ഇവ രണ്ടും ഒരുമിച്ചുകൊണ്ടുപോകുക, ഒന്നു മറേറതിലൂടെ പ്രകാശിക്കാൻ അനുവദിക്കുക, ശരീരത്തെ ആത്മാവിന്റെ ദൃശ്യഭാവമാക്കുക (diaphanous) അങ്ങനെ അതിലും അതിലൂടെയും മഹത്വം ദൃശ്യമാക്കുക, ഇതിലാണ് യോഹന്നാന്റെ സംതൃപ്തി. ഇക്കാര്യം അവതരിപ്പിക്കുന്നതിൽ യോഹന്നാൻ വളരെ ശ്രദ്ധാലുവാണ്. ഈ സംരംഭത്തിൽ യഥാർത്ഥരൂപം മാത്രമുള്ള ചിലതു് നഷ്ടപ്പെട്ടുപോകുന്നതിൽ അദ്ദേഹത്തിനു സങ്കടമില്ല. ആത്മാവിന്റെ ദൃശ്യഭാവമായിത്തീർന്ന ശരീരം, പിന്നീടു് ശരീരമായി കാണപ്പെടുകയില്ല. ദൈവികത അതിലൂടെ പ്രകാശിക്കുന്നതിനാൽ ശരീരമെന്ന നിലയിലുള്ള അതിന്റെ യാഥാർത്ഥ്യം നഷ്ടപ്പെട്ടുപോയോ എന്നു തോന്നിയേക്കാം. (Docetic–ഡൊസേററിക് ചിന്താഗതിയോടു യോജിക്കുന്ന വിധത്തിലുള്ള ഒരു ശരീരമാണോ ഇതെന്നു് തോന്നാമെന്നു സാരം). അതുകൊണ്ടുതന്നെയാണ് ജോൺനോക്സ്[32], ഏണസ്ററു കേസെമാൻ[33] മുതലായവർ പറയുന്നതു്, യോഹന്നാൻ അവതരിപ്പിക്കുന്ന ക്രിസ്തു ഒരു യഥാർത്ഥ മനുഷ്യനല്ലെന്നു്[34]. യോഹന്നാന്റെ സമകാലീനരായ ഗ്നോസ്റ്റിക് തത്വചിന്തകരുടെയും നിലപാടു് ഇതായിരുന്നു. യോഹന്നാൻ വരയ്ക്കുന്ന ക്രിസ്തുവിന്റെ ചിത്രം 'ഡൊസെററിക്' ചിന്താഗതിയോടു യോജിച്ചിരിക്കുന്നുവെന്നു് തോന്നിയതിനാലായിരിക്കണം അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ യേശു മാംസം ധരിച്ചുവന്നു എന്ന സത്യം ഊന്നിപ്പറഞ്ഞിരിക്കുന്നതു്[35]. ജോണിന്റെ ക്രിസ്തുവിൽ 'ഡൊസെററിക്' ചിന്താഗതി കണ്ടിട്ടുണ്ടെങ്കിൽ അതു തെററായ വ്യാഖ്യാനത്തിന്റെ ഫലമാണ്. തന്റെ ലേഖനങ്ങളിൽ അദ്ദേഹം നല്കിയിരിക്കുന്ന പ്രതികരണം തന്നെ അതിനുള്ള വ്യക്തമായ തെളിവാണ്. യോഹ

---

31. Cf· J· A· T. Robinson, Use of the Fourth Gospel for Christology, Christ and spirit in the New Testament, Cambridge, 1973, 65·
32· The Humanity and Divinity of Christ, Cambridge, 1967, 62·
33· The Testament of Jesus, London, 1968, 26–74·
34· For a reply to Kasemann's position, see G· Bornkamm, 'Zur Interpretation des Johannes Evangelivus, in Geschichte und Glaube, Gesammelte Aufsatze, Vol· III· Minch, 1968, 103–21; Cf· also, S· S· Smalley, ''Diversity and development in John'', NTS 16 (1970–71), 278–81·
35· Cf· I യോഹ. 1:1; 4:2; II യോഹ. 7.
36· Cf· R· Bultmann, the Gospel of John·

www.malankaralibrary.com

ന്നാനെ സംബന്ധിച്ചിടത്തോളം അതു് ക്രിസ്തുവിരുദ്ധമാണു് (യോഹ. 2:18; 22:33; 4:2–3).

വചനത്തിനു് മാംസത്തിലും മാംസത്തിലൂടെയുമുള്ള മഹത്വം

വചനത്തിനും മാംസത്തിനും തുല്യപ്രാധാന്യമാണു് യോഹന്നാൻ നൽകുന്നതു്. ഏകജാതനായ വചനത്തിന്റെ മഹത്വം എപ്രകാരം മാംസത്തിലും വചനത്തിലും വെളിവായിരിക്കുന്നുവെന്നു കാണിക്കുന്നതിലാണു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ. യേശു സംസാരിക്കുന്ന ഓരോ വാക്കും ചെയ്യുന്ന ഓരോ പ്രവൃത്തിയും തന്റെ മഹത്വത്തിന്റെ പ്രകാശനമാണു്. അവയെല്ലാം അവനിലൂടെ പ്രകാശിക്കുന്ന പരമസത്തയുടെ അടയാളങ്ങളാണു്. യേശു തന്റെ ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ ചെയ്ത പ്രസ്തുത അടയാളങ്ങളുടെ സമാഹാരമാണു് ജോണിന്റെ സുവിശേഷം (20:30–31). ബുൾട്ട്മാൻ പറയുന്നതുപോലെ 'അടയാള'മെന്ന (Sign) പദം ജോണിന്റെ സുവിശേഷത്തിന്റെ മുഴുവൻ പ്രതിപാദ്യവിഷയമാണു്.

അടയാളങ്ങൾ എന്ന പദത്തെ വെറും അത്ഭുതകൃത്യങ്ങളായോ[37] ഉത്ഥാനാനന്തര പ്രത്യക്ഷീകരണങ്ങളായോ മാത്രം[38] പരിമിതപ്പെടുത്തുന്നതു് ശരിയായിരിക്കുകയില്ല. ചിലർ ഇങ്ങനെ ചെയ്യാറുണ്ടെന്നുള്ളതു് ശരിയാണു്. രണ്ടഭിപ്രായവും യോഹന്നാന്റെ പദപ്രയോഗത്തോടു നീതി പുലർത്തുന്നില്ല. ഇവയുടെ വക്താക്കൾ കൊണ്ടുവരുന്ന ന്യായമിതാണു്. അത്ഭുതകരമോ അസാധാരണമോ അല്ലാത്ത ഒന്നിനെയുംപ്പറ്റി പറയാൻ 'അടയാള'മെന്ന പദം യോഹന്നാൻ ഉപയോഗിക്കുന്നില്ല. എന്നാൽ അത്ഭുതപ്രവൃത്തികളിലെ അദ്ഭുതമെന്ന ഘടകത്തിനു് യോഹന്നാൻ വലിയ പ്രാധാന്യം കൊടുക്കുന്നില്ല എന്നതാണു് സത്യം. അടയാളങ്ങളും അത്ഭുതങ്ങളും തമ്മിലുള്ള സംയോജനം തന്നെ അദ്ദേഹത്തിനിഷ്ടമല്ല. 'അടയാളങ്ങളും അത്ഭുതങ്ങളും കണ്ടില്ലെങ്കിൽ നിങ്ങൾ വിശ്വസിക്കുകയില്ല' (4:48). പ്രത്യുത്തരം നൽകാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന രക്ഷാകരമായ മഹത്വം വെളിപ്പെടുത്തുന്നതുകൊണ്ടാണു് യേശുവിന്റെ വാക്കുകളും ചെയ്തികളുമെല്ലാം ഓരോ വെല്ലുവിളികളായിത്തീരുന്നതു്. അവയെല്ലാം പ്രത്യുത്തരത്തിനു വേണ്ടിയുള്ള ആഹ്വാനവും നടത്തിയിരുന്നു. അതിനാൽ അവയെ 'അടയാള'ങ്ങളെന്നു് വിളിക്കാൻ കഴിയും.

---

37. Cf. H. Rengstorf, Semeion, TWNT VII, 253–254.
38. Cf. R. E. Brown, The Gospel according to John XIII—XXI, 1058–1049.

www.malankaralibrary.com

'മാംസ'ത്തിലെ (മാംസം ധരിച്ച ക്രിസ്തുവിന്റെ) ഈ അടയാളങ്ങൾ ദൈവവചനമായ ക്രിസ്തുവിന്റെ മഹത്വദ്യോതകങ്ങളാണ്. അതിനാൽത്തന്നെ ഒരു പ്രത്യുത്തരത്തിന് അത് നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷത്തിലെ പ്രതിപാദ്യവിഷയം ഇതാണ്.

ഉപോദ്ഘാതഭാഗത്ത്: യേശു ഒന്നാം അദ്ധ്യായത്തിൽ

യോഹന്നാന്റെ സുവിശേഷത്തിന്റെ ഒന്നാമദ്ധ്യായം വെറുമൊരു ആമുഖം മാത്രമല്ല. ആ സുവിശേഷത്തിന്റെ മുഴുവൻ ഉള്ളടക്കം അതിലുണ്ട്. സ്നാപകയോഹന്നാന്റെ സാക്ഷ്യത്തെ സംബന്ധിച്ച ഭാഗം മാററി നിറുത്തിയാൽ ഉപോദ്ഘാതത്തിൽ വരുന്ന പ്രധാനാശയങ്ങളെ മൂന്നായി തിരിക്കാം. (1) പിതാവിനോട് ബന്ധപ്പെട്ടിരിക്കുന്ന യേശു (1:1–2,18) (2) ലോകവുമായി–മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്ന യേശു (1:3–5, 10, 14, 17) (3) മനുഷ്യന്റെ ഭാഗത്തുനിന്നുള്ള പ്രത്യുത്തരവും ആ പ്രത്യുത്തരത്തിന്റെ അനന്തരഫലവും (1:11–13, 16).

1. പിതാവുമായി ബന്ധപ്പെട്ടിരിക്കുന്ന യേശു

യേശുവിന്റെ മഹത്വം പിതാവുമായുള്ള ബന്ധത്തിന്റെ ഫലമാണ്. ഈ ബന്ധം പിതാവുമായി അവിടുന്ന് ഒന്നായിരിക്കുന്നു എന്നതിൽ അടങ്ങിയിരിക്കുന്നു.[39] പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായിട്ടും ദൈവത്തോടുകൂടി ഇരിക്കുന്ന വചനമായിട്ടുമാണ് യേശുവിനെ ജോൺ ഇവിടെ അവതരിപ്പിക്കുന്നത്. പിതാവിനോടുകൂടെ ഒരേ ജീവനിൽ പങ്കുചേർന്നുകൊണ്ട് പിതാവുമായുള്ള സമ്പർക്കത്തിൽ യേശു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

2. ലോകവുമായി– മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്ന യേശു

ദൈവപുത്രനെന്ന നിലയിലുള്ള യേശുവിന്റെ മഹത്വം തന്റെ വാക്കുകളും പ്രവൃത്തികളും ജീവിതവുമാകുന്ന അടയാളങ്ങളിലൂടെ മാനുഷികാവസ്ഥയിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അങ്ങനെ അവിടുന്ന് ലോകവുമായി –മനുഷ്യനുമായി

———

39. Cf. B· Lindars, "The Son of Man in the Johannine Christology", in Christ and spirit in the N. T., Cambridge, 1973, 48.

www.malankaralibrary.com

ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധംമൂലം തന്റെ മഹത്വം ലോകത്തിന് അവിടുന്ന് വെളിപ്പെടുത്തുകയും മനുഷ്യർക്ക് നൽകുകയും ചെയ്യു. ''അങ്ങ് എനിക്ക് നൽകിയ മഹത്വം ഞാനവർക്ക് നൽകുന്നു (17:22)'. വിവിധ വാക്കുകളുപയോഗിച്ച് ഈ സത്യം ജോൺ ഉപോദ്ഘാതഭാഗത്ത് വ്യക്തമാക്കിയിട്ടുണ്ട്–യേശു 'ജീവ'നാണ്, മനുഷ്യരുടെ പ്രകാശമാണ് (1:4–5); അവിടുന്ന് ലോകത്തിലായിരുന്നു(1:10); കൃപയും സത്യവും നിറഞ്ഞവൻ എന്ന നിലയിൽ വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു.

3 മനുഷ്യരുടെ ഭാഗത്തുനിന്നുള്ള പ്രത്യുത്തരവും അതിന്റെ അനന്തരഫലവും.

ദൈവമഹത്വത്തിന്റെ ആവിഷ്കർത്താവായ യേശുവിന് രണ്ടുവിധത്തിലുള്ള പ്രത്യുത്തരമാണ് മനുഷ്യരിൽനിന്നു ലഭിക്കുന്നത്: നിഷേധാത്മകവും ഭാവാത്മകവും– പ്രകാശത്തെ ഗ്രഹിക്കാതിരുന്ന അന്ധകാരം (1:5); അവിടുത്തെ മനസ്സിലാക്കിയിരുന്ന ലോകം (1:10) അവിടുത്തെ ഗ്രഹിക്കാതിരുന്ന സ്വകീയർ (1:12); അവിടുത്തെ മഹത്വം ദർശിച്ച നമ്മൾ' (1:14), അവിടുത്തെ പൂർണ്ണതയിൽ നിന്ന് കൃപയ്ക്കുപകരം കൃപ സ്വീകരിച്ച നമ്മൾ'(1:16). പ്രതികരണങ്ങളുടെ അനന്തരഫലമിതാണ്. ക്രിയാത്മകപ്രത്യുത്തരം നൽകിയവർക്ക്; ദൈവസുതരാകാൻ അവിടുന്ന് അധികാരം നൽകി (1:12).

സുവിശേഷത്തിൽ

ഉപോദ്ഘാതത്തിലെ ഈ മൂന്നുവീക്ഷണങ്ങളിലൂടെയാണ് സുവിശേഷത്തിൽ ക്രിസ്തുവിനെ യോഹന്നാൻ അവതരിപ്പിക്കുന്നത്. ആദ്യത്തെ രണ്ട് ആശയങ്ങളും യോജിപ്പിച്ച് യോഹന്നാൻ തന്റെ ക്രിസ്തുവിജ്ഞാനത്തിന് രൂപം നൽകുന്നു–യേശുവിന്റെ ഭൗമികദൗത്യവും സ്വർഗ്ഗീയമഹത്വവും തമ്മിലുള്ള ബന്ധമെന്തെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. ഈ ബന്ധത്തിലാണ് മനുഷ്യരക്ഷയെ സംബന്ധിക്കുന്ന ദൈവികപദ്ധതി ആസൂത്രിതമായിരിക്കുന്നത്.

മനുഷ്യപുത്രൻ

ക്രിസ്തുവിലുള്ള ദൈവ–മനുഷ്യ സംയോജനം ഏററവും കൂടുതൽ വെളിച്ചം വീശുന്നത് 'മനുഷ്യപുത്രൻ' എന്നപദത്തിലൂടെയാണ്. സമാന്തര സുവിശേഷങ്ങളിൽ മനുഷ്യപുത്രനെ' സംബന്ധിക്കുന്ന ഭാഗങ്ങളെല്ലാം യേശുവിന്റെ തന്നെ പ്രസംഗത്തിന്റെ പുനരവതരണം മാത്രമാണ്. എന്നാൽ യോഹന്നാൻ നൽകുന്ന യേശുവിന്റെ പ്രഭാഷണങ്ങളിൽ അദ്ദേഹ

www.malankaralibrary.com

ത്തിന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ സ്വാധീനം വ്യക്തമാണ്.[40] 'മനുഷ്യപുത്ര'നെന്ന നാമം ആദ്യം കാണുന്നത് 1:51-ലാണ്. 3:13-14; 5:27, 53, 62, 8:29; 9:35; 12:23, 34 (ഇവിടെ രണ്ടുപ്രാവശ്യമുണ്ട്.); 13:31 എന്നീ വാക്യങ്ങളിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. യേശുവിന്റെ പരസ്യജീവിതത്തെ സംബന്ധിക്കുന്ന പാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്ന ആദ്യപ്രകൃതിയിലാണ് ഈ പദം കാണുന്നത്. ഇവിടെ ത്തന്നെയാണ് യോഹന്നാന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ വാദമുഖങ്ങളും നാം ദർശിക്കുന്നത്. സുവിശേഷത്തിന്റെ ആദ്യഭാഗം, യേശുവിന്റെ വാക്കുകളും പ്രവൃത്തികളുമാകുന്ന അടയാളങ്ങളിലൂടെ അവിടുത്തെ 'മഹത്വവും' മഹത്വീകരണവും പ്രഖ്യാപിക്കുന്നു. ആ മഹത്വീകരണത്തിന്റെ അർത്ഥം വിശദമാക്കുകയാണ് രണ്ടാം ഭാഗം ചെയ്യുന്നത്. അതിനാൽ മനുഷ്യപുത്രനെന്ന പദം രണ്ടാം ഭാഗത്തു ഒരു പ്രാവശ്യം മാത്രമെ കാണുന്നുള്ളൂ-13:31-ൽ. ഈ വാക്യം 12:13-ലെ ആശയത്തെ പുനരവതരിപ്പിച്ച് ഒന്നും രണ്ടും ഭാഗങ്ങളുടെ കണ്ണിയായി വർത്തിക്കുന്നു.

## യേശു: ദൈവമഹത്വത്തിന്റെ ആസ്ഥാനം

ക്രിസ്തുവിജ്ഞാനീയപരമായ വാദമുഖങ്ങൾ ആവിർഭവിക്കുന്നത് സുവിശേഷത്തിന്റെ ഒന്നാം ഭാഗത്താണെന്ന് (1:19-12:50) മുകളിൽ പറഞ്ഞല്ലോ. ഈ ഭാഗം ആരംഭിക്കുന്നത് വിവിധ രംഗങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് (1:19-51). ഈ രംഗങ്ങളിൽ യേശുവിനെ വിവിധ പേരുകളിൽ സുവിശേഷകൻ അവതരിപ്പിക്കുന്നു-'ദൈവത്തിന്റെ കുഞ്ഞാട്' (1:29,36), ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ (1:34), മിശിഹാ (1:41), 'മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും പരാമർശിക്കപ്പെട്ടിരിക്കുന്നവൻ (1:45), ദൈവസുതനും ഇസ്രായേലിന്റെ രാജാവും' (1:49). ഈ നാമങ്ങളെല്ലാം മറ്റുള്ളവരാണ് യേശുവിനു നൽകുന്നത്. എന്നാൽ അവസാനമായി യേശുതന്നെ വാഗ്ദാനം ചെയ്യുന്ന ദർശനത്തിൽ ഇവയെക്കാൾ ആഴമായൊരു കാഴ്ചപ്പാടാണുള്ളത്. 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവസുതന്മാർ മനുഷ്യപുത്രന്റെ അടുക്കലേക്കു കയറുകയും ഇറങ്ങുകയും ചെയ്യുന്നതും ഇനിമേൽ നിങ്ങൾ കാണും' (1:51). ഇതു് യോഹന്നാൻ തന്നെ കൂട്ടിച്ചേർത്ത ഒരു വാ

40. Cf. O. Culmann, The Christology of the New Testament, London 1963, 184-185.

www.malankaralibrary.com

ക്യമായി കണക്കാക്കപ്പെടുന്നു[41]. അടുത്തുവരുന്ന അദ്ധ്യായങ്ങളിലൂടെ പ്രകാശിതമാകുന്ന ക്രിസ്തുവിജ്ഞാനീയപരമായ വാദമുഖങ്ങളുടെ പരമകാഷ്ഠയാണീ വാചകം. ഉൽപ്പത്തി 28-ൽ വിവരിച്ചിരിക്കുന്ന യാക്കോബിന്റെ ഗോവണി ഇവിടെ സൂചിപ്പിച്ചിട്ടുണ്ടെന്നു് തീർച്ച. അതിനാൽ യേശു ദൈവമഹത്വത്തിന്റെ ആസ്ഥാനമാണെന്നും സ്വർഗ്ഗവും ഭൂമിയും പരസ്പരം കൂട്ടിമുട്ടുന്ന ബിന്ദുവാണെന്നുമാണു് യോഹന്നാൻ ഇവിടെ അർത്ഥമാക്കുന്നതു്. മഹത്വത്തിന്റെ ഏറ്റവും വലിയ അടയാളങ്ങളായ മരണത്തിലും ഉയർപ്പിലും ശിഷ്യന്മാർ ഇതു ദർശിക്കുമെന്നാണു് പ്രതീകാത്മകമായി യേശു വാഗ്ദാനം ചെയ്യുന്നതു്. ഈ ശ്രേഷ്ഠമായ അടയാളത്തിന്റെ[42] മുൻരൂപങ്ങൾ മാത്രമാണു് പരസ്യജീവിതകാലത്തു് യേശു ചെയ്ത അടയാളങ്ങൾ. കാനായിലെ അത്ഭുതകൃത്യത്തിൽ യേശു തന്നെ ഇതു് വ്യക്തമാക്കുന്നുണ്ടു് (2:11).

### യേശു: ആവിഷ്ക്കർത്താവും ദൈവമഹത്വദാതാവും

മുകളിൽ പറഞ്ഞ വാദമുഖങ്ങൾ സുവിശേഷത്തിന്റെ മൂന്നാം അദ്ധ്യായത്തിലും കാണാം. അവിടെ യേശു നിക്കോദേമൂസിനെ അപൂർണ്ണമായ വിശ്വാസത്തിൽ നിന്നു് പൂർണ്ണമായ വിശ്വാസത്തിലേക്കു് കൊണ്ടുവരുന്നു. ഈ പൂർണ്ണവിശ്വാസം ലഭിക്കാനുള്ള വ്യവസ്ഥ 3:3-10-ലും അതിന്റെ ഉള്ളടക്കം 3:11-21-ലും വിവരിച്ചിരിക്കുന്നു. ഇവിടെ വിശ്വാസവിഷയം ആവിഷ്ക്കർത്താവായ യേശുവാണു്-മഹത്വപ്പെടാനുള്ള മനുഷ്യപുത്രനെന്ന നിലയിൽ സ്വർഗ്ഗത്തേയും ഭൂമിയേയും യോജിപ്പിക്കുന്ന കണ്ണിയായ യേശു (3:13-15). അവിടുന്നു് ദൈവമഹത്വത്തിന്റെ ആവിഷ്ക്കർത്താവു് എന്നപോലെതന്നെ ദൈവമഹത്വദാതാവുമാണു്. കാരണം ഈ മഹത്വീകരണത്തിലൂടെയാണു് അവിടുന്നു് നിത്യജീവന്റെ ഏകമദ്ധ്യസ്ഥനായിത്തീരുന്നതു്. 'മോശ മരുഭൂമിയിൽ........... മനുഷ്യപുത്രനും അവനിൽ വിശ്വസിക്കുന്ന ഒരു മനുഷ്യനും നശിച്ചുപോകാതെ അവനു് നിത്യജീവൻ ഉണ്ടാകേണ്ടതിനു് ഉയർത്തപ്പെടേണ്ടിയിരിക്കുന്നു' (3:14-15). ഈ മഹത്വീകരണത്തിലെ ഏറ്റവും നിർണ്ണായക സംഭവം കുരിശാണു്. എന്തുകൊണ്ടു് കുരിശു് മനുഷ്യപുത്രനെ ഏറ്റവും കൂടുതലായി മഹത്വപ്പെടുത്തുന്നു എന്ന കാര്യം ഒററനോട്ടത്തിൽ വ്യക്തമല്ല. ഉയർത്തപ്പെടുക(ക്രൂ

---

41. Cf. R. E. Brown, The Gospel according to John I-XII, 88—91.
42. Cf. C. K. Barrett, The Gospel according to St. John, London, 1962, 65.

www.malankaralibrary.com

ക്കിൽ, ഹിപ്സോതെനായ്) എന്ന പദത്തിൻെറ ദ്വയാർത്ഥപ്രയോഗമാണ് ഇതിനു കാരണം— മഹത്വത്തിൽ ഉയർത്തപ്പെടുകയെന്നും കുരിശിൽ ഉയർത്തപ്പെടുകയെന്നും അർത്ഥം വരാമല്ലോ. മരുഭൂമിയിലെ സർപ്പത്തിൻെറ സൂചനാർത്ഥം കൂടുതൽ അവ്യക്തമാക്കാനേ ഇത് ഉപകരിക്കുന്നുള്ളു.എങ്കിലും കുരിശ് എങ്ങിനെ മഹത്വത്തിൻെറ ചിഹ്നമായെന്ന് പടിപടിയായി സുവിശേഷകൻ നമ്മുക്കു വിശദമാക്കിത്തരുന്നുണ്ട്. മനുഷ്യപുത്രനായ യേശുവിൻെറ മഹത്വം പിതാവുമായുള്ള ഗാഢൈക്യത്തിലാണ് സ്ഥിതിചെയ്യുന്നത്. ഈ ഗാഢൈക്യം കുരിശിൽ വ്യക്തമാണ്. കാരണം, കുരിശിൽ മരിച്ച ക്രിസ്തുനാഥൻ തൻെറ പിതാവിൻെറ ഹിതം പരിപൂർണ്ണമായി നിറവേററുകയായിരുന്നു. ഈ അർത്ഥത്തിൽ കുരിശ് യേശുവിൻെറ മഹത്വത്തിൻെറ ചിഹ്നമാണ്.

### യേശു: ജീവദാതാവും വിധികർത്താവും

നാലാം അദ്ധ്യായത്തിൽ ജീവദാതാവ് എന്ന നിലയിലുള്ള യേശുവിൻെറ ദൗത്യമാണ് വരുന്നത്. ഇത് ജീവജലത്തെ സംബന്ധിച്ച പ്രഭാഷണത്തിലും, അദ്ധ്യായാന്ത്യത്തിലുള്ള അത്ഭുതകൃത്യത്തിലും (രാജഭൃത്യൻെറ പുത്രനെ സുഖമാക്കുന്നത്- (4:26) പ്രതിഫലിച്ചുകാണുന്നു. സമറിയസ്ത്രീയുമായുള്ള സംഭാഷണത്തിൻെറ രണ്ടാം ഭാഗത്ത് യേശുവിനെ ദൈവമഹത്വത്തിൻെറ ആവിഷ്ക്കാരകൻ എന്ന നിലയിലും (ഈ അദ്ധ്യായത്തിൽ) ജോൺ അവതരിപ്പിച്ചിട്ടുണ്ട്. കിണററിൻ കരയിൽ വച്ച് കണ്ടുമുട്ടിയ ആ സമാറായസ്ത്രീയെ പടിപടിയായി യേശു വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നു. 'ഞാനാകുന്നു' എന്ന ആവിഷ്ക്കാരസ്വഭാവമുള്ള ദൈവനാമം വഹിക്കുന്ന മിശിഹായാണ് യേശുവെന്ന് ഒടുവിൽ അവരം മനസ്സിലാക്കുന്നു. മനുഷ്യപുത്രനെന്ന നിലയിൽ അവിടുന്ന് ഉയർത്തപ്പെട്ടപ്പോഴാണ് ലോകം അത് മനസ്സിലാകുന്നത് (8:28).

മനുഷ്യപുത്രനാകയാൽ യേശു ജീവദാതാവും വിധിയാളനമാണെന്ന് 5-ാം അദ്ധ്യായത്തിൽ കാണുന്നു (5:26-27). പാപം മൂലം മരിച്ചവർക്ക് ജീവനേകാൻ പുത്രനു കഴിയുമെന്ന് കാണിക്കുന്ന സംഭവമാണ് തളർവാതരോഗിയെ സുഖപ്പെടുത്തുന്ന അത്ഭുതകൃത്യം. യേശു നൽകുന്ന ജീവനു പ്രതിബന്ധം പാപം മാത്രമാണ്. 'ഇതാ നീ സുഖം പ്രാപിച്ചിരിക്കുന്നു, മുമ്പത്തേതിൽ കൂടുതലായി തിന്മ നിനക്കുസംഭവിക്കാതിരിക്കാൻ ഇനി നീ പാപം ചെയ്യരുത്', (5:14). ഈ 'ന്യായവിധി' നല്ല മനുഷ്യർക്കു ന്യായീകരണം ലഭിക്കുന്ന പഴയനിമപശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ (ആ:32:35,

www.malankaralibrary.com

സങ്കീ. 4:3). 'ന്യായവിധി' ചെയ്യുക എന്നുപറഞ്ഞാൽ ജീവൻ നൽകുക എന്നു് അർത്ഥം കൈവരിക്കുകയാണു് ഈ സാഹചര്യത്തിൽ. ഈ ന്യായവിധിക്കു് അതിൻേറതായ ഒരുനിവർത്തനവശമുണ്ടു്. അതായതു് പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രനെ തിരസ്കരിക്കുന്നവർക്കു് ഇതു് ശിക്ഷാവിധിയാണു്.

ക്രിസ്തുവിജ്ഞാനീയപരമായ വാദമുഖങ്ങളുടെ പുരോഗതിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരാശയം കൂടി ഇവിടെ വ്യക്തമാക്കുന്നു. പുത്രനു് പിതാവിനോടൊപ്പം തുല്യബഹുമാനത്തിനു് യോഗ്യതയുള്ളതിനാൽ പുത്രനു് ഇതു് നിഷേധിക്കുന്നവർ പിതാവിൻെറ മഹത്വവും നിഷേധിക്കുകയാണു്. 18-ാം വാക്യത്തിൽ ഇതിൻെറ സൂചനയുണ്ടു്. 23-ാം വാക്യത്തിലാണു് പ്രസ്പഷ്ടമാക്കിയിരിക്കുന്നതു്.

### യേശു: ജീവൻെറ അപ്പം

നിത്യ ജീവനിലേയ്ക്കു് നയിക്കുന്ന അപ്പം നൽകുവാനായിട്ടാണു് (6:27) യേശു പ്രത്യക്ഷപ്പെടുന്നതു്. 'പിതാവായ ദൈവം തൻെറ മുദ്രപതിച്ചിരിക്കുന്ന' മനുഷ്യപുത്രൻ എന്ന നിലയിലാണു് യേശു ഇതു് ചെയ്യുന്നതു്. പിതാവിൻെറ ഛായ ധരിച്ചിരിക്കുന്നവൻ എന്ന നിലയിൽ പിതാവിനെ വെളിപ്പെടുത്താൻ പുത്രനു കഴിയും. ആ നിലയിൽ ജീവൻെറ അപ്പമായി 6:25 മുതൽ 59 വരെയുള്ള പ്രഭാഷണത്തിൽ യേശുവിനെ ജോൺ അവതരിപ്പിച്ചിരിക്കുന്നു[43].

53-ാംവാക്യത്തിൽ ജീവൻ നൽകുന്ന മാംസവും രക്തവുമുള്ള മനുഷ്യപുത്രനായിട്ടാണു് യേശുവിനെ നാം കാണുന്നതു്. ദിവ്യകാരുണ്യംവഴി ജീവൻെറഅപ്പം അവിടുന്നു നമുക്കു തരുന്നു. യേശുവിൻെറ മാംസരക്തങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതുമൂലം ദൈവമഹത്വത്തിനു് സുതാര്യമായ (transparent) അവൻെറ മഹത്വവുമായി ക്രിസ്തുവിശ്വാസികൾ ഒന്നു ചേരുന്നു. അപ്പം വർദ്ധിപ്പിക്കുമ്പോഴും ജലത്തിനു മീതെ നടക്കുമ്പോഴും ജീവൻെറ അപ്പമായ യേശുവാണു് വെളിപ്പെടുത്തപ്പെടുന്നതു്. 'ഞാനാകുന്നു' എന്ന ദൈവനാമത്തെ കേന്ദ്രീകരിച്ചുള്ള ഒരു ദൈവാവിഷ്ക്കരണമാണു് രണ്ടാമത്തെ അത്ഭുതം. അതിനാൽ അതു് യേശുവിൻെറ ആവിഷ്ക്കാരസ്വഭാവമാണു് വ്യക്തമാക്കുന്നതു്. അപ്പം വർദ്ധിപ്പിക്കൽ അവിടുത്തെ ദിവ്യകാരുണ്യദാനവും വെളിപ്പെടുത്തുന്നു. കുരിശുമരണവും ഉയിർപ്പുംവഴി പിതാവിൻെറ പക്കലേക്കുള്ള യേശു

---

43. 'ജീവൻെറ അപ്പത്തി'ൻെറ അർത്ഥം മനസ്സിലാക്കണമെങ്കിൽ R. E. Brown-ൻെറ 'The Gospel according to John' I—XII പേജ് 272—274 വായിക്കുക.

www.malankaralibrary.com

വിൻെറ സ്വർഗ്ഗാരോഹണം 6:62-ൽ വിവരിക്കുന്നു. ഈ കുരിശുമരണവും ഉത്ഥാനവും,തൻെറ മഹത്വത്തെയും അതുവഴി സ്വ പിതാവിനെയും ലോകത്തിന് വെളിപ്പെടുത്തുന്ന ഏററവും വലിയ സംഭവങ്ങളാണ്. അതിനാൽ യേശുവിനെ ജീവൻെറ അപ്പമായി ചിത്രീകരിക്കുന്ന ആദ്യഭാഗവുമായി ഈ ഭാഗം യോജിച്ചുപോകുന്നു. 6:60 മുതൽ 71 വരെയുള്ള വാക്യങ്ങൾ പ്രഭാഷണത്തിൻെറ ആദ്യഭാഗത്തേക്ക് കൂടുതൽ യോജിച്ചു പോകുന്നതിനാൽ അത് യേശുവിൻെറ മൂലപ്രഭാഷണത്തിൻെറ ഭാഗമായി പലരും സമ്മതിക്കുന്നുണ്ട്[44].

യേശു: ലോകത്തിൻെറ പ്രകാശം

7, 8, 9,അദ്ധ്യായങ്ങളിൽ കൂടാരപ്പെരുന്നാളിൻെറ പശ്ചാത്തലത്തിലാണ് യേശുവിനെ സുവിശേഷകൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. യേശു ജീവജലത്തിൻെറ സ്രോതസ്സായും (7:37-39) ലോകത്തിൻെറ പ്രകാശമായും (8:12;4-5) സ്വയം അവതരിപ്പിക്കുന്നു. 7-ാം അദ്ധ്യായത്തിൽ യേശുവിൻെറവിശ്വാസയോഗ്യതയെയാണ് പരാമർശിക്കുന്നതെങ്കിൽ 8-ാം അദ്ധ്യായത്തിൽ പിതാവുമായുള്ള അവിടുത്തെ ബന്ധവും അവിടുത്തെ സ്വർഗ്ഗീയോത്പത്തിയുമാണ് പ്രതിപാദ്യങ്ങൾ.

കൂടാരപ്പെരുന്നാളിൻെറ മദ്ധ്യത്തിൽ യേശു ചെയ്യുന്ന ഈ പ്രഭാഷണത്തിൻെറ രണ്ടാംഭാഗത്ത് പിതാവിൽ നിന്നുള്ള തൻെറ ഉത്ഭവത്തെയും പിതാവിലേക്കുള്ള തൻെറ മടക്കയാത്രയേയും പററി യേശു സംസാരിക്കുന്നു. മിശിഹാ എവിടെനിന്നും വരുന്നു എന്ന് ആരും അറിയുകയില്ലെന്ന് യഹൂദന്മാർ പറഞ്ഞത് സത്യമാണ് (വാക്യം 27). കാരണം, താൻ പിതാവിൻെറ പക്കൽ നിന്നാണ് വന്നിരിക്കുന്നതെന്ന വസ്തുത അവക്ററിഞ്ഞു കൂടായിരുന്നു. 29-ാം വാക്യത്തിൽ പിതാവിനെപ്പററി യേശുവിനുള്ള അതുല്യമായ അറിവിനെപ്പററി വീണ്ടും പറഞ്ഞിരിക്കുന്നു[45].

തിരുന്നാളിലെ പ്രകാശത്തിൻെറ ആഘോഷങ്ങൾ പശ്ചാത്തലമാക്കിക്കൊണ്ട് യേശു പ്രഖ്യാപിക്കുന്നു, താൻ ലോകത്തിൻെറ പ്രകാശമാണെന്ന്. സജീവജലവും ജീവദായകഭോജനവും ലോകത്തിൻെറ പ്രകാശവും സൂചിപ്പിക്കുന്നത് യേശുവിൻെറ ആവിഷ്ക്കരണസ്വഭാവമായിരിക്കാം.

---

44. Cf. R. E. Brown, The Gospel according to John I—XII, 299-303.

45. Cf. 1:18; 6:46; 8:25; 17:25.

www.malankaralibrary.com

9–ാം അദ്ധ്യായത്തിൽ കാണുന്ന നാടകീയമായ പ്രവൃത്തി ഈ സത്യം സ്ഥിരീകരിക്കുന്നു. അവിടെ പ്രകാശം തന്നെയായ യേശു അന്ധന്റെ കണ്ണുകളെ വിശ്വാസത്തിന്റെ പ്രകാശത്തിലേക്ക് തുറക്കുന്നു (9:30–38;cf also 12:46) യോഹന്നാന്റെ കൃതികളിൽവേറൊരിടത്ത് (1 യോഹ 1:5) ദൈവം അന്ധകാരത്തിന്റെ കലർപ്പുകൂടാത്ത പ്രകാശമാണെന്ന് പറഞ്ഞിരിക്കുന്നു. അന്ധകാരത്തെ ദൂരീകരിക്കാൻ യേശുവിൽ ഈ പ്രകാശവും ജീവനും ലോകത്തിലേയ്ക്ക് വന്നിരിക്കുന്നു. കാരണം, യേശുവിലുള്ള വിശ്വാസത്തിലേക്ക് വരുന്നവർ അന്ധകാരത്തിൽ വസിക്കുന്നില്ല (12:46). ദൈവത്തിന്റെ പ്രകാശം ക്രിസ്തുവിൽക്കൂടി മനുഷ്യസത്തയിലേക്ക് പ്രസരിക്കുകയും മനുഷ്യന് ജീവിതത്തിന്റെ അർത്ഥത്തെപ്പററിയും ലക്ഷ്യത്തെപ്പററിയും അറിവു നൽകുകയും ചെയ്യുന്നു.

തന്റെ സ്വർഗ്ഗീയോദ്ഭവത്തെ വെളിവാക്കുകയും, വിശ്വസിക്കാത്ത ലോകത്തെ ന്യായം വിധിക്കുകയും ചെയ്യുന്ന നിർണ്ണായകമായ പീഡാസഹനവും മരണവും മുൻകൂട്ടി സൂചിപ്പിക്കുകയാണ് 21 മുതലുള്ള വാക്യങ്ങളിൽ ചെയ്തിരിക്കുന്നത്. ''മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ നിങ്ങൾക്കു മനസ്സിലാകും ഞാൻ അവിടുന്നാണെന്ന്''. മൂന്നാം അദ്ധ്യായം 11–15 വാക്യങ്ങളുമായുള്ള താരതമ്യപഠനത്തിൽനിന്ന് മനസ്സിലാക്കാവുന്നതുപോലെ ഈ ഭാഗത്തെ ആശയം മനുഷ്യപുത്രസംബന്ധമായ ക്രിസ്തുവിജ്ഞാനീയത്തിലൂടെയാണ് പുരോഗമിക്കുന്നത്. 3:11–15 ൽ യേശുവിന്റെ സ്വർഗ്ഗീയോത്പത്തിയും ക്രൂശിന്മേലുള്ള ഉയർത്തലുമാണല്ലോ സൂചിപ്പിക്കുന്നത്.

യേശു: ക്രിസ്തുവും ദൈവസുതനും

യഹൂദന്മാരുടെ തിരുനാളുകളുടെ സന്ദർഭങ്ങളിൽ ക്രിസ്തു ചെയ്ത വാദമുഖങ്ങൾ അവയുടെ പരിസമാപ്തിയിലെത്തുന്നത് 10–ാം അദ്ധ്യായത്തിലാണ്. അവിടെ യേശു സ്വയം ക്രിസ്തുവും ദൈവസുതനുമായി വെളിപ്പെടുത്തുന്നു (10:22–39). ഇടയന്റെ അന്യാപദേശത്തിൽ മനുഷ്യപുത്രന്റെജീവദായകകർമ്മമാണ് ഒരിക്കൽക്കൂടി ഊന്നിപ്പറഞ്ഞിരിക്കുന്നത്. 'അവർക്കു ജീവനുണ്ടാകുവാനും, അത് സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത്' (10:10). യേശുദൈവസുതനാകുന്നു എന്ന പരമസത്യത്തിലേക്കു നയിക്കുന്ന ഈ പ്രഭാഷണത്തിൽ ഈ അന്യാപദേശം യോഹന്നാന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ കാതൽ തുറന്നുകാട്ടുന്നു. പിതാവും യേശുവും തമ്മിലുള്ള പരിപൂർണ്ണമാനസികൈക്യമാണ് അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ കാതൽ. അതിനാൽ യേശുവിന് വിവിധ അഭിധാനങ്ങൾ നൽകുന്നതിൽ തെററില്ല. യേശുവിന്റെ

www.malankaralibrary.com

വ്യക്തിത്വത്തെപ്പററി സംശയമുദിക്കാത്തവിധം വ്യക്തമായ ഒരു വെളിപാടിലേക്കു് ഈ അന്യാപദേശം നമ്മെ നയിക്കുന്നു. 'ഞാനും എൻെറ പിതാവും ഒന്നാണു്' (10:3) എന്നവിടുന്നു് വെളിപ്പെടുത്തുന്നു. 'പിതാവു് തന്നിലും താൻ പിതാവിലും ഇരിക്കുന്നുവെന്നു് ലോകർ അറിയുന്ന (10:38)തിനു വേണ്ടിയാണു് യേശുവിൻെറ മുഴുവൻ പ്രവൎത്തനവും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്' എന്നു് ഈ അന്യാപദേശവും അടിധാനങ്ങളും വഴി വെളിപ്പെടുത്താൻ യോഹന്നാൻ ശ്രമിക്കുകയാണു്.

## യേശുവിൻെറ മഹത്വത്തിൻെറ പരമപ്രകാശനം

3:14–ലും 8:28–ലും നിന്നു നാം മനസ്സിലാക്കുന്നതുപോലെ പിതാവിൻെറ ഹിതത്തോടുള്ള വിധേയത്വത്തിൻെറ മകുടോദാഹരണങ്ങളായ പീഡാസഹനത്തിലേക്കും കുരിശുമരണത്തിലേക്കും, ഉത്ഥാനത്തിലേക്കും ഉള്ള ഒരുക്കമാണു് 11–ഉം 12–ഉം അദ്ധ്യായങ്ങളിൽ നാം കാണുന്നതു്. അതിനുള്ള ഒരുക്കമായി പീഡാസഹനത്തിൻെറയും ഉത്ഥാനത്തിൻെറയും നാഴികയാണു് മഹത്വീകരണത്തിൻെറ സമയമെന്നു യോഹന്നാൻ സമൎത്ഥിക്കുന്നു (12:20–26). ഈ മഹത്വീകരണം നിത്യജീവനുപകരിക്കുന്ന മരണത്തിൻെറ രൂപമാണു സ്വീകരിക്കുന്നതു്. അങ്ങനെ അതു ജീവൻ നൽകുകയെന്ന യേശുവിൻെറ ദൗത്യം പൂൎത്തീകരിക്കുന്നു. ഈ ലോകത്തിൻെറ ഭരണാധികാരി വിധിക്കപ്പെടുകയും എന്നാൽ എല്ലാ മനുഷ്യരും ആകർഷിക്കപ്പെടുകയും ചെയ്യുന്ന നിർണ്ണായകകൃത്യമാണതു് (12:31–32). സാൻഹെദ്രിൻസംഘം യേശുവിൻെറമേൽ നടത്തിയ വിധിയോടു് നേരിട്ടു യോജിപ്പിച്ചിരിക്കുകയാണു് ലാസറിൻെറ പുനരുജ്ജീവനം. യേശു പുനരുത്ഥാനവും ജീവനുമാണെന്നുള്ളതിൻെറ ഒരടയാളമാണു് ഇതു്. എന്നാൽ അതിനോടു് ചേർത്തു വിവരിക്കുന്ന യേശുവിലുള്ള മരണവിധി തൻെറ മരണത്തിലാണു് അവിടുന്നു മനുഷ്യർക്കു് ജീവൻ നൽകുന്നതെന്നു വ്യക്തമാക്കുന്നു. ഇങ്ങനെ യേശുവിൻെറ മരണത്തിൻെറ അർത്ഥം പൂൎണ്ണമായി വിശദീകരിച്ചതിനുശേഷം മാത്രമാണു് അന്ത്യഅത്താഴത്തിൻെറ സമയത്തു് (13:31) അവിടുത്തെ മരണം മഹത്വീകരണമാണെന്നു് പറയുവാൻ യോഹന്നാൻ തുനിയുന്നുള്ളു. ഇവിടെ മനുഷ്യപുത്രൻെറയും ദൈവത്തിൻെറയും പരസ്പര മഹത്വീകരണത്തെപ്പററി യേശു സംസാരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാണു്. കാരണം, പിതാവും പുത്രനും തമ്മിലുള്ള പരിപൂൎണ്ണ ഐക്യത്തെ സംബന്ധിച്ച ആശയത്തോടു ബന്ധപ്പെട്ടാണു് യോഹന്നാൻെറ ക്രിസ്തുവിജ്ഞാനീയം

www.malankaralibrary.com

നില കൊള്ളുന്നതു്. സുവിശേഷത്തിന്റെ രണ്ടാംഭാഗം മുഴുവൻ മഹത്വീകരണത്തിന്റെ—ഈ നിർണ്ണായക സംഭവത്തിന്റെ—വിവരണമാണു്. അതിനൊരുക്കമായി ഈ സംഭവത്തിനു് യേശുവിന്റെയും ശിഷ്യന്മാരുടെയും ജീവിതത്തിലുള്ള പ്രാധാന്യത്തെപ്പററി ഒരുപദേശവും ഉണ്ടു് (13–17 അദ്ധ്യായങ്ങൾ).

ദ്വിവിധ പ്രത്യുത്തരം

അങ്ങനെ യേശുവിന്റെ ഭൗമികദൗത്യം അവിടുത്തെ സ്വർഗ്ഗീയമഹത്വത്തിന്റെ തുടർച്ചയും അടയാളവുമായി യോഹന്നാൻ എടുത്തു കാണിക്കുന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതി അടിസ്ഥാനപരമായി നടപ്പാക്കിയതു് ഈ സ്വർഗ്ഗീയമഹത്വീകരണത്തിലൂടെയാണു്. എന്നാൽ ദൈവത്തിന്റെ ഈ പദ്ധതിയുടെ പൂർണ്ണസാക്ഷാത്കാരം മനുഷ്യൻ നൽകുന്ന പ്രത്യുത്തരത്തെക്കൂടി ആശ്രയിച്ചാണിരിക്കുന്നതു്. അടയാളങ്ങളുടെ പുസ്തകത്തിന്റെ ആദ്യപകുതിയിൽ (1–4) ഈ പ്രത്യുത്തരങ്ങളെല്ലാം ഭാവാത്മകങ്ങൾ അഥവാ ക്രിയാത്മകങ്ങളാണു്. ഈ പ്രത്യുത്തരം പല തരക്കാരായ ആളുകളിൽനിന്നാണു് ലഭിക്കുന്നതു്: ശിഷ്യന്മാരിൽനിന്നു് (1:34–51; 2:11), യഹൂദന്മാരുടെ പ്രതിനിധിയായ നിക്കോദേമൂസിൽനിന്നു് (2:23; 3:21), സമറായക്കാരിൽനിന്നു് (4:1–42), പുറജാതികളുടെ പ്രതിനിധിയായി ഭവിക്കുന്ന റോമൻ ഉദ്യോഗസ്ഥന്റെ കുടുംബത്തിൽനിന്നു് (4:46–54). അടയാളങ്ങളുടെ പുസ്തകത്തിന്റെ രണ്ടാം പകുതിയിലെ പ്രത്യുത്തരങ്ങളെല്ലാംതന്നെ നിഷേധാത്മകമാണു് (5–12 അദ്ധ്യായങ്ങൾ). ഇവയെല്ലാം വരുന്നതു യഹൂദന്മാരിൽ നിന്നാണ് താനും. മഹത്വത്തിന്റെപുസ്തകത്തിൽ (അദ്ധ്യ 13–20) വീണ്ടും പ്രത്യുത്തരം ക്രിയാത്മകമാണു്. അവിടുന്നു് അന്ത്യം വരെ സ്നേഹിച്ച തന്റെ ശിഷ്യന്മാരിൽ നിന്നാണു് ക്രിയാത്മക പ്രത്യുത്തരം ഇവിടെ ലഭിക്കുന്നതു്.

ക്രിയാത്മക പ്രത്യുത്തരത്തിനു വേണ്ടിയുള്ള വെല്ലുവിളി

ഓരോ പുസ്തകത്തിന്റെയും അന്ത്യത്തിൽ രണ്ടുവിധത്തിലുമുള്ള പ്രത്യുത്തരവും അതിന്റെ അനന്തരഫലവും ചുരുക്കമായി പ്രതിപാദിച്ചിരിക്കുന്നു. അടയാളങ്ങളുടെ പുസ്തകത്തിന്റെ അന്ത്യത്തിൽ നിഷേധാത്മക പ്രത്യുത്തരത്തെയും അതിന്റെ ഭാവാത്മകമായ അനന്തരഫലങ്ങളെയും പൊതുവായി പ്രതിപാദിക്കുമ്പോൾ മഹത്വത്തിന്റെ പുസ്തകത്തിന്റെ അന്ത്യത്തിൽ ക്രിയാത്മകപ്രത്യുത്തരത്തെയും അതിന്റെ നല്ല ഫലങ്ങളെയും കൂടുതലായി പ്രതിപാദിക്കുന്നു. എങ്കിലും രണ്ടിടത്തും ഇരുരീതിയിലുമുള്ള പ്രത്യുത്തരം കാണാം. ഭൂമിയിലെ തന്റെ ജീവി

www.malankaralibrary.com

തകാലത്തു് താൻ ചെയ്ത അടയാളങ്ങളിലൂടെ വെളിപ്പെട്ട ത്തപ്പെട്ട ദൈവസുതനായ ക്രിസ്തുവിനു് നൽകപ്പെടുന്ന ദ്വി വിധ പ്രത്യുത്തരത്തെയാണു് ഇവ രണ്ടും പ്രതിനിധാനം ചെയ്യുന്നതു്. അടയാളങ്ങൾ എന്തിനുവേണ്ടി നിലകൊള്ളു ന്നുവെന്നു് യഹൂദർക്കു് മനസ്സിലാക്കാൻ കഴിയാതെ പോയതാ ണു് നിഷേധാത്മക പ്രത്യുത്തരത്തിനു കാരണം. ആ അട യാളങ്ങളെ മഹത്വത്തിൻെറ അടയാളങ്ങളായി കാണുവാൻ സാധിച്ചവരിൽനിന്നും ക്രിയാത്മകമായ പ്രത്യുത്തരം ഉണ്ടാ യി. യോഹന്നാൻെറ രണ്ടുവ്യത്യസ്ത പദപ്രയോഗങ്ങളിൽ പ്ര ത്യുത്തരങ്ങളിലെ ഈ വ്യത്യാസം സൂചിപ്പിച്ചിട്ടുണ്ടെന്നു തോ ന്നുന്നു-അവരുടെ മുമ്പിൽ അവിടുന്നു ചെയ്ത അടയാളങ്ങളും(12: 37)'തൻെറ ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ യേശു ചെയ്ത അടയാളങ്ങളും' (20:30).ഈ രണ്ടു് പ്രത്യുത്തരങ്ങൾ എല്ലാ മനു ഷ്യരുടെയും മുമ്പിൽ ഒരു വെല്ലുവിളിയായി പരിണമിക്കുന്നു: യേശുവിൻെറ അടയാളങ്ങൾ അവ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന അർത്ഥത്തിൽ മനസ്സിലാക്കാനും അവിടുത്തേക്കു് ക്രിയാത്മക മായ പ്രത്യുത്തരം നൽകി അവിടുത്തെ നാമത്തിൽ ജീവൻ പ്രാപിക്കാനുമുള്ള ഒരു വെല്ലുവിളി (29:31).

മാത്യു വെള്ളാനിക്കൽ
കോട്ടയം-10

വിവ. ഫിലിപ്പു് ചെമ്പകശ്ശേരി

www.malankaralibrary.com

# "ബൈബിൾ വാർത്തകൾ"

എന്നൊരു പുതിയ പംക്തി ഞങ്ങൾ ആരംഭിക്കുകയാണ്. ബൈബിൾസംബന്ധമായ പ്രശ്നങ്ങൾ, ഗവേഷണങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായവയെക്കുറിച്ച് അനുവാചകർക്ക് കാലാനുസൃതമായ വിവരങ്ങൾ നൽകുക എന്നതാണ് ഈ പംക്തിയുടെ ലക്ഷ്യം.

പത്രാധിപർ.

## പുരാവസ്തു ഗവേഷണം

a) ജെറുസലേം

(i) ജെറുസലേം ദേവാലയത്തിന്റെ തെക്കുപടിഞ്ഞാറേ കോണിൽ നടത്തിയ വിപുലമായ ഭൂഖനനം, തെക്കുവശത്തുനിന്ന ദേവാലയത്തിലേക്കുള്ള പ്രവേശനമാർഗ്ഗത്തെപ്പററി കൂടുതൽ വിവരങ്ങൾ വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നു. തെക്കുഭാഗത്തായിരുന്ന ദേവാലയത്തിലേക്കുള്ള പ്രധാന പ്രവേശനകവാടം. തീർത്ഥാടകർക്ക് ഒരുമിച്ചുകൂടാനുള്ള ഒരു വലിയ സമ്മേളനശാല അവിടെ ഏററവും മുൻഭാഗത്തായി സ്ഥിതിചെയ്തിരുന്നു. ഒരുപക്ഷേ അവിടെത്തന്നെയായിരുന്നിരിക്കണം കച്ചവടക്കാർ ക്രയവിക്രയം നടത്തിയിരുന്നത്. തുടന്ന് വലുതും ചെറുതുമായ രണ്ടു നടക്കല്ലുകളാണ് കാണപ്പെടുന്നത്. അതിൽ വലുതിന് 200 അടി വീതിയും ചെറുതിന് 54 അടി വീതിയുമുണ്ട്. അവ 'ഇരട്ടക്കവാട'ത്തിലേയ്ക്കും 'മുക്കവാട'ത്തിലേയ്ക്കും (double gate and triple gate) ഉള്ള ചവിട്ടുപടികളാണ്. അവിടെനിന്നും രണ്ടു ഭൂഗർഭവഴികൾ ദേവാലയപരിസരത്ത് എത്തുന്നു. പടിഞ്ഞാറുഭാഗത്തുനിന്നും ടിറോപ്യൻ താഴ്‌വരയ്ക്കു (Tyropean Valley) വിലങ്ങനെയുള്ള മറെറാരു നടക്കല്ല് സന്ദർശകരെ തെക്കുപടിഞ്ഞാറെ കോണിലെ വേറൊരു പ്രവേശനമാർഗ്ഗത്തിലെത്തിക്കുന്നു; താഴ്‌വരയ്ക്ക് അല്പം മുകളിൽ കാണുന്ന പാലം വിത്സൻകൂടാരത്തിലേയ്ക്ക് (Wilson Arch) നയിക്കുന്നു. തെക്കുവശം മുഴുവൻ രാജകീയമന്ദിരത്തിന്റെ ഭാഗങ്ങളാണ്. ജെറുസലേം ദേവാലയത്തിന്റെ കമനീയരൂപം ഇപ്പോൾ നമുക്ക് ഏതാണ്ടൊന്നു സങ്കല്പിക്കാവുന്നതേയുള്ളു. 'ഹേറോദേസ് പണിയിച്ച ദേവാലയം കണ്ടിട്ടില്ലാത്തവർ മനോഹരമായ ഒരു മന്ദിരവും കണ്ടിട്ടില്ല' എന്ന് ജെറുസലമിന്റെ വിനാശത്തിനുശേഷം (70 A.D.) ഹീബ്രുസന്യാസിമാർ പറഞ്ഞിരുന്നത് എത്രയോ വാസ്തവം!

(ii) ജെറുസലമിലെ പടിഞ്ഞാറൻകുന്നിൽ നടത്തിയ ഭൂഗർഭഗവേഷണഫലമായി, കൊത്തുപണി ചെയ്ത മുഖമണ്ഡപ

www.malankaralibrary.com

ങ്ങളോടും കുളിമുറികളോടുംകൂടിയ യേശുവിന്റെ കാലത്തെ വീടുകൾ കണ്ടെത്തി. ഹേറോദേസിന്റെ രാജകൊട്ടാരത്തിനും ജെറുസലേം ദേവാലയത്തിനുമിടയ്ക്ക സ്ഥിതി ചെയ്യുന്ന പടിഞ്ഞാറൻകുന്ന്, യേശുവിന്റെ കാലത്ത് ജെറുസലംനഗരത്തിലെ ജനവാസമുള്ള പ്രദേശമായിരുന്നുവെന്ന അഭിപ്രായം സ്ഥിരീകരിക്കുന്നതാണ്, പ്രസ്തുത കണ്ടുപിടുത്തം. ഈ പ്രദേശത്തുനിന്ന് പഴയ ഗ്ലാസിന്റെ അവശിഷ്ടങ്ങളും ശേഖരിച്ചിട്ടുണ്ട്. ആഴമായ ഖനനത്തിന്റെ ഫലമായി 'രാജകീയ'യുഗത്തിലെ മന്ദിരങ്ങളെക്കുറിച്ചും ചില വിവരങ്ങൾ നമുക്ക ലഭിച്ചിട്ടുണ്ട്. മന്ദിരങ്ങളിലൊന്നിൽനിന്ന് 'മിഖ്യാ'എന്ന പേരു കൊത്തിയ ഒരു ഭരണിയുടെ ഭാഗവും കണ്ടുകിട്ടി. ബി. സി. 7-ാംനൂററാണ്ടിൽ നഗരത്തിനു ചുററും കെട്ടിയ കോട്ടയുടെ അടിത്തറ 130 അടിയോളം ആഴത്തിൽ കാണാൻ കഴിഞ്ഞു. വിപ്രവാസത്തിനുമുമ്പ് ജെറുസലേംനഗരത്തിന്റെ അതിർത്തി ഏതായിരുന്നുവെന്നു നിർണ്ണയിക്കുവാനുള്ള ശ്രമത്തെ ഒരിക്കൽക്കൂടി പരാജയപ്പെടുത്തുന്നതാണു മുകളിൽപറഞ്ഞ കണ്ടുപിടുത്തങ്ങൾ.

b) ജെറാസൻഗ്രാമം

ഇസ്രായേലിനും സിറിയയ്ക്കുമിടയിൽ കിടക്കുന്ന 'കുർസി' എന്ന സ്ഥലത്ത് 1970-ൽ യന്ത്രക്കലപ്പ ഉപയോഗിച്ചുഴുതപ്പോൾ പഴയ ഭരണിയുടെ അവശിഷ്ടങ്ങൾ ലഭിച്ചു. തുടർന്നു സ്ഥലം ഗവേഷണവിധേയമാക്കിയതിന്റെ ഫലമായി ഒരു ബൈസൻൈറൻ ആശ്രമത്തിന്റെയും പള്ളിയുടെയും, റോമൻവാഴ്ചക്കാലത്ത് മത്സ്യത്തൊഴിലാളികൾ താമസിച്ചിരുന്ന ഒരു ഗ്രാമത്തിന്റേയും നഷ്ടശിഷ്ടങ്ങൾ കണ്ടെത്തി. അവിടെ ഒരു കൃത്രിമമത്സ്യസംരക്ഷണകേന്ദ്രവും കൃത്രിമ തുറമുഖവും ഉണ്ടായിരുന്നുവെന്ന് ജലഗർഭഗവേഷണം തെളിയിച്ചിട്ടുണ്ട്. യേശുവിന്റെ കാലത്തു ഗലീലിയാതടാകത്തിനു ചുററും വസിച്ചിരുന്ന ജനങ്ങളുടെ ജീവിതരീതിയിലേക്ക് വെളിച്ചം വീശുന്നതാണ് ഈ വസ്തുത. പ്രകൃതിയുടെ കാരുണ്യത്തെ മാത്രം ആശ്രയിച്ച് മത്സ്യബന്ധനം നടത്തിയിരുന്നവരല്ല അവർ. അവർക്ക് സ്വന്തമായ മത്സ്യവളർത്തൽകേന്ദ്രങ്ങളുണ്ടായിരുന്നു.

'കുർസി' എന്ന പദം ബൈസൻൈറനിലെ 'കോർസിയ' എന്ന പേരിനു തുല്യമാണ്. ഇവിടെ 'ജെറാസൻ' ഗ്രാമം സ്ഥിതി ചെയ്തിരുന്നതായി ക്രിസ്തീയ പാരമ്പര്യം ഉദ്ഘോഷിക്കുന്നു. മർക്കോസ് 1:5-ൽ വിവരിക്കുന്ന ഭൂതോച്ചാടനം നടന്നതും ഇവിടെയാണ്.

c) കേസറിയ പട്ടണം

സമുദ്രതീരത്തെ കേസറിയാപട്ടണത്തിൽനിന്ന് (ഇവിടെനിന്നാണ് വി. പൗലോസ് റോമിലേയ്ക്ക പോയത്.

www.malankaralibrary.com

Acts 27:1) ഏതാണ്ട് 2000 നാണയങ്ങളും വിലയേറിയ കുറെ കല്ലുകളും കണ്ടെടുത്തു. കേസറിയ വളരെ സമ്പന്നമായ പട്ടണമായിരുന്നിരിക്കണം. റോമൻപ്രവിശ്യാധിപന്റെ ആസ്ഥാനമായിരുന്ന കേസറിയ, ഭരണപരമായ കാര്യങ്ങളിൽ പലസ്തീനായുടെ തലസ്ഥാനമായിരുന്നു. മലിനവസ്തുക്കൾ നീക്കം ചെയ്യുവാൻ അവിടെയുണ്ടായിരുന്ന ഓടകൾ ആ പട്ടണത്തിന്റെസമ്പന്നതയെ വിളിച്ചറിയിക്കുന്നു.

d) ചാവുകടൽ ചുരുളുകൾ (Dead Sea Scrolls)

ചാവുകടൽ ചുരുളുകൾ കണ്ടുകിട്ടിയിട്ട് ഇപ്പോൾ 28 വർഷമായി. അതെപ്പററിയുള്ള ചർച്ചകളെല്ലാം നിലച്ചു.എങ്കിലും അടുത്തകാലത്തു് റോമിലെ ബൈബിൾ ഇൻസ്റ്റിസ്റ്റ്യൂട്ടിലെ പ്രഫസ്സർ Jose O' Callaghan, S. J, 7–ാം ഗുഹയിലെ ചുരുൾത്തുണ്ടുകളെ മർക്കോസ് 4:28; 6:52–53, ജെയിംസ് 1:23–24; 1 തിമോ 3:16; 4:1–3 എന്നീ പുതിയ നിയമഭാഗങ്ങളോട്ട് താദാത്മ്യപ്പെടുത്തിയതോടെ ആചുരുളുകൾ വീണ്ടും ശ്രദ്ധ പിടിച്ചുപററി. 1955–ൽ കണ്ടെടുത്ത ഈ ചുരുളുകൾ വളരെ ചെറുതും 1മുതൽ 26 വരെയുള്ള അക്ഷരങ്ങൾ മാത്രം ഉൾക്കൊള്ളുന്നതുമാണ്. അതു് ഗ്രീക്കിലായിരുന്നുവെന്നതാണ് അതിന്റെ ഏററവും വലിയ പ്രത്യേകത (ഖുമറാൻ പുസ്തകങ്ങൾ മിക്കതും ഹീബ്രുവിലും അറമായ ഭാഷയിലുമാണ്) A. D. 50–നോടടുത്തു് ഇതെഴുതപ്പെട്ടതായിട്ടാണ് കാലനിർണ്ണയം ചെയ്തിരിക്കുന്നതു്. 1 തിമോത്തിയും, മർക്കോസും A. D. 50–നേക്കാൾ പഴക്കമുള്ളതാണെന്നു സമ്മതിച്ചാൽ പുതിയനിയമത്തിന്റെ കാലനിർണ്ണയം മുഴുവൻ വ്യത്യാസപ്പെടുകയെന്നതായിരിക്കും ഫലം. പുതിയ നിയമത്തെപ്പററി ഇന്നോളമുള്ള പഠനങ്ങളും തിരുത്തിക്കുറിക്കേണ്ടി വരും. എന്നാൽ നാം അധികം പരിഭ്രമിക്കേണ്ടതില്ല. കാരണം, പണ്ഡിതന്മാർ പലരും ഈ പ്രശ്നത്തിൽ മൗനമവലംബിക്കുകയാണ്. ഈ അവശിഷ്ടത്തിന്റെ ആദ്യ പ്രസാധകന്മാരായ P. Benoit യും J. T. Milik–ഉം Callaghan–ന്റെ അഭിപ്രായത്തോട്ട് വിയോജിച്ചു കഴിഞ്ഞു. ചുരുളുകൾ തീരെ ചെറുതും അവ്യക്തവുമായതിനാൽ ആധികാരികമായി അതേപ്പററി എന്തെങ്കിലും പറയുവാൻ പ്രയാസമത്രേ.

ബൈബിൾ ഗവേഷണം ഭാരതത്തിൽ

ബൈബിൾ ഗവേഷണ വിഷയത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന രണ്ടു സെമിനാറുകൾ അടുത്തകാലത്തു് ഇൻഡ്യയിൽ നടക്കുകയുണ്ടായി. 1–ാമത്തെ സെമിനാർ 1974–ഡിസം

www.malankaralibrary.com

ബർ 11 മുതൽ 17–വരെ ബാംഗ്ളൂരിൽ (National Biblical and Catechetical Centre–) വച്ചു നടത്തപ്പെട്ടു. 'ബൈബിളിതര –വേദഗ്രന്ഥങ്ങളുടെ ദൈവനിവേശന'മായിരുന്നു ചർച്ചാവിഷയം. ബൈബിൾ, ദൈവശാസ്ത്രം, ഹിന്ദുമതം, ഇസ്ലാംമതം, ലിററർജി, സഭാപിതാക്കന്മാരുടെ പ്രബോധനം എന്നീവിഷയങ്ങളിൽ പ്രത്യേക ഗവേഷണം നടത്തിയിട്ടുള്ള പ്രമുഖ പണ്ഡിതന്മാരാണു് ചർച്ചകളിൽ പങ്കെടുത്തതു്. സെമിനാറിൽ, പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ ഉത്തരവാദിത്വത്തോടെ വിഷയം ചർച്ച ചെയ്തു. നിഗമനങ്ങൾ വളരെ ശ്രദ്ധാപൂർവ്വം എഴുതിയുണ്ടാക്കി, 19 പേജുകളുള്ള ഒരു പ്രമാണരേഖയായി പ്രസിദ്ധീകരിച്ചു. ഡയലോഗിലൂടെ മാത്രമേ ഈ പ്രശ്നത്തിനു് പരിഹാരം കാണാൻ കഴിയുവെന്നാണു് രേഖയിൽ ഊന്നിപ്പറഞ്ഞിരിക്കുന്ന ആശയം. ഇതര വേദഗ്രന്ഥങ്ങളുടെ വ്യത്യസ്ത പ്രബോധനങ്ങളെയും ലോകവീക്ഷണങ്ങളെയും പരിശുദ്ധാത്മാവിന്റെ പ്രചോദനം പൂർണ്ണമായി സ്വാധീനിക്കണമെന്നില്ല. സമൂഹത്തിനു് ഇതരവേദഗ്രന്ഥങ്ങളുടെ ഭാഷയും മതപരമായ മൂല്യവും മനസ്സിലാക്കാൻ കഴിയത്തക്ക സജീവമായ ഡയലോഗിനുശേഷം മാത്രമേ അവയിൽ നിന്നു് നമ്മുടെ ആരാധനക്രമത്തിൽ ഉദ്ധരണികൾ സ്വീകരിക്കാവൂ, എങ്കിലും രണ്ടിനും തുല്യപ്രാധാന്യം കൊടുക്കുന്ന വിധത്തിലായിരിക്കരുതു് നാം അവ അവതരിപ്പിക്കുക.

2–ാമത്തെ സെമിനാർ 1974 ഡിസംബർ 29–മുതൽ 75 ജനുവരി 2–വരെ ആന്ധ്രാതിയളോജിക്കൽ കോളജിൽ വച്ചു നടത്തപ്പെട്ടു. (Society for Biblical Studies–ന്റെയും Indian Christian Theological Association–ന്റെയും ആഭിമുഖ്യത്തിൽ) നസ്രായനായ യേശുവിന്റെ വിവിധ സംജ്ഞകളായിരുന്നു ചർച്ചാവിഷയം. യേശു സ്വാതന്ത്ര്യസമര സേനാനിയോ സമാധാനകാംക്ഷിയോ?, പ്രാപഞ്ചിക ക്രിസ്തുവോ ചരിത്രപുരുഷനോ?, പ്രവാചകനോ ധ്യാനവിഷയമോ (Jesus of Mystical Union)?, പരിഹാരകനോ പുതിയ മനുഷ്യനോ മുതലായ വിഷയങ്ങൾ ചർച്ചചെയ്തുവന്നു. വ്യക്തമായ നിഗമനങ്ങളിലൊന്നും എത്താതെ സമ്മേളനം പിരിഞ്ഞുവെങ്കിലും കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ഓർത്തഡോക്സുകാരുമായ പല പ്രമുഖപണ്ഡിതന്മാരും പങ്കെടുത്ത പ്രസ്തുതചർച്ച ക്രൈസ്തവൈക്യത്തിന്റെ അന്തരീക്ഷത്തിൽ നടന്ന വിചിന്തനവും പഠനവുമായിരുന്നു.

www.malankaralibrary.com

പ്രസിദ്ധീകരണങ്ങൾ

ഇന്നു് ബൈബിളിനെ ആസ്പദമാക്കി ധാരാളം പുസ്തകങ്ങൾ എഴുതപ്പെടുന്നുണ്ടു്. നിർഭാഗ്യമെന്നു പറയട്ടെ, പുസ്തകങ്ങൾ വർദ്ധിക്കുന്നതനുസരിച്ചു് പ്രസാധകർ വിലയും വർദ്ധിപ്പിക്കുകയാണു്. വിദേശ രാജ്യങ്ങളിലെ ബൈബിൾ പുസ്തകങ്ങളുടെ വില ഇന്നു് താങ്ങാനാവാത്തവണ്ണം വർദ്ധിച്ചുകഴിഞ്ഞു. അതിനാൽ സ്വദേശി പ്രസിദ്ധീകരണങ്ങളിലേക്കു് നമ്മുടെ ശ്രദ്ധ പതിയേണ്ടിരിക്കുന്നു. ബൈബിളിനെപ്പററി ഇൻഡ്യയിൽ ധാരാളം പുസ്തകങ്ങളും മാസികകളും മററു പ്രസിദ്ധീകരണങ്ങളും ഇറങ്ങിയിട്ടുണ്ടു്–ഇതാ, അവയിൽ ഏററവും അഭികാമ്യമായ ഒന്നു്–ബൈബിൾഭാഷ്യം–മലയാളത്തിലും ഇംഗ്ളീഷിലും നിങ്ങളുടെ മുമ്പിൽ എത്തിയിരിക്കുന്നു.

ലൂസിയൻ ലെഗ്രാംങ്
ബാംഗ്ലൂർ.

www.malankaralibrary.com

# ബൈബിളിലെ സന്യാസദർശനം

ഡോ. ജെ. പാത്രപാങ്കൽ
ദീപിക ബുക്ക്ഹൗസ്, കോട്ടയം–1
പേജ് 204; വില 6.00

നസ്രസ്സിലെ യേശുവാണല്ലോ ക്രൈസ്തവസന്യാസത്തിന്റെ ആധാരവും ആകരവും. പിതാവിനു സന്യസ്തവും മനുഷ്യർക്ക് സമർപ്പിതവുമായ യേശുവിന്റെ ജീവിതത്തികവിലുള്ള വ്യക്തിപരമായ പങ്കുചേരലത്രെ സന്യാസത്തിലെ ജീവിതശൈലി. ഇതിനു് യേശുവിനെ നമ്മുടെ ജീവിതത്തിൽ പുനരനുഭവിക്കുകയും പുനരവതരിപ്പിക്കുകയും ആവശ്യമാണു്. യേശുസ്വരൂപത്തെക്കുറിച്ചു് മൗലികമായ ദർശനം സിദ്ധിക്കാത്തവർക്കു ഇക്കാര്യം സാദ്ധ്യമല്ലതന്നെ. അപ്പോരം, സന്യാസദർശനമെന്നുവച്ചാൽ മൗലികവും സമഗ്രവുമായ യേശുദർശനം തന്നെയാണെന്നു വരുന്നു. ഇക്കാര്യം ബോധിച്ചിട്ടുള്ളവർക്ക ഡോ. ജെ. പാത്രപാങ്കലിന്റെ ''ബൈബിളിലെ സന്യാസദർശന''ത്തിന്റെ സാംഗത്യവും സന്ദേശവും ഗ്രഹിപ്പാൻ പ്രയാസമുണ്ടാവില്ല.

സഭയുടെ ജീവിതാനുഭവനിഷ്ഠമായ യേശുദർശനവും യേശു വ്യാഖ്യാനവുമാണല്ലോ ബൈബിരം. ആ നിലയിൽ യേശുവിന്റെ അർത്ഥവും ആഴവും തേടിയുള്ള നമ്മുടെ അന്വേഷണങ്ങളും അപഗ്രഥനങ്ങളും ബൈബിളിലേയ്ക്കു തിരിയാതിരിക്കാൻ വയ്യ. ബൈബിളിൽ ആലേഖനം ചെയ്തിട്ടുള്ള യേശുവിന്റെ വചനങ്ങളിൽനിന്നും ചെയ്തികളിൽനിന്നും അത്യഗാധമായ മനനധ്യാനങ്ങളിലൂടെ യേശുവാകുന്ന വചനസ്വരൂപത്തെ തെളിച്ചെടുക്കുകയത്രെ ഇതിൽ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളതു്. യേശുവാകുന്ന വചനത്തെ സന്യാസത്തിന്റെ നിമിത്തവും നിയമവുമായി ഇതിൽ അദ്ദേഹം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.

പ്രവർത്തനസൗകര്യങ്ങരംക്കും സമൂഹസുരക്ഷിതത്വത്തിനും വേണ്ടി മനുഷ്യർ ഓരോരോ കാലങ്ങളിൽ രൂപം കൊടുത്തിട്ടുള്ള എല്ലാ ചട്ടക്കൂടുകരംക്കും സംരക്ഷണോപാധികരംക്കും മീതെ, യേശുവെന്ന വ്യക്തിയെ, അവിടുത്തെ പിതൃമുഖവും മനുഷ്യബദ്ധവുമായ ദ്വിമാനങ്ങളിൽ, സന്യാസത്തിന്റെ സർവ്വാശ്ലേഷക നിയമമായി ഇതിൽ അദ്ദേഹം നിബന്ധിച്ചിരിക്കുന്നു. അഭംഗമായ പിതൃസ്നേഹത്തിൽ പാദമൂന്നിനിന്നു് തന്നെത്തന്നെ ആസകലം മററുള്ളവർക്കുവേണ്ടി ബലി ചെയ്തുതീർത്ത യേശു

www.malankaralibrary.com

വിന്റെ പരോന്മുഖതയത്രെ സന്യാസത്തിലെ കർമ്മചൈതന്യം. ജീവിതസ്പർശികളല്ലാത്ത കുറെ ബൗദ്ധികസിദ്ധാന്തങ്ങളുടെ സമുച്ചയമായി സന്യാസത്തെക്കാണുന്ന രീതിയോടു അദ്ദേഹത്തിനു എതിർപ്പാണു്. മററുള്ളവക്കുവേണ്ടി സ്വന്തം മാംസം മുറിച്ചും രക്തം ചിന്തിയും തന്നെത്തന്നെ ശൂന്യമാക്കിത്തീർത്ത യേശുവിന്റെ പരാർപ്പിതത്വമായിരിക്കണം സന്യാസികളുടേയും ജീവിതനിയമം. ഇതു പ്രതിഫലമിച്ഛിക്കാതെ, സ്നേഹപൂർവ്വം യേശുവിന്റെ ആത്മചൈതന്യത്തോടും ഹൃദയമാധുരിയോടുംകൂടി ചെയ്യുകയും വേണം. യേശുവിന്റെ ജീവിതമാതൃകയനുസരിച്ചു് ശൂന്യവത്കരണത്തിലൂടെ ജീവിതത്തികവിലെത്തുന്ന കർമ്മചൈതന്യമത്രെ സന്യാസത്തിനു് സാത്ഥകമായിട്ടുള്ളതു്.

ആത്മദാനപരവും പരോന്മുഖവുമായ ഈ ശൂന്യവത്കരണത്തിന്റെ മൂലപ്രേരകം സ്നേഹം തന്നെയാണു്. ദൈവത്തിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള നമ്മുടെ ആത്മപ്രവാഹമായ 'അഗാപ്പെ'യാണീ സ്നേഹം. മനുഷ്യനേയും ദൈവത്തേയും പരിധിവയ്ക്കാതെ ഒപ്പം സ്നേഹിക്കുന്ന ദ്വിമുഖമുള്ള ഒററ സ്നേഹമാണിതു്. ദൈവസ്നേഹത്തിന്റെ പേരിൽ മനുഷ്യൻ വരിക്കുന്ന നിർവ്വികാരതയ്ക്കും ലോകവിദ്വേഷത്തിനും ഒളിച്ചോട്ടത്തിനും ഇതിൽ സ്ഥാനമില്ല. ശരീരവും ആത്മാവുമുൾപ്പെട്ട സമഗ്രവ്യക്തി സമഗ്രമായിത്തന്നെ –വൈകാരികമായിപ്പോലും– ദൈവത്തേയും, മനുഷ്യനേയും സ്നേഹിക്കുന്ന ഉദാത്തവും ഹൃദയംഗമവുമായൊരു മനുഷ്യ പ്രതിഭാസമാണതു്. ഈ വിധം സ്വരൂപവും സ്വച്ഛവുമായ സ്നേഹത്തിന്റെ വീചികൾ വിരിയാത്തിടങ്ങൾ, എത്രതന്നെ നിയമാനുഷ്ഠാനങ്ങളും കാര്യക്ഷമതയുമുണ്ടായാലും, യേശുവിന്റെ സന്യാസവൃത്തത്തിന്റെ പരിധിക്കു പുറത്താണു്. യേശുവിന്റെ സന്യാസദശനമായി ഗ്രന്ഥകാരൻ ആദ്യന്തം ഉന്നയിച്ചിരിക്കുന്നതും സമത്ഥിച്ചിരിക്കുന്നതും ഈ സ്നേഹദർശനത്തെത്തന്നെയാണു്. ഈ ഗ്രന്ഥത്തിലെ ഏററം മൗലികവും മുഖ്യവുമായ ചിന്താധാരയും ഇതുതന്നെയാണു്.

സന്യാസധർമ്മത്തിന്റെ അന്തർധാരയായ സ്നേഹത്തിന്റെ പുറമേയ്ക്കുള്ള പാഞ്ഞൊഴുക്കിൽ നിന്നും സമൂഹത്തിൽ വിമോചനത്തിന്റെ പുതിയ പുതിയ അലകളുണരും. മനുഷ്യനെ മനുഷ്യൻ സ്നേഹിക്കാത്തിടങ്ങളിലേയ്ക്കു്, സന്യാസികൾ സ്നേഹത്തിൽ കുതിന്ന സേവനത്തിന്റെ ദീപശിഖളുമായി കയറിച്ചെന്നു്, സ്നേഹത്തിലും സമത്വത്തിലും അധിഷ്ഠിതമായ–വിമോചിതമായ, പുതിയ യുഗത്തിന്റെ സദ്വാത്ത അറിയിക്കും. പണക്കാർ മാത്രം പരിചരിക്കപ്പെടുന്ന ആതു

www.malankaralibrary.com

രാലയങ്ങളും, വലിയവരുടെ മക്കളെമാത്രം പഠിപ്പിക്കാൻ കെട്ടിവച്ചിരിക്കുന്ന സ്കൂളുകളും നടത്തുന്ന സന്യാസികൾ ബന്ധിതരാണെന്ന സത്യം ഉറക്കെപ്പറയാനും അദ്ദേഹം മടിക്കുന്നില്ല. ഇത്തരത്തിലുള്ള 'വിമോചകരുടെ മോചന'മല്ലേ, ഒരു പക്ഷേ, ഭാരതസഭയിലെ ഇന്നത്തെ അടിയന്തരാവശ്യം! പട്ടിണിയും വിശപ്പും രോഗവും അജ്ഞതയും പാപവും ബന്ധിച്ചിരിക്കുന്ന ഇന്നത്തെ മനുഷ്യനെ വിമോചിപ്പിക്കത്തക്കവിധം സന്യാസികൾ തങ്ങളുടെ സ്നേഹപ്രവാഹത്തിനു് പുതിയചാലുകൾ കീറാൻ പ്രതിജ്ഞാബദ്ധരാവുമെന്നു പ്രതീക്ഷിക്കാം. ദൈവത്തോടും മനുഷ്യരോടും ഇങ്ങനെ സമഗ്രഹമായി ബന്ധപ്പെടാൻ ആന്തരികവും ആത്യന്തികവുമായ മനഃപരിവർത്തനം കൊണ്ടേ സാധ്യമാവൂ. അതിനുള്ള ഊർജ്ജമത്രെ അരൂപിയിലുള്ള ജീവിതത്തിൽ നിന്നു സിദ്ധിക്കുക.

യേശുവിൻെറ വ്യക്തിത്വത്തിലും ജീവിതത്തിലും ഉറഞ്ഞുകൂടിക്കിടക്കുന്ന സന്യാസാനുഭൂതിക്കു് ഡോ പാത്രപാങ്കൽ രചിച്ചിരിക്കുന്ന അസ്തിത്വാത്മകമായ ഭാഷ്യമത്രെ 'ബൈബിളിലെ സന്യാസദർശനം'. യേശുവിൽ നിഷ്ഠമായി സന്യാസം ജീവിക്കണമെന്നുള്ളവക്കു് ഒഴിച്ചുകൂടാൻ വയ്യാത്തൊരു മൗലികവ്യാഖ്യാനമാണിതു്. ഇതിലെ പ്രതിപാദനങ്ങൾക്കു് ദാർശനികമായ പരസ്പരബന്ധം കാണുന്നില്ലെങ്കിൽ, അതിൻെറ കാരണം യേശുവിലെ ജീവിതാനുഭവബദ്ധമായ സന്യാസാനുഭൂതി നിയതമായൊരു താത്വികദർശനത്തിൻെറ നാലതിരുകൾക്കുള്ളിൽ ഒതുക്കാനാവില്ലെന്നതുതന്നെയാണു്. സന്യാസദർശനത്തിൻെറ മൗലികതകളെ യേശുദർശനവുമായി സമരസപ്പെടുത്തിയിരിക്കുന്ന ഈ കൃതി സന്യാസികളുടെ അനുധ്യാനപരമായ പഠനത്തിനു വിഷയമാകേണ്ടതുണ്ടു്. ബൈബിൾ വീക്ഷണത്തിലുള്ള സന്യാസത്തെക്കുറിച്ചു്മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള കൃതികളിൽ ഏററം ആധികാരികമായതും ആഴപ്പെട്ടതും ഡോ. പാത്രപാങ്കലിൻെറ ''ബൈബിളിലെ സന്യാസദർശനം'' തന്നെയാണു്. ഗ്രന്ഥകർത്താവിനു് അഭിനന്ദനങ്ങൾ.

—സിറിയക് കണിച്ചായ്

www.malankaralibrary.com

**Statement about ownership and other particulars about the**

## Newspaper "BIBLE BHASHYAM"

**to be published in the first issue every year after the last day of February**

### Form IV, (See Rule 8)

| | | | |
|---|---|---|---|
| 1) | Place of Publication | – | St. Thomas Ap. Seminary<br>P. B. No. 1, Kottayam-10. |
| 2) | Periodicity of Publication | – | Quarterly |
| 3) | Printer's Name | – | Msgr. Zacharias Vazhapilly |
| | Nationality | – | Indian |
| | Address | – | Rector,<br>St. Thomas Ap. Seminary<br>P. B. No. 1, Kottayam-10. |
| 4) | Publisher's Name | – | Msgr. Zacharias Vazhapilly |
| | Nationality | – | Indian |
| | Address | – | St. Thomas Ap. Seminary<br>P. B. No. 1, Kottayam-10 |
| 5) | Editor's Name | – | Fr. George Punnakottil |
| | Nationality | – | Indian |
| | Address | – | St. Thomas Ap. Seminary<br>P. B. No. 1, Kottayam-10 |
| 5) | Name and address of individuals who own the newspaper and partners or shareholders holding more than one percent of the total capital. | | No partners, nor share-holders, This publication belongs to the St. Thomas Ap. Seminary, P. B. No. 1, Kottayam-10, Kerala, a charitable and educational institution. |

I, Msgr. Zacharias Vazhapilly hereby declare that the particulars given above are true to the best of his knowledge and belief.

(Sd/-)

30-3-1975.

Msgr. Zacharias Vazhapilly
*Publisher.*

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

Reg. R. N. 27314/72

**BIBLEBHASHYAM**
St. Thomas Ap. Seminary
P. B. No. 1
Kottayam-686010

---

Printing: K. P. Press, Kottayam.
Published from St. Thomas Ap. Seminary, Kottayam-10
By Dr. J. Pallikaparampil.

www.malankaralibrary.com